# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാലക്കാട് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: mlpkd.ksad@kerala.gov.in

ഫോൺ : 0491-2534024

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.എം-എ3-275/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 03/07/2022
ഇ-മെയിൽ: mlpkd.ksad@kerala.gov.in
ഫോൺ: 0491-2534024

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പാലക്കാട് മുനിസിപ്പാലിറ്റി

സർ,

വിഷയം : പാലക്കാട് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലക്കാട് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)

5) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-പി.കെ.എം-എ3-275/2021 തീയ്യതി: 03/07/2022

## പാലക്കാട് ജില്ലയിലെ പാലക്കാട് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പാലക്കാട് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 90 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 57 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു.പി.ജി. | ഡെപ്യൂട്ടി ഡയറക്ടർ | 01-10-2021 | 31-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-10-2021 | 31-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.പി.ശ്രീലത, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
01.01.2022 മുതൽ 31.05.2022 വരെ
ശ്രീമതി.എ.നസീറാബാനു, സീനിയർ ഗ്രേഡ് ഓഡിറ്റർ
01.10.2021 മുതൽ 31.05.2022 വരെ
ശ്രീ.വി.കെ.രാധാകൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
01.10.2021 മുതൽ 31.05.2022 വരെ

ശ്രീ.എം.പ്രദീഷ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
01.10.2021 മുതൽ 31.05.2022 വരെ
ശ്രീ.പി.സജീഷ് കുമാർ, ഓഡിറ്റർ
01.10.2021 മുതൽ 31.05.2022 വരെ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.പ്രമീള ശശിധരൻ | ചെയർപേഴ്സൺ | 01-04-2020 | 18-11-2020 |
| അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റി | ചെയർപേഴ്സൺ | 19-11-2020 | 20-12-2020 |
| ശ്രീമതി.പ്രിയ അജയൻ | ചെയർപേഴ്സൺ | 21-12-2020 | 31-03-2021 |
| ശ്രീ.രഘുരാമൻ | സെക്രട്ടറി | 01-04-2020 | 29-01-2021 |
| ശ്രീ.എൻ.സ്വാമിദാസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-01-2021 | 02-02-2021 |
| ശ്രീ.ഡി.ജയകുമാർ | സെക്രട്ടറി | 03-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. മുരളി.ആർ. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 16-01-2021 |
| ശ്രീ. എൻ.സ്വാമിദാസ് | മുനിസിപ്പൽ എഞ്ചിനീയർ ഇൻ- ചാർജ് | 17-01-2021 | 24-02-2021 |
| ശ്രീ. അനിലകുമാരൻ | മുനിസിപ്പൽ എഞ്ചിനീയർ | 25-02-2021 | 31-03-2021 |
| ശ്രീ. എൻ.സ്വാമിദാസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.കെ.മണികണ്ണൻ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.വി.ലീല | സി.ഡി.എസ് മെമ്പർ സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.ദീപു ശിവരാജൻ | ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സിമി.കെ.ഇ | എസ്.സി.ഡി.ഒ | 01-04-2020 | 31-03-2021 |
| ഡോ.രോഹിണി | മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.അനിൽ.പി | പ്രിൻസിപ്പൽ, GMMGHSS | 01-04-2020 | 31-03-2021 |
| ശ്രീ.വിജയകുമാരി | ICDS സൂപ്പർവൈസർ | 01-04-2020 | 06-11-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ഉഷാദേവി. | ICDS സൂപ്പർവൈസർ | 07-11-2020 | 31-03-2021 |
| ശ്രീ.വി.ഗോവിന്ദരാജൻ | കൃഷി ഫീൽഡ് ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ജോജു ഡേവിസ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2020 | 24-06-2020 |
| ഡോ.നാഗസിന്ധു | സീനിയർ വെറ്ററിനറി സർജൻ | 25-06-2020 | 06-02-2021 |
| ഡോ.കതിരേശൻ | സീനിയർ വെറ്ററിനറി സർജൻ | 07-02-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P. Sreelatha (Audit Officer, On 20-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 28-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Pradeesh.M. (Senior Grade Auditor, On 20-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 28-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Pradeesh.M. (Senior Grade Auditor, On 20-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 28-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P. Sreelatha (Audit Officer, On 26-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 28-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Pradeesh.M. (Senior Grade Auditor, On 21-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 21-06-2022) | 1-5 |
| 6 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി<br>Written By: Sajeesh Kumar P (Auditor, On 21-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 28-06-2022) | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ<br>Written By: Naseera Banu.A (Senior Grade Auditor, On 21-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 28-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: P. Sreelatha (Audit Officer, On 21-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 28-06-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P. Sreelatha (Audit Officer, On 21-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 28-06-2022) | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: P. Sreelatha (Audit Officer, On 01-06-2022)<br>Last Updated By: P.G. Bindu (Deputy Director, On 28-06-2022) | 1-10 |
| 11 | അക്കൗണ്ടിംഗിലെ അപാകങ്ങൾ<br>Written By: Pradeesh.M. (Senior Grade Auditor, On 24-05-2022)<br>Last Updated By: Pradeesh.M. (Senior Grade Auditor, On 01-07-2022) | 1-11 |
| 12 | വാർഷികക്കണക്കിലെ അപാകങ്ങൾ<br>Written By: Pradeesh.M. (Senior Grade Auditor, On 24-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 28-06-2022) | 1-12 |
| 13 | ഓഡിറ്റ് ഇംപാക്ട് - വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ പരിഹരിച്ചു<br>Written By: Pradeesh.M. (Senior Grade Auditor, On 24-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 28-06-2022) | 1-13 |
| 14 | തൊഴിൽ നികുതി- അപാകങ്ങൾ<br>Written By: Sajeesh Kumar P (Auditor, On 23-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 28-06-2022) | 1-14 |
| 15 | കെട്ടിട വാടക - അപാകങ്ങൾ<br>Written By: Sajeesh Kumar P (Auditor, On 23-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 28-06-2022) | 1-15 |
| 16 | നിർമ്മാണ സ്ഥലത്തുനിന്നും പൊട്ടിച്ചുമാറ്റിയ കമ്പി, കമ്പി ഉൾപ്പെടെയുള്ള കോൺക്രീറ്റ് കഷണങ്ങൾ എന്നിവയുടെ ലേലം<br>Written By: Sajeesh Kumar P (Auditor, On 23-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 28-06-2022) | 1-16 |
| 17 | കുത്തക ലേലം- അപാകങ്ങൾ | 1-17 |

| | | |
|---|---|---|
| | Written By: Sajeesh Kumar P (Auditor, On 23-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 28-06-2022) | |
| 18 | കെട്ടിടനിർമ്മാണങ്ങൾ പൂർത്തിയാകാനുള്ള കാലതാമസം- തനത് വരുമാനം ലഭിക്കുന്നില്ല<br>Written By: Sajeesh Kumar P (Auditor, On 24-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 28-06-2022) | 1-18 |
| 19 | ചെക്ക്/ ഡിഡികൾ കൃത്യമായി ബാങ്കിലടവാക്കുന്നില്ല<br>Written By: Pradeesh.M. (Senior Grade Auditor, On 24-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 28-06-2022) | 1-19 |
| 20 | ബിൽഡിംഗ് പെർമിറ്റ് - അപാകങ്ങൾ<br>Written By: Pradeesh.M. (Senior Grade Auditor, On 24-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 28-06-2022) | 1-20 |
| 21 | വസ്തു നികുതി ഡിമാന്റ് - കുറവ്<br>Written By: Pradeesh.M. (Senior Grade Auditor, On 24-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 28-06-2022) | 1-21 |
| 22 | വിനോദ നികുതി നഷ്ടപരിഹാര തുക – 2,30,00,000 രൂപ സർക്കാരിൽ നിന്നും ലഭ്യമായില്ല<br>Written By: Pradeesh.M. (Senior Grade Auditor, On 24-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 29-06-2022) | 1-22 |
| 23 | വളർത്തുനായകൾക്ക് ലൈസൻസ് - വാങ്ങൽ നടത്തിയതിലെ അപാകങ്ങൾ<br>Written By: Pradeesh.M. (Senior Grade Auditor, On 24-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 29-06-2022) | 1-23 |
| 24 | ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം - സി.പി.എഫ്/ ഇ.പി.എഫ് അക്കൗണ്ടിൽ ഒടുക്കുന്നതിൽ വീഴ്ച<br>Written By: Naseera Banu.A (Senior Grade Auditor, On 23-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 29-06-2022) | 1-24 |
| 25 | നഗരസഭക്കെതിരെ നിലനിൽക്കുന്ന 2012 മുതലുള്ള കേസുകൾ- അവലോകനം<br>Written By: Naseera Banu.A (Senior Grade Auditor, On 25-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 29-06-2022) | 1-25 |
| 26 | മരണപ്പെട്ട വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിയിരിക്കുന്നു<br>Written By: Naseera Banu.A (Senior Grade Auditor, On 25-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 29-06-2022) | 1-26 |
| 27 | ജീവനക്കാരുടെ സേവന പുസ്തകങ്ങൾ യഥാസമയം പരിശോധനയ്ക്ക് ഹാജരാക്കുന്നില്ല<br>Written By: P. Sreelatha (Audit Officer, On 23-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 29-06-2022) | 1-27 |
| 28 | പെൻഷൻ കോൺട്രിബ്യൂഷൻ തുക അതാത് മാസം പെൻഷൻ ഫണ്ടിൽ ഒടുക്കിയിട്ടില്ല<br>Written By: Naseera Banu.A (Senior Grade Auditor, On 26-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 29-06-2022) | 1-28 |
| 29 | കൗൺസിൽ തീരുമാനങ്ങൾ ഓൺലൈൻ ആക്കുന്നതിനായി സകർമ്മ സോഫ്റ്റ് വെയർ ഉപയോഗിക്കേണ്ടതാണ്<br>Written By: Pradeesh.M. (Senior Grade Auditor, On 24-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 29-06-2022) | 1-29 |
| 30 | തൻവർഷം നൽകിയ മുൻകൂർ ക്രമീകരിച്ചിട്ടില്ല<br>Written By: Naseera Banu.A (Senior Grade Auditor, On 26-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 29-06-2022) | 1-30 |
| 31 | ഭവന പുനരുദ്ധാരണം -തനത് ഫണ്ടിലെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Naseera Banu.A (Senior Grade Auditor, On 24-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 29-06-2022) | 1-31 |
| 32 | ഉൽപാദനപരമല്ലാത്ത പരിപാടിയുടെ നടത്തിപ്പിന് വികസന ഫണ്ട് | 1-32 |

| | | |
|---|---|---|
| | ചെലവഴിച്ചു<br>Written By: Naseera Banu.A (Senior Grade Auditor, On 24-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 29-06-2022) | |
| 33 | അംഗൺവാടി പ്രവർത്തകർക്കും സൂപ്പർവൈസർമാർക്കും കണ്ടിജൻസി ചെലവ്- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസന ഫണ്ട് ഉപയോഗിച്ചു<br>Written By: Naseera Banu.A (Senior Grade Auditor, On 24-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 30-06-2022) | 1-33 |
| 34 | ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: Naseera Banu.A (Senior Grade Auditor, On 24-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 30-06-2022) | 1-34 |
| 35 | ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷ സാമഗ്രികൾ നൽകൽ<br>Written By: Naseera Banu.A (Senior Grade Auditor, On 24-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 30-06-2022) | 1-35 |
| 36 | തെരുവ് നായ്ക്കളുടെ ജനന നിയന്ത്രണ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Naseera Banu.A (Senior Grade Auditor, On 20-06-2022)<br>Last Updated By: P.G. Bindu (Deputy Director, On 30-06-2022) | 1-36 |
| 37 | പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി -അവലോകനം<br>Written By: Naseera Banu.A (Senior Grade Auditor, On 25-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 30-06-2022) | 1-37 |
| 38 | പട്ടികജാതി ഉപപദ്ധതി വിഹിതം - വകമാറ്റി ചെലവഴിച്ചു<br>Written By: Sajeesh Kumar P (Auditor, On 23-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 30-06-2022) | 1-38 |
| 39 | അക്രഡിറ്റഡ് ഏജൻസിയായ ഹാബിറ്റാറ്റിനെ നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിച്ചതിലെ അപാകങ്ങൾ<br>Written By: Pradeesh.M. (Senior Grade Auditor, On 25-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 30-06-2022) | 1-39 |
| 40 | കനറാ ബാങ്ക് കോംപ്ലക്സ് നിർമ്മാണത്തിലെ അപാകങ്ങൾ<br>Written By: Pradeesh.M. (Senior Grade Auditor, On 25-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 30-06-2022) | 1-39-1 |
| 41 | ഒലവക്കോട് കഫർട്ട് സ്റ്റേഷൻ നിർമ്മാണം - അപാകങ്ങൾ<br>Written By: Pradeesh.M. (Senior Grade Auditor, On 25-05-2022)<br>Last Updated By: P. Sreelatha (Audit Officer, On 30-06-2022) | 1-39-2 |
| 42 | ജൈവ വിപണന കേന്ദ്രം നിർമ്മാണം - അപാകങ്ങൾ<br>Written By: Pradeesh.M. (Senior Grade Auditor, On 25-05-2022)<br>Last Updated By: Pradeesh.M. (Senior Grade Auditor, On 23-06-2022) | 1-39-3 |
| 43 | ടൗൺഹാൾ അനക്സ് നിർമ്മാണം നാല് വർഷമായിട്ടും പൂർത്തിയായിട്ടില്ല<br>Written By: Pradeesh.M. (Senior Grade Auditor, On 25-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 30-06-2022) | 1-39-4 |
| 44 | ചിന്മയ നഗർ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം - പൂർത്തിയായില്ല<br>Written By: Pradeesh.M. (Senior Grade Auditor, On 25-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 21-06-2022) | 1-39-5 |
| 45 | മോയൻസ് എൽ.പി സ്കൂൾ കെട്ടിടനിർമ്മാണം പൂർത്തിയായില്ല<br>Written By: Pradeesh.M. (Senior Grade Auditor, On 25-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 30-06-2022) | 1-39-6 |
| 46 | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് പ്രൊജക്ട് ആവിഷ്കരിച്ചു - അങ്കണവാടി നിർമ്മാണം നടത്തി<br>Written By: Pradeesh.M. (Senior Grade Auditor, On 25-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 21-06-2022) | 1-40 |
| 47 | പെപ്പ് ലൈൻ എക്സ്റ്റെൻഷൻ - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Pradeesh.M. (Senior Grade Auditor, On 24-05-2022) | 1-41 |

| | | |
|---|---|---|
| | Last Updated By: P.G. Bindu (Deputy Director, On 30-06-2022) | |
| 48 | സുലേഖ പ്രകാരമുള്ള ചെലവുപത്രികയിൽ വകയിരുത്തിയതിലും അധികം ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു<br>Written By: Pradeesh.M. (Senior Grade Auditor, On 24-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 30-06-2022) | 1-42 |
| 49 | ഡിപ്പാർട്ട്മെന്റൽ സപ്ലൈ-ബിറ്റുമിൻ വില കുറവ് ചെയ്തില്ല<br>Written By: P. Sreelatha (Audit Officer, On 20-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 23-06-2022) | 1-43 |
| 50 | സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിൽ കുറവ്<br>Written By: P. Sreelatha (Audit Officer, On 27-05-2022)<br>Last Updated By: P. Sreelatha (Audit Officer, On 01-07-2022) | 1-44 |
| 51 | ഒരേ പ്രവൃത്തിക്കായി ഒരു വർഷത്തിൽ രണ്ടു പ്രോജക്ടുകൾ<br>Written By: P. Sreelatha (Audit Officer, On 31-05-2022)<br>Last Updated By: P. Sreelatha (Audit Officer, On 01-07-2022) | 1-45 |
| 52 | കരാർ ചമച്ചതിൽ സ്റ്റാമ്പ്പേപ്പർ മൂല്യം കുറവ്<br>Written By: P. Sreelatha (Audit Officer, On 27-05-2022)<br>Last Updated By: P. Sreelatha (Audit Officer, On 01-07-2022) | 1-46 |
| 53 | സപ്ലിമെന്ററി എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി കുറവ്<br>Written By: P. Sreelatha (Audit Officer, On 01-06-2022)<br>Last Updated By: P.G. Bindu (Deputy Director, On 23-06-2022) | 1-46-1 |
| 54 | ഫ്രണ്ട് ഓഫീസ് ടോക്കൺ സിസ്റ്റം പ്രവർത്തനക്ഷമമാക്കണം<br>Written By: P. Sreelatha (Audit Officer, On 27-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 23-06-2022) | 1-47 |
| 55 | ചിറക്കാട് ഡ്രെയിനേജ് റിപ്പയർ - ഫണ്ട് ഇല്ലാത്ത സാഹചര്യം വ്യക്തമല്ല<br>Written By: P. Sreelatha (Audit Officer, On 27-05-2022)<br>Last Updated By: P. Sreelatha (Audit Officer, On 01-07-2022) | 1-48 |
| 56 | പൊതുമരാമത്ത് വിഭാഗം രേഖകളുടെ പരിപാലനം കൃത്യമല്ല<br>Written By: P. Sreelatha (Audit Officer, On 28-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 23-06-2022) | 1-49 |
| 57 | കരാർ ചമക്കുന്നതിലെ കാലതാമസം--- പിഴ ഈടാക്കിയില്ല<br>Written By: P. Sreelatha (Audit Officer, On 27-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 01-07-2022) | 1-50 |
| 58 | കേനാത്ത് പറമ്പ് എസ്.സി.കോളനി രേഖകൾ സൂക്ഷിപ്പിലെ അപാകങ്ങൾ<br>Written By: P. Sreelatha (Audit Officer, On 27-05-2022)<br>Last Updated By: P. Sreelatha (Audit Officer, On 01-07-2022) | 1-51 |
| 59 | റെക്കോർഡ് റൂം നിർമ്മാണം -ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല<br>Written By: P. Sreelatha (Audit Officer, On 28-05-2022)<br>Last Updated By: Pradeesh.M. (Senior Grade Auditor, On 24-06-2022) | 1-52 |
| 60 | അറവുശാല നവീകരണം നാളിതുവരെ ലക്ഷ്യം കണ്ടില്ല<br>Written By: P. Sreelatha (Audit Officer, On 28-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 03-07-2022) | 1-53 |
| 61 | മണപ്പുള്ളിക്കാവ്കുളം അരികുഭിത്തി നിർമ്മാണം<br>Written By: P. Sreelatha (Audit Officer, On 28-05-2022)<br>Last Updated By: P. Sreelatha (Audit Officer, On 01-07-2022) | 1-54 |
| 62 | മേപ്പറമ്പ് യു.പി.സ്കൂൾ മെയിൻറനൻസ്<br>Written By: P. Sreelatha (Audit Officer, On 28-05-2022)<br>Last Updated By: P. Sreelatha (Audit Officer, On 01-07-2022) | 1-55 |
| 63 | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ നിലവിലെ സ്ഥിതി<br>Written By: P. Sreelatha (Audit Officer, On 28-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 02-07-2022) | 1-56 |
| 64 | സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല--റിടെൻഷൻ@2.5 %<br>Written By: P. Sreelatha (Audit Officer, On 28-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 01-07-2022) | 1-57 |
| 65 | അമൃത് പദ്ധതി - അവലോകനം<br>Written By: Pradeesh.M. (Senior Grade Auditor, On 24-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 01-07-2022) | 1-58 |

| | | |
|---|---|---|
| 66 | അമൃത് പദ്ധതി - ഭൂമി ലഭ്യമാകാത്തതിനാൽ പ്രൊജക്ടുകൾ റദ്ദാക്കി<br>Written By: Pradeesh.M. (Senior Grade Auditor, On 24-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 01-07-2022) | 1-59 |
| 67 | അമൃത് പദ്ധതി - ഡി.പി.ആർ തയ്യാറാക്കിയതിലെ അപാകങ്ങൾ<br>Written By: Pradeesh.M. (Senior Grade Auditor, On 24-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 02-07-2022) | 1-60 |
| 68 | അമൃത് പദ്ധതി - സീവറേജ് /സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം ആരംഭിച്ചിട്ടില്ല<br>Written By: Pradeesh.M. (Senior Grade Auditor, On 24-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 01-07-2022) | 1-61 |
| 69 | അമൃത് പദ്ധതി- ഫൂട് ഓവർ ബ്രിഡ്ജ് നിർമ്മാണം ആരംഭിച്ചില്ല<br>Written By: Pradeesh.M. (Senior Grade Auditor, On 24-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 22-06-2022) | 1-62 |
| 70 | പൊതു ടാപ്പുകളുടെ വെള്ളക്കരം - കുടിശ്ശിക ഒടുക്കിയിട്ടില്ല.<br>Written By: Naseera Banu.A (Senior Grade Auditor, On 27-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 01-07-2022) | 1-63 |
| 71 | ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Naseera Banu.A (Senior Grade Auditor, On 01-06-2022)<br>Last Updated By: P.G. Bindu (Deputy Director, On 01-07-2022) | 1-64 |
| 72 | മരാമത്ത് പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു<br>Written By: P. Sreelatha (Audit Officer, On 30-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 01-07-2022) | 1-65 |
| 73 | സെക്യൂരിറ്റി ഡെപ്പോസിറ്റ് രേഖകൾ കളർ ഫോട്ടോസ്റ്റാറ്റ് കോപ്പി<br>Written By: P. Sreelatha (Audit Officer, On 31-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 03-07-2022) | 1-66 |
| 74 | നഗരസഭയിലെ വ്യാപാര, വ്യവസായ ലൈസൻസ് -നിർദേശങ്ങൾ<br>Written By: Naseera Banu.A (Senior Grade Auditor, On 14-06-2022)<br>Last Updated By: P.G. Bindu (Deputy Director, On 01-07-2022) | 1-67 |
| 75 | കോവിഡ് -19 -അവലോകനം<br>Written By: Naseera Banu.A (Senior Grade Auditor, On 01-06-2022)<br>Last Updated By: P.G. Bindu (Deputy Director, On 01-07-2022) | 1-68 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഡിപ്പാർട്ട്മെന്റൽ സപ്ലൈ--ബിറ്റുമിൻ വില കുറവ് ചെയ്തില്ല<br>Written By: P. Sreelatha (Audit Officer, On 20-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 01-07-2022) | 3-1 |
| 2 | കരാർ ഉടമ്പടിയിലെ കാലതാമസം--- പിഴ ഈടാക്കിയില്ല<br>Written By: P. Sreelatha (Audit Officer, On 27-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 01-07-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Pradeesh.M. (Senior Grade Auditor, On 25-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 02-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Pradeesh.M. (Senior Grade Auditor, On 25-05-2022)<br>Last Updated By: Pradeesh.M. (Senior Grade Auditor, On 25-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം | 4-3 |

| | | |
|---|---|---|
| | Written By: P. Sreelatha (Audit Officer, On 26-05-2022)<br>Last Updated By: P. Sreelatha (Audit Officer, On 26-05-2022) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Pradeesh.M. (Senior Grade Auditor, On 25-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 02-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Pradeesh.M. (Senior Grade Auditor, On 25-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 02-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Pradeesh.M. (Senior Grade Auditor, On 26-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 02-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Pradeesh.M. (Senior Grade Auditor, On 25-05-2022)<br>Last Updated By: Pradeesh.M. (Senior Grade Auditor, On 25-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Pradeesh.M. (Senior Grade Auditor, On 25-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 02-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Pradeesh.M. (Senior Grade Auditor, On 25-05-2022)<br>Last Updated By: Pradeesh.M. (Senior Grade Auditor, On 25-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Pradeesh.M. (Senior Grade Auditor, On 30-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 03-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Pradeesh.M. (Senior Grade Auditor, On 25-05-2022)<br>Last Updated By: P.G. Bindu (Deputy Director, On 03-07-2022) | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | തൊഴിൽ നികുതി അടവാക്കാത്തവരുടെ വിവരങ്ങൾ |
| 4 | വാർഷികക്കണക്കുകൾ |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

30.03.2020 ലെ 2502 നമ്പർ തീരുമാനപ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചു. 228,82,10,351 രൂപ വരവും 1,32,79,83,586 രൂപ ചെലവും 9,60,226,765 രൂപ നീക്കിയിരിപ്പും ഉള്ള പുതുക്കിയ ബജറ്റ് 05.03.2021 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31.07.2021 | 30.07.2021 | - | - |

### 1-3 സാമ്പത്തിക വിശകലനം

(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12,50,69,003 |
| വരവ് | 1,49,90,06,202 |
| ആകെ | 1,62,40,75,205 |
| ചെലവ് | 1,33,30,84,028 |
| നീക്കിയിരിപ്പ് | 29,09,91,177 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 131287867 | 131287867 | 131276163 | 11704 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 40261333 | 40261333 | 29712861 | 10548472 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 108275100 | 108275100 | 80627415 | 27647685 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 34980580 | 34980580 | 19285354 | 15695226 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - | 0 | 223061611 | 223061611 | 136559216 | 86502395 |

| | | | | | |
|---|---|---|---|---|---|
| ബേസിക് (ACR പ്രകാരം) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് (ACR പ്രകാരം) | 0 | 87230000 | 87230000 | 19815019 | 67414981 |

റീകൺസിലിയേഷൻ കൃത്യമായി നടത്താത്തതിനാൽ തനത് ഫണ്ട്, വിവിധ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ വിവരങ്ങൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ചെലവ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

1) 2020-21 വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വിവിധ ഫണ്ടിനങ്ങളിലെ ചെലവ് വിവരങ്ങൾ നഗരസഭയിലെ വിവിധ രേഖകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ടിനം | എ.സി.ആർ പ്രകാരമുള്ള ചെലവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് & സുലേഖ പ്രകാരമുള്ള ചെലവ് |
|---|---|---|
| വികസന ഫണ്ട്-ജനറൽ | 13,12,76,163 | 15,59,20,704 |
| വികസന ഫണ്ട്-എസ്.സി.പി | 2,97,12,861 | 2,98,99,528 |
| മെയിന്റനൻസ്, റോഡ് | 8,06,27,415 | 6,88,69,535 |
| മെയിന്റനൻസ്, നോൺ-റോഡ് | 1,92,85,354 | 1,76,91,435 |

2) സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ്- ന്റെ വിവരങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

3) കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വിവരങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകതകൾക്കും ഖണ്ഡിക 1-11, 1-12 എന്നിവയിൽ പരാമർശിക്കുന്ന അപാകങ്ങൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 600 | 749986018 | 342 | 428755437 | - | 258 | 57 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ (ഐ.കെ.എം ചെലവു പത്രിക പ്രകാരമുള്ളത്) താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെല വഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 11 | 10 | 78145530 | 67460575 | 86 |
| പ്രിൻസിപ്പാൾ | 6 | 5 | 19545320 | 16753786 | 86 |
| പട്ടികജാതി വികസന ഓഫീസർ | 9 | 8 | 33645100 | 16408313 | 49 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 493 | 253 | 392168821 | 152109096 | 39 |
| മുനിസിപ്പൽ എഞ്ചിനീയർ | 11 | 10 | 112640239 | 98012495 | 87 |
| ഐ.ഇ.ഒ | 3 | 1 | 412000 | 12000 | 3 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 3 | 3 | 2741100 | 1923583 | 70 |
| ഐ.സി. ഡി.എസ് സൂപ്പർ വൈസർ | 14 | 9 | 24812900 | 17173625 | 69 |
| പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമാർജ്ജന സെൽ | 7 | 7 | 44409222 | 31070400 | 70 |
| കൃഷി ഫീൽഡ് ഓഫീസർ | 9 | 6 | 10195425 | 5853075 | 57 |
| സീനിയർ വെറ്ററിനറി സർജൻ | 5 | 3 | 3015000 | 1090000 | 36 |
| ഹെൽത്ത് സൂപ്പർവൈസർ | 29 | 27 | 28255361 | 20888459 | 74 |
| ആകെ | 600 | 342 | 749986018 | 428755437 | 57 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | |
|---|---|---|---|---|

| | | | ഗുണഭോക്താ-ക്കൾക്ക് നൽകുന്നത് | ഭരണ ചെലവുകൾ | ആകെ | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1716356 | 2564954 | 4281310 | 409872 | 2679410 | 3089282 | 1192028 |

## 1-7 ക്ഷേമ പെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 4864800 | 255 |
| വിധവാപെൻഷൻ | 89737900 | 3948 |
| വാർദ്ധക്യകാല പെൻഷൻ | 152955900 | 7782 |
| വികലാംഗപെൻഷൻ | 22389200 | 148 |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3480300 | 148 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസവും നടത്തുകയും റിപ്പോർട്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അയക്കുകയും ചെയ്തിട്ടുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.06.2015 | 2013-14, 2014-15 | 18.03.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.07.2019 – 27.07.2019 | 2017-18, 2018-19 | 29.09.2019 |

## 1-10 ആഭ്യന്തര നിയന്ത്രണം

നഗരസഭയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. ജോലിവിഭജനം

പാലക്കാട് നഗരസഭയിലെ ജനറൽ, അക്കൌണ്ട്സ്/പ്ലാൻ & ക്ഷേമ പെൻഷൻ, റവന്യൂ (ടാക്സ് & നോൺ ടാക്സ്) പൊതുജനാരോഗ്യ വിഭാഗം/കുടുംബശ്രീ, പൊതുമരാമത്ത്/ടൌൺപ്ലാനിംഗ് എന്നിങ്ങനെ 5 വിഭാഗങ്ങളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ജോലികൾ പാലക്കാട് നഗരസഭാ സെക്രട്ടറിയുടെ ജി1-1296/200/തിയതി 29.1.2016 ഉത്തരവ് പ്രകാരം നിർണയം ചെയ്തിട്ടുണ്ട്. ഓരോ വിഭാഗത്തിലെയും എല്ലാ ജീവനക്കാരുടെയും പ്രവർത്തനങ്ങളുടെ മേൽനോട്ടവും, നിയന്ത്രണവും അതാത് വിഭാഗത്തിലെ സൂപ്രണ്ടുമാരിലും അതിനുമുകളിൽ റവന്യൂ ഓഫീസർ,സെക്രട്ടറി എന്നിവരിലും നിക്ഷിപ്തമാണ്. ബന്ധപ്പെട്ട വിഭാഗം ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ മാർഗ നിർദേശങ്ങൾ നൽകുന്നതിനും, എല്ലാ ജീവനക്കാരുടേയും സമഗ്രവും കാര്യക്ഷമവുമായ ഓഫീസ് പ്രവർത്തനവും, അച്ചടക്കവും ലക്ഷ്യമാക്കി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, പ്രാവർത്തികമാക്കുന്നതിനും ബന്ധപ്പെട്ട വിഭാഗം മേധാവികൾ ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതാണ് എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതോടൊപ്പം ഓരോ വിഭാഗത്തിലെയും തലവന്മാർക്കുള്ള ചുമതലകളും ഏൽപ്പിച്ചുകൊണ്ട് 11.5.2017 ലെ ജി1-12196/01 പ്രകാരം പ്രത്യേകം ഉത്തരവുകൾ നൽകിയിട്ടുണ്ട്. ഓരോ സെക്ഷനിലും സൂക്ഷിക്കേണ്ട രേഖകൾ, രജിസ്റ്ററുകൾ എന്നിങ്ങനെ വ്യക്തമായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും, അപ്രകാരമുള്ള എല്ലാ രേഖകളും/രജിസ്റ്ററുകളും ബന്ധപ്പെട്ട വിഭാഗം ജീവനക്കാർ സൂക്ഷിക്കുന്നില്ല. ആയത് ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകളും ഇല്ല. ഓരോ സെക്ഷൻ ചുമതല കൈമാറ്റം ചെയ്യുമ്പോഴും മുൻ ജീവനക്കാരൻ അനുവർത്തിച്ചു വരുന്ന രീതിയിൽ ജോലികൾ തുടർന്നു വരുന്ന എന്നതിനപ്പുറം നിയുക്തമായ ജോലികളെ സംബന്ധിച്ച് വ്യക്തമായ ധാരണയില്ലാത്തതിനാൽ പല (Arising) ഉത്ഭവിക്കേണ്ട തപാലുകളിൽ തുടർനടപടികൾ ഉണ്ടാകുന്നില്ല.

2.അക്കൌണ്ടിംഗ് / വാർഷികകണക്ക്

നഗരസഭയിൽ 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരമുള്ള അക്കൗണ്ടിംഗ് പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നില്ല.

- ദിവസേനയുള്ള നികുതി/നികുതിയേതര വരവുകൾ അതാതു ദിവസം തന്നെ സാംഖ്യയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ചെലവിന്റെ കാര്യത്തിൽ അതാതു ദിവസം രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. കേന്ദ്ര /സംസ്ഥാന ഗവൺമെന്റ് ഗ്രാന്റുകൾ, മറ്റ് വരവുകൾ എന്നിവ ലഭിക്കുന്ന വേളയിൽ തന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. നഗരസഭയ്ക്ക് കിട്ടേണ്ടതായ നികുതി/നികുതിയേതര വരുമാനങ്ങൾ അതാതു വർഷം തന്നെ ഡിമാന്റ് നിർണ്ണയിച്ച് അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. ഇക്കാരണങ്ങളാൽ നഗരസഭയുടെ ഓരോ ദിവസത്തേയും സാമ്പത്തിക നില അപഗ്രഥനം ചെയ്യുന്നതിന് നിലവിലും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ലെഡ്ജർ അക്കൗണ്ടുകൾ കൃത്യമായ ഇടവേളകളിൽ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. ബാങ്ക് റിക്കൺസിലിയേഷൻ മാസാന്ത്യത്തിൽ നടത്തി ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. സിസ്റ്റത്തിൽ രേഖപ്പെടുത്തുന്ന ജേണൽ എൻട്രികൾ, കാഷ്ബുക്ക്, ബാങ്ക് ബുക്ക് എന്നിവ രേഖകളാക്കി ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നില്ല.
- നഗരസഭയിലെ കാഷ് ബുക്കിന്റെ പരിപാലനം ചട്ട പ്രകാരമല്ല. കൈകൊണ്ടെഴുതുന്ന കാഷ് ബുക്കിലാണ് തനത് ഫണ്ടിന്റെ ചെലവുകൾ രേഖപ്പെടുത്തുന്നത്. വരവുകൾ ടി കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.
- പണമടവുള്ള ദിവസങ്ങളിൽ കോൺട്രാ എൻട്രി കൃത്യമായി നടത്തുന്നില്ല
- ചെലവുകൾ അതാത് ദിവസം തന്നെ സാംഖ്യയിൽ രേഖപ്പെടുത്തുന്നില്ല. 2020-21 വർഷത്തിൽ തനത് ഫണ്ട് അക്കൗണ്ടുകളുടെ സാംഖ്യയിലുള്ള ബാങ്ക് ബുക്ക് പരിശോധിച്ചതിൽ 23.01.2021 മുതൽ മാത്രമാണ് ചെലവുകൾ രേഖപ്പെടുത്തിക്കാണുന്നത്.
- ട്രാൻസാക്ഷൻ ഉള്ള ബാങ്കുകളുടെ ബാങ്ക് ബുക്ക് ദിവസേന പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

- എല്ലാ അക്കൗണ്ടുകളുടേയും റീകൺസിലിയേഷൻ പ്രതിമാസം നടത്തി ചട്ടപ്രകാരം ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
- പ്രതിമാസ വരവുചെലവു കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സെക്രട്ടറി സമർപ്പിക്കുകയോ അംഗീകരിക്കുകയോ ചെയ്യുന്നില്ല.

അക്കൗണ്ടിംഗ് ചട്ടങ്ങളും മാന്വലും അനുശാസിക്കുന്ന മുഴുവൻ നടപടിക്രമങ്ങളും നഗരസഭ സ്വീകരിക്കുന്നില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടും നഗരസഭ മേൽ വിഷയങ്ങളിൽ പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ല.

3.വാർഷികകണക്കുകൾ

- എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. സൗത്ത് ഇന്ത്യൻ ബാങ്കിൽ സെക്രട്ടറിയുടെ പേരിലുള്ള 0063053000042239 എന്ന അക്കൗണ്ട് വാർഷികക്കണക്കിൽ ഉൾപ്പെട്ടിട്ടില്ല. 20.01.2020 ന് ആരംഭിച്ചിട്ടുള്ള ടി അക്കൗണ്ടിൽ 31.03.2021 ന് 1,49,694.30 രൂപ നീക്കിയിരിപ്പുണ്ട്.
- സ്ഥിര നിക്ഷേപത്തിന്റെ വിവരങ്ങൾ, മുൻകൂറുകളുടെ വിവരങ്ങൾ എന്നിവ വാർഷികധനകാര്യപത്രികയിൽ കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല. ലോൺ വിവരങ്ങൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
- വരവിനങ്ങളുടെ ഡി.സി.ബി. കൃത്യമായി തയ്യാറാക്കുന്നില്ല. വസ്തുനികുതിയുടെ മാറ്റങ്ങൾക്കനുസരിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡിമാന്റ് കൃത്യമായി നൽകാത്തതിനാൽ ടി ഇനത്തിന്റെ കണക്കിലും കൃത്യതയില്ല. വരുമാനം വർദ്ധിപ്പിക്കാൻ ഫലപ്രദമായ നടപടികൾ ഉണ്ടാകുന്നില്ല. കുടിശ്ശികയായ തുകകൾ കൃത്യമായി കണക്കാക്കാത്തതിനാലും തുടർനടപടികൾ യഥാസമയം സ്വീകരിക്കാത്തതിനാലും വാർഷിക കണക്കുകളിലെ ബന്ധപ്പെട്ട തുകകളുടെ ആധികാരികത ഉറപ്പാക്കുവാൻ കഴിയുന്നില്ല.
- എ.സി.ആർ പ്രകാരമുള്ള ഗ്രാന്റുകളുടെ ചെലവുകൾ വാർഷികക്കണക്കുമായി പൊരുത്തപ്പെടുന്നില്ല.
- വാർഷിക കണക്കുകൾ സ്ഥാപനത്തിന്റെ ഇടപാടുകളേയും പ്രവർത്തനങ്ങളേയും പ്രതിഫലിപ്പിക്കുന്നില്ല.

4. രേഖകളുടേയും രജിസ്റ്ററുകളുടേയും സൂക്ഷിപ്പ് .

- നഗരസഭയിലെ തൊഴിൽ നികുതി രജിസ്റ്ററുകൾ, വാടക രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപന രജിസ്റ്റർ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ എന്നിവയിൽ ഡിമാന്റ്-കളക്ഷൻ-ബാലൻസ് വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ ആപ്ലിക്കേഷനിൽ നിന്നുള്ള ഡി.സി.ബി പത്രിക പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.
- വായ്പ രജിസ്റ്റർ എഴുതി സൂക്ഷിച്ച് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.
- സ്ഥിര നിക്ഷേപത്തിന്റെ വിവരങ്ങൾ വാർഷികക്കണക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല.
- അഡ്വാൻസ് രജിസ്റ്റർ, ഫയൽ എന്നിവ പ്രകാരം ക്രമീകരിച്ചിട്ടുള്ള പല അഡ്വാൻസുകളും ക്രമീകരിക്കാത്തതായി ബാലൻസ് ഷീറ്റ് B-18 ൽ Miscellaneous Advance ൽ കാണുന്നു.
- ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ വാർഷികകണക്കിലെ ഡെപ്പോസിറ്റ് കണക്കുകളുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല.
- സാംഖ്യ നിലവിൽ വന്നിട്ട് നിരവധി വർഷങ്ങൾ കഴിഞ്ഞിട്ടും തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾക്കായി എഴുതി തയ്യാറാക്കുന്ന വൗച്ചർ ആണ് ഉപയോഗിക്കുന്നത്. ആയത് കൈകൊണ്ടെഴുതുന്ന കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഈ ചെലവുകൾ സാംഖ്യയിൽ യഥാസമയം രേഖപ്പെടുത്തുന്നില്ല.

- വിവിധ കുത്തകാവകാശങ്ങൾ ലേലം ചെയ്തവർ നഗരസഭയുമായി കരാർ വച്ചിട്ടില്ല. സംസ്ഥാന സർക്കാറിനു ലഭിക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലെ വരുമാനം നഷ്ടമാകുന്നതിനു പുറമെ കുടിശ്ശിക വരുത്തുന്നവരിൽ നിന്ന് നിയമ നടപടിയിലൂടെ തുക ഈടാക്കുന്നതിനുള്ള സാധ്യതയും ഇതു മൂലം ഇല്ലാതാകുന്നു.

5. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 22 (ഡി) 1 മുതൽ 10 വരെയുള്ള ഖണ്ഡികകളിൽ ഒരു മുനിസിപ്പൽ കൗൺസിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും നിർവചിച്ചിട്ടുണ്ട്. എന്നാൽ ഇവ കൃത്യമായ പാലിക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധ ചെലുത്തിയിട്ടുള്ളതായി 2020-21 ലെ മിനിറ്റ്സ് പ്രകാരം ഇല്ല.

വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയോ, ചെലവുകൾ ബഡ്ജറ്റിനും നിയമങ്ങൾക്കും അനുസൃതമായാണോ ചെയ്തിട്ടുള്ളതെന്ന് പരിശോധിക്കുകയോ, ബഡ്ജറ്റ് ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് മേൽനോട്ടം വഹിക്കുകയോ, നഗരസഭയ്ക്ക് ലഭിക്കേണ്ടതായ നികുതികളുടെയും ഫീസുകളുടെയും വാടകയുടെയും മറ്റ് തുകകളുടെയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുകയോ, നഗരസഭയുടെ അക്കൗണ്ടുകൾ കൂടെക്കൂടെ പരിശോധിക്കുകയോ, മാസംതോറുമുള്ള തുക ആവശ്യപ്പെടലും തുക പിരിച്ചെടുക്കലും നീക്കിയിരുപ്പ് തുകയും പരിശോധിക്കുകയോ ചെയ്യുന്നില്ല എന്ന് ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ വ്യക്തമാകുന്നു. സെക്രട്ടറി സമർപ്പിക്കേണ്ട തൊട്ടുമുമ്പുള്ള മാസത്തെ വരവ് ചെലവ് കണക്കുകളുടെ സംക്ഷിപ്തവും രേഖകളും സമർപ്പിക്കാതിരുന്നിട്ടും 10/2021 വരെ യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല. നിലവിലും ഓരോ മാസത്തേയും വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നില്ല.

6. സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പൂർണ്ണമായും പാലിക്കുന്നില്ല. 2020-21 ൽ പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടിയിട്ടില്ല.പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരും വാങ്ങൽ നടപടികൾ പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ, അതാത് സമയത്തുള്ള സർക്കാർ ഉത്തരവുകൾ എന്നിവയനുസരിച്ച് നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരിപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

7. പദ്ധതി നിർവ്വഹണം

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. വകയിരുത്തിയ തുകയുടെ 57% മാത്രമേ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ. പദ്ധതി രൂപീകരണം പൂർത്തിയാക്കി വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച ശേഷം നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പദ്ധതികൾ ഫലപ്രദമായി മോണിറ്റർ ചെയ്യണമെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.02.2018 -ലെ ജി.ഒ. (പി) നം 17/2018 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട് (ഖ3.1.2 (ബി) 13). എന്നാൽ നഗരസഭയിൽ തൻവർഷം നടപ്പാക്കിയ പദ്ധതികളൊന്നും തന്നെ മോണിറ്ററിംഗ് കമ്മിറ്റി മോണിറ്റർ ചെയ്തതായി കാണുന്നില്ല. തൻവർഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയതായി രേഖകളില്ല. മോണിറ്ററിംഗിന്റെ അഭാവത്തിൽ പദ്ധതി നടത്തിപ്പിലെ പോരായ്മകൾ യഥാസമയം ശ്രദ്ധയിൽപ്പെടാതെ പോകാനിടയാകുന്നുണ്ട്. സ്ഥല ലഭ്യത, ഫണ്ട് ലഭ്യത എന്നിവ ഉറപ്പു വരുത്താതെ പദ്ധതി ആസൂത്രണം നടത്തിയതുമൂലം പല ബൃഹത്പദ്ധതികളും പൂർത്തീകരിക്കാത്ത നിലയിലാണ്.

8.ആസ്തികൾ സൃഷ്ടിക്കലും പരിപാലനവും കയ്യൊഴിക്കലും

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആർജ്ജിച്ച ആസ്തികളുടെ മൂല്യം നിർണ്ണയിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ അറ്റകുറ്റപ്പണികൾ, കൂട്ടിചേർക്കലുകൾ എന്നിവയനുസരിച്ച് മൂല്യം ഭേദഗതി ചെയ്യുകയോ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തുകയോ ചെയ്യുന്നില്ല. നഗരസഭയുടെ ആസ്തികളെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ (ഉടമസ്ഥാവകാശം ഉൾപ്പെടെ)ഇല്ലാത്തതിനാൽ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കപ്പെടുന്നത് എല്ലാം നഗരസഭയുടെ ആസ്തികളിൽ തന്നെയാണോ എന്ന് ഉറപ്പ് പറയാനാവാത്ത സ്ഥിതിയാണുള്ളത്. നഗരസഭയുടെ ആസ്തികൾ സംരക്ഷിക്കുന്നതിലും അലംഭാവമുണ്ട്. ഉദാഹരണമായി മുനിസിപ്പൽ ടൌൺഹാൾ പുനരുദ്ധാരണം ആരംഭിച്ചിട്ട് വർഷങ്ങളായെങ്കിലും നിലവിലും പൂർത്തീകരിച്ചിട്ടില്ല. കൃത്യമായ ആസൂത്രണമില്ലായ്മ, ഫണ്ട് ലഭ്യതക്കുറവ് എന്നിവ മൂലം കോടികൾ ചെലവഴിച്ചിട്ടും വർഷങ്ങൾക്കു ശേഷവും ഒലവക്കോട് ഷോപ്പിംഗ് കോംപ്ലക്സ്, കാനറാ ബാങ്ക് കോംപ്ലക്സ്, സ്റ്റേഡിയം ബൈപാസ് റോഡിലെ ജൈവവിപണനകേന്ദ്രം, ടൌൺഹാൾ അനക്സ് എന്നിവ പൂർത്തീകരിച്ച് നഗരസഭയുടെ സ്ഥിരവരുമാനമാർഗ്ഗങ്ങളാക്കാനായിട്ടില്ല.

അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും അതേസമയം നാശോന്മുഖമാകുന്നതിനു മുൻപും വില്പന നടത്തി നഗരസഭാഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നഗരസഭയുടെ ഭാഗത്തുനിന്ന് തുടർനടപടികളുണ്ടാകേണ്ടതുണ്ട്. പാലക്കാട് നഗരസഭയുടെ ആംബുലൻസ് കെ.എൽ9/ബി 9034 (1995 മോഡൽ ടെംബോ ട്രാവലർ) ഉപയോഗശൂന്യമായതിനാൽ 17.5.2012 മുതൽ വിൽക്കുന്നതിന് ശ്രമിച്ചെങ്കിലും നിലവിലും നഗരസഭയിലെ കോമ്പൌണ്ടിനകത്ത് തുരുമ്പെടുത്ത് നശിച്ച നിലയിൽ കിടക്കുന്നു. (ഫോട്ടോ ചുവടെ ചേർക്കുന്നു). അതുപോലെ കോമ്പൌണ്ടിനകത്ത് കിടക്കുന്ന ആവശ്യമില്ലാത്ത ഫർണിച്ചറുകൾ, മരാമത്തു പ്രവൃത്തികളുടെ ഭാഗമായി ലഭ്യമാകുന്ന സാധനസാമഗ്രികൾ എന്നിവയും വില്പന നടത്തി നഗരസഭാഫണ്ടിൽ മുതൽക്കൂട്ടുന്നതിന് ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.




<u>ലേലം ചെയ്യാത്ത ആംബുലൻസ്</u>



ആവശ്യമില്ലാത്ത ഫർണിച്ചറുകൾ

9. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുടെ പാലനം

നഗരസഭാ ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. മുൻകാലങ്ങളിലെ ശമ്പള പരിഷ്കരണങ്ങൾ അംഗീകരിക്കുന്നതിനായി രേഖകൾ യഥാസമയം ഓഡിറ്റിൽ ലഭ്യമാക്കുന്നില്ല. ജീവനക്കാർ റിട്ടയർ ചെയ്യാറാകുമ്പോഴാണ് പല സർവീസ് ബുക്കുകളും അംഗീകാരത്തിനായി ഓഡിറ്റിൽ ലഭ്യമാക്കുന്നത്. വിരമിച്ച/മരണപ്പെട്ട ജീവനക്കാരുടെ പെൻഷൻ/കുടുംബപെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലും വളരെയധികം കാലതാമസം വരുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

I. നിലവിൽ സാംഖ്യാധിഷ്ഠിതമായ അക്കൗണ്ടിംഗ് സമ്പ്രദായമായതിനാലും, ഓരോ വരവിനത്തിനും പ്രത്യേകം സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നതിനാലും അതനുസരിച്ച് ഓരോ സെക്ഷനുകളും ഫയലുകൾ കൈകാര്യം ചെയ്യേണ്ടവിധം, സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ എന്നിവ സംബന്ധിച്ച് വ്യക്തമായ ജോലി വിഭജനരേഖ തയ്യാറാക്കേണ്ടതും, അതു പ്രകാരം ജോലികൾ നിർവഹിക്കപ്പെടുന്ന എന്ന് ഉറപ്പുവരുത്തേണ്ടതിനുള്ള നടപടികൾ മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതുമാണ്. പുതിയതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർ വർഷങ്ങളിൽ ലഭ്യമാവാത്ത ഈ കാലഘട്ടത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി നഗരസഭയുടെ വികസനം ത്വരിതപ്പെടുത്താൻ കൌൺസിൽ അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജീവനക്കാരും ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടതാണ്.

3. ആസ്തികൾ സൃഷ്ടിക്കലും അവയുടെ പരിപാലനവും കയ്യൊഴിക്കലും കാര്യക്ഷമമാക്കേണ്ടതാണ്

4. സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പൂർണ്ണമായും പാലിച്ച് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

5. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 22 (ഡി) 1 മുതൽ 10വരെയുള്ള ഖണ്ഡികകളിൽ നിർദ്ദേശിച്ചിട്ടുള്ളപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും കൃത്യമായി പാലിക്കേണ്ടതാണ്.

6. അക്കൗണ്ടിംഗ് ചട്ടങ്ങളും മാന്വലും അനുശാസിക്കുന്ന മുഴുവൻ നടപടിക്രമങ്ങളും നഗരസഭ

പാലിക്കേണ്ടതും രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി കൃത്യതയോടെ വാർഷികകണക്ക് തയ്യാറാക്കേണ്ടതുമാണ്.

7. ജീവനക്കാർക്ക് ലഭ്യമാകാനുള്ള ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ നൽകുന്നതിന് നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 അക്കൗണ്ടിംഗിലെ അപാകങ്ങൾ

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ അക്കൗണ്ടിംഗ് പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നില്ലെന്ന് ഓഡിറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1) കാഷ് ബുക്ക് ചട്ടപ്രകാരം പരിപാലിക്കുന്നില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 5(3) കാഷ് ബുക്ക് പ്രതിദിനം ക്ലോസ് ചെയ്യേണ്ടതും ചട്ടം 5(4) പ്രകാരം അക്കൗണ്ട്സ് ഓഫീസർ പ്രതിദിനം കാഷ് ബുക്ക് ബാലൻസും യഥാർത്ഥ കാഷ് ബാലൻസും പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

എന്നാൽ നഗരസഭയിലെ കാഷ് ബുക്കിന്റെ പരിപാലനം ചട്ട പ്രകാരമല്ല. കൈകൊണ്ടെഴുതുന്ന കാഷ് ബുക്കിലാണ് തനത് ഫണ്ടിന്റെ ചെലവുകൾ രേഖപ്പെടുത്തുന്നത്. വരവുകൾ ടി കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. സാംഖ്യ പ്രകാരമുള്ള കാഷ് ബുക്ക് പ്രതിദിനം പ്രിന്റെടുത്ത് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2) പ്രതിദിന കളക്ഷൻ യഥാസമയം അക്കൗണ്ട് ചെയ്യപ്പെടുന്നില്ല

സാംഖ്യ കാഷ് ബുക്ക് പരിശോധിച്ചതിൽ കോൺട്രാ എൻട്രികൾ യഥാസമയം തന്നെ നടത്തുന്നില്ലെന്ന് വ്യക്തമായി. ഓരോ ദിവസത്തേയും കൗണ്ടർ വരവ് ബാങ്കിലടവാക്കുന്നുണ്ടെങ്കിലും, അതിനോടൊപ്പം നടത്തേണ്ട കോൺട്രാ എൻട്രികൾ സാംഖ്യയിൽ ചെയ്യാത്തതിനാൽ യഥാർത്ഥത്തിൽ ഇല്ലാത്ത ഉയർന്ന കാഷ് ബാലൻസ് തുകയാണ് സാംഖ്യ കാഷ് ബുക്കിലുള്ളത്.

ഉദാഹരണമായി 31.03.2021 ലെ കാഷ് ബുക്ക് പ്രകാരം ഓപ്പണിംഗ് ബാലൻസ് 13,08,67,753 രൂപയാണ്. 2020 മെയ് മാസം മുതൽ ബാങ്കിലടവാക്കിയ തുകകൾ കോൺട്രാ എൻട്രികൾ നടത്താത്തത് മൂലമാണ് ഇത്രയും വലിയ തുക ബാലൻസ് ആയി അവശേഷിക്കുന്നത്. എല്ലാ കോൺട്രാ എൻട്രികളും 31.03.2021 നാണ് നടത്തിയിരിക്കുന്നത്.

PALAKKAD MUNICIPALITY
CASH BOOK
For the Period From 31-Mar-2021 To 31-Mar-2021

450100100 Cash

| Voucher No. | Head Code | Description | Subsidiary Ledger | V.Type | Debit | Credit |
|---|---|---|---|---|---|---|
| 31/Mar/2021 | | | | | | |
| | | Opening Balance | | | 130,867,753.00 | |
| 32000048 | 450210100 | SBI - OWN FUND (BEING CASH DEPOSITED TO BANK NO CONTRAENTRY MADE BY CASHIER) | | C | | 202,745.00 |
| 32000049 | 450210100 | SBI - OWN FUND (BEING CASH DEPOSITED TO BANK NO CONTRAENTRY MADE BY CASHIER ON 4,5,8 & 15 MAY 20) | | C | | 659,740.00 |
| 32000050 | 450210100 | SBI - OWN FUND (cash deposited to bank on 11,12,13,14 & 15 may 20 no contra entry made by cashier therefore entered now for AFS) | | C | | 1,184,447.00 |
| 32000051 | 450210100 | SBI - OWN FUND (CASH DEPOSITED TO BANK ON 18-5-20) | | C | | 202,960.00 |
| 32000052 | 450210100 | SBI - OWN FUND (cash deposited to bank on 20,21,22,25 &26 MAY 20) | | C | | 1,333,890.00 |
| 32000053 | 450210100 | SBI - OWN FUND (cash deposited to bank on 27,28 & 29may 20) | | C | | 1,195,505.00 |
| 32000054 | 450210100 | SBI - OWN FUND ( CASH DEPOSITED ON 1,2 &3 JUN 20) | | C | | 876,813.00 |
| 32000055 | 450210100 | SBI - OWN FUND (CASH DEPOSITED TO BANK ON 5,8,9 &10 JUNE 20) | | C | | 1,204,527.00 |
| 32000056 | 450210100 | SBI - OWN FUND (CASH DEPOSITED TO BANK ON 11,12 & 15 JUNE 20) | | C | | 759,953.00 |
| 32000057 | 450210100 | SBI - OWN FUND (CASH DEPOSITED TO BANK ON 16,17,18,19 &22JUNE 20) | | C | | 1,243,463.00 |
| 32000058 | 450210100 | SBI - OWN FUND (CASH DEPOSITED TO BANK ON 23,24,25,26 &29 JUNE 20) | | C | | 1,091,991.00 |
| 32000059 | 450210100 | SBI - OWN FUND (CASH DEPOSITED TO BANK 30-6-20) | | C | | 413,694.00 |
| 32000060 | 450210100 | SBI - OWN FUND (cash deposited to bank on 1,3 july 20) | | C | | 491,160.00 |

Cash Book Page 1 of 209

Software Support: **Information Kerala Mission**

PALAKKAD MUNICIPALITY
CASH BOOK
For the Period From 31-Mar-2021 To 31-Mar-2021

450100100 Cash

| Voucher No. | Head Code | Description | Subsidiary Ledger | V.Type | Debit | Credit |
|---|---|---|---|---|---|---|
| 32000061 | 450210100 | SBI - OWN FUND (cash deposited on 7/20) | | C | | 1,689,744.00 |
| 32000062 | 450210100 | SBI - OWN FUND (cash deposited on 7/20) | | C | | 2,284,955.00 |
| 32000063 | 450210100 | SBI - OWN FUND (cash deposited on 7/20) | | C | | 546,009.00 |
| 32000064 | 450210100 | SBI - OWN FUND (cash deposited on 7/20) | | C | | 557,519.00 |
| 32000065 | 450210100 | SBI - OWN FUND (cash deposited on 8/20) | | C | | 1,320,183.00 |
| 32000066 | 450210100 | SBI - OWN FUND (cash deposited on 8/20) | | C | | 2,944,185.00 |
| 32000067 | 450210100 | SBI - OWN FUND (cash deposited on 8/20) | | C | | 2,955,821.00 |
| 32000068 | 450210100 | SBI - OWN FUND (cash deposited on 8/20) | | C | | 1,265,690.00 |
| 32000069 | 450210100 | SBI - OWN FUND (cash deposited on 8/20) | | C | | 718,007.00 |
| 32000070 | 450210100 | SBI - OWN FUND (cash deposited on 9/20) | | C | | 3,223,625.00 |
| 32000071 | 450210100 | SBI - OWN FUND (cash deposited on 9/20) | | C | | 3,534,613.00 |
| 32000072 | 450210100 | SBI - OWN FUND (cash deposited on 9/20) | | C | | 2,921,252.00 |
| 32000073 | 450210100 | SBI - OWN FUND (cash deposited on 10/20) | | C | | 2,967,418.00 |
| 32000074 | 450210100 | SBI - OWN FUND (cash deposited on 10/21) | | C | | 2,673,360.00 |
| 32000075 | 450210100 | SBI - OWN FUND (cash deposited on 10/21) | | C | | 1,217,083.00 |
| 32000076 | 450210100 | SBI - OWN FUND (cash deposited on 11/20) | | C | | 1,847,004.00 |
| 32000077 | 450210100 | SBI - OWN FUND | | C | | 2,610,959.00 |

Cash Book Page 2 of 209

Software Support: Information Kerala Mission

നിരവധി ദിവസങ്ങളിലെ കോൺട്രാ എൻട്രികൾ ഒരുമിച്ച് ഒറ്റ് തുകയായി രേഖപ്പെടുത്തിയിട്ടുമുണ്ട്. കാഷ് ബുക്ക് സമയാസമയങ്ങളിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിക്കുന്നില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

<u>3) ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല</u>

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 6(1) പ്രകാരം കാഷ് ആയോ ചെക്ക് ആയോ ഉള്ള എല്ലാ അടവാക്കലുകളും പിൻവലിക്കലുകളും രേഖപ്പെടുത്തിയ ബാങ്ക് ബുക്ക് അക്കൗണ്ടന്റ് പരിപാലിക്കേണ്ടതാണ്. ചട്ടം 6(4) പ്രകാരം ബാങ്ക് ബുക്ക് എല്ലാ ദിവസവും ക്ലോസ് ചെയ്യേണ്ടതാണ്.

എന്നാൽ തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ യഥാസമയം സാംഖ്യയിൽ രേഖപ്പെടുത്തുന്നില്ല. 2020-21 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ട് അക്കൗണ്ടുകളുടെ സാംഖ്യയിലുള്ള ബാങ്ക് ബുക്ക് പരിശോധിച്ചതിൽ 23.01.2021 മുതൽ മാത്രമാണ് ചെലവുകൾ രേഖപ്പെടുത്തിക്കാണുന്നത്. എസ്.ബി.ഐ യിലുള്ള തനത് ഫണ്ട് അക്കൗണ്ടിന്റെ സാംഖ്യ പ്രകാരമുള്ള ബാങ്ക് ബുക്ക് താഴെ കൊടുക്കുന്നു.

PALAKKAD MUNICIPALITY
BANK BOOK
For the Period From 01-Apr-2020 To 31-Mar-2021

450210100 SBI - OWN FUND

| Voucher No. | Head Code | Description | Cheque No & Date | Subsidiary Ledger | V.Type | Debit | Credit |
|---|---|---|---|---|---|---|---|
| 22000979 | 230100200 | Diesel, Petrol & Gas (E2.4089/06 FUEL CHARGE OFFICE VEHICLE FOR NOV 20):-State Bank of India;Civil Station; Paid To N.R.SRINIVASAN | 102642 ;01-Jan-2021 | | P | | 38,389.00 |
| 22000980 | 230100200 | Diesel, Petrol & Gas (H7 (H6) 26298/17 COST GAS CYCLINDER 30NOS):-State Bank of India;Civil Station; Paid To M/S KANDATH GAS AGENCY | 102643 ;01-Jan-2021 | | P | | 32,235.00 |
| | | Day's Total | | | | | 263440.00 |
| | | ClosingBalance | | | | | 43,362,399.85 |
| | | | | | | 43,625,839.85 | 43,625,839.85 |
| | | Opening Balance | | | | 43,362,399.85 | |
| 23/Jan/2021 | | | | | | | |
| 22000035 | 350110200 | Net Salary Payable (h1.21900/12 pay and allowance for 03/20):-State Bank of India;Civil Station; Paid To div1 | 608629 ;01-Apr-2020 | | P | | 595,208.00 |
| 22000036 | 350110200 | Net Salary Payable (H1.21901 /12 PAY AND ALLOWANCE CONTINGENT WORKERS DIV.2 3/20):-State Bank of India;Civil Station; Paid To DIV.2 | 608629 ;01-Apr-2020 | | P | | 654,637.00 |
| 22000037 | 350110200 | Net Salary Payable (h1.21902/12 pay and allowance contingent worker div 3 3/20):-State Bank of India;Civil Station; Paid To div3. | 608629 ;01-Apr-2020 | | P | | 782,166.00 |
| 22000038 | 350110200 | Net Salary Payable | 608629 ;01-Apr-2020 | | P | | 799,038.00 |

Bank Book Page 410 of 642

01.04.2020 മുതൽ 22.01.2021 വരെയുള്ള എല്ലാ ചെലവുകളും 23.01.2021 വരെയും അക്കൗണ്ട്

ചെയ്യപ്പെടാത്തത് ഗുരുതരമായ വീഴ്ചയാണ്.

4) സാംഖ്യ നിലവിൽ വന്ന ശേഷവും മാന്വലായി തയ്യാറാക്കുന്ന വൗച്ചർ, കാഷ് ബുക്ക് എന്നിവ ഉപയോഗിക്കുന്നു

സാംഖ്യ നിലവിൽ വന്നിട്ട് നിരവധി വർഷങ്ങൾ കഴിഞ്ഞിട്ടും തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾക്കായി എഴുതി തയ്യാറാക്കുന്ന വൗച്ചർ ആണ് ഉപയോഗിക്കുന്നത്. ആയത് കൈകൊണ്ടെഴുതുന്ന കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നുമുണ്ട്. ഈ ചെലവുകൾ സാംഖ്യയിൽ യഥാസമയം രേഖപ്പെടുത്തുന്നുമില്ല.

5) പ്രതിമാസ റീകൺസിലിയേഷൻ നടത്തുന്നില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 53 പ്രകാരം എല്ലാ മാസവും 7-ാം തിയതിക്ക് മുമ്പ് മുൻമാസത്തെ റീകൺസിലിയേഷൻ നടത്തി സ്റ്റേറ്റ്മെന്റ് അക്കൗണ്ട്സ് ഓഫീസറും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

എന്നാൽ നഗരസഭയിൽ പ്രതിമാസ റീകൺസിലിയേഷൻ നടത്തുന്നില്ല. വർഷാവസാന റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുമില്ല. മുൻ റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടും റീകൺസിലിയേഷൻ നടത്താത്തത് ശരിയായ നടപടിയല്ല.

6) പ്രതിമാസ വരവുചെലവു കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 22 (ഡി) (lv) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുൻ മാസത്തെ വരവുചെലവുകളുടെ സംക്ഷേപം പരിശോധിക്കേണ്ടതാണ്. 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 56 പ്രകാരം അക്കൗണ്ട്സ് ഓഫീസർ എല്ലാ മാസവും 20-ാം തിയതിക്ക് മുമ്പായി മുൻ മാസത്തെ വരവുചെലവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

എന്നാൽ നഗരസഭയിൽ പ്രതിമാസ വരവു ചെലവു സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുകയോ ആയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്യുന്നില്ല.

7) ചെക്കുകൾ ബാങ്കിലടവാക്കുന്നതിന്റെ കൃത്യത ഉറപ്പുവരുത്തുന്നില്ല

നഗരസഭയിൽ ഓരോ ദിവസവും ലഭിക്കുന്ന ചെക്കുകൾ ബാങ്കിലടവാക്കുന്നതിനായി ബാങ്കിന് കത്തും പേ- ഇൻ സ്ലിപ്പും നൽകുന്നുണ്ട്. ഇത്തരത്തിൽ അടവാക്കുന്ന തുക കൃത്യമായി ബാങ്കിൽ ക്രഡിറ്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. പലപ്പോഴും ഒന്നിലധികം ചെക്കുകൾ ഒരുമിച്ച് ഒറ്റ തുകയായിട്ടാണ് ബാങ്കിൽ ക്രെഡിറ്റ് ചെയ്യുന്നത്. നഗരസഭയിൽ സൂക്ഷിക്കുന്ന ചെക്ക്/ഡിഡി രജിസ്റ്ററിൽ വരവിന്റെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. തുകകൾ ക്രെഡിറ്റായതിന്റെ വിവരങ്ങൾ രേഖപ്പെടുത്താറില്ല.

ഓഡിറ്റ് നിർദേശങ്ങൾ :

- സാംഖ്യയിലുള്ള കാഷ് ബുക്ക് എല്ലാ ദിവസവും പ്രിന്റെടുത്ത് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- പണമടവുള്ള ദിവസങ്ങളിൽ കോൺട്രാ എൻട്രി കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- ചെലവുകൾ അതാത് ദിവസം തന്നെ സാംഖ്യയിൽ രേഖപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.
- ട്രാൻസാക്ഷൻ ഉള്ള ബാങ്കുകളുടെ ബാങ്ക് ബുക്ക് പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- എല്ലാ അക്കൗണ്ടുകളുടേയും റീകൺസിലിയേഷൻ പ്രതിമാസം നടത്തേണ്ടതും ചട്ടപ്രകാരം ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.
- പ്രതിമാസ വരവുചെലവു കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.
- ചെക്ക്/ഡിഡി രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.

ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 വാർഷികക്കണക്കിലെ അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തെ വാർഷികക്കണക്കുകളുടെ പരിശോധനയിൽ താഴപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1) കാഷ് ബുക്ക് കൃത്യമായി പരിപാലിക്കുന്നില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 5, 6 എന്നിവ പ്രകാരം കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സെക്രട്ടറി/അക്കൌണ്ട്സ് ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനം ദിനം പ്രിന്റെടുത്ത് സെക്രട്ടറി/അക്കൗണ്ട്സ് ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. നഗരസഭയിലെ തനത് ഫണ്ടുകളുടെ വരവ് ചെലവുകൾ കൈകൊണ്ടെഴുതുന്ന കാഷ് ബുക്കിലാണ് രേഖപ്പെടുത്തുന്നത്. കൈകൊണ്ടെഴുതുന്ന കാഷ് ബുക്കിലുള്ള തനത് ഫണ്ട് ബാങ്ക് തുകയുടെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയും സാംഖ്യ പ്രകാരമുള്ള ബാങ്ക് ബുക്കിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയിലും വ്യത്യാസം കാണുന്നു.

| അക്കൗണ്ട് നം | | സാംഖ്യ ബാങ്ക് ബുക്ക് പ്രകാരം | കൈകൊണ്ടെഴുതിയ കാഷ് ബുക്ക് പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| SBI - 187 | മുന്നിരിപ്പ് | 16536684.85 | 13511276.4 | 3025408.45 |
| | നീക്കിയിരിപ്പ് | 53186301.85 | 51770549.27 | 1415752.58 |
| SBI -1165 (Old SBT) | മുന്നിരിപ്പ് | 12678761 | 12603300.34 | 75460.66 |
| | നീക്കിയിരിപ്പ് | 11489766 | 11414306.8 | 75459.2 |
| TSB | മുന്നിരിപ്പ് | 11269656 | 11275987 | (-) 6331 |
| | നീക്കിയിരിപ്പ് | 25557229 | 493140 | 25064089 |

2) റീകൺസിലിയേഷൻ നടത്തുന്നില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 53 പ്രകാരം എല്ലാ ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടേയും പ്രതിമാസ റീകൺസിലിയേഷൻ നടത്തുന്നില്ല. വർഷാവസാനത്തിലുള്ള റീകൺസിലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഓഡിറ്റിന് ലഭ്യമാക്കിയ സാംഖ്യ പ്രകാരമുള്ള (സാക്ഷ്യപ്പെടുത്താത്തത്) റീകൺസിലിയേഷൻ പത്രികകൾ പരിശോധിച്ചതിൽ താഴപ്പറയുന്ന അക്കൗണ്ടുകളുടെ റീകൺസിലിയേഷനിൽ അപാകങ്ങൾ കാണുന്നു.

| അക്കൗണ്ട് | പാസ് ബുക്ക് നീക്കിയിരിപ്പ് | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ പാസ് ബുക്ക് നീക്കിയിരിപ്പ് |
|---|---|---|
| ICICI Swatch Bharat-250905000044 | 21,65,362 | 24,99,112 |
| PNB Amrut-0392000101101747 | 90741466.90 | 137,631,487 |

3) രജിസ്റ്ററുകളിൽ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തി പരിപാലിക്കുന്നില്ല

നഗരസഭയിലെ തൊഴിൽ നികുതി, വാടക , ലൈസൻസ് , ബിൽഡിംഗ് പെർമിറ്റ് , സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്റ്ററുകളിൽ ഡിമാന്റ്-കളക്ഷൻ-ബാലൻസ് വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ ആപ്ലിക്കേഷനിൽ നിന്നുള്ള ഡി.സി.ബി പത്രിക പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

4) പുതിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ഉൾപ്പെടുത്തുന്നില്ല

01.04.2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ പുതുതായി അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 15(2)). 2020-21 വർഷത്തിൽ നഗരസഭയിൽ നിരവധി പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ടെങ്കിലും 2020-21 ലെ “110010100-Property Tax(General)” എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ 01.04.2020 ന് മാത്രമാണ് ഡിമാന്റ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് കാണുന്നു.

5) ബാലൻസ് ഷീറ്റിലുള്ള ലൈബ്രറി സെസ് തുക പരിശോധിക്കേണ്ടതാണ്

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 3,75,57,954 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910100-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക (-) 1,788,474 ആണ്. എന്നാൽ ഈ ശീർഷകത്തിൽ (+) 5,33,47,836 രൂപ ചേർത്തിട്ടുണ്ട്. ആയത് വിശദീകരിക്കേണ്ടതാണ്.

431910100 State Govt Cesses/ Levies In Property Taxes - Control Account എന്ന ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ 31.03.2021 ന് Wrong Head എന്ന് രേഖപ്പെടുത്തി 11,39,16,746 രൂപ കുറവ് ചെയ്തിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

6) എ.സി.ആറിലെ ചെലവുകൾ വാർഷികക്കണക്കുമായി പൊരുത്തപ്പെടുന്നില്ല

എ.സി.ആർ പ്രകാരമുള്ള ഗ്രാന്റുകളുടെ ചെലവുകൾ വാർഷികക്കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ഗ്രാന്റ് | എ.സി.ആർ പ്രകാരം | വാർഷികക്കണക്ക് പ്രകാരം |
|---|---|---|
| Development Fund -General | 131276163 | 123855272 |
| Maintanance Grant - Non Road | 19285354 | 18810682 |

7) ഡെപ്പോസിറ്റ് തുകകൾ വാർഷികക്കണക്കിൽ ശരിയായി അക്കൗണ്ട് ചെയ്തിട്ടില്ല

2020-21 വർഷത്തിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ 64,89,112 രൂപയും, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബിയിൽ 10,32,852 രൂപയും ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതും വിനിയോഗ വിവരം പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ലാത്തതുമാണ്. എന്നാൽ ധനകാര്യ പത്രികയിൽ Advance To Implementing Agencies എന്ന ഹെഡിൽ പ്രസ്തുത തുകകൾ വന്നിട്ടില്ല.

8) ആസ്തി സൃഷ്ടിക്കുന്നതിനായി ഉപയോഗിച്ച തുകകളുടെ വിവരം കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല

വിവിധ ഗ്രാന്റ് ഹെഡുകളിൽ നിന്നും ആസ്തി സൃഷ്ടിക്കുന്നതിനായി ഉപയോഗിച്ച തുകകൾ Capital Contribution - എന്ന ഹെഡിലേക്ക് മാറ്റിയിട്ടില്ല. ബി-3 ഷെഡ്യൂളിൽ Capital Contribution ഹെഡിൽ

മുന്നിരിപ്പായി ഉള്ള 40,51,72,487 രൂപ തന്നെയാണ് ഉള്ളത്. 2020-21 വർഷം രേഖപ്പെടുത്തലുകൾ ഇല്ല.

മുൻ സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിലെ അതേ തുകകൾ തന്നെയാണ് ബി-11 ഷെഡ്യൂളിൽ വിവിധ ആസ്തികളുടെ വിവരങ്ങളായി ഉള്ളത്. 2020-21 വർഷത്തിലെ ആസ്തികളുടെ വിവരങ്ങൾ ചേർത്തിട്ടില്ല.

9) ഡിപ്രീസിയേഷൻ വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ബി-11 ഷെഡ്യൂളിൽ ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഡിപ്രീസിയേഷൻ ഇനത്തിൽ 2019-2020വർഷത്തെ തുകകൾ തന്നെയാണ് 2020-2021 ലും രേഖപ്പെടുത്തിയിട്ടുള്ളത്.

10) ലോൺ വിവരങ്ങൾ വാർഷിക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

PMAY- LIFE- HUDCO ലോൺ വിവരങ്ങൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്നതുക | തൻവർഷ വായ്പ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 17,29,60,000 | 4,00,00,000 | 2,15,20,000 | 19,14,40,000 |

11) സ്ഥിര നിക്ഷേപത്തിന്റെ വിവരങ്ങൾ വാർഷികക്കണക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല

നഗരസഭയിൽ ആധുനിക അറവുശാല നിർമ്മാണത്തിനായി നഗരകാര്യ വകുപ്പ് മുഖേന ലഭിച്ച തുക സ്ഥിരനിക്ഷേപമായി പഞ്ചാബ് നാഷണൽ ബാങ്കിൽ നിക്ഷേപിക്കുകയും പലിശ സഹിതം പുനർ നിക്ഷേപിക്കുകയും ചെയ്യുകയും, അറവുശാല പദ്ധതി കിഫ്ബി മുഖേന നടപ്പാക്കാൻ അനുമതി ലഭിച്ചതിനെതുടർന്ന് മേൽ തുകയും പലിശയും സഹിതം നഗരകാര്യ വകുപ്പിന് തിരികെ നൽകുകയും ചെയ്തു.(കത്ത് നം. E2-35420/18 തിയതി 06.08.2020). എന്നാൽ ബാലൻസ് ഷീറ്റ് B-13 ഷെഡ്യൂൾ പ്രകാരം ഇപ്പോഴും 1,17,45,749 രൂപയുടെ സ്ഥിരനിക്ഷേപം ഉണ്ട്. തുക തിരിച്ചടച്ചെങ്കിലും വാർഷികക്കണക്കിൽ മാറ്റം വരുത്തിയിട്ടില്ല. ലെഡ്ജർ പ്രകാരം 31/03/2016 നാണ് അവസാനമായി സ്ഥിരനിക്ഷേപത്തിന്റെ വിവരങ്ങൾ വാർഷികക്കണക്കിൽ അപ്ഡേറ്റ് ചെയ്തിരിക്കുന്നത്.

പഞ്ചാബ് നാഷണൽ ബാങ്കിൽ 7,25,400 യുടെ സ്ഥിരനിക്ഷേപം (നം:426000PU00006401, Maturity Date: 28/04/2020) ഉണ്ടെന്ന് 13.02.2020 ൽ ബാങ്ക് നൽകിയ Interest Certificate ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലൊരു സ്ഥിരനിക്ഷേപത്തിന്റെ വിവരം വാർഷികക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

12) ക്രമീകരിച്ച അഡ്വാൻസുകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിരിക്കുന്നു

അഡ്വാൻസ് രജിസ്റ്റർ, ഫയൽ എന്നിവ പ്രകാരം ക്രമീകരിച്ചിട്ടുള്ള പല അഡ്വാൻസുകളും ക്രമീകരിക്കാത്തതായി ബാലൻസ് ഷീറ്റ് B-18 ൽ Miscellaneous Advance ൽ കാണുന്നു.

13) ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് B-7 പ്രകാരമുള്ള 4,92,07,161 രൂപയുടെ വിവിധ ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

14) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിവരങ്ങൾ വാർഷിക്കണക്കിൽ കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല

കേന്ദ്രാവിഷ്കൃത പദ്ധതികളായ AMRUT, PMAY, Ayyankali Urban Employment Guarantee Scheme, NULM എന്നിവയുടെ വരവ് ചെലവ് വാർഷിക ധനകാര്യപത്രികയിൽ വ്യക്തമല്ല. AUEGS-ലെ Wages & Administrative Expenses -AFS-ൽ പ്രത്യേകമായി ഇല്ല. AMRUT നീക്കിയിരിപ്പ് രജിസ്റ്ററും വാർഷികക്കണക്കും പൊരുത്തപ്പെടുന്നില്ല.

15) ബാധ്യതയായി ഉൾപ്പെടുത്തിയ Salary Payable ന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

B-9 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയ Net Salary Payable ആയി 8,49,32,599 രൂപയും Leave Salary Payable ആയി 1,00,00,000 രൂപയും ഉൾപ്പെടുത്തിക്കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

16) പ്രൊവിഷനുകൾ നൽകിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റിൽ ബി-21 ഷെഡ്യൂളിൽ വസ്തുനികുതി, ലൈസൻസ്, തൊഴിൽ നികുതി, വാടക, മറ്റുള്ള വരവുകൾ എന്നിവക്ക് പ്രൊവിഷൻ നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

17) ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വാർഷികക്കണക്കിൽ ഉൾപ്പെടുന്നില്ല

സൗത്ത് ഇന്ത്യൻ ബാങ്കിൽ സെക്രട്ടറിയുടെ പേരിലുള്ള 0063053000042239 എന്ന അക്കൗണ്ട് വാർഷികക്കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ 20.01.2020 ന് ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ 31.03.2021 ന് 1,49,694.30 രൂപ നീക്കിയിരിപ്പുണ്ട്.

1-13 ഓഡിറ്റ് ഇംപാക്ട് - വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ പരിഹരിച്ചു

നഗരസഭയിലെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം പരിശോധിച്ച് അപാകങ്ങൾ ചൂണ്ടിക്കാണിച്ച് ഓഡിറ്റ് അന്വേഷണം നൽകുകയും തുടർന്ന് നഗരസഭ അപാകങ്ങൾ പരിഹരിച്ച് നികുതി പുനർ നിർണ്ണയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

എ) പ്രസ് ക്ലബ്

41/1089, 1090 എന്നീ കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്ന പ്രസ് ക്ലബ് കെട്ടിടത്തിന്റെ ഉപയോഗക്രമം "വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്രമീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ" എന്ന ഗണത്തിലുൾപ്പെടുത്തുകയും വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ബാധകമായി നികുതി വർദ്ധനവിനുള്ള പരിമിതി നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 15/22.01.2022 നമ്പർ ഓഡിറ്റ് അന്വേഷണം നൽകുകയും നഗരസഭ 29.04.2022 ന് നൽകിയ മറുപടി യിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം ഓഫീസ് ആവശ്യം എന്ന ഗണത്തിലുൾപ്പെടുത്തി മാറ്റം വരുത്തിയിട്ടുണ്ടെന്നും നികുതി പുനർ നിർണ്ണയിച്ചിട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്തു.

ബി) പ്രീതി സിൽക്സ്

കോളേജ് റോഡിലുള്ള 16/500/1 നമ്പർ കെട്ടിടം നാല് നിലകളുള്ളതും ആകെ 1319.9 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ളതും പ്രീതി സിൽക്സ് എന്ന സ്ഥാപനത്തിന് ലൈസൻസ് നൽകിയിട്ടുള്ളതുമാണ്. എന്നാൽ സഞ്ചയ പ്രകാരം കെട്ടിടം മുഴുവനായും രണ്ടാം നിലയിലാണെന്ന് രേഖപ്പെടുത്തുകയും രണ്ടാം നിലയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നൽകാവുന്ന നികുതി കിഴിവ് (കണക്കാക്കിയ നികുതിയുടെ 10%) നൽകിയിട്ടുള്ളതുമാണ്. ഇത് സംബന്ധിച്ച് നൽകിയ 17/22.01.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നഗരസഭ 17.05.2022 ന് നൽകിയ മറുപടിയിൽ നികുതി പുനർ നിർണ്ണയിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ രണ്ട് കെട്ടിടങ്ങളുടേയും വസ്തുനികുതിയിലുണ്ടായ വ്യത്യാസം താഴെ കൊടുക്കുന്നു.

| കെട്ടിട നം | പഴയ നികുതി | പുനർ നിർണ്ണയിച്ച നികുതി |
|---|---|---|
| 41/1089 | 5,908 | 10,125 |

| | | |
|---|---|---|
| 41/1090 പ്രസ് ക്ലബ് | 1,180 | 5,063 |
| 16/500/1 പ്രീതി സിൽക്സ് | 1,99,569 | 2,67,802 |

## 1-14 തൊഴിൽ നികുതി- അപാകങ്ങൾ

1994 ലെ മുനിസിപ്പാലിറ്റി ആക്ട് 245-ാം വകുപ്പ്, 2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നഗരസഭയിലെ തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. നഗരസഭാ പരിധിയിലുള്ള 161 സ്ഥാപനങ്ങളിലെ ജിവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ അനുബന്ധം-3 ആയി ചേർത്തിട്ടുണ്ട്.

2. 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടം 3(2) ൽ അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ,പാരാമെഡിക്കൽ വിദഗ്ദ്ധർ, മോട്ടോർ വാഹന ഉടമകൾ തുടങ്ങി വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരിൽ നിന്നും പരമാവധി 1,250/-രൂപ അർദ്ധവാർഷിക നികുതി ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്ററുകൾ പരിശോധിച്ചതിൽ അപ്രകാരം നികുതി ഈടാക്കിയിട്ടില്ല.

3. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും വാർഷിക സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ അനേകം സ്ഥാപനങ്ങളുടെ പേരുകൾ ഒരേ പേജിൽ തന്നെ രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. വാർഷിക സംഗ്രഹം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 61/12.05.2022 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

4. കരാറുകാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ എരുമക്കാര സ്ട്രീറ്റ് ഇൻറർലോക്കിംഗ്, ഡ്രെയിൻ റിപ്പയർ പ്രവൃത്തിയിൽ (പ്രോജക്ട്-338/19) കരാറുകാരൻ ശ്രീ.ചാമി.വി.കെ തൊഴിൽ നികുതി അടച്ചിട്ടില്ല എന്ന് ഫയൽ നം.ഇ2-24821/18 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് പിന്നീട് അടവാക്കിയിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തൽ ഇല്ല. വർക്ക് ബില്ലിൽ നിന്നും തൊഴിൽ നികുതി കുറവു ചെയ്തിട്ടുമില്ല. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ 74 /16.5.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. കരാറുകാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1) മേൽ പറഞ്ഞ ജീവനക്കാർ/കരാറുകാരനിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരമുള്ള രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതും, വാർഷിക സംഗ്രഹം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-15 കെട്ടിട വാടക - അപാകങ്ങൾ

1. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 565(ബി) നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നഗരസഭയിലെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിനായി നിയമാനുസൃത ബൈലോ

തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്.

2. വാടക സംബന്ധമായി നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വ്യക്തവും ആധികാരികവുമല്ല. മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള ഓരോ കെട്ടിടങ്ങളുടേയും കിട്ടാനുള്ള കുടിശ്ശിക /ഡിമാന്റ്/കളക്ഷൻ/ബാലൻസ് എന്നിവയുടെ സംക്ഷിപ്തം തയ്യാറാക്കുകയോ മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. രജിസ്റ്ററിൽ ഡിമാന്റ്/കളക്ഷൻ/ബാലൻസ് എന്നിവ പെൻസിൽ ഉപയോഗിച്ചാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഓരോ വ്യക്തികൾക്കും അനുവദിച്ചിട്ടുള്ള റൂം നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

3. എഗ്രിമെന്റ് രജിസ്റ്റർ/എഗ്രിമെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല. വാടക രജിസ്ററർ പ്രകാരം 2020-2021 സാമ്പത്തിക വർഷത്തിൽ ആകെയുള്ള 710 വാടകക്കാരിൽ 271 പേർ മാത്രമാണ് നഗരസഭയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. കൃത്യമായ കരാർ ഉടമ്പടികൾ ഇല്ലാതെ കടമുറികൾ വാടകയ്ക്ക് നൽകുന്നത് ശരിയായ നടപടിയല്ല. കരാറിൽ ഏർപ്പെടാത്തതിനാൽ വാടക കുടിശ്ശിക വരുത്തുന്നവർക്കെതിരെ നിയമവ്യവഹാരങ്ങളിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട സംരക്ഷണം കിട്ടാതെ വരുകയും കൂടാതെ സർക്കാരിന് മുദ്രപത്രയിനത്തിൽ ലഭിക്കേണ്ട തുകകൾ ലഭിക്കാതെയും പോകുന്നു. ഈ വിഷയം അടിയന്തിര തുടർ നടപടികൾക്കായി കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

4. വാടക രജിസ്റ്റർ പ്രകാരം വാടകക്കാരില്ലാതെ ഒഴിഞ്ഞു കിടക്കുന്ന റൂമുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം. | കെട്ടിടം | റൂം നമ്പർ |
|---|---|---|
| 1 | ടൗൺ ബസ്സ് സ്റ്റാന്റ് കോപ്ലക്സ് | D/102, D/304 |
| 2 | ഡാൻസ് മാർക്കറ്റ് | 5, 42/886, 42/887, 42/888, 42/889, 42/892 |

ഒഴിവുള്ള വാടകമുറികൾക്ക് ലേലം/ടെണ്ടർ മുഖേന വാടകക്കാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

5. 2020-21 സാമ്പത്തിക വർഷത്തിലെ വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് /ബാലൻസ് എന്നിവ ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | വരവ് | ബാലൻസ് |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 35218559 | 21378055 | 13840504 |
| ധനകാര്യപത്രിക പ്രകാരം | 31978092 | 21611553 | 10366539 |

മേൽ അപാകതകൾ സൂചിപ്പിച്ച നൽകിയ 42/06.05.2022 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടിയിൽ കെട്ടിട വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കിയിട്ടുണ്ട് എന്നും, വിശദമായ ചർച്ചയ്ക്കായി മാറ്റി വച്ചിരിക്കുകയാണ് എന്നും, കൗൺസിൽ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ലഭ്യമാക്കാം എന്നുമറിയിച്ചിട്ടുണ്ട്. രജിസ്റ്ററുകൾ അടുത്ത വർഷം മുതൽ ആധികാരികമാക്കാമെന്നും, മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാമെന്നും അറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങളിലെ റൂം നമ്പറുകൾ തെറ്റായി അസസ്സ് ചെയ്തതിനാൽ പകരം ഷോപ്പ് നമ്പറാണ് നൽകിയിരിക്കുന്നത് എന്നറിയിച്ചിട്ടുണ്ട്. എഗ്രിമെന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാടകക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്ന കടമുറികളിൽ ടൗൺ ബസ് സ്റ്റാന്റ് കോംപ്ലെക്സിലെ കടമുറികൾ ലേലം/ടെണ്ടർ നടത്തി ലൈസൻസിയ്ക്ക് കടമുറി അനുവദിക്കുന്നതിനായി കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ് എന്നറിയിച്ചിട്ടുണ്ടെങ്കിലും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഡാൻസ് മാർക്കറ്റിലെ ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ ഉപയോഗയോഗ്യമല്ല എന്നാണറിയിച്ചിട്ടുള്ളത്. വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള വരവ്/ബാലൻസ്

വാർഷിക ധനകാര്യപത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല എന്നുള്ളതിന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1) നഗരസഭയുടെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായ കെട്ടിട വാടക പിരിവ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതും വാടക കുടിശ്ശിക ഈടാക്കുവാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിനായി നിയമാനുസൃത ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
3)കടമുറികൾ ഉപയോഗയോഗ്യമല്ലാത്തവ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗപ്രദമാക്കേണ്ടതാണ്.

4)എല്ലാ വർഷത്തെയും ഓഡിറ്റ് റിപ്പോർട്ടിലും രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നത്, വാടകക്കാരുമായുള്ള എഗ്രിമെന്റുകൾ വെയ്ക്കുന്നത്, എന്നിവ സംബന്ധിച്ച് പരാമർശിച്ചിട്ടും മാറ്റങ്ങൾ വരുത്താത്തത് അധികാരികളുടെ ഭാഗത്തുള്ള ഗുരുതരമായ വീഴ്ചയായി കാണുന്നു. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടി യുക്തമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
5) വാർഷിക ധനകാര്യപത്രികയിലെ വരവും, വാടക രജിസ്റ്റർ പ്രകാരമുള്ള വരവും തമ്മിലുള്ള വ്യത്യാസം പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 നിർമ്മാണ സ്ഥലത്തുനിന്നും പൊട്ടിച്ചുമാറ്റിയ കമ്പി, കമ്പി ഉൾപ്പെടെയുള്ള കോൺക്രീറ്റ് കഷണങ്ങൾ എന്നിവയുടെ ലേലം

കനറാ ബാങ്ക് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി പഴയ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ പൊളിച്ചുമാറ്റുമ്പോൾ ലഭിച്ച 2700 കി.ഗ്രാം കമ്പി 06.10.2018 നും, 470 കി.ഗ്രാം കമ്പി 22.11.2018 നും നഗരസഭയിൽ ഏൽപ്പിച്ചിട്ടുള്ളതാണെന്നും, കൂടാതെ സൈറ്റിൽ നിന്നും പൊട്ടിച്ചുമാറ്റിയ കോൺക്രീറ്റ് കഷണങ്ങൾ കമ്പി ഉൾപ്പെടെ ഐശ്വര്യ നഗർ സൈറ്റിലും സ്റ്റേഡിയം സൈറ്റിലും ശേഖരിച്ചിട്ടുള്ളതാണെന്നും ആയത് നഗരസഭ ഏറ്റെടുത്ത് ലേലം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഹാബിറ്റാറ്റിന്റെ 27.11.2018 ലെ 1216/2018/1121 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ തുടർ നടപടി സ്വീകരിച്ചതിന്റെയോ ഇവ ലേലം നടത്തിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. ഓഡിറ്റ് എൻക്വയറി 31/17.03.2022 പ്രകാരം ലേലം നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ലേലം നടത്തിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും, ഇല്ലാത്തപക്ഷം ലേലം നടത്താനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-17 കുത്തക ലേലം- അപാകങ്ങൾ

### 1. 2020-2021 വർഷത്തെ നഗരസഭയിലെ വസ്തു വകകളുടെ കുത്തക ലേലം

നഗരസഭ കെട്ടിടങ്ങൾക്കു മുകളിലുള്ള പരസ്യ ബോർഡുകളുടെ തറവാടക പിരിക്കൽ പല തവണ ലേലം/ടെണ്ടർ ഓഫർ നടത്തിയിട്ടും ആരും തന്നെ ഏറ്റെടുക്കാത്തതിനാൽ ടി ഇനങ്ങളുടെ ഫീസ് പിരിവ് നഗരസഭ നേരിട്ട് നടത്തുന്നതിലേക്കായി നഗരസഭയുടെ സെക്രട്ടറി 07/07/2020 ലെ R8.47471/19 നമ്പർ ഉത്തരവ് പ്രകാരം റവന്യൂ ഇൻസ്പെക്ടർമാരായ ശ്രീമതി.കൃഷ്ണകുമാരി, ശ്രീമതി.രേഖ.കെ.ഡി., ശ്രീമതി.റഷീദ എന്നിവരെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.
ഇതിന്റെ തുടർനടപടികൾ സംബന്ധിച്ച് നൽകിയ 45/10.05.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് കോവിഡ്-19 ലോക്ക്ഡൗൺ കാരണം കടകമ്പോളങ്ങൾ തുറന്ന് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യവും, സോണുകൾ തിരിച്ചുള്ള നിയന്ത്രണങ്ങൾ മേൽ കാലയളവ് മുഴുവനായും ഏർപ്പെടുത്തിയിട്ടുള്ളതിനാൽ വ്യാപാര സ്ഥാപനങ്ങളും അനുബന്ധ ബിസിനസ് പ്രവർത്തനങ്ങളും ഇല്ലാത്തതിനാൽ പരസ്യ ബോർഡുകൾ ഒന്നും സ്ഥാപിച്ചിട്ടില്ലാത്തതാണെന്നും ആയതിനാൽ

ഈയിനത്തിൽ ഫീസ് ഒന്നും ലഭിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

2. സ്റ്റേഡിയം ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീ പിരിവ്,ബസ് സ്റ്റാന്റ് ഫീസ് പിരിവ്

സ്റ്റേഡിയം ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീ പിരിവ് ലേലം കൊണ്ട ശ്രീ.അബ്ദുൾ റഷീദ്, ഇല്ലത്ത് വളപ്പിൽ, കൊപ്പം, പാലക്കാട് , ബസ് സ്റ്റാന്റ് ഫീസ് പിരിവ് ലേലത്തിലെടുത്ത ശ്രീ.കെ.എ.നാസർ, പുതുപ്പള്ളി തെരുവ്, നൂറണി, പാലക്കാട് എന്നിവർ നഗരസഭയുമായി കരാർ ഉടമ്പടി ഒപ്പ് വച്ചിട്ടില്ല. കരാറിന്റെ അഭാവത്തിൽ ടിയാളുകളിൽ നിന്നും ലേലതുക ഈടാക്കുന്നതിനുള്ള നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ചട്ടപ്രകാരം കരാർ വയ്ക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1. പരസ്യ ബോർഡുകളുടെ തറവാടക സംബന്ധിച്ച ബൈലോ/കൗൺസിൽ തീരുമാനം, നിരക്ക്, നഗരസഭയിലെ കെട്ടിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന പരസ്യങ്ങളുടെ വിവരങ്ങൾ, പരസ്യങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

2. മുനിസിപ്പാലിറ്റിയുടെ വസ്തുക്കൾ ലേലം കൊള്ളുന്ന വ്യക്തികളുമായി നിശ്ചിത മാതൃകയിലുള്ള കരാർ ഉടമ്പടി ഒപ്പ് വയ്ക്കേണ്ടതാണ്.

1-18 കെട്ടിടനിർമ്മാണങ്ങൾ പൂർത്തിയാകാനുള്ള കാലതാമസം- തനത് വരുമാനം ലഭിക്കുന്നില്ല

നഗരസഭയുടെ വരുമാനസ്രോതസ്സാകുന്ന കെട്ടിടങ്ങളുടെ നിർമ്മാണം നിശ്ചയിച്ച സമയത്തിനുള്ളിൽ പൂർത്തിയാകാത്തതിനാൽ വാടകയിനത്തിൽ വരുമാനം ലഭിക്കാതെപോകുന്നുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിടം | നിലവിലെ സ്ഥിതി |
|---|---|
| ടൗൺഹാൾ അനക്സ് | 2018 ൽ ഹാബിറ്റാറ്റ് വഴി നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. ഗ്രൗണ്ട് ഫ്ലോർ വരെയുള്ള ഭാഗത്തിന്റെ സ്ട്രക്ചർ വരെ പൂർത്തീകരിച്ചു. നിലവിൽ നിർമ്മാണം നടക്കുന്നില്ല. |
| ഒലവക്കോട് കംഫർട്ട് സ്റ്റേഷൻ | 2018 ൽ ഹാബിറ്റാറ്റ് വഴി നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. സ്ട്രക്ചർ വരെ മാത്രമുള്ള നിർമ്മാണം ഹാബിറ്റാറ്റ് നടത്തി. ടി അവസ്ഥയിൽ ലേലം നടത്താനുള്ള നടപടികൾ വിജയിച്ചില്ല. |
| കനറാ ബാങ്ക് കോംപ്ലക്സ് (സുൽത്താൻപേട്ട) | |
| ജൈവ വിപണന കേന്ദ്രം (സ്റ്റേഡിയം ബൈപ്പാസ് റോഡ്) | |
| പി.ഡി.എ കോംപ്ലക്സ് | |
| ചിന്മയ നഗർ കമ്മ്യൂണിറ്റി ഹാൾ | 2018 ൽ ഹാബിറ്റാറ്റ് വഴി നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. സ്ട്രക്ചർ വരെ മാത്രം നിർമ്മാണം നടത്തി. |
| മുനിസിപ്പൽ ടൗൺഹാൾ | എം.എൽ.എ ഫണ്ട് മുഖേനയുള്ള നിർമ്മാണ പ്രവൃത്തികൾ മന്ദഗതിയിലാണ്. |
| മുനിസിപ്പൽ ബസ് സ്റ്റാന്റ് | പുതിയ ബസ് സ്റ്റാന്റും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനായി സ്ഥാപനത്തെ തെരഞ്ഞെടുത്തു. |

കെട്ടിടങ്ങൾ ഉപയോഗപ്രദമാക്കി വരുമാനദായകമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 ചെക്ക്/ ഡിഡികൾ കൃത്യമായി ബാങ്കിലടവാക്കുന്നില്ല

നഗരസഭയിലെ കെട്ടിടങ്ങൾ ലേലം ചെയ്യുന്ന വേളയിൽ ഡെപ്പോസിറ്റ് ആയി ലഭിച്ച ചെക്ക്/ഡി.ഡി എന്നിവ യഥാസമയം ബാങ്കിലടവാക്കാതെ ഫയലിൽ തന്നെ സൂക്ഷിച്ചിട്ടുണ്ട്. ലേലം കൊണ്ട വ്യക്തികൾ കെട്ടിടങ്ങൾ ഏറ്റെടുക്കാത്തതിനെ തുടർന്ന് ഡെപ്പോസിറ്റ് തുക മുതൽക്കൂട്ടാൻ തീരുമാനമെടുത്തെങ്കിലും ഇത് യഥാസമയം ചെയ്യാത്തതിനാൽ ഫയലിൽ സൂക്ഷിച്ചിരുന്ന ചെക്ക്/ഡി.ഡി എന്നിവ കാലാഹരണപ്പെട്ടതിനെത്തുടർന്ന് ബാങ്കിന് കത്ത് നൽകി ഡി.ഡി റീവാലിഡേറ്റ് ചെയ്ത് ലഭ്യമാക്കിയിട്ടുമുണ്ട്.

ജൈവ വിപണന കേന്ദ്രം എന്ന കെട്ടിടം 07.01.2021 ൽ ലേലം നടത്തുകയും പിന്നീട് കെട്ടിടം ഏറ്റെടുക്കാൻ കഴിയില്ല എന്ന് അറിയിച്ച വ്യക്തികളുടെ ഇ.എം.ഡി തുക കണ്ടുകെട്ടാനും പുനർലേലം നടത്താനും തീരുമാനിച്ചെങ്കിലും ഇ.എം.ഡി ആയി ലഭിച്ച ഡി.ഡി.കൾ ബാങ്കിലടവാക്കാതെ ഫയലിൽ സൂക്ഷിച്ചതിനാൽ അവ റീവാലിഡേറ്റ് ചെയ്യുന്നതിനായി ബാങ്കിന് കത്ത് നൽകിയിരുന്നു.

| ഡി.ഡി നം/തിയതി | തുക | ഡി.ഡി നൽകിയ വ്യക്തി |
|---|---|---|
| 120025/07.01.2021 | ₹ 29,815 | ശ്രീ.കെ.ഖാദർ |
| 120024/07.01.2021 | ₹ 3,313 | ശ്രീ.സുരേഷ്.വി.പി |

തുടർന്ന് നൽകിയ 36/22.04.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് 17.05.2022 ന് നൽകിയ മറുപടിയിൽ ഡി.ഡികൾ റീവാലിഡേറ്റ് ചെയ്ത് ലഭ്യമാക്കിയിട്ടുണ്ടെന്നും ആയത് 12.05.2022 ന് തനത് ഫണ്ടിലടവാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ടി ദിവസത്തെ ഡേ ബുക്ക് പരിശോധിച്ചതിൽ രസീതി നം 122420400010, 122420400010 പ്രകാരം അടവാക്കിയ ഡി.ഡി തുകകൾ Deposits-Revenue Department എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നതെന്ന് ബോധ്യമായി. കണ്ടുകെട്ടിയ തുകകൾ ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടുള്ളത് മാറ്റം വരുത്തേണ്ടതാണ്.

ഭാവിയിൽ ചെക്ക്/ഡി.ഡി ആയി നഗരസഭക്ക് ലഭിക്കുന്ന തുകകൾ തൊട്ടടുത്ത ദിവസം തന്നെ ബാങ്കിലടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം ചെക്ക്/ഡി.ഡി ആയി നഗരസഭക്ക് ലഭിക്കുന്ന തുകകൾ തൊട്ടടുത്ത ദിവസം തന്നെ ബാങ്കിലടവാക്കേണ്ടതാണ്.

## 1-20 ബിൽഡിംഗ് പെർമിറ്റ് - അപാകങ്ങൾ

2020-2021 വർഷത്തിൽ ബിൽഡിംഗ് പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട് ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1) BA/167/20-21/E4 Dt 09.09.2020

ശ്രീ.ഗിരീഷ്.വി.നായർ എന്ന വ്യക്തിയുടെ പെർമിറ്റ് അപേക്ഷയോടൊപ്പമുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിടം നിർമ്മിക്കുന്ന ഭൂമിയുടെ തരം "നിലം" ആണ്. പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 04.02.2005 ലെ Ddis M 402/04 ഉത്തരവ് പ്രകാരം ടി സ്ഥലത്ത് സ്വന്തം ആവശ്യത്തിനുള്ള റെസിഡൻഷ്യൽ ഹോം നിർമ്മിക്കുന്നതിനാണ് അനുമതിയുള്ളത്. എന്നാൽ 602.74 $M^2$ വിസ്തീർണ്ണമുള്ള കമേഴ്സ്യൽ കം റെസിഡൻഷ്യൽ ബിൽഡിംഗ് നിർമ്മിക്കുന്നതിനാണ് പെർമിറ്റ് നൽകിയിട്ടുള്ളത്.

2) BA/278/20-21/E4 Dt 23.11.2020

ശ്രീ.അബൂബക്കർ എന്ന വ്യക്തിക്ക് 891 $M^2$ വിസ്തീർണ്ണമുള്ള കമേഴ്സ്യൽ കം ലോഡ്ജിംഗ് കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകിയിട്ടുണ്ട്. അപേക്ഷയോടൊപ്പമുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ് നം 47777046/12.07.2020 പ്രകാരം പാലക്കാട്-1 വില്ലേജിലുള്ള റീസർവേ നം 146/6 പ്രകാരമുള്ള 0.0613

ഹെ ഭൂമിയുടെ തരം "നിലം" ആണ്.

3) BA/311/20-21/E5 Dt 27.11.2020

ശ്രീ.കെ.കൃഷ്ണദാസ് എന്ന വ്യക്തിക്ക് 371.40 $M^2$ വിസ്തീർണ്ണമുള്ള കമേഴ്സ്യൽ- ഷോപ്പ് റൂമുകൾ നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകിയിട്ടുണ്ട്. അപേക്ഷയോടൊപ്പമുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം പാലക്കാട്-2 വില്ലേജിലുള്ള പഴയ സർവേ നം 476/2, 448/2, 447/2 ൽ ഉൾപ്പെട്ട ഭൂമിയുടെ തരം "നിലം - DCW" ആണ്. ആർ.ഡി.ഒ യുടെ ഉത്തരവ് പ്രകാരം ഭൂമി തരം മാറ്റുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ഭൂമിയുടെ മുൻ ഉടമസ്ഥരായ ശ്രീമതി പി.പി.മേരി, ശ്രീ.സി.ഡി ആന്റണി എന്നിവർ നൽകിയ അപേക്ഷയിൽ ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് സത്യവാങ്മൂലം നൽകാൻ ആവശ്യപ്പെട്ട് അപേക്ഷ തീർപ്പാക്കിയ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 01.08.2009 ലെ D-3436/2009/L-Dis നടപടിക്രമം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. അപേക്ഷകന് ഭൂമിയുടെ തരം മാറ്റുന്നതിനും കമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിനും അനുമതി ലഭിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

4) BA/236/20-21/E6 Dt 26.08.2020

ശ്രീ.പ്രകാശൻ എന്ന വ്യക്തിക്ക് പെർമിറ്റ് നൽകിയ അപേക്ഷയോടൊപ്പമുള്ള പാലക്കാട് സബ് കളക്ടറുടെ D.Dis M-49151/94 Dt Nil ഉത്തരവ് പ്രകാരം യാക്കര വില്ലേജിലെ സർവേ നം 1115/2 സ്ഥലത്ത് 5 സെന്റ് സ്വന്തം ആവശ്യത്തിനുള്ള വീട് നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത്. എന്നാൽ 423.71 $M^2$ വിസ്തീർണ്ണമുള്ള കമേഴ്സ്യൽ കം സ്പെഷ്യൽ റെസിഡെൻസ് നിർമ്മിക്കുന്നതിനാണ് നഗരസഭ പെർമിറ്റ് നല്കിയിരിക്കുന്നത്.

5) BA/312/20-21/E5 Dt 28.01.2021

ശ്രീ.ജി.ഹരിദാസ് എന്ന വ്യക്തിക്ക് ആകെ 347.11 $M^2$ തറ വിസ്തീർണ്ണമുള്ള 3 യൂണിറ്റ് റെസിഡൻഷ്യൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകിയിട്ടുണ്ട്. കെട്ടിടങ്ങൾ നിർമ്മിക്കുന്ന പാലക്കാട്-2 വില്ലേജിലെ പഴയ സർവേ നം 1306 ൽ ഉൾപ്പെട്ട ഭൂമി നിലം-DCW ആണെന്ന് കൈവശാവകാശ സർട്ടിഫിക്കറ്റിൽ (നം.50029233/08.09.2020) രേഖപ്പെടുത്തിയിട്ടുണ്ട്. അപേക്ഷയോടൊപ്പമുള്ള അസി.കളക്ടറുടെ 22.02.1995 ലെ Ddis M.765/95 ഉത്തരവ് പ്രകാരം ശ്രീ.ബി.ശശീന്ദ്രനാഥൻ എന്ന വ്യക്തിക്ക് 7 സെന്റ് സ്വന്തം ആവശ്യത്തിന് വീട് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ശ്രീ.ശശീന്ദ്രനാഥിൽ നിന്നുമാണ് അപേക്ഷകനായ ശ്രീ.ജി.ഹരിദാസ് ഭൂമി വാങ്ങിയിട്ടുള്ളത്. കൂടാതെ പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 16.02.2016 ലെ TA(7) 587/16 ഉത്തരവ് പ്രകാരം 3.45 സെന്റ് സ്ഥലം സ്വന്തം ആവശ്യത്തിന് വീട് നിർമ്മിക്കുന്നതിന് ശ്രീമതി. റോഷ്നി.സി.കെ എന്ന വ്യക്തിക്ക് അനുമതി നൽകിയിട്ടുണ്ട്. അപേക്ഷകനല്ലാത്ത വ്യക്തികൾക്ക് തരം മാറ്റുന്നതിന് നൽകിയ അനുമതി അടിസ്ഥാനമാക്കി പെർമിറ്റ് നൽകിയിട്ടുണ്ട്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 55/09.05.2022നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-21 വസ്തു നികുതി ഡിമാന്റ് - കുറവ്

വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭയുടെ 2020-2021 ലെ വസ്തുനികുതി ഡിമാന്റ് 2019-2020 ലെ അപേക്ഷിച്ച് 98,39,875 രൂപ കുറവ് വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ (Income And Expenditure പത്രിക പ്രകാരമുള്ളത്) താഴെ കൊടുക്കുന്നു.

| | |
|---|---|
| 2019-20 ലെ ഡിമാന്റ് | 10,24,05,945 |
| 2020-21 ലെ ഡിമാന്റ് | 9,25,66,070 |

| | |
|---|---|
| കുറവ് | 98,39,875 |

സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ പരിശോധിച്ചതിൽ നിരവധി പുതിയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ഡിമാന്റ് കുറയുകയാണ് ചെയ്തിരിക്കുന്നത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 77/18.05.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-22 വിനോദ നികുതി നഷ്ടപരിഹാര തുക – 2,30,00,000 രൂപ സർക്കാരിൽ നിന്നും ലഭ്യമായില്ല

ഫയൽ നം: R7-10068/18

ചരക്ക് സേവന നികുതി നിലവിൽ വന്നതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന വിനോദ നികുതി 01.07.2017 മുതൽ ഒഴിവാക്കിക്കൊണ്ട് 24.06.2017 ൽ സ.ഉ(കൈ)നം.123/2017/തസ്വഭവ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തദ്ദേശ സ്ഥാപനങ്ങൾക്കുള്ള നികുതി വരവിലെ കുറവ് നികത്തുന്നതിനായി 30.10.2018 ലെ സ.ഉ(സാധാ) നം. 8957/2018/ധന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിച്ചിരുന്നു. ഈ ഉത്തരവ് പ്രകാരം 2015-16 വർഷത്തെ വിനോദ നികുതിയും 15% അധികതുകയുമാണ് അനുവദിച്ചിരിക്കുന്നത്. പാലക്കാട് നഗരസഭയുടെ 2015-16 ലെ വരുമാനമായി 56,25,716 രൂപയും 15 % അധികതുകയും ചേർത്ത് 64,69,573 രൂപയാണ് അനുവദിച്ചത്.

എന്നാൽ 2015-16 ൽ വിനോദ നികുതിയിനത്തിൽ 2,56,25,716 രൂപയാണ് പാലക്കാട് നഗരസഭക്ക് വരവുള്ളത്. ആയത് പ്രകാരം 15% അധികതുക കൂടി ചേർത്ത് 2,94,69,573 രൂപ ലഭിക്കേണ്ടതായിരുന്നു. കുറവ് 2,30,00,000 (2,94,69,573 – 64,69,573).

2015-16 ലെ നികുതി കളക്ഷൻ സംബന്ധിച്ച് നഗരസഭ ഐ.കെ.എം ന് നൽകിയ കത്തിൽ കളക്ഷൻ തുക 2,56,25,716 ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ നഗരകാര്യ വകുപ്പിൽ നിന്നും സർക്കാറിനെ അറിയിച്ചതിൽ തുക കുറവായി രേഖപ്പെടുത്തിയതിനാലാണ് നഷ്ടപരിഹാരം കുറവായി ലഭിക്കാനിടയായത് എന്ന് ഫോൺ മുഖേന ബന്ധപ്പെട്ടപ്പോൾ അറിയിച്ചതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നഗരകാര്യ ഡയറക്ടർക്കും, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും, ധനകാര്യ ജോയിന്റ് സെക്രട്ടറിക്കും 03.12.2018 ന് കത്ത് നൽകിയിട്ടുണ്ട്. മറുപടിയൊന്നും ലഭിച്ചിട്ടില്ല.

തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് 22.10.2019, 03.07.2020, 30.12.2020, 27.12.2021, 02.02.2022 എന്നീ തീയതികളിലും കത്ത് നൽകിയിട്ടുണ്ട്. കൂടാതെ ബഹു. ധനകാര്യ മന്ത്രി, ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എന്നിവർക്ക് നിരവധി നിവേദനങ്ങൾ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ തുക ലഭ്യമായിട്ടില്ല.

നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന 2,30,00,000 രൂപ ലഭിക്കുന്നതിനുള്ള നടപടികൾ നിർവ്വഹണാധികാരികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 വളർത്തുനായകൾക്ക് ലൈസൻസ് - വാങ്ങൽ നടത്തിയതിലെ അപാകങ്ങൾ

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 437-ാം വകുപ്പ് പ്രകാരം നഗരസഭാ പരിധിയിലുള്ള വളർത്തുനായകൾക്ക് നഗരസഭയുടെ ലൈസൻസ് ആവശ്യമാണ്. നഗരസഭാ പരിധിയിലുള്ള വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നതിനൊപ്പം ടോക്കൺ - ബെൽറ്റ് നൽകാൻ തയ്യാറാണെന്ന് സ്കീനോക്രാഫ്റ്റ്, എറണാകുളം എന്ന സ്ഥാപനം കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ വിളിക്കാൻ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചു (നം.65/23.03.2017).

തുടർന്ന് 27.05.2017 ൽ ടെണ്ടർ പരസ്യത്തിന്റെ അടിസ്ഥാനത്തിൽ 500 ബെൽറ്റുകൾക്ക് 1,05,000 രൂപ

ക്വാട്ട് ചെയ്ത I-Vach എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 29.06.2017 ലെ 79-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും 20.07.2017 ന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. ബെൽറ്റുകൾ സപ്ലൈ ചെയ്യുകയും ബിൽ 28.09.2017 ന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കൗൺസിലിന്റെ 19.02.2018 ലെ 1431 നമ്പർ തീരുമാന പ്രകാരം സ്ഥാപനത്തിന് ബെൽറ്റ് സപ്ലൈ ചെയ്ത വകയിൽ തുക അനുവദിക്കുന്ന വിഷയം അംഗീകരിക്കുകയും 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ 2018-19 വർഷത്തിൽ പ്രൊജക്ടിന് അംഗീകാരം വാങ്ങുകയോ തുക നൽകുകയോ ചെയ്തിട്ടില്ല.

10.08.2018 ലെ 1715 നമ്പർ തീരുമാന പ്രകാരം ഒരു ബെൽറ്റിന് 250 രൂപ നിരക്കിൽ ഈടാക്കുന്നതിന് കൗൺസിൽ യോഗം തീരുമാനമെടുത്തു. തുടർന്ന് ഡോഗ് ലൈസൻസ് നൽകുന്നതിനോടൊപ്പം ബെൽറ്റിനുള്ള തുക കൂടി ഈടാക്കി വരുന്നുണ്ട്. I-Vach സ്ഥാപനത്തിനുവേണ്ടി ശ്രീ.സിറാജുദ്ദീൻ.പി.കെ എന്നവർ 14.01.2020 ന് തുക ലഭിക്കുന്നതിനായി അപേക്ഷ നൽകിയെങ്കിലും തീരുമാനം ഒന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. വീണ്ടും നൽകിയ അപേക്ഷയിൽ ചെയർപേഴ്സൻ മുൻകൂർ അനുമതി നൽകുകയും അടുത്ത കൗൺസിലിൽ വെക്കാൻ ഉത്തരവ് നൽകിയെങ്കിലും പ്രൊജക്ട് ഇല്ലാത്തതിനാൽ തുക നൽകിയിട്ടില്ല. 2017 ൽ വാങ്ങിയ ടോക്കൺ ബെൽറ്റുകൾക്ക് തുക ഈടാക്കിവരുന്നതിനാൽ പ്രൊജക്ടിൽ ഉൾപ്പെടുത്തി തുക നൽകുന്നതിന് തടസ്സമുണ്ടെന്ന് വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ടെന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് (പേജ് 26). തുടർന്ന് ഹെൽത്ത് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥനായി 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയെങ്കിലും വെറ്റിംഗ് ഓഫീസർ ഈ പ്രൊജക്ടിന് വെറ്റിംഗ് നടത്താതെ തിരിച്ചയച്ചതായും നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സിറാജുദ്ദീൻ.പി.കെ വീണ്ടും 26.07.2021 ന് തുക ലഭ്യമാക്കുന്നതിനായി കത്ത് നൽകി. തുടർന്ന് തുക തനത് ഫണ്ടിൽ നിന്നും അനുവദിക്കാൻ 07.01.2022 ലെ കൗൺസിൽ യോഗം തീരുമാനിച്ചു. 22.04.2022 ലെ ബിൽ നം.81-04/2022 പ്രകാരം തുക തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

മേൽ വാങ്ങലുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ബെൽറ്റ് വാങ്ങുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാൻ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനമെടുത്തെങ്കിലും ആയതിന് ചെയർ പേഴ്സന്റെയോ കൗൺസിലിന്റെയോ അംഗീകാരം ലഭ്യമായതായി കാണുന്നില്ല.
2. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 22 (ഡി) Viii പ്രകാരം മുനിസിപ്പൽ കൗൺസിൽ ചെലവാക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകയും കൗൺസിൽ അനുമതി നൽകിയിട്ടുള്ള ബജറ്റിൽ വകയിരുത്തിയിട്ടുള്ളതാണോ എന്നും അതിലേക്ക് ആവശ്യമായ തുക ഉണ്ടോയെന്ന് പരിശോധിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. ബജറ്റിൽ തുക വകയിരുത്താതെയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരമില്ലാതെയും, ഏതു ഫണ്ടിൽ നിന്നാണ് തുക നൽകേണ്ടത്, ഏത് പ്രൊജക്ടിൽ ഉൾപ്പെടുത്തിയാണ് വാങ്ങലുകൾ നടത്തേണ്ടത് എന്നതൊന്നും തീരുമാനിക്കാതെ ടെണ്ടർ നടപടികൾ സ്വീകരിച്ചത് ക്രമപ്രകാരമല്ല.
3. വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം നൽകിയതായി കാണുന്നില്ല.
4. ടെണ്ടറിൽ പങ്കെടുത്ത ശ്രീ. സിറാജുദ്ദീൻ.പി.കെ, I-Vach എന്ന വ്യക്തി ഇ.എം.ഡി ആയി സമർപ്പിച്ചിരിക്കേണ്ടത് 1,050 രൂപയാണ് (ക്വാട്ട് ചെയ്ത തുകയുടെ 1%). 500 രൂപയുടെ രണ്ട് ഡി.ഡി കളും (നം.671679/17.06.2017, 671680/17.06.2017) 100 രൂപയുടെ രസീതിയും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രസീതി പ്രകാരം നേരിട്ട് അടവാക്കിയ 100 രൂപ Other Fees എന്ന ശീർഷകത്തിലാണ് തെറ്റായി ചേർത്തിരിക്കുന്നത്. നാളിതുവരെ ഇ.എം.ഡി തിരികെ നൽകിയിട്ടില്ല. കൂടാതെ ടെണ്ടറിൽ പങ്കെടുത്ത ശ്രീ.വി.എ.ശ്രീകണ്ഠൻ, സ്കീനോക്രാഫ്റ്റ്സ് എന്ന വ്യക്തി ഇ.എം.ഡി ആയി നൽകിയ 1100 രൂപയുടെ ചെക്കും (നം.367425/17.06.2017) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. 2007ലെ കേരള മുനിസിപ്പാലിറ്റി

(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം നഗരസഭക്ക് ഡി.ഡി/ചെക്ക് ആയി ലഭ്യമാകുന്ന തുകകൾ തൊട്ടടുത്ത ദിവസം തന്നെ ബാങ്കിലടവാക്കി നഗരസഭാ ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെങ്കിലും ആയത് പാലിച്ചിട്ടില്ല.

5. ടെണ്ടറിൽ പങ്കെടുത്ത് നഗരസഭ നൽകിയ സപ്ലൈ ഓർഡർ പ്രകാരം ബെൽറ്റുകൾ സപ്ലൈ ചെയ്ത് നാല് വർഷത്തിലധികം കഴിഞ്ഞാണ് തുക നൽകിയിരിക്കുന്നത്.

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 53/09.05.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് 02.06.2022 ന് നൽകിയ മറുപടിയിൽ 19.02.2018ലെ കൗൺസിൽ തീരുമാനം നം.1431 പ്രകാരം തുക അനുവദിക്കുന്നത് കൗൺസിൽ അംഗീകരിച്ചതിനാൽ ബെൽറ്റുകൾക്കായി ക്വട്ടേഷൻ വിളിക്കാനുള്ള ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം കൂടി അംഗീകരിച്ചതായി കണക്കാക്കാം എന്നും, നൂതന പദ്ധതിയായതിനാൽ കാലതാമസം കൂടാതെ പദ്ധതി നടപ്പാക്കണമെന്ന ഉദ്ദേശം നഗരസഭക്ക് ഉണ്ടായിരുന്നു എന്നുമാണ് അറിയിച്ചിരിക്കുന്നത്.

കൗൺസിൽ അനുമതിയില്ലാതെയും പ്രൊജക്ട് ആവിഷ്കരിക്കാതെയും വാങ്ങൽ നടത്തിയ ശേഷം നൂതന പദ്ധതിയാണെന്നും കാലതാമസം കൂടാതെ പദ്ധതി നടപ്പാക്കണമെന്ന ഉദ്ദേശം നഗരസഭക്ക് ഉണ്ടായിരുന്നുവെന്നുമുള്ള മറുപടി തൃപ്തികരമല്ല. മേലിൽ ഇത്തരത്തിലുള്ള വാങ്ങലുകൾ നടത്തുമ്പോൾ നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട് എന്നുറപ്പ് വരുത്തേണ്ടതും ബെൽറ്റുകളുടെ നിലവിലുള്ള സ്റ്റോക്ക് വിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

## 1-24 ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം - സി.പി.എഫ്/ ഇ.പി.എഫ് അക്കൗണ്ടിൽ ഒടുക്കുന്നതിൽ വീഴ്ച

2020-2021 ലെ പ്രോവിഡന്റ് ഫണ്ട് ഫയൽ, അനുബന്ധ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ 11/2016 മുതൽ 05/2021 വരെയുള്ള വിവിധ കാലയളവുകളിൽ നഗരസഭ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും പ്രോവിഡന്റ് ഫണ്ടിനത്തിൽ റിക്കവറി നടത്തുന്ന തുക യഥാസമയം പ്രോവിഡന്റ് ഫണ്ട് അക്കൌണ്ടിലേക്ക് അടവാക്കിയിട്ടില്ലാത്തതിനാൽ 6,34,768 രൂപ പലിശയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത തുക ഒടുക്കുവാൻ നഗരകാര്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെടുകയും ആയത് കൗൺസിൽ തീരുമാനപ്രകാരം തനത് ഫണ്ടിൽ നിന്ന് ഒടുക്കിയും വരുന്നുണ്ട്. തനത് ഫണ്ടിനെ സാരമായി ബാധിക്കുന്ന ഇത്തരം പ്രവൃത്തി വർഷങ്ങളായി തുടർന്നുവരുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ.നം | കാലയളവ് | പലിശ നഷ്ടം | തുക ഒടുക്കുവാനാവശ്യപ്പെട്ടുള്ള നഗരകാര്യവകുപ്പ് ഡയറക്ടറുടെ കത്ത് |
|---|---|---|---|
| 1 | 11/2016 മുതൽ 03/2017 | 59,439 | PF2-786/2017 തിയതി 25-6-2019, |
| 2 | 04/2017 മുതൽ 10/2019 | 2,33,919 | PF2-786/2007 തിയതി 10-03-2020 |
| 3 | 1/2020 മുതൽ 05/2021 | 3,41,410 | PF2-20795/2020 തിയതി 09-09-2021 |

ക്രമ നമ്പർ 1,2 ലെ തുകകൾ 2306/8-8-2019, 2625/03.07.2020 എന്നീ നഗരസഭ കൗൺസിൽ തീരുമാനങ്ങൾ പ്രകാരം സിപിഎഫ് അക്കൗണ്ടിൽ ഒടുക്കുവാൻ തീരുമാനിക്കുകയും, ആയത് 236/2021

/15.02.2021 , 294-6/2021 എന്നീ വൗച്ചറുകൾ പ്രകാരം യഥാക്രമം ₹59,439, ₹2,33,919 ആകെ 2,93,358 രൂപ അടവാക്കിയിട്ടുള്ളതുമാണ്.

തനത് ഫണ്ട് വരവ് വളരെ കുറവായ നഗരസഭയുടെ തനത് വരുമാനത്തെ ബാധിക്കുന്ന ഇത്തരം വീഴ്ച്ച സംഭവിച്ചതിന്റെ കാരണം ബോധ്യപ്പെടുത്തുവാൻ 3/2021/29-11-2021, 41/4.05.2022 എന്നീ ഓഡിറ്റ് അന്വേഷണങ്ങൾ പ്രകാരം ആവശ്യപ്പെട്ടതിനു സെക്രട്ടറി നൽകിയ മറുപടിയിൽ, പ്രോവിഡന്റ് ഫണ്ട് അലോട്ട്മെന്റ് തുക ലഭ്യമാകുന്നതിന് പലിശയിനത്തിലുള്ള തുക അടവാക്കേണ്ടത് അത്യാവശ്യമായ സാഹചര്യമുള്ളതിനാൽ കൗൺസിൽ തീരുമാനപ്രകാരം തുക അടവാക്കിയിട്ടുണ്ടെന്നും, ക്രമ നമ്പർ 3 പ്രകാരമുള്ള തുക 6/11.11.2021 കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചെക്ക് നമ്പർ 951225/24.02.2022 പ്രകാരം ഒടുക്കിയതായും, നഗരസഭയുടെ സാമ്പത്തിക സ്ഥിതി മോശമായതിനാലാണ് യഥാസമയം ജീവനക്കാരുടെ പി.എഫ്. തുക പ്രസ്തുത അക്കൌണ്ടിൽ അടവാക്കാൻ കഴിയാതിരുന്നതെന്നും, 2021 ഫെബ്രുവരി മുതൽ അതത് മാസത്തെ പി.എഫ് തുക കൃത്യമായി അടവാക്കി വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

2020-21 ലെ സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 19,959 |
| വരവ്( പലിശയുൾപ്പെടെ) | 1,50,35,337 |
| ആകെ | 1,50,55,296 |
| ചെലവ് | 1,49,55,296 |
| നീക്കിയിരിപ്പ് | 1,00,000 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

റഗുലർ, ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം ഓരോ മാസവും 15-ാം തീയതിക്കകം സിപിഎഫ് അക്കൗണ്ടിലും, ദിവസവേതനാടിസ്ഥാനത്തിൽ / കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് വിഹിതം ഇപിഎഫ് അക്കൗണ്ടിലും അടവ് വരുത്തിയിട്ടുണ്ടോയെന്ന് സെക്രട്ടറി എല്ലാ മാസവും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും പിഴയിനത്തിലുള്ള പാഴ്ചെലവ് ഒഴിവാക്കേണ്ടതുമാണ്.

## 1-25 നഗരസഭക്കെതിരെ നിലനിൽക്കുന്ന 2012 മുതലുള്ള കേസുകൾ- അവലോകനം

വിവിധ കേസുകളുടെ നടത്തിപ്പിനായി അഭിഭാഷകരുടെ ഫീസിനത്തിൽ 2020 -21 സാമ്പത്തിക വർഷത്തിൽ 10,38,900 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. സ്യൂട്ട് രജിസ്റ്റർപ്രകാരം 2012 -13 മുതൽ 2020-21 വരെ ആകെ 268 എണ്ണം കേസുകൾ നിലനിൽക്കുന്നു. ഇവയിൽ മിക്കവയും വസ്തു നികുതി നിർണ്ണയം, റെഗുലറൈസേഷൻ, സർവീസ് പെൻഷൻ, ബിൽഡിംഗ് പെർമിറ്റ്, പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിച്ച് നൽകാത്തത് മൂലം ഫയൽ ചെയ്തവ എന്നീ വിഭാഗങ്ങളിൽപ്പെടുന്നു. 2012 ൽ ഫയൽ ചെയ്ത 14 കേസുകളുൾപ്പെടെ 268 കേസുകളിൽ വക്കീൽ ഫീസായി 10,38,900 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ നിലനിൽക്കുന്ന കേസുകളും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകകളുടെ വിശദാംശങ്ങളും താഴെ കൊടുക്കുന്നു.

| കേസ് ഫയൽ ചെയ്ത വർഷം | കേസുകളുടെ എണ്ണം | അഭിഭാഷകർക്ക് അനുവദിച്ച ഫീസ് |
|---|---|---|
| 2012 | 14 | 36,000 |
| 2014 | 2 | 8,000 |

| | | |
|---|---|---|
| 2015 | 33 | 62,000 |
| 2016 | 78 | 3,22,900 |
| 2017 | 84 | 3,45,000 |
| 2018 | 46 | 2,47,000 |
| 2019 | 11 | 18,000 |
| ആകെ | 268 | 10,38,900 |

മുനിസിപ്പൽ ഫണ്ടിൽ നിന്നും അഭിഭാഷകരുടെ ഫീസ് നൽകി വരുന്നതിനാൽ കേസുകൾ തീർപ്പാക്കപ്പെടുന്ന സാമ്പത്തിക വർഷത്തിൽ തന്നെ ഫീസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2012 ൽ ഫയൽ ചെയ്ത് തീർപ്പാക്കിയ മിക്ക കേസുകളിലും, 2020-21 വർഷത്തിലാണ് വക്കീൽ ഫീസ് അനുവദിച്ചിട്ടുള്ളത്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| S.no | കേസ് നമ്പർ | പേര്( Petitioner) | വിഷയം | കേസ് തീർപ്പാക്കിയ തീയതി |
|---|---|---|---|---|
| 1 | Wp(c)20903 | എം. എൻ. സുരേന്ദ്രൻ നായർ | ബിൽഡിംഗ് പെർമിറ്റ് റെഗുലറൈസേഷൻ | 25.02.2014 |
| 2 | Wp(c)1549 | ഫാത്തിമ | ബിൽഡിംഗ് പെർമിറ്റ് റെഗുലറൈസേഷൻ | 23.03.2012 |
| 3 | Wp(c)27218 | ദേവൻ | ബിൽഡിംഗ് പെർമിറ്റ് റെഗുലറൈസേഷൻ | 01.01.2013 |
| 4 | Wp(c)12690 | ഷറഫുദ്ദീൻ | എം.വി.ആക്ട് | 20.07.2012 |
| 5 | Wp(c)30013 | അബൂബക്കർ. എം. ടി | ബിൽഡിംഗ് പെർമിറ്റ് റെഗുലറൈസേഷൻ | 25.03.2013 |

സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതുകയും, തീർപ്പാകുന്ന കേസുകൾ ക്ലോസ് ചെയ്യു സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. 66/16.05.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ കേസുകൾ തീർപ്പാക്കുമ്പോഴാണ് വക്കീൽ ഫീസ് അനുവദിക്കുന്നതെന്നറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദേശങ്ങൾ

1.കേസ് തീർപ്പാക്കുന്ന സാമ്പത്തിക വർഷത്തിൽ തന്നെ അഭിഭാഷകരുടെ ഫീസ് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ച്, പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചു കിട്ടുന്നതിന് നഗരസഭയിലെ റഗുലർ, കണ്ടിൻജന്റ് വിഭാഗം ജീവനക്കാർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്യുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

1-26 മരണപ്പെട്ട വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിയിരിക്കുന്നു

നഗരസഭയിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന വ്യക്തികളുടെ വിവരങ്ങളും (Active Pensioners List), 2020-21 വർഷത്തെ മരണപ്പെട്ട വ്യക്തികളുടെ പേര്, മേൽവിലാസം എന്നിവയും താരതമ്യം നടത്തിയതിൽ മരണമടഞ്ഞ പല വ്യക്തികൾക്കും പെൻഷൻ നൽകുന്നതായി കണ്ടെത്തി. 15 പെൻഷൻ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി 2/12.11.2021 നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയതിന് നഗരസഭ നൽകിയ മറുപടിയിൽ ഒരാളൊഴികെ മരണപ്പെട്ട 14 ഗുണഭോക്താക്കളെയും നിലവിൽ പെൻഷൻ ലിസ്റ്റിൽ നിന്നും സസ്പ്പെന്റ് ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

നഗരസഭയുടെ മറുപടി പ്രകാരം മരണപ്പെട്ടു എന്ന് പരിശോധിച്ച് ഉറപ്പു വരുത്തിയ ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ മരണപ്പെട്ട മാസത്തിനു ശേഷവും പെൻഷൻ തുക ക്രെഡിറ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേരും മേൽ വിലാസവും | പെൻഷൻ ID | മരണപ്പെട്ട തീയതി | ഡെത്ത് രജിസ്ട്രേഷൻ നമ്പർ | മരണപ്പെട്ട ശേഷവും പെൻഷൻ തുക ക്രെഡിറ്റ് ചെയ്തിട്ടുള്ള കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | തങ്കം. പി<br>കലാ നിവാസ്<br>കുന്നംപുറം<br>കൽപ്പാത്തി | OAP<br>102080208226 | 01.07.2020 | 1475/2020 | 8/20 To 12/20<br>(@ 1400 X 5 =₹7000)<br>1/21 To 3/21<br>(@ 1500 X3=₹4500)<br>4/21 To 1/22<br>(@₹1600x10 =16000) | 27500 |
| 2 | ഹരിദാസ് നായർ<br>വിനായകാ<br>ഹൗസ്<br>ചൊക്കനാഥപുരം | OAP<br>102080208485 | 19.11.2020 | 2493/2020 | 12/2020 (@ ₹1400)<br>1/21 To 3/21<br>(@ ₹1500x3 =4500)<br>4/21 To 6/21<br>(@ ₹1600x 3= 4800) | 10700 |
| 3 | അലീമ എം<br>കടമടകണ്ട്<br>നരികുത്തി | OAP<br>102080206227 | 19.07.2020 | 1749/2020 | 8/2020 To 9/2020<br>(@ ₹1400x2=2800) | 2800 |
| 4 | ഹാജറുമ്മ<br>നെഹ്റു കോളനി<br>കന്നുത്തുർമേട് | OAP<br>102080208110 | 26.07.2020 | 1466/2020 | 08/20 (@ ₹1400) | 1400 |
| 5 | ലീലാ. പി നായർ<br>പുത്തൻവീട്<br>രാമനാഥപുരം | OAP<br>102080206408 | 08.11.2020 | 67/2021 | 12/2020 (@ ₹1400)<br>01/21 To 03/21<br>(@ ₹1500 X3=4500)<br>04/21 To 1/22<br>(@ ₹1600x10=16000) | 21900 |
| 6 | മുഹമ്മദ് ഹനീഫ,<br>അമ്പാട്ടുവളപ്പിൽ<br>തിരുനെല്ലായി | OAP<br>102080204719 | 13.01.2021 | 388/2021 | 02/2021 To 3/21<br>(@ ₹1500x2=3000)<br>4/21 To 11/2021 | 15800 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | (@ ₹1600x8=12800) | |
| 7 | അംബുജാക്ഷി അറപ്പത്ത് കല്ലിങ്കൽ ഹൗസ്, ശക്തി നഗർ, മേലാമുറി | OAP 102080208171 | 14.11.2020 | 2474/2020 | 12/2020(@ ₹1400) 01/21 To 3/21 (@ ₹1500 X3 =4500) 4/21 To 09/21 (@ ₹1600x6= 9600) | 15500 |
| 8 | മാരിയമ്മ ഷൺമുഖാ സ്ട്രീറ്റ് പട്ടിക്കര | OAP 102080200418 | 12.08.2020 | 688/2020 | 09/2020 To 11/2020 (@ ₹1400x3=4200 | 4200 |
| 9 | ബീക്കുട്ടി മൂസാലിപ്പറമ്പിൽ പിരായിരി | OAP 102080206704 | 19.02.2021 | 506/2021 | 03/2021 (@ ₹1500 4/21 To 01/22 (@ ₹1600x10=16000) | 17500 |
| 10 | നീലു രാമച്ചെന്നത്ത് വെസ്റ്റ് യാക്കര | ALP 102080100067 | 19.09.2020 | 2027/2020 | 10/20 To 12/20 (@₹1400x3=4200) 01/21 To 03/21 (@₹1500 X3=4500) 04/21 To 1/22 (@₹1600x10=16000) | 24700 |
| 11 | അന്നമ്മ ജേക്കബ് അലങ്കേടൻ ഹൗസ്, പ്രൈം റോസ്, പറക്കുന്നം | IGNWP 102080604175 | 04.01.2021 | 229/2021 | 02/21 To 3/21 (@₹1500 X2=3000) 04/21 To 1/22 (@₹1600x10=16000) | 19000 |
| | | | | | ആകെ | 161000 |

1,61,000 രൂപ അർഹതയില്ലാതെ അധികം അനുവദിച്ചിട്ടുണ്ട്. ധനകാര്യ (എസ്.എഫ്.സി സെൽ-ബി) വകുപ്പിന്റെ 05.11.2020- ലെ സർക്കുലർ 67/2020/ധന പ്രകാരം മരണപ്പെട്ടവരെയും അനർഹരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അധികം അനുവദിച്ച 1,61,000 രൂപ തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കൂടാതെ ശ്രീ. പേച്ചിയപ്പൻ, അംബികാപുരം, തോണിപ്പാളയം എന്ന പേരിൽ രണ്ട് വ്യത്യസ്ഥ പെൻഷൻ ഐ.ഡി യുള്ള വ്യക്തികൾ പെൻഷൻ കൈപ്പറ്റുന്നതായി സേവന സോഫ്റ്റ് വെയർ പരിശോധിച്ചപ്പോൾ കണ്ടു.

| ക്രമ നം | പേരും മേൽ വിലാസവും | പെൻഷൻ ID | മരണപ്പെട്ട തീയതി | ഡെത്ത് രജിസ്ട്രേഷൻ നമ്പർ | മരണപ്പെട്ട മാസത്തിനു ശേഷവും പെൻഷൻ തുക ക്രെഡിറ്റ് ചെയ്തിട്ടുള്ള കാലയളവ് |
|---|---|---|---|---|---|
| 1 | പേച്ചിയപ്പൻ അംബികാപുരം തോണിപ്പാളയം | OAP 102080206207 Or 102080210009 | 07.08.2020 | 1536/2020 | 09/2020 To 4/2022 (8 മാസം) |

രണ്ട് ഗുണഭോക്താക്കളും നിലവിൽ പെൻഷൻ വാങ്ങുന്നവരുടെ ലിസ്റ്റിലുള്ളവരും, 9/2020 മുതൽ 4/2022 വരെ പെൻഷൻ കൈപ്പറ്റിയവരുമാണ്. ആയതിനാൽ ഡെത്ത് രജിസ്ട്രേഷൻ നമ്പർ 1536/2020 പ്രകാരം 07.08.2020 ൽ മരണപ്പെട്ട വ്യക്തി യഥാർത്ഥത്തിൽ ആരാണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും അതനുസരിച്ച് ടി വ്യക്തിയെ പെൻഷൻ ലിസ്റ്റിൽ നിന്നും സസ്പെന്റ് ചെയ്യേണ്ടതുമാണ്.

മരണ രജിസ്ട്രേഷൻ വിവരങ്ങൾ പരിശോധിച്ച് പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് കാലികമാക്കാനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതും, അധികം കൈപ്പറ്റിയ

പെൻഷൻ തിരികെ ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-27 ജീവനക്കാരുടെ സേവന പുസ്തകങ്ങൾ യഥാസമയം പരിശോധനയ്ക്ക് ഹാജരാക്കുന്നില്ല

നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരുടെ സേവനപുസ്തകങ്ങൾ ഓഡിറ്റ് കാലയളവിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയത് പ്രകാരം അവ ഹാജരാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായി ബോദ്ധ്യപ്പെട്ടു. 30 വർഷത്തിലധികം സർവ്വീസുള്ള ജീവനക്കാരുടെ സേവന പുസ്തകങ്ങൾ ആദ്യമായി പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് ടിയാളുകൾ വിരമിക്കുന്നതിന് തൊട്ടു മുൻപോ, വിരമിച്ചതിന് ശേഷമോ ആണ്. പരിശോധനയിൽ അപാകതകൾ കാണുന്ന പക്ഷം അത് പരിഹരിക്കുന്നതിനും ശമ്പള പരിഷ്കരണങ്ങൾ അംഗീകാരം ലഭിക്കുന്നതിനും കാലതാമസമുണ്ടാകുകയും അത് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വൈകുന്നതിന് കാരണമാകുകയും ചെയ്യുന്നു. 11.06.2013 ലെ ഗവൺമെന്റ് സർക്കുലർ നം.53/2013 പ്രകാരം ജീവനക്കാർ വിരമിക്കുന്നതിന് ഒരു വർഷം മുമ്പെങ്കിലും ഓഫീസ് മേധാവി അതുവരെയുള്ള രേഖപ്പെടുത്തലുകൾ പൂർത്തീകരിച്ച് സേവനപുസ്തകം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടും സേവനപുസ്തകങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര്/തസ്തിക | വിരമിക്കൽ തിയ്യതി | സേവനപുസ്തകം പരിശോധനയ്ക്ക് ഹാജരാക്കിയ തിയ്യതി |
|---|---|---|---|
| 1 | ശ്രീ.ശെൽവരാജ്. എ, സാനിറ്റേഷൻ വർക്കർ | 31.05.2021 | 01.01.2022 |
| 2 | ശ്രീ.പരമശിവൻ. എസ്., സാനിറ്റേഷൻ വർക്കർ | 31.03.2021 | 11.02.2021 ന് ഹാജരാക്കിയത് അപാകതകൾ പരിഹരിക്കുന്നതിന് നിർദ്ദേശിച്ചെങ്കിലും വീണ്ടും 28.09.21, 11.04.22 എന്നീ തീയതികളിൽ ഹാജരാക്കിയതും അപാകതകൾ പരിഹരിക്കാതെയാണ് |

മരണപ്പെട്ട ജീവനക്കാരുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടില്ല

സേവനത്തിലിരിക്കെ മരണപ്പെട്ട താഴെ പറയുന്ന കണ്ടിജന്റ് ജീവനക്കാരുടെ ആനുകൂല്യങ്ങൾ നാളിതുവരെയായി നൽകിയിട്ടില്ല.

| ക്രമ നം. | ജീവനക്കാരന്റെ പേര്/തസ്തിക | മരണപ്പെട്ട തിയ്യതി | സേവനപുസ്തകം പരിശോധനയ്ക്ക് ഹാജരാക്കിയ തിയ്യതി |
|---|---|---|---|
| 1 | ശ്രീ. കുമാരൻ S/o ചെല്ലപ്പൻ, സാനിറ്റേഷൻ വർക്കർ | 20.03.2014 | 15.09.2021 |
| 2 | ശ്രീ. കൃഷ്ണൻ S/o രാമൻ, സാനിറ്റേഷൻ വർക്കർ | 22.08.2019 | 08.09.2021 |

| | | | |
|---|---|---|---|
| 3 | ശ്രീ.സുബ്രഹ്മണ്യൻ S/o കറുപ്പൻ, സാനിറ്റേഷൻ വർക്കർ | 26.10.2019 | 08.09.2021 |
| 4 | ശ്രീ. ആറുമുഖൻ S/o പൊന്നുസ്വാമി, സാനിറ്റേഷൻ വർക്കർ | 06.05.2021 | 08.09.2021 |

മരണപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാനുണ്ടായ കാലതാമസത്തിന് വിശദീകരണം ചോദിച്ചുകൊണ്ട് ഈ കാര്യാലയത്തിൽ നിന്നും കെ.എസ്.എ.(പി.കെ.എം)എ2-350(2)/2021 തിയ്യതി. 01.10.2021, കെ.എസ്.എ(പി.കെ.എം)എ2-362/2021 തിയ്യതി. 23.10.2021എന്നീ നമ്പർ കത്തുകൾ നൽകിയിട്ടുണ്ടെങ്കിലും യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1) ഓരോ ശമ്പള പരിഷ്കരണത്തിനു ശേഷവും ശമ്പളനിർണയവിശദാംശങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി രേഖകൾ സഹിതം ഓഡിറ്റിന്റെ അംഗീകാരത്തിനായി ലഭ്യമാക്കേണ്ടതാണ്.

2) വിരമിക്കാറായ ജീവനക്കാരുടെ സേവനപുസ്തകങ്ങൾ ഒരു വർഷം മുമ്പെങ്കിലും പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതും 1997 ലെ കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് ഡി.സി.ആർ.ബി. റൂൾസ് പ്രകാരം കെ.എസ്.ആർ പാർട്ട് III ലെ വ്യവസ്ഥകൾക്കനുസൃതമായി പെൻഷൻ പേപ്പറുകൾ തയ്യാറാക്കി ജീവനക്കാരൻ വിരമിക്കുന്ന തിയ്യതിയ്ക്ക് ഒരു വർഷത്തിനുള്ളിൽ ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റിനോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ കൈമാറണം. അങ്ങനെ അംഗീകരിച്ചു കിട്ടിയ പെൻഷൻ തുക സെക്രട്ടറി 14 ദിവസത്തിനകം പെൻഷൻ ഫണ്ടിൽ നിന്നും വിരമിച്ച ജീവനക്കാരന് അനുവദിക്കേണ്ടതുമാണ്.

1-28 പെൻഷൻ കോൺട്രിബ്യൂഷൻ തുക അതാത് മാസം പെൻഷൻ ഫണ്ടിൽ ഒടുക്കിയിട്ടില്ല

നഗരസഭ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്തുവരുന്ന പെൻഷൻ കോൺട്രിബ്യൂഷൻ തുക പെൻഷൻ ഫണ്ടിൽ കൃത്യമായി അതാത് മാസം ഒടുക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി എസ്റ്റാബ്ലിഷ്മെന്റ് ചെലവുരേഖകൾ, പെൻഷൻ കോൺട്രിബ്യൂഷൻ രജിസ്റ്റർ എന്നിവ ഓഡിറ്റ് പരിശോധിക്കുകയുണ്ടായി. ഇതു പ്രകാരം വർഷങ്ങളായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമായി.

1. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഒക്ടോബർ 2015വരെ മാത്രമാണ് നഗരകാര്യ വകുപ്പ് ഡയറക്ടറുടെ പെൻഷൻ ഫണ്ടിൽ ഒടുക്കിയിട്ടുള്ളത്. പെൻഷൻ കോൺട്രിബ്യൂഷൻ രജിസ്റ്റർ, കാഷ് ബുക്ക് എന്നിവ പ്രകാരം 2015 നവംബർ മുതൽ 2020 -21 വരെ പെൻഷൻ കോൺട്രിബ്യൂഷൻ തുക പെൻഷൻ ഫണ്ടിൽ ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കാലയളവ് | ഒടുക്കിയിട്ടില്ലാത്ത തുക |
|---|---|
| 11/2015മുതൽ 3/2016 വരെ | 27,35,891 |
| 1-04-2016 മുതൽ 01-03-2017 വരെ | 62,30,630 |
| 01-04-2017 മുതൽ 01-03-2018 വരെ | 65,53,194 |
| 01-04-2018 മുതൽ 01-03-2019 വരെ | 59,96,471 |
| 01-04-2019 മുതൽ 01-03-2020വരെ | 52,20,129 |

| | |
|---|---|
| 01-04-2020 മുതൽ 01-03-2021 വരെ | 54,16,871 |
| ആകെ | 3,21,53,186 |

നാളിതുവരെ കുടിശ്ശിക 3,21,53,186രൂപ പെൻഷൻ കോൺട്രിബ്യൂഷൻ അക്കൗണ്ടിൽ അടവാക്കിയിട്ടില്ല. 1996-ലെ കേരള മുനിസിപ്പാലിറ്റി ( ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ) ചട്ടങ്ങൾ- ചട്ടം 8 ൽ പെൻഷൻ വിഹിതം അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് 25-ാം തീയതിക്ക് മുമ്പ് (നഗരകാര്യ വകുപ്പ് ഡയറക്ടറുടെ പേരിലുള്ള TPA അക്കൗണ്ടിൽ ) പെൻഷൻ ഫണ്ടിൽ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല. ചലാൻ, ഷെഡ്യൂൾ സഹിതം പ്രത്യേക ഫയലിൽ സൂക്ഷിക്കണമെന്നും, പ്രത്യേക രജിസ്റ്റർ തയ്യാറാക്കണമെന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നതിലും, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തുന്നത് മൂലം ഉണ്ടാകുന്ന നഷ്ടം പലിശ സഹിതം കണക്കാക്കി ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണെന്നും, പെൻഷൻ ഫണ്ട് ഒടുക്കുന്നതോടൊപ്പം പലിശ കൂടി അടവാക്കേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്. രജിസ്റ്ററുകളിൽ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും, പെൻഷൻ കോൺട്രിബ്യൂഷൻ കൃത്യമായി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.
2020-21 ൽ പെൻഷൻ ഫണ്ടിന്റെ സാമ്പത്തിക നില താഴെ കൊടുക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 4,57,310 |
| ബാങ്ക് പലിശയുൾപ്പെടെ വരവ് | 2,02,44,945 |
| ആകെ | 2,07,02,255 |
| ചെലവ്( ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 1,78,22,964 |
| നീക്കിയിരിപ്പ് (31.03.2021) | 28,79,291 |
| ട്രഷറി ഡെബിറ്റ് ചെയ്ത തുക( GO(p) No. 57/2021 Dated 27.03.2021) | 27,79,291 |
| നീക്കിയിരിപ്പ് | 1,00,000 |

മേൽ അപാകങ്ങൾക്ക് 57/12.05.2022നമ്പർ ഓഡിറ്റ് അന്വേഷണം പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് അലോട്ട്മെന്റ് ഇനത്തിൽ അനുവദിക്കാനുള്ള തുകയായ 19 കോടി രൂപയിൽ നിന്നും റെഗുലർ സർവീസ് പെൻഷൻ, റെഗുലർ ഫാമിലി പെൻഷൻ എന്നിവയ്ക്കായി നഗരസഭ ചെലവഴിച്ച തുക കിഴിവ് വരുത്തി എല്ലാ മാസവും നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും സ്പ്രെഡ് ഷീറ്റ് അയക്കുന്നുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നുവെന്നാണ്. സ്പ്രെഡ് ഷീറ്റിന്റെ പ്രിന്റഡ് കോപ്പി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല.

ഓഡിറ്റ് നിർദേശങ്ങൾ

1. 1996-ലെ കേരള മുനിസിപ്പാലിറ്റി ( ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ) ചട്ടങ്ങളിലെ നിർദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 കൗൺസിൽ തീരുമാനങ്ങൾ ഓൺലൈൻ ആക്കുന്നതിനായി സകർമ്മ സോഫ്റ്റ് വെയർ ഉപയോഗിക്കേണ്ടതാണ്

ഭരണ സമിതി യോഗനടപടികളും തീരുമാനങ്ങളും ഓൺലൈൻ ആക്കുന്നതിന് വേണ്ടി ഐ.കെ.എം വികസിപ്പിച്ച ഓൺലൈൻ അപ്ലിക്കേഷൻ സോഫ്റ്റ്.വെയർ ആയ "സകർമ്മ" എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഉപയോഗിക്കുന്നതിന് 31.12.2015 ലെ സ.ഉ(സാധാ)നം.3630/2015/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ നഗരസഭയിലെ ഭരണസമിതി മിനിറ്റ്സ്, സകർമ്മ വെബ് സൈറ്റ് എന്നിവ പരിശോധിച്ചതിൽ ടി സോഫ്റ്റ്.വെയർ ഉപയോഗപ്പെടുത്തുന്നില്ലെന്ന് വ്യക്തമായതിനെ തുടർന്ന് 34/01.04.2022 നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയതിന് കൗൺസിലിന്റെ 05.04.2022 ലെ 3--ാം നമ്പർ തീരുമാന പ്രകാരം സകർമ്മ ഉപയോഗിക്കാൻ തീരുമാനിച്ചതായും തുടർ നടപടികൾ ഉടൻ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

സകർമ്മ അപ്ലിക്കേഷൻ സോഫ്റ്റ്വെയർ ഉപയോഗപ്പെടുത്തി യോഗനടപടികളും തീരുമാനങ്ങളും ഓൺലൈൻ ആക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 തൻവർഷം നൽകിയ മുൻകൂർ ക്രമീകരിച്ചിട്ടില്ല

2020-21 സാമ്പത്തികവർഷം മുൻകൂർ നൽകിയതും അവയുടെ ക്രമീകരണവും പരിശോധിക്കുന്നതിന്റെ ഭാഗമായി മുൻകൂർ നൽകിയതിന്റെ രേഖകൾ, ഫയൽ, മുൻകൂർ രജിസ്റ്റർ എന്നിവ പരിശോധിച്ചതു പ്രകാരം കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. വിവിധ ആവശ്യങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും മുൻകൂറായി അനുവദിച്ച താഴെ കൊടുത്തിട്ടുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല.

| ക്രമ നം. | മുൻകൂർ തുക അനുവദിച്ചിട്ടുള്ള വ്യക്തി | ഇനം | തുക | തുക അനുവദിച്ച വൗച്ചർ നമ്പർ/ തീയതി |
|---|---|---|---|---|
| 1. | ശ്രീ.മോഹൻദാസ് JHI | സാനിറ്റേഷൻ വെഹിക്കിൾ റിപ്പയർ | 20,000 | 163/22.06.20 |
| 2 | ശ്രീ.രാധാകൃഷ്ണൻ | കോവിഡ് അനുബന്ധ ചെലവുകൾ (CFLTC Centre Arrangments) | 1,50,000 | 294/12.08.20 |
| | | | 1,00,000 | 463/28.08.20/ |
| 3 | ശ്രീ. കുഞ്ഞുമോൻ ജോസ് JHI | Jcb റിപ്പയർ<br>Jcb റിപ്പയർ | 18,000 | 1097/25.01.21 |
| | | ഡമ്പർ പ്ലേസറിന് ജിപിഎസ് ഘടിപ്പിക്കൽ | 6,500 | 1344/5.03.21 |

2. ഫയൽ, രജിസ്റ്റർ എന്നിവ പ്രകാരം മിസ്സലേനിയസ് അഡ്വാൻസിനത്തിൽ അനുവദിച്ച തുകകളിൽ മേൽ സൂചിപ്പിച്ചവയൊഴിച്ച് ബാക്കി തുകകളുടെ ക്രമീകരണം നടത്തിയിട്ടുണ്ടെങ്കിലും ആയതു പ്രകാരമുള്ള തുകയല്ല വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ്ഷീറ്റിൽ ചേർത്തിട്ടുള്ളത്. മൂന്ന് മാസങ്ങൾക്കകം മുൻകൂർ ക്രമീകരിച്ചിട്ടില്ലെങ്കിൽ തുക പിൻവലിച്ച തീയതി മുതൽ തുക ഈടാക്കുന്ന തീയതി വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണെന്ന് ജി.ഒ(പി) നം.419/11/ ഫിൻ തീയതി 04.10.2011

നമ്പർ ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.

3. ഈ സാമ്പത്തികവർഷത്തെ മുൻകൂറിനത്തിൽ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിൽ മുന്നിരിപ്പായി 13,51,029 രൂപയും, നീക്കിയിരിപ്പായി 34,12,396രൂപയും കാണുന്നു. എന്നാൽ മുൻകൂർ രജിസ്റ്ററിൽ സാമ്പത്തിക വർഷത്തിലെ മുന്നിരിപ്പ്, മുൻകൂറായി ലഭിച്ച തുക, നീക്കിയിരിപ്പായി അവശേഷിക്കുന്ന ക്രമീകരിച്ചിട്ടില്ലാത്ത അഡ്വാൻസ് എന്നീ വിവരങ്ങളടങ്ങിയ സംക്ഷിപ്തം രേഖപ്പെടുത്തുകയോ ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4. 2020-21 സാമ്പത്തികവർഷത്തിൽ ഓഗസ്റ്റിൽ ജീവനക്കാർക്ക് നൽകിയിട്ടുള്ള ഓണം അഡ്വാൻസ് തുകയുടെ വിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ജീവനക്കാർക്ക് തുക അനുവദിച്ചതിന്റെയും, അനുവദിച്ചിട്ടുള്ള തുകകൾ ക്രമീകരിച്ചതിന്റെയും വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 56/10.05.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ മുൻകൂർ ക്രമീകരിക്കുവാൻ വേണ്ടി നോട്ടീസ് നൽകിയതായും, 15 ദിവസത്തിനകം ക്രമീകരിച്ചിട്ടില്ലെങ്കിൽ ആയത് 18 % പിഴ പലിശ സഹിതം ഈടാക്കുന്നതാണെന്നും അറിയിച്ചു

ഓഡിറ്റ് നിർദ്ദേശങ്ങൾ

മേൽ സൂചിപ്പിച്ച അപാകങ്ങൾ പരിഹരിച്ച് മുൻകൂർ രജിസ്റ്റർ കാലികമാക്കുവാനും, തുകകൾ സമയബന്ധിതമായി ക്രമീകരണം നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്. വാർഷിക ധനകാര്യ പത്രികയും, മുൻകൂർ രജിസ്റ്ററും പൊരുത്തപ്പെടുത്തേണ്ടതുമാണ്.

1-31 ഭവന പുനരുദ്ധാരണം -തനത് ഫണ്ടിലെ ചെലവ് തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് വർഷത്തെ തനത് ഫണ്ട് ചെലവ് രേഖകൾ പരിശോധിച്ചതിൽ തനത് ഫണ്ടിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ ഭവന പുനരുദ്ധാരണം (ജനറൽ) പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് വേണ്ടി വൗച്ചർ നമ്പർ 1355/15.03.2021 പ്രകാരം 1,62,500 രൂപ അനുവദിച്ചിട്ടുള്ളതായി കണ്ടു. ടി പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തിയിരുന്നെങ്കിലും അനുമതിയില്ലാതെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതിനായി 43/6.05.2022 നമ്പർ ഓഡിറ്റ് അന്വേഷണം മുഖേനെ ആവശ്യപ്പെട്ടു.ആയതിന് ലഭ്യമാക്കിയ മറുപടിയിൽ 2019-20 ലെ പ്രൊജക്ട് നമ്പർ 254/20 - ഭവന പുനരുദ്ധാരണം പദ്ധതി പ്രകാരം 13 ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു അനുവദിക്കുവാൻ 1,62,500 രൂപയുടെ ബിൽ പ്രിന്റ് എടുത്തപ്പോൾ, 03.02.20 ൽ രണ്ടാം ഗഡു അനുവദിച്ച 13 പേരുടെ ലിസ്റ്റ് ശ്രദ്ധിക്കാതെ ഡ്യൂപ്ലിക്കേഷനായി ട്രഷറിയിൽ സമർപ്പിക്കാനിടയായി എന്നും, ആയത് തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടച്ചാൽ അർഹതപ്പെട്ട 13 ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു അനുവദിക്കാൻ സാധിക്കില്ലെന്നതിനാൽ തുക തനത് ഫണ്ടിലേക്ക് നിക്ഷേപിച്ചശേഷം അർഹതപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യുവെന്നും, ടി വിഷയം നഗരസഭയുടെ വെൽഫെയർ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 26.08.2020ലെ 02-ാം നമ്പർ തീരുമാന പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

വെൽഫെയർ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുറ്റ്സ് പരിശോധിച്ചതിൽ പേജ് നമ്പർ 121 ൽ 26.08.2020ൽ യോഗം കൂടിയതായും, അതിൽ 2-ാം നമ്പർ തീരുമാനത്തിൽ സിഡിഎസ് പ്രൊജക്ട് നമ്പർ 254/19-20 ലെ അജണ്ട അംഗീകരിച്ചു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി മീറ്റിംഗിലെ അജണ്ടകൾ രേഖപ്പെടുത്തിയിട്ടില്ല. ബില്ലിനോടൊപ്പം ട്രഷറിയിൽ സമർപ്പിച്ച ഡ്യൂപ്ലിക്കേഷനായ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക നൽകിയതിന്റെയും അവരിൽ നിന്നും തുക തിരികെ ഈടാക്കിയതിന്റെയും തനതുഫണ്ടിൽ അടവാക്കിയതിന്റെയും രേഖകൾ, അർഹതപ്പെട്ട 13 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ രണ്ടാം ഗഡു ക്രെഡിറ്റ് ചെയ്ത രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ആയത് പരിശോധിച്ച യഥാർത്ഥത്തിൽ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിച്ച എന്ന് ഉറപ്പ് വരുത്തുന്നതുവരെ 1,62,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഭവന നിർമ്മാണ പദ്ധതികൾ/ ഭവന പുനരുദ്ധാരണം പദ്ധതികളിൽ നൽകുന്ന ധനസഹായം സംബന്ധിച്ച് ഓരോ ഗുണഭോക്താവിനും നൽകിയ ഗഡുകളുടെ വിവരം ഉൾപ്പെടുത്തിയ Watch Register എഴുതി സൂക്ഷിക്കുന്നില്ല. 2018-19, 2019-20 സാമ്പത്തികവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ആവർത്തിച്ച് നിർദേശം നൽകിയിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഭവന നിർമ്മാണ പദ്ധതികൾ/ ഭവന പുനരുദ്ധാരണം പദ്ധതി നടപ്പിലാക്കുമ്പോൾ തുകകൾ നിശ്ചയിക്കപ്പെട്ട ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് തന്നെയാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

2. ഓരോ ഗുണഭോക്താവിനും നൽകിയ തുക, ഗഡു എന്നിവ Watch രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരമുള്ള രജിസ്റ്റർ എഴുതിസൂക്ഷിക്കാത്തതിനാൽ വന്ന പാകപ്പിഴകളാണ് ധനസഹായം ലഭ്യമാക്കിയ അതേ ഗുണഭോക്താക്കൾക്ക് വീണ്ടും തുക നൽകാനിടയാക്കിയത്. വരും വർഷങ്ങളിൽ Watch രജിസ്റ്റർ തയ്യാറാക്കി രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് സമർപ്പിക്കുമ്പോൾ നിർബന്ധമായും നൽകേണ്ടതാണ്.

3. 1,62,500 രൂപയുടെ തടസ്സം ഒഴിവാക്കാനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-32 ഉൽപാദനപരമല്ലാത്ത പരിപാടിയുടെ നടത്തിപ്പിന് വികസന ഫണ്ട് ചെലവഴിച്ചു

പ്രോജക്ട് - കുമാരി സംഗമം

പ്രോജക്ട് നമ്പർ- 397/20(സ്പിൽ ഓവർ)

അടങ്കൽ -75,000 വികസന ഫണ്ട് (ജനറൽ)

ചെലവ് -75,000രൂപ

നിർവ്വഹണം - ഐസിഡിഎസ് സൂപ്പർവൈസർ

ബിൽ നമ്പർ GAD No.1/2020-21/23.04.2020

കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ശാരീരികവും, മാനസികവുമായ വളർച്ച, വികസനം എന്നിവയെ ലക്ഷ്യം വച്ച് ഒറ്റ ദിവസത്തെ പരിപാടിയായി കൗൺസിലിംഗ് ക്ലാസും, കലാപരിപാടികളും ടൗൺഹാളിൽ സംഘടിപ്പിക്കുകയും, വികസന ഫണ്ടിൽ നിന്നും 75,000 രൂപ ചെലവഴിക്കുകയും ചെയ്തു.

14.02.2018 ലെ സ.ഉ(കൈ) നം 22/ 2018/ തസ്വഭവ സബ്സിഡി- ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ ഖണ്ഡിക8.4 പ്രകാരമുള്ള നിബന്ധനകളിൽ ഉൽപാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ, ഉല്ലാസപഠനയാത്രകൾ, സമ്മേളനങ്ങൾ, കമാനങ്ങൾ നിർമ്മാണം തുടങ്ങിയവ തദ്ദേശ സ്ഥാപനങ്ങൾ വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദേശം പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 18/25.01.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മാർഗ്ഗരേഖയിലെ നിർദേശങ്ങൾക്കു വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയത് മാപ്പാക്കണമെന്നും, ശാരീരിക മാനസിക പിരിമുറുക്കം,പ്രീമാരിറ്റൽ കൗൺസിലിംഗ്, കുടുംബത്തിൽ നേരിടേണ്ടി വരുന്ന പ്രയാസങ്ങൾ എന്നിവയുൾപ്പെടെ കൗമാര പ്രായക്കാർ നേരിടേണ്ടി വരുന്ന അതിക്രമങ്ങൾ, ചെറുത്തുനിൽപ്പ് മുതലായ വ്യത്യസ്ത വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ദിവസം മുഴുവനും നീണ്ട് നിൽക്കുന്ന പരിപാടിയിൽ മുനിസിപ്പാലിറ്റിയുടെ പരിധിയിലുള്ള മുഴുവൻ പ്രദേശങ്ങളിലെ കുട്ടികൾ വളരെ ഉൽസാഹത്തോടുകൂടി പങ്കെടുത്തുവെന്നും അവർക്ക് വളരെ ഉപകാരമുള്ള പരിപാടിയായിരുന്നുവെന്നും പരാമർശം ഒഴിവാക്കണമെന്നും ഐസിഡിഎസ് സൂപ്പർവൈസർ നൽകിയ മറുപടിയിൽ അറിയിച്ചു.

ഓഡിറ്റ് നിർദേശങ്ങൾ

- വികസന ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുമ്പോൾ സബ്സിഡി ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ നിർദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി നടപ്പിലാക്കാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.
- പദ്ധതി മാർഗ്ഗരേഖക്ക് അനുസൃതമല്ലാതെയുള്ള 75,000/- രൂപയുടെ ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. സാധൂകരണം ലഭ്യമാകുന്നതു വരെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-33 അംഗൺവാടി പ്രവർത്തകർക്കും സൂപ്പർവൈസർമാർക്കും കണ്ടിജൻസി ചെലവ്- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസന ഫണ്ട് ഉപയോഗിച്ചു

പ്രോജക്ട് നമ്പർ 216/20(സ്പിൽ ഓവർ)

അടങ്കൽ -49,500 വികസന ഫണ്ട് (ജനറൽ)

ചെലവ് -49,500രൂപ

ബിൽ നമ്പർ GAD No.3/2021/23.04.2020 - 49,500 രൂപ

അംഗൺവാടി പ്രവർത്തകർക്കും സൂപ്പർവൈസർമാർക്കും കണ്ടിജൻസിക്കായി (സ്റ്റേഷനറി വാങ്ങൽ) പാലക്കാട് ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റിവ് പ്രിന്റിംഗ് പ്രസ് ലിമിറ്റഡിൽ നിന്നും (ഇൻവോയ്സ് നമ്പർ P-514/12-03-2020) സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

സബ്സിഡി- ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച പദ്ധതിമാർഗ്ഗരേഖയിൽ (14.02.2018 ലെ സ.ഉ(കൈ) നം 22/ 2018/ തസ്വഭവ) ഖണ്ഡിക 8.8പ്രകാരം സാമ്പത്തിക വർഷാരംഭത്തിൽ തന്നെ തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറികിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകളുടെ ആവശ്യകത, പട്ടിക തയ്യാറാക്കി തദ്ദേശഭരണ സ്ഥാപന സെക്രട്ടിക്ക് നൽകേണ്ടതാണെന്നും, ആവശ്യം പരിഗണിച്ച് സ്ഥാപന മേധാവികൾ തുക തനത്ഫണ്ട്/ ജനറൽ പർപ്പസ് ഗ്രാന്റ്/നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും കണ്ടിജൻസി ചെലവ് നടത്തിയിട്ടുള്ളതിന്റെ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 19/25.01.22 നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ കേന്ദ്ര ,സംസ്ഥാന പദ്ധതികളുടെ നടത്തിപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനം വഴി സുഗമമായി നടത്തുവാൻ കണ്ടിജൻസി അത്യാവശ്യമായതിനാൽ വികസന ഫണ്ടിലെ തുക ഉപയോഗിച്ച് ഭരണസമിതിയുടെ അംഗീകാരത്തോടെയാണ് ചെലവ് നടത്തിയതെന്നും, മാർഗ്ഗരേഖയിലെ നിർദേശങ്ങൾക്കു വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിന് മാപ്പാക്കണമെന്നും വരും വർഷങ്ങളിൽ ഈ തെറ്റ് ആവർത്തിക്കാതെ ശ്രദ്ധിക്കാമെന്നും, ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചു.

ഓഡിറ്റ് നിർദേശങ്ങൾ

1) പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പ് വകയിരുത്തിയ ഫണ്ട് പരിശോധിച്ച് അപാകങ്ങളുണ്ടെങ്കിൽ ആയത് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട ചുമതല നിർവ്വഹണോദ്യോഗസ്ഥന്റേതായതിനാൽ വികസനഫണ്ടുപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുമ്പോൾ സബ്സിഡി ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ നിർദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) വികസനഫണ്ട് വകമാറ്റി ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അതുവരെ 49,500/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-34 ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദേശങ്ങൾ പാലിച്ചിട്ടില്ല

1) ശുചീകരണ തൊഴിലാളികൾക്ക് യൂണിഫോം, ചെരുപ്പ് വാങ്ങൽ-

പ്രോജക്ട് നമ്പർ 60/21

അടങ്കൽ -6,50,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 6,36,500രൂപ

ബിൽ നമ്പർ -125/20-21/01.03.2021-6,36,500രൂപ

ശുചീകരണ തൊഴിലാളികൾക്ക് 2 ജോടി വീതം യൂണിഫോം, ചെരുപ്പ് എന്നിവ 6,36,500രൂപ ചെലവഴിച്ച് KAICO യിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ Pkd 10/12.06.2020)

2) മാലിന്യ ശേഖരണത്തിനുള്ള കണ്ടെയ്നർ വാങ്ങൽ

പ്രോജക്ട് നമ്പർ 248/21

അടങ്കൽ -50,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 49,300രൂപ

ബിൽ നമ്പർ -30/20-21/20.05.2020-49,300രൂപ

മാലിന്യ ശേഖരണത്തിനുള്ള 58 എണ്ണം പ്ലാസ്റ്റിക്ക് കണ്ടെയ്നറുകൾ 49,300 രൂപക്ക് വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ Pkd 729/26.03.2020).

3) ശുചീകരണ വാഹനമായ ഡമ്പർ പ്ലെയ്സറിന് കണ്ടെയ്നർ ബോക്സ് വാങ്ങൽ

പ്രോജക്ട് നമ്പർ 74/21

അടങ്കൽ -3,20,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 2,72,000രൂപ

ബിൽ നമ്പർ 110/20-21/17.02.2021-2,72,000 രൂപ

ശുചീകരണ വാഹനമായ ഡമ്പർ പ്ലെയ്സറിന് കണ്ടെയിനർ ബോക്സ് 4 എണ്ണം 2,72,000 രൂപ ചെലവഴിച്ച് KAICO യിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ Pkd 418/06.01.2021)

4) ശുചീകരണ ആവശ്യത്തിനുള്ള ബ്രഷ് കട്ടർ- വാങ്ങൽ

പ്രോജക്ട് നമ്പർ 67/21

അടങ്കൽ -3,48,000(വികസന ഫണ്ട് ജനറൽ)

ചെലവ് - 3,27,000രൂപ

ബിൽ നമ്പർ 39/20-21/27.07.2020-3,27,000രൂപ

മേൽ പദ്ധതി പ്രകാരം 12 എണ്ണം ബ്രഷ് കട്ടറുകൾ 27,250 രൂപ നിരക്കിൽ 3,27,000 രൂപയ്ക്ക് KAICO വിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്.( ഇൻവോയ്സ് നമ്പർ 23/20-21/08.07.2020)

സ.ഉ(പി)നം.7/19/ എസ്.പി.ഡി തീയതി 26.04.2019 പ്രകാരം 25,000 രൂപയിൽ കൂടുതൽ ചെലവു വരുന്ന വാങ്ങലുകൾക്ക് GeM മുഖേനയുള്ള പർച്ചേസ് നിർബന്ധമാക്കിയിട്ടുണ്ട്. 25,000 രൂപയിൽ കൂടിയതും 5 ലക്ഷത്തിൽ കുറഞ്ഞതുമായ പർച്ചേസുകൾക്ക്, GeM ൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുറഞ്ഞത് മൂന്ന് വിതരണ സ്ഥാപനങ്ങളിലെ സാധനങ്ങളുടെ തുകകൾ തമ്മിൽ താരതമ്യം ചെയ്തതിനു ശേഷം വാങ്ങൽ നടപടി കൈക്കൊള്ളേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നടപടിക്രമങ്ങൾക്ക് വിരുദ്ധമായി വാങ്ങൽ കമ്മിറ്റിയുടെ തീരുമാനമില്ലാതെ നേരിട്ട് KAICO യിൽ നിന്നും സാധനങ്ങൾ വാങ്ങിയ നടപടി സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 24/2.2.22, 25/2.2.2022 എന്നീ നമ്പർ ഓഡിറ്റ് അന്വേഷണങ്ങൾക്ക് ഡിപിസി അംഗീകരിച്ച നിർവ്വഹണ രീതി നേരിട്ടുള്ള നിർവ്വഹണം ആണെന്നും,ആയതിന്റെ അടിസ്ഥാനത്തിലാണ് ഗവ. അംഗീകൃത സ്ഥാപനത്തിൽ നിന്നും നേരിട്ട

വാങ്ങിയിട്ടുള്ളത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്. മേൽ സൂചിപ്പിച്ച കാരണങ്ങളാൽ മറുപടി അംഗീകരിക്കത്തക്കതല്ല.

ഓഡിറ്റ് നിർദേശങ്ങൾ

1. 25,000 രൂപയിൽ അധികരിച്ച വാങ്ങലുകൾ GeM മുഖേന നടപ്പിലാക്കേണ്ടതാണെന്ന സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദേശം കർശനമായും വരും വർഷങ്ങളിൽ പാലിക്കേണ്ടതാണ്.

2. വാങ്ങലുകൾ നടത്തുന്നതിനു മുമ്പ് അംഗീകരിച്ച ടെണ്ടർ/ ക്വട്ടേഷൻ പ്രകാരമുള്ള സാധനങ്ങളുടെ ഗുണനിലവാരം പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും, ഓരോ പർച്ചേസും അംഗീകരിച്ച് കമ്മിറ്റി തീരുമാനങ്ങൾ പ്രൊക്യൂർമെന്റ് മിനുറ്റ്സിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതുമാണ്.

## 1-35 ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷ സാമഗ്രികൾ നൽകൽ

പ്രോജക്ട്-ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷ സാമഗ്രികൾ നൽകൽ

പ്രോജക്ട് നമ്പർ 58/21

അടങ്കൽ -4,72,053 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ് -4,72,053രൂപ

ബിൽ നമ്പർ 79/20-21/07.12.2020- 1,06,053/- രൂപ

ബിൽ നമ്പർ 80/20-21/07.12.2020- 3,66,000/- രൂപ
നിർവ്വഹണം – ഹെൽത്ത് ഓഫീസർ

ഓരോ വ്യക്തിക്കും പ്രതിമാസം 400 ഗ്രാം എന്ന തോതിൽ 92 കോൾ ടാർ സോപ്പുകൾ കേരള സോപ്പ്സ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 1,06,053 രൂപയ്ക്കും, 183 ശുചീകരണ തൊഴിലാളികളുടെ സുരക്ഷയ്ക്കാവശ്യമായ ഗ്ലൗസ്, ഗംബൂട്ട്, റെയിൻകോട്ട് എന്നിവ 3,66,000 രൂപയ്ക്കും KAICO വിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്.

25,000 രൂപയിൽ കൂടുതൽ ചെലവു വരുന്ന വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയ്ക്ക് വിധേയമായോ സ്റ്റോർപർച്ചേസ് മാന്വലിലെ നിബന്ധനകൾക്ക് വിധേയമായോ, ടെണ്ടർ നടപടികൾ സ്വീകരിക്കാതെ നേരിട്ട് സ്ഥാപനങ്ങൾക്ക് സപ്ലൈ ഓർഡർ നൽകിയിരിക്കുന്നു. പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടിയതായോ മേൽ സാധനങ്ങൾ വാങ്ങാനാവശ്യമായ നടപടികൾ സ്വീകരിച്ചതായോ മിനുറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. സാധന സാമഗ്രികൾ ടി സ്ഥാപനങ്ങൾ സപ്ലൈചെയ്തത് സ്റ്റോക്ക് രജിസ്റ്ററിൽ (പേജ് 10,13) രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ബില്ലിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടി സാധനങ്ങൾ 183 ശുചീകരണ തൊഴിലാളികൾക്ക് വിതരണം ചെയ്ത രേഖയും ഫയലിൽ ഇല്ല.

സ.ഉ(പി)നം.7/19/ എസ്.പി.ഡി തീയതി 26.04.2019 പ്രകാരം 25,000 രൂപയിൽ കൂടുതൽ ചെലവു വരുന്ന വാങ്ങലുകൾക്ക് GeM മുഖേനയുള്ള പർച്ചേസ് നിർബന്ധമാക്കിയിട്ടുണ്ട്. 25,000 രൂപയിൽ കൂടിയതും 5 ലക്ഷത്തിൽ കുറഞ്ഞതുമായ പർച്ചേസുകൾക്ക്, GeM ൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൂന്ന് വിതരണ സ്ഥാപനങ്ങളിലെ സാധനങ്ങളുടെ തുകകൾ തമ്മിൽ താരതമ്യം ചെയ്തതിനു ശേഷം വാങ്ങൾ നടപടി കൈകൊള്ളേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ നടപടിക്രമങ്ങൾക്ക് വിരുദ്ധമായി വാങ്ങൽ കമ്മിറ്റിയുടെ തീരുമാനമില്ലാതെ നേരിട്ട് KAICOവിൽ നിന്നും, കേരള സോപ്പ്സിൽ നിന്നും സാധനങ്ങൾ വാങ്ങിയ നടപടി സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 21/2.2.22 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഡിപിസി അംഗീകരിച്ച നിർവ്വഹണ രീതി നേരിട്ടുള്ള നിർവ്വഹണം എന്നാണ് എന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് ഗവ. അംഗീകൃത സ്ഥാപനത്തിൽ നിന്നും നേരിട്ടു വാങ്ങിയിട്ടുള്ളത് എന്നുമാണ്. മേലിൽ ടെണ്ടർ നടപടികൾക്ക് വിധേയമായി സപ്ലൈ ഓർഡർ നൽകുന്നതാണെന്നും, ബില്ലിന്റെ അസൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതാണെന്നും, മേൽ പറഞ്ഞ സാധന സാമഗ്രികൾ

വിതരണം ചെയ്യുന്നത് പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും, ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽകാരണങ്ങളാൽ മറുപടി അംഗീകരിക്കത്തക്കതല്ല.

ഓഡിറ്റ് നിർദേശങ്ങൾ

1. 25,000 രൂപയിൽ അധികരിച്ച വാങ്ങലുകൾ GeM മുഖേന നടപ്പിലാക്കേണ്ടതാണെന്ന സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദേശം കർശനമായും വരും വർഷങ്ങളിൽ പാലിക്കേണ്ടതാണ്.

2. വാങ്ങലുകൾ നടത്തുന്നതിനു മുമ്പ് , അംഗീകരിച്ച ടെണ്ടർ/ ക്വട്ടേഷൻ പ്രകാരമുള്ള സാധനങ്ങളുടെ ഗുണനിലവാരം പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ച് ഉറപ്പു വരുത്തുകയും, കമ്മിറ്റിയിൽ അംഗീകരിക്കുകയും, ഓരോ പർച്ചേസിന്റെയും അംഗീകാരം സംബന്ധിച്ച് തീരുമാനങ്ങൾ പ്രൊക്യൂർമെന്റ് മിനുറ്റ്സിൽ രേഖപ്പെടുത്തേണ്ടതുമാണ്.

3. സാധന സാമഗ്രികൾ വാങ്ങിയ ബില്ലിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

4. സാധനങ്ങൾ വിതരണം ചെയ്തത് പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ആയതുവരെ 4,72,053 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-36 തെരുവ് നായ്ക്കളുടെ ജനന നിയന്ത്രണ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

1. തെരുവ് നായ്ക്കളുടെ ജനന നിയന്ത്രണ പദ്ധതി ( ജില്ലാ പഞ്ചായത്തിലേക്കുള്ള വിഹിതം)

പ്രോജക്ട് നമ്പർ 402/19 (സ്പിൽ ഓവർ)

അടങ്കൽ -5,00,000

ബിൽ നമ്പർ M-1/20-21/06-08-2020-5,00,000 രൂപ

നിർവ്വഹണം – സീനിയർ വെറ്ററിനറി സർജ്ജൻ

ചെലവ് -5,00,000രൂപ

തെരുവ് നായ്ക്കളുടെ ജനന നിയന്ത്രണത്തെ ലക്ഷ്യമാക്കി പ്ലാൻ ഫണ്ട് ജനറൽ നിന്നും 5,00,000 രൂപ ജില്ലാ പഞ്ചായത്തിലേക്കുള്ള വിഹിതമായി 99011400002200 അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. തെരുവ് നായ്ക്കളുടെ ജനന നിയന്ത്രണ പദ്ധതി ( ജില്ലാ പഞ്ചായത്തിലേക്കുള്ള വിഹിതം)

പ്രോജക്ട് നമ്പർ 509/20

അടങ്കൽ -5,00,000

ചെലവ് -5,00,000രൂപ

ബിൽ നമ്പർ M-3/20-21/30-10-2020 -5,00,000 രൂപ

നിർവ്വഹണം –സീനിയർ വെറ്ററിനറി സർജ്ജൻ

തെരുവ് നായ്ക്കളുടെ ജനന നിയന്ത്രണത്തിന് പ്ലാൻ ഫണ്ട് ജനറൽ നിന്നും 5,00,000 രൂപ ജില്ലാ പഞ്ചായത്തിലേക്കുള്ള വിഹിതമായി സ്റ്റേറ്റ് ബാങ്കിന്റെ 30074914685 അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച നൽകിയ 20/25.01.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥനായ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ മൃഗസംരക്ഷണ ഓഫീസ്, പാലക്കാടിന് കത്ത് നൽകിയിട്ടുള്ളതായും ആയത് ലഭിച്ചാലുടൻ സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഒരേ പദ്ധതിക്കായി രണ്ട് പ്രോജക്ടുകളിൽ ജില്ലാ പഞ്ചായത്തിന്റെ രണ്ട് വ്യത്യസ്ത അക്കൗണ്ടുകളിലേക്ക് ( 99011400002200 STSB A/c, എസ് ബി.ഐ അക്കൗണ്ട് നമ്പർ 30074914685) ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി ഫയൽ പരിശോധനയിൽ കണ്ടു. രണ്ട് അക്കൗണ്ടുകളും ജില്ലാ പഞ്ചായത്തിന്റെതാണ്

എന്ന് ഉറപ്പവരുത്തുവാനാവശ്യമായ രേഖകൾ ഓഡിറ്റ് അന്വേഷണം പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദേശങ്ങൾ

1. ജില്ലാ പഞ്ചായത്തിലേക്കുള്ള വിഹിതം നൽകുമ്പോൾ തന്നെ ചെലവ് നടത്തിയതിനു ശേഷം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടേണ്ടതാണ്. ഭാവിയിൽ ആയത് പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

2. മറ്റു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പദ്ധതികൾക്കായി വിഹിതം നൽകുമ്പോൾ ആയത് ക്രെഡിറ്റ് ചെയ്യുന്ന അക്കൗണ്ടിന്റെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തിയതിനു ശേഷം തുകകൾ നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ രണ്ട് പദ്ധതികളുടെ ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് വരെ 10,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-37 പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി -അവലോകനം

പി.എം.എ.വൈ ഭവന പദ്ധതിയുടെ ആദ്യ ഘട്ടം 2015-16 സാമ്പത്തിക വർഷത്തിൽ തുടങ്ങുകയും, മൂന്ന് ഘട്ടങ്ങളായി നടപ്പിലാക്കി 31-03-2022 ൽ അവസാനിക്കുകയും ചെയ്യുന്നു. 2020-21 ൽ മൂന്നാം ഘട്ടമാണ് നടത്തിവരുന്നത്. ആകെ 8 ഡിപിആർ കളിലായി തെരഞ്ഞെടുത്ത ഓരോ ഗുണഭോക്താവിനും പ്രത്യേകം ഫയൽ സൂക്ഷിച്ചിട്ടുണ്ട്.

ജനറൽ & എസ്.സി.പി എന്നീ വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് സംസ്ഥാന സർക്കാർ വിഹിതം (12.5%), കേന്ദ്ര സർക്കാർ വിഹിതം(37.5%), നഗരസഭവിഹിതം (50%) എന്നിവ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. മുൻ വർഷത്തിൽ വികസന ഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ടി തുകകൾ പിൻവലിച്ച് നഗരസഭാ സെക്രട്ടറിയുടെ പേരിൽ രൂപീകരിച്ച പ്രത്യേക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയും, ഗുണഭോക്താക്കളുടെ ആവശ്യാനുസരണം, വിവിധ ഗഡുക്കൾ അനുവദിക്കുകയും ചെയ്തു.

ഭവന നിർമ്മാണ പുരോഗതിക്കനുസരിച്ച് 8 ഡി.പി.ആർ. ലെ ജനറൽ /എസ്.സി. വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ 4 ഗഡുക്കളായി അനുവദിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ, ഗുണഭോക്താക്കളുടെ എണ്ണം എന്നീ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഡിപിആർ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | ആകെ |
|---|---|---|---|---|---|---|---|---|---|
| ആദ്യ ഗഡു | 398 | 232 | 219 | 146 | 108 | 82 | 454 | 343 | 1982 |
| രണ്ടാം ഗഡു | 376 | 228 | 206 | 140 | 108 | 78 | 433 | 135 | 1704 |
| മൂന്നാം ഗഡു | 358 | 211 | 197 | 127 | 99 | 65 | 389 | 1 | 1447 |
| നാലാം ഗഡു | 309 | 176 | 140 | 95 | 76 | 55 | 229 | 0 | 1080 |

ജനറൽ, എസ്.സി വിഭാഗം ഗുണഭോക്താക്കളുടെ ചെലവിനും പ്രത്യേകം കാഷ് ബുക്കുകളിൽ എഴുതി സൂക്ഷിച്ചിട്ടുണ്ട്. ഓരോ ഗഡു തുക നൽകുമ്പോഴും രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ പേര്, വാർഡ് നമ്പർ, അനുവദിക്കേണ്ട ഗഡു, തുക, ചെക്ക് നമ്പർ എന്നീ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ജനറൽ, എസ്.സി വിഭാഗം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് സെക്രട്ടറിയുടെ പേരിലുള്ള കേരള ഗ്രാമീൺ ബാങ്ക്, (അക്കൗണ്ട് നം. 40266101021860), സൗത്ത്ഇന്ത്യൻ ബാങ്ക് (അക്കൗണ്ട് നം.

63053000041598) എന്നിവയിൽ നിന്നും ഓൺലൈൻ ട്രാൻസ്ഫറിലൂടെ തുക അനുവദിച്ചിട്ടുണ്ട്. ടി തുകകൾ ബാങ്ക് അക്കൗണ്ടിലെ തുകയുമായി റികൺസിലിയേഷൻ നടത്തിയിട്ടുണ്ട്. കാഷ് ബുക്ക്, അക്വിറ്റൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക നില താഴെ കൊടുക്കുന്നു.

1.ജനറൽ വിഭാഗം

| | |
|---|---|
| 01.04.2020 ൽ മുന്നിരിപ്പ് | 42366741 |
| ബാങ്ക് പലിശയുൾപ്പെടെ വരവ് | 109259687 |
| ആകെ | 151626428 |
| ചെലവ് (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 108195942 |
| നീക്കിയിരിപ്പ് (31.03.2021) | 43430486 |

2.എസ്.സി വിഭാഗം

| | |
|---|---|
| 01.04.2020 ൽ മുന്നിരിപ്പ് | 5672257 |
| ബാങ്ക് പലിശയുൾപ്പെടെ വരവ് | 70599 |
| ആകെ | 5742856 |
| ചെലവ് (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 5742856 |
| നീക്കിയിരിപ്പ് (31.03.2021) | 0 |

2018-19 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-45 ൽ എസ്.സി. വിഹിതം നിക്ഷേപിക്കുന്നതിനായി പ്രത്യേകം അക്കൗണ്ട് ആരംഭിക്കുന്നതിന് ഉത്തരവുകൾ നിലവിലില്ല എന്ന പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സൗത്ത് ഇന്ത്യൻ ബാങ്കിൽ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ട് 29.01.2021 ൽ ക്ലോസ് ചെയ്തു.

പി.എം.എ.വൈ ഭവന പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവനം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, ആയത് കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

1-38 പട്ടികജാതി ഉപപദ്ധതി വിഹിതം - വകമാറ്റി ചെലവഴിച്ചു

1.പട്ടികജാതി വികസന ഓഫീസ് സൗകര്യം മെച്ചപ്പെടുത്തൽ

പ്രൊജക്റ്റ് നമ്പർ- S0081/2021-

അടങ്കൽ -30,000/-

ചെലവ് - 27,944രൂപ

(ബിൽ നം.20/20-21 തിയ്യതി.20.05.20 – 9465രൂപ

ബിൽ നം.21/20-21 തിയ്യതി.20.05.20 – 680രൂപ

ബിൽ നം.24/20-21 തിയ്യതി.27.05.20 – 987രൂപ

ബിൽ നം.31/20-21 തിയ്യതി.06.07.20 – 2990രൂപ
ബിൽ നം.34/20-21 തിയ്യതി.14.07.20 884രൂപ
ബിൽ നം.38/20-21 തിയ്യതി. 14.08.20 – 938രൂപ
ബിൽ നം.39/20-21 തിയ്യതി. 14.08.20 – 750രൂപ
ബിൽ നം.47/20-21 തിയ്യതി. 06.11.20 – 1612രൂപ
ബിൽ നം.48/20-21 തിയ്യതി. 06.11.20 – 1283രൂപ
ബിൽ നം.52/20-21 തിയ്യതി. 12.02.21 – 2260രൂപ
ബിൽ നം.53/20-21 തിയ്യതി. 12.02.21 – 1200രൂപ
ബിൽ നം.58/20-21 തിയ്യതി. 06.03.21 – 1000രൂപ
ബിൽ നം.64/20-21 തിയ്യതി. 27.03.21 – 3895രൂപ)

2.എസ്.സി. ഓഫീസിലേക്ക് യു.പി.എസ്.പ്രിന്റർ ഫോട്ടോകോപ്പിയർ വാങ്ങൽ.

പ്രൊജക്റ്റ് നമ്പർ - S0469/2021-

അടങ്കൽ - 20000/-

ചെലവ് – 19269രൂപ (ബിൽ നം.44/20-21 തിയ്യതി.23.9.2020)

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽപറഞ്ഞ പ്രൊജക്റ്റുകൾ പരിശോധിച്ചതിൽ എസ്.സി. വികസന ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ സ്റ്റേഷനറി സാധനങ്ങൾ വാങ്ങിക്കുന്നതിലേക്കും ഓഫീസ് സൗകര്യം മെച്ചപ്പെടുത്തുന്നതിലേക്കുമായി വികസനഫണ്ടിൽ (SCP) നിന്നും ചെലവ് വരുത്തിയതായി കാണുന്നു. പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.17/2018/തസ്വഭവ, തിരുവനന്തപുരം, തീയതി: 02.02.2018 ) ഖണ്ഡിക6.1 പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ലാത്തതാണ്. 14.02.2018 ലെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ, തിരുവനന്തപുരം, തീയതി: 14.02.2018) ഖണ്ഡിക 8.8 തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കൈമാറികിട്ടിയ സ്ഥാപന ങ്ങളുടെ കണ്ടിജൻസി ചെലവുകൾ സാമ്പത്തിക വർഷാരംഭത്തിൽ തന്നെ സ്ഥാപന മേധാവികൾ ചെലവുകളുടെ ആവശ്യകത പട്ടിക തയ്യാറാക്കി തദ്ദേശഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും ആവശ്യം പരിഗണിച്ച് ഒരു നടപടിക്രമ ഉത്തരവിലൂടെ എല്ലാ സ്ഥാപന മേധാവികൾക്കും തുക അനുവദിക്കേണ്ടതുമാണ്. ഇതിനാവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റ് /നോൺ റോഡ് മെയ്ന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതാണ് എന്ന് വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി എസ്.സി.പി.ഫണ്ട് ഉപയോഗിച്ച് മേൽ പദ്ധതികൾ നടപ്പിലാക്കിയതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 9/10.01.2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മാർഗ്ഗരേഖ പ്രകാരം പ്രസ്തുത ആവശ്യങ്ങൾക്ക് SCP ഫണ്ടിൽ നിന്നും തുക വകയിരുത്തരുത് എന്ന് പരാമർശിച്ചിട്ടില്ലാത്തതിനാലാണ് തുക വകയിരുത്തിയിട്ടുള്ളത് എന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം -
ഫണ്ട് വകമാറ്റി ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. സാധൂകരണം ലഭ്യമാകുന്നതു വരെ 47213/- (27944+19269) രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-39 അക്രഡിറ്റഡ് ഏജൻസിയായ ഹാബിറ്റാറ്റിനെ നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിച്ചതിലെ അപാകങ്ങൾ

പാലക്കാട് നഗരസഭയിലെ വിവിധ മരാമത്ത് പ്രവൃത്തികൾകളുടെ നിർവ്വഹണത്തിന് ഹാബിറ്റാറ്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസികളെ മരാമത്ത് പ്രവൃത്തികൾ ഏൽപ്പിക്കുന്നത് സംബന്ധിച്ച 30.07.2014 ലെ G.O.(P)No.311/74/Fin ഉത്തരവ് അനുബന്ധം 2 ഖണ്ഡിക 1

പ്രകാരം എഞ്ചിനീയറിംഗ് വിഭാഗം ഉള്ള സ്ഥാപനങ്ങൾ പ്രത്യേക സാങ്കേതിക ആവശ്യകതകൾ (Specific Technical Requirements) സ്വന്തമായി ഇല്ലാത്തപക്ഷം സർക്കാർ അനുമതിയോടെ അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തികൾ ഏൽപ്പിക്കാവുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ പാലക്കാട് നഗരസഭയിൽ സ്വന്തമായി എഞ്ചിനീയറിംഗ് വിംഗ് ഉണ്ടായിട്ടും നിരവധി പ്രവൃത്തികൾ ഹാബിറ്റാറ്റിനെ ഏൽപ്പിച്ചിട്ടുണ്ട്. പ്രത്യേക സാങ്കേതിക ആവശ്യകതകൾ ഇല്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളും ഏൽപ്പിച്ചിട്ടുണ്ട്.

2012 ലെ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2106 പ്രകാരം ഹാബിറ്റാറ്റിനെ ഏൽപ്പിച്ച പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തൽ നടത്തുകയോ, പ്രവൃത്തി നിശ്ചയിച്ച പ്രകാരം പുരോഗമിക്കുന്നില്ലെങ്കിൽ കാരണം കണ്ടെത്തി പരിഹരിക്കുന്നതിന് നിർദേശം നൽകുകയോ ചെയ്തിട്ടില്ല. നഗരസഭയുടെ അനുവാദമില്ലാതെ പ്ലാനിൽ മാറ്റം വരുത്തുകയും മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കാത്ത രീതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് സാങ്കേതിക അനുമതി നൽകുകയും, Defect Liability Period കുറവായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. മുഴുവൻ പ്രവൃത്തിയും ചെയ്യുന്നതിനായി കരാറിലേർപ്പെട്ട് അഡ്വാൻസ് കൈപ്പറ്റിയ ശേഷം കെട്ടിടങ്ങളുടെ സ്ട്രക്ചർ മാത്രം പൂർത്തിയാക്കി ഫൈനൽ ബിൽ നൽകിയിട്ടുണ്ട്. പ്രവൃത്തികൾക്കുള്ള അഡ്വാൻസ് ആയി നൽകിയ തുകകളിൽ ബാക്കി തുക ക്രമീകരിച്ചിട്ടില്ല. വിശദ വിവരങ്ങൾ ഈ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-39-1 മുതൽ 1-39-6 വരെയായി ചേർത്തിട്ടുണ്ട്.

താഴെ പറയുന്ന അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. സ്വന്തമായി എഞ്ചിനീയറിംഗ് വിംഗ് ഉണ്ടായിട്ടും പ്രത്യേക സാങ്കേതിക ആവശ്യകതകൾ ഇല്ലാത്ത കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഹാബിറ്റാറ്റിനെ ഏൽപ്പിച്ചത് വിശദീകരിക്കേണ്ടതാണ്.
2. നഗരസഭയുടെ അനുവാദമില്ലാതെ ഹാബിറ്റാറ്റ് പ്ലാനിൽ മാറ്റം വരുത്തുകയും, മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കാത്ത രീതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് സാങ്കേതിക അനുമതി നൽകിയിട്ടുമുണ്ട്. ആയതിന്മേൽ നഗരസഭ സ്വീകരിച്ച നടപടികൾ ലഭ്യമാക്കേണ്ടതാണ്.
3. മുഴുവൻ പ്രവൃത്തിയും ചെയ്യുന്നതിനായി കരാറിലേർപ്പെട്ട് 20 % തുക അഡ്വാൻസ് കൈപ്പറ്റിയ ശേഷം കെട്ടിടങ്ങളുടെ സ്ട്രക്ചർ മാത്രം പൂർത്തിയാക്കി ഫൈനൽ ബിൽ നൽകിയിട്ടുണ്ടെങ്കിലും നഗരസഭ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-39-1 കനറാ ബാങ്ക് കോംപ്ലക്സ് നിർമ്മാണത്തിലെ അപാകങ്ങൾ

ഫയൽ നം: E2-63889/17, E6-38145/20, R7-33224/20

മുനിസിപ്പൽ എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി കനറാ ബാങ്ക് കോംപ്ലക്സ് നിർമ്മാണം എന്ന പ്രൊജക്ടിന് 30.05.2017 ലെ 1007-ാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ അംഗീകാരം നൽകി. 4,99,90,000 രൂപയുടെ പ്രവൃത്തി ഡെപ്പോസിറ്റ് വർക്കായി അക്രഡിറ്റഡ് ഏജൻസിയായ ഹാബിറ്റാറ്റിനെ ഏൽപ്പിച്ചിട്ടുണ്ട്. കനറാ ബാങ്ക് കോംപ്ലക്സ് - ബാലൻസ് വർക്ക് ഫേസ്-2 എന്ന പ്രൊജക്ടിന് 13.10.2020 ലെ 2720 നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകാരം ലഭിക്കുകയും പ്രവൃത്തി ഹാബിറ്റാറ്റിനെ തന്നെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കോംപ്ലക്സ് നിർമ്മാണത്തിനായി 2020-21 വരെ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | പ്രൊജക്ട് നം | അടങ്കൽ | ചെലവു തുക | ബിൽ നം, തിയതി | റിമാർക്സ് |
|---|---|---|---|---|---|
| 2017-18 | 854/18 | 1,00,00,000 - Development Fund General | 0 | -- | |
| 2018-19 | 352/19 | 1,00,00,000 - Development Fund | 99,88,000 | 02/2018-19, 21.05.2018 | 20 % അഡ്വാൻസ് |

| | | | | | |
|---|---|---|---|---|---|
| | | General | | | |
| 2019-20 | 337/20 | 2,26,23,657 - Development Fund General<br>1,60,76,343 - CFC | 1,42,72,922 | 08/19-20, 25.07.2019 | 1st & Part Bill |
| 2020-21 | 376/21 | 1,00,00,000 - Development Fund General<br>95,00,000 - CFC | 25,39,273 | 28/20-21, 26.02.21 | 2nd & Part Bill |
| | | | 68,33,262 | 26/20-21, 26.02.21 | 3rd & Part Bill |
| | | | 7,28,408 | 29/20-21, 26.02.21 | |
| | | | 66,25,325 | 06/20-21, 12.11.20 | 4th & Part Bill |
| | | | 83,41,928 | 07/20-21, 12.11.20 | 5th & Part Bill |
| | | | 40,81,943 | 20/20-21, 08.01.21 | 6th & Final Bill |
| ആകെ | | | 5,34,11,061 | | |
| 2020-21 | 655/21 | 50,00,000 - Development Fund General<br>1,00,00,000 - CFC | 44,52,023 | 33/20-21, 29.03.21 | ബാലൻസ് വർക്ക് ഫേസ് -2 |
| | | | 5,78,63,084 | | |

ടെക്നിക്കൽ കമ്മിറ്റിയുടെ 11.03.2018 ലെ നമ്പർ 31/MLTY-PKD/2018 പ്രകാരം കനറാബാങ്ക് കോംപ്ലക്സ് നിർമ്മാണത്തിന് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം താഴെ കൊടുക്കുന്നു.

| | |
|---|---|
| സെല്ലാർ | 851.12 $M^2$ |
| ഗ്രൗണ്ട് ഫ്ലോർ | 851.12$m^2$ |
| ഫസ്റ്റ് ഫ്ലോർ | 942.24$m^2$ |
| ആകെ | 2644.48$m^2$ |

പ്രവൃത്തി ആരംഭിക്കുന്ന സമയത്ത് നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റുമ്പോൾ 1.5 മീറ്റർ ആഴത്തിൽ വെള്ളം കാണപ്പെടുകയും GSB യും PT Raft ഫൗണ്ടേഷനും, സെല്ലാർ ഫ്ലോറിൽ Retaining Wall എന്നിവയും ആവശ്യമായി വരുകയും ചെയ്തതിനാൽ അടങ്കൽ തുകയായ 4,99,90,000 രൂപയിൽ ലിമിറ്റ് ചെയ്ത റീകാസ്റ്റ് എസ്റ്റിമേറ്റ് 14.04.2018 ന് ഹാബിറ്റാറ്റ് ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

08.03.2020 ലെ ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം കെട്ടിടത്തിൽ സെക്കന്റ് ഫ്ലോർ കൂടി നിർമ്മിക്കുന്ന തരത്തിൽ അധികപ്രവൃത്തികൾ ഉൾക്കൊള്ളിക്കുകയും ആകെ തുക 5,39,04,098 രൂപയായി ഉയരുകയും ചെയ്തു.

റീകാസ്റ്റ് എസ്റ്റിമേറ്റും, റിവൈസ്ഡ് എസ്റ്റിമേറ്റും, കെട്ടിട നിർമ്മാണം ഭാഗികമായി മാത്രം പൂർത്തീകരിക്കുന്ന വിധത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്. ചില ഇനങ്ങൾ ഒഴിവാക്കിയും, ചില ഇനങ്ങളുടെ അളവുകൾ കുറവ് ചെയ്ത് നാമമാത്രമായ തുക വകയിരുത്തിയുമാണ് എസ്റ്റിമേറ്റുകൾ റീകാസ്റ്റ് & റിവൈസ് ചെയ്തിരിക്കുന്നത്. ഏതാനം ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ആദ്യ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് | റീകാസ്റ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് | റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് |
|---|---|---|---|

| | | | |
|---|---|---|---|
| Solid Masonary Using Precast Solid Blocks – 2 Floors (50.6.1.5) | 161.415 Cum | 2.560 Cum | 4.77 Cum |
| 12 Mm Cement Plastering (13.1.1) | 1819.240 Sqm | 68.544 Sqm | 63.60 Sqm |
| 9 Mm Cement Plastering (50.13.1) | 2884.580 Sqm | 12.341 Sqm | 22.69 Sqm |
| Providing And Laying Vitrified Floor Tiles (11.41.2) | 747.907 Sqm | 9.455 Sqm | 12.50 Sqm |
| Providing And Laying Vitrified Tiles (11.46.2) | 54.614 Sqm | 1.16 Sqm | 4.45 Sqm |
| Providing And Laying Polished Granite Stone Flooring (8.13.1) | 65.340 Sqm | 0.900 Sqm | 1.80 Sqm |
| Providing Edge Moulding To 18 Mm Thick Marble Stone Counters (8.3.2) | 201.602 M | 4.2 M | 9.90 M |
| Providing And Fixing PVC Pipes, Fittings (50.18.8.3.1) | 23 M | 1.5 M | 1.31 M |
| Providing And Fixing PVC Pipes, Fittings (50.18.8.4.1) | 8 M | 1m | 1 M |
| Providing And Fixing White Vitreous Water Closet- European (17.2.1) | 4 Nos | 1 No | 1 No |
| Providing And Fixing PVC Pipes, Fittings (50.18.8.5.1) | 16 M | 1 M | 1 M |
| Providing And Fixing PVC Pipes, Fittings (50.18.8.6.1) | 8.8 M | 1.5 M | 1.5 M |
| Providing And Fixing PVC Pipes, Fittings (50.18.8.7.1) | 28 M | 1.5 M | 1.5 M |
| Providing And Fixing PVC Pipes, Fittings (50.18.9.19.1) | 32 M | 1.5 M | 1.5 M |
| Supplying And Fixing Rolling Shutters (10.6.2) | 260.37 Sqm | 5.040 Sqm | 10.20 Sqm |
| Providing And Laying Gypsum Panel Partitions 100 M Thick (6.40) | 303.800 Sqm | 3.6 Sqm | 10.20 Sqm |
| Finishing Walls With Acrylic Smooth Exterior | 3050.910 | Not Included | Not Included |

| | | | |
|---|---|---|---|
| Paint (13.47.1) | | | |
| Painting With Synthetic Enamel Paint (13.62.1) | 22.680 Sq M | Not Included | Not Included |
| Provsion For Window Glass | Rs.2,50,000 | Not Included | Not Included |
| Provision For Escalator | Rs.3,00,000 | Not Included | Not Included |
| Provision For Architectural Finishing And Landscaping | Rs.2,49,000 | Not Included | Not Included |
| Provision For Septic Tank And Soak Pit | Rs.2,69,000 | Not Included | Not Included |
| Provision For Electrification | Rs.6,20,000 | Not Included | Not Included |
| Extra Provision For Post Tension Beams And Slabs | Rs.49,50,000 | Not Included | Not Included |

സെല്ലാർ കൂടാതെ രണ്ട് നിലകൾ മാത്രമായി നിർമ്മാണം ആരംഭിച്ച പ്രവൃത്തി പൂർണ്ണമായും പൂർത്തിയാക്കി കെട്ടിടം ഉപയോഗപ്പെടുത്തുന്ന തരത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ അധികമായി ഒരു നിലയുടെ സ്ട്രക്ചർ പ്രവൃത്തി കൂടി റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിക്കുകയാണ് ചെയ്തിരിക്കുന്നത്.

ഹാബിറ്റാറ്റ് സെക്രട്ടറി 02.11.2020 ന് നൽകിയ 1216/2017/569 നമ്പർ കത്ത് പ്രകാരം സെല്ലാർ ഫ്ലോർ പാർക്കിംഗ് ഏരിയ ഉൾപ്പെടെ 5 നിലകളിലായി താഴെപ്പറയും പ്രകാരം സ്ട്രക്ചർ പൂർത്തിയായതായി അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| സെല്ലാർ | 953 $M^2$ |
| ഗ്രൗണ്ട് ഫ്ലോർ | 840 $M^2$ |
| ഫസ്റ്റ് ഫ്ലോർ | 953 $M^2$ |
| സെക്കന്റ് ഫ്ലോർ | 953 $M^2$ |
| തേർഡ് ഫ്ലോർ | 953 $M^2$ |

റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം സെക്കന്റ് ഫ്ലോർ വരെ മാത്രമേ അംഗീകാരം ലഭിച്ചിട്ടുള്ളൂ എങ്കിലും തേർഡ് ഫ്ലോറിന്റെ സ്ട്രക്ചർ കൂടി അധികമായി ഹാബിറ്റാറ്റ് നിർമ്മാണം നടത്തിയിട്ടുണ്ട്.

കനറാ ബാങ്ക് കോംപ്ലക്സിന്റെ ബാലൻസ് വർക്കുകൾക്ക് കരാർ നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തി നിർവഹണം മുന്നോട്ട് കൊണ്ടുപോകണമെന്ന് ഹാബിറ്റാറ്റ് 06.11.2020 ന് 1216/2019/600 നമ്പർ കത്ത് നൽകുകയും നഗരസഭ 06.11.2020 ന് തന്നെ ഹാബിറ്റാറ്റുമായി കരാറിലേർപ്പെടുകയും ചെയ്തു (നം:114(a)/20-21). 1,50,00,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 11.12.2020 ന് സാങ്കേതിക അനുമതി നൽകുകയും ചെയ്തിട്ടുണ്ട് (നം.90/CAN-MLTY/PLKD/2020). എസ്റ്റിമേറ്റ് പ്രകാരം കെട്ടിടത്തിൽ 953.14 $M^2$ വിസ്തീർണ്ണമുള്ള തേർഡ് ഫ്ലോറും, 46.57 $M^2$ വിസ്തീർണ്ണമുള്ള ഹെഡ് റൂമും കൂട്ടിച്ചേർത്തിട്ടുണ്ട്. നഗരസഭയുമായി കരാറിലേർപ്പെട്ട് ബാലൻസ് വർക്കിന് സാങ്കേതിക അനുമതി ലഭ്യമാകുന്നതിന് മുമ്പ് തന്നെ കെട്ടിടത്തിലെ തേർഡ് ഫ്ലോറിന്റെ സ്ട്രക്ചർ നിർമ്മാണം ഹാബിറ്റാറ്റ് പൂർത്തിയാക്കിയിട്ടുണ്ട്. മാത്രവുമല്ല ബാലൻസ് വർക്കിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ കെട്ടിടനിർമ്മാണം പൂർണ്ണമായും പൂർത്തീകരിക്കുന്ന വിധത്തിലല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

ഹാബിറ്റാറ്റ് 02.11.2020 ന് നൽകിയ 1216/2017/569 നമ്പർ കത്ത് പ്രകാരം സെല്ലാർ ഫ്ലോർ പാർക്കിംഗ് ഏരിയ ഉൾപ്പെടെ 5 നിലകളിലായി സ്ട്രക്ചർ പൂർത്തിയായതായി അറിയിക്കുകയും സ്ട്രക്ചർ പൂർത്തീകരിച്ചിട്ടുള്ള കോംപ്ലക്സ് മൊത്തമായി ലേലം ചെയ്യുന്നതാണ് നഗരസഭക്ക് ലാഭം എന്നും ലേലം എടുക്കുന്ന വ്യക്തി അനുയോജ്യമായ രീതിയിൽ ബാക്കി പ്രവൃത്തി നടത്തുമ്പോൾ നഗരസഭക്ക് നിർമ്മാണ ചെലവ് ലാഭിക്കുകയും കാലതാമസം ഒഴിവാകുകയും ചെയ്യുമെന്ന് റവന്യൂ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ (ഫയൽ നം.R7-33224/20) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 5/11/2020 ലെ 578 -ാം നമ്പർ തീരുമാന പ്രകാരം കെട്ടിടം ലേലം നടത്താൻ തീരുമാനിക്കുകയും ചെയ്തു. കൗൺസിലിന്റെ 06.11.2020 ലെ 2870 -ാം നമ്പർ തീരുമാന പ്രകാരം ലേല വ്യവസ്ഥകൾ അംഗീകരിക്കുകയും, ലേലം ചെയ്യുന്നതിന് റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു. കൗൺസിൽ അംഗീകരിച്ച അതേ തിയതിയിൽ (06.11.2020) തന്നെയാണ് കെട്ടിടത്തിന്റെ ബാലൻസ് വർക്കുകൾക്കായി ഹാബിറ്റാറ്റുമായി കരാറിലേർപ്പെട്ടിട്ടുള്ളത്.

07.01.2021 ൽ നടന്ന ലേലത്തിൽ ജനറൽ വിഭാഗത്തിൽ ചതുരശ്ര അടിക്ക് 63 രൂപ തറവാടക നിരക്കിൽ ശ്രീ.രമണൻ എന്ന വ്യക്തിക്കും എസ്.സി/എസ്.റ്റി വിഭാഗത്തിൽ ചതുരശ്ര അടിക്ക് 62 രൂപ തറവാടക നിരക്കിൽ ശ്രീ.ഉദയൻ എന്ന വ്യക്തിക്കും ലേലം ഉറപ്പിക്കാൻ കൗൺസിലിന് സമർപ്പിച്ചു. എന്നാൽ 01.06.2021 ൽ നടന്ന കൗൺസിൽ യോഗത്തിൽ മാത്രമാണ് ആയത് അംഗീകരിച്ചിരിക്കുന്നത്. തുടർന്ന് ലേലം കൊണ്ട് വ്യക്തികൾക്ക് ഡെപ്പോസിറ്റ് അടവാക്കി കെട്ടിടം ഏറ്റെടുക്കുന്നതിന് കത്ത് നൽകി. ടെണ്ടർ നടപടിക്രമങ്ങൾ നീണ്ടുപോയതിനാലും കോവിഡ് വ്യാപനം രൂക്ഷമായി തുടരുന്നതിനാലും ഒരു വർഷം കാലാവധി നീട്ടി നൽകണമെന്നോ അല്ലെങ്കിൽ ടെണ്ടർ റദ്ദാക്കി തരണമെന്നോ ടിയാന്മാർ കത്ത് നലകിയിട്ടുണ്ട്. ഇ.എം.ഡി തുക കണ്ടുകെട്ടുന്നതിനും പുനർലേലം നടത്തുന്നതിനും 20.09.2021 ലെ തീരുമാനം നം.152 പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 20.09.2021 ലെ 147 -ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, മറ്റ് മൂന്ന് കൗൺസിലർമാർ, റവന്യൂ ഓഫീസർ, അസി. എഞ്ചിനീയർ എന്നിവർ 24.09.2021 ന് സ്ഥലപരിശോധന നടത്തി നൽകിയ റിപ്പോർട്ട് പ്രകാരം ഷോപ്പിംഗ് കോംപ്ലക്സിന്റെ പില്ലറുകളെ അടിസ്ഥാനമാക്കി മുറികളാക്കി തിരിക്കുന്ന വിധത്തിൽ അളവുകൾ മാർക്ക് ചെയ്തുകൊണ്ട് ലേല നടപടികൾ ആരംഭിക്കാവുന്നതാണെന്നും, ഇതിനിടയിൽ ബാങ്കുകൾ പോലെയുള്ള ഓഫീസ് ആവശ്യങ്ങൾ നിറവേറ്റുന്ന സ്ഥാപനങ്ങളുമായി മുകൾ നില ഭാഗങ്ങൾ അനുവദിക്കുന്നതിന് ആവശ്യക്കാരുണ്ടോ എന്ന് അന്വേഷണം നടത്താനും തീരുമാനിക്കുകയും എസ്.സി/എസ്.റ്റി വിഭാഗക്കാർക്കുള്ളവയും കോമൺ ഏരിയ ആയി ഉപയോഗിക്കേണ്ട ഭാഗങ്ങളും മാർക്ക് ചെയ്ത് പ്ലാൻ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് അസി.എഞ്ചിനീയർക്ക് നിർദേശം നൽകി. തുടർ നടപടികളുടെ വിവരം ഫയലിൽ ലഭ്യമല്ല.

21.04.2022 ന് നഗരസഭയിലെ അസി.എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ കെട്ടിടത്തിന്റെ സ്ട്രക്ചർ വരെ മാത്രമേ നിർമ്മിച്ചിട്ടുള്ളൂ എന്ന് വ്യക്തമായി.



ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) ഓഡിറ്റിന് ലഭ്യമാക്കിയ E2-63889/17 നമ്പർ ഫയൽ അപൂർണ്ണമാണ്. 6Th & ഫൈനൽ ബില്ലും എം ബുക്കും, 5th പാർട്ട് ബില്ലും മാത്രമാണ് ഫയലിൽ ഉള്ളത്. മറ്റ് പാർട്ട് ബില്ലുകൾ, ഹാബിറ്റാറ്റ് നൽകിയ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ, എം ബുക്കുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
2) 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ചുകൊണ്ട് തയ്യാറാക്കിയ പ്ലാൻ അല്ല ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ വിസ്തീർണ്ണം, പ്ലോട്ട് ഏരിയ, FAR, Coverage എന്നിവയൊന്നും പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല. കെട്ടിടത്തിന്റെ എലിവേഷൻ, സൈറ്റ് പ്ലാൻ, സർവീസ് പ്ലാൻ എന്നിവയും രേഖപ്പെടുത്തിയിട്ടില്ല. പ്ലാൻ ഇല്ലാത്തതിനാൽ മേൽ ചട്ടങ്ങളിലെ 54 പ്രകാരം കമേഴ്സ്യൽ കെട്ടിടങ്ങൾക്ക് ബാധകമായ നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. 1999ലെ കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 7(4) പ്രകാരം നഗരസഭ നിർമ്മിക്കുന്ന കെട്ടിടം ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെന്ന് സെക്രട്ടറി പ്ലാനിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അംഗീകരിച്ച പ്ലാൻ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.
3) E2-63889/17 നമ്പർ ഫയലിൽ സൂക്ഷിച്ചിട്ടുള്ള കരാർ (നം.369/17-18, തി 26.03.2018) പ്രകാരം Defect Liability Period എന്നത് 3 വർഷം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (കരാർ വ്യവസ്ഥ നം:1.5). എന്നാൽ GO(P)No.107/2016/Fin Dated 27.07.2016 പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ വഴി നടത്തുന്ന പ്രവൃത്തികളുടെ Defect Liability Period 5 വർഷം ആണ് നിശ്ചയിച്ചിരിക്കുന്നത്. സർക്കാർ ഉത്തരവ് പാലിക്കാതെ കരാറിലേർപ്പെട്ടതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
4) കരാർ വ്യവസ്ഥ നം.1.6 പ്രകാരം 24 മാസമാണ് പ്രവൃത്തി പൂർത്തീകരണ കാലാവധി. നിശ്ചിത കാലാവധിക്കകം പ്രവൃത്തി പൂർത്തിയാക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കാലാവധി ദീർഘിപ്പിച്ചു നൽകിയതിന്റെ വിവരങ്ങളോ, സപ്ലിമെന്ററി എഗ്രിമെന്റുകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
5) പ്രവൃത്തി പൂർണ്ണമായി പൂർത്തിയാക്കാത്ത രീതിയിലുള്ള റീകാസ്റ്റ് എസ്റ്റിമേറ്റ്, റിവൈസ്ഡ് എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയത് വിശദീകരിക്കേണ്ടതാണ്. മാത്രവുമല്ല ആദ്യം വിഭാവനം ചെയ്ത ഫസ്റ്റ് ഫ്ലോർ വരെയുള്ള കെട്ടിടത്തിന്റെ നിർമ്മാണം പൂർണ്ണമായും പൂർത്തീകരിക്കാതെ സെക്കന്റ് ഫ്ലോർ കൂടി കൂട്ടിച്ചേർത്ത് കെട്ടിടത്തിന്റെ സ്ട്രക്ചർ വരെ മാത്രം നിർമ്മിക്കുന്ന വിധത്തിൽ ഹാബിറ്റാറ്റ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് ഹാബിറ്റാറ്റിന് കത്ത് നൽകിയതായോ, നിർവഹണ ഉദ്യോഗസ്ഥൻ ഈ വിഷയം മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടേയോ, കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതായോ കാണുന്നില്ല.
6) റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം സെക്കന്റ് ഫ്ലോർ വരെയുള്ള കെട്ടിടമാണ് നിർമ്മിക്കേണ്ടത് എന്നിരിക്കെ അധികമായി തേർഡ് ഫ്ലോറിന്റെയും നിർമ്മാണം പൂർത്തിയാക്കിയ ശേഷമാണ് (ഹാബിറ്റാറ്റിന്റെ 02.11.2020 ലെ 1216/2017/569 നം കത്ത്) കനറാ ബാങ്ക് കോംപ്ലക്സ് ഫേസ്-2 എന്ന പ്രൊജക്ട് അംഗീകരിച്ച് (നം.655/21, അംഗീകരിച്ച തിയതി 13.11.2020) കെട്ടിടത്തിന് തേർഡ് ഫ്ലോർ നിർമ്മിക്കാൻ തുക വകയിരുത്തിയിരിക്കുന്നത്. സാങ്കേതിക അനുമതി ലഭ്യമായിരിക്കുന്നതാവട്ടെ 11.12.2020 ൽ മാത്രമാണ്. അനുമതി ലഭ്യമാകുന്നതിന് മുമ്പേ നിർമ്മാണം നടത്തിയിട്ടും നിർവഹണ ഉദ്യോഗസ്ഥനോ മറ്റ് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരോ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.
7) ഫേസ് -2 നിർമ്മാണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റും പ്രവൃത്തി പൂർണ്ണമായും പൂർത്തീകരിച്ച് കെട്ടിടം ഉപയോഗ്യപ്പെടുത്തുന്ന രീതിയിലല്ല തയ്യാറാക്കിയിരിക്കുന്നത്. അധികമായി കൂട്ടിച്ചേർത്ത തേർഡ് ഫ്ലോർ ഉൾപ്പെടെ കെട്ടിടത്തിന്റെ സ്ട്രക്ചർ മാത്രം പൂർത്തിയാക്കുന്ന രീതിയിലുള്ള സിവിൽ പ്രവൃത്തികളും കുറച്ച് ഇലക്ട്രിക്കൽ പ്രവൃത്തികളും മാത്രമാണ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ഫ്ലോറിംഗ്, പ്ലാസ്റ്ററിംഗ്, പാർട്ടീഷൻ വാൾ നിർമ്മാണം, ടോയ്.ലെറ്റുകളുടെ നിർമ്മാണം, എസ്കലേറ്റർ/ലിഫ്റ്റ് സ്ഥാപിക്കൽ, പെയിന്റിംഗ്, പ്ലംബിംഗ് & ഇലക്ട്രിക്കൽ വർക്കുകൾ, സെപ്റ്റിക് ടാങ്ക് നിർമ്മാണം തുടങ്ങി കെട്ടിടം ഉപയോഗപ്പെടുത്താവുന്ന രീതിയിലുള്ള പ്രവൃത്തികളൊന്നും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

8) G.O(P)No.25/2018/Fin Dt 21.02.2018 ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ വഴി നിർവഹണം നടത്തുന്ന പ്രവൃത്തികളുടെ സാങ്കേതിക അനുമതി അക്രഡിറ്റഡ് ഏജൻസികൾക്ക് തന്നെ നൽകാവുന്നതാണ്. സാങ്കേതിക അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണെന്നും സാങ്കേതിക അനുമതിയിലുള്ള അപാകങ്ങക്ക് അക്രഡിറ്റഡ് ഏജൻസി ഉത്തരവാദിയായിരിക്കും എന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർണ്ണമായും പൂർത്തിയാക്കാത്ത തരത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്ക് സാങ്കേതിക അനുമതി നൽകിയിരിക്കുന്നത് 2012 ലെ കേരള പൊതുമരാമത്ത് മാന്വൽ വകുപ്പ് 1801.1.2 പ്രകാരമുള്ള നിർദേശങ്ങൾക്ക് വിരുദ്ധമാണ്.

9) കെട്ടിടത്തിന്റെ ബാലൻസ് വർക്കുകൾക്കായി പുതിയ പ്രൊജക്ട് ആയി ആവിഷ്കരിച്ച് പുതിയ കരാറിലേർപ്പെടുകയും പുതിയ സാങ്കേതിക അനുമതി വാങ്ങുകയും ചെയ്തിട്ടുണ്ട് (ഫയൽ നം: E6-38145/20). 1,50,00,000 രൂപയുടെ പ്രവൃത്തിക്ക് 7% സെന്റേജ് ചാർജ് ആണ് ഹാബിറ്റാറ്റ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. 5.34 കോടി രൂപ ചെലവഴിച്ചിട്ടും പൂർത്തിയാകാത്ത നിലവിലുള്ള കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ബാലൻസ് വർക്കുകൾ ചെയ്തിരുന്നെങ്കിൽ 5% സെന്റേജ് ചാർജ് മാത്രമേ നൽകേണ്ടതുള്ളൂ. പുതിയ പ്രൊജക്ട് ആയി ചെയ്തതുമൂലം 2% സെന്റേജ് ചാർജ് അധികമായി ഹാബിറ്റാറ്റിന് നൽകേണ്ടിവരുന്നതാണ്.

10) ഹാബിറ്റാറ്റ് നൽകിയ 6th & ഫൈനൽ ബിൽ, എം ബുക്ക് എന്നിവ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തിയും പൂർത്തിയാക്കാതെയാണ് ബിൽ നൽകിയിട്ടുള്ളതെന്ന് കാണുന്നു.

11) കെട്ടിടത്തിന്റെ സ്ട്രക്ചർ വരെയുള്ള ഭാഗത്തിന്റെ നിർമ്മാണം പൂർത്തിയാക്കി ബാക്കി പ്രവൃത്തി ലേലം കൊണ്ട വ്യക്തികൾ ചെയ്യണമെന്ന വ്യവസ്ഥയോടെ ലേലം ചെയ്യുന്നതാണ് നഗരസഭക്ക് ഗുണകരമെന്ന് റവന്യൂ ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഭാഗികമായി മാത്രം പൂർത്തിയായ കെട്ടിടം ലേലം ചെയ്യാനുള്ള നടപടി സ്വീകരിച്ചിരിക്കുന്നത്. ഇത്തരത്തിൽ പരിശോധന നടത്തുന്നതിന് റവന്യൂ ഓഫീസറെ മുനിസിപ്പൽ കൗൺസിലോ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ ചുമതലപ്പെടുത്തിയിട്ടില്ല. കെട്ടിടം പണി പൂർത്തിയാക്കി മുറികളാക്കി ലേലം നടത്തുന്നതിനേക്കാൾ ലാഭകരമാണ് ഭാഗികമായി പൂർത്തിയാക്കി ലേലം നടത്തുന്നത് എന്നത് സാധൂകരിക്കുന്ന വിവരങ്ങൾ ഇല്ല.

12) കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതിന് മുമ്പ് തന്നെ ലേലം ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഈ കെട്ടിടം ബാക്കി പ്രവൃത്തികൾ നടത്തി പൂർത്തിയാക്കാൻ കഴിയുമോ എന്നും, ഹാബിറ്റാറ്റുമായുള്ള കരാർ പ്രകാരമുള്ള Defect Liability Period - നുള്ളിൽ കെട്ടിടത്തിൽ ലേലം കൊണ്ട വ്യക്തിക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ അനുമതി നൽകാമോ എന്നും നിർവഹണ ഉദ്യോഗസ്ഥന്റെയോ, എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയോ അഭിപ്രായം ആരാഞ്ഞതായി ഫയലിൽ (R7-33224/20) കാണുന്നില്ല.

13) കെട്ടിടം ഭാഗികമായി നിർമ്മാണം പൂർത്തിയാക്കുന്ന രീതിയിൽ കെട്ടിടം മൊത്തത്തിൽ ലേലം ചെയ്യുന്നതിനായി നഗരസഭ നിലവിലുള്ള ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയതായോ, നിലവിലുള്ള ബൈലോയിൽ മാറ്റം വരുത്തിയതായോ ഉള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

14) കെട്ടിടത്തിന്റെ ലേലം 07.01.2021 ന് നടന്നെങ്കിലും 01.06.2021 ലെ കൗൺസിലിൽ മാത്രമാണ് ലേലം അംഗീകരിച്ചിരിക്കുന്നത്. ലേലം നടന്ന ശേഷം 22.1.2021, 19.2.2021, 06.03.2021, 07.05.2021 എന്നീ തിയതികളിൽ കൗൺസിൽ യോഗങ്ങൾ നടന്നെങ്കിലും കൗൺസിൽ അജണ്ടയിൽ ഈ വിഷയം ഉൾപ്പെടുത്തുകയോ ലേലം അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

15) കെട്ടിടം മൊത്തത്തിൽ ലേലം നടത്തുന്നതിനായുള്ള നടപടികൾ വിജയിക്കാത്തതിനെ തുടർന്ന് കെട്ടിടം മുറികളാക്കി തിരിച്ച് ലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഉപസമിതി 24.09.2021 ന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ സ്ട്രക്ചർ മാത്രം പൂർത്തിയായിട്ടുള്ള അവസ്ഥയിലുള്ള ഈ കെട്ടിടത്തിനെ പില്ലറുകളെ അടിസ്ഥാനമാക്കി മുറികളാക്കി ലേലം ചെയ്യുകയും ബാക്കി നിർമ്മാണ പ്രവൃത്തികൾ ലേലം കൊണ്ട വ്യക്തികൾ പൂർത്തിയാക്കുകയും ചെയ്യുന്നത് പ്രായോഗികമാണോ എന്ന് സംശയകരമാണ്. കെട്ടിടത്തിന്

പൊതുവായി ചെയ്യേണ്ട ഇലക്ട്രിക്കൽ, പ്ലംബിംഗ് പ്രവൃത്തികൾ, ടോയ് ലെറ്റുകൾ, സെപ്റ്റിക് ടാങ്ക് എന്നിവയുടെ നിർമ്മാണം, ലിഫ്റ്റ്/എസ്കലേറ്റർ എന്നിവ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളും കെട്ടിടത്തിന്റെ പൊതുവായ ഭാഗങ്ങളുടെ പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, ഫ്ലോറിങ്ങ് പ്രവൃത്തികളും മുറികൾ ലേലം കൊണ്ട വ്യക്തികൾക്ക് ചെയ്യാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്. മാത്രവുമല്ല കെട്ടിടത്തിന്റെ പുറം ഭാഗത്തിന്റെ പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് അടക്കമുള്ള ഫിനിഷിംഗ് ജോലികളും ലേലം കൊണ്ട വ്യക്തികൾക്ക് ചെയ്യാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്. കെട്ടിടം മുറികളാക്കി ലേലം ചെയ്യുന്നതിന് മുമ്പായി ഇത്തരം വിഷയങ്ങൾ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

16) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദേശ പ്രകാരം പില്ലറുകളെ അടിസ്ഥാമാക്കി മുറികളാക്കി തിരിക്കുന്നതിനും ബാങ്കുകൾ പോലെയുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അന്വേഷണം നടത്താനും പ്ലാൻ സമർപ്പിക്കാനും 28.10.2021 ലെ R8-33226/20 കത്ത് പ്രകാരം നിർദേശിച്ചെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകങ്ങൾ 47/09.05.2022 നമ്പർ ഓഡിറ്റ് അന്വേഷണം പ്രകാരം നഗരസഭയെ അറിയിച്ചിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്കുള്ള വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതും കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-39-2 ഒലവക്കോട് കംഫർട്ട് സ്റ്റേഷൻ നിർമ്മാണം - അപാകങ്ങൾ

മുനിസിപ്പൽ എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായ ഒലവക്കോട് കംഫർട്ട് സ്റ്റേഷൻ എന്ന പ്രൊജക്ടിന് 30.05.2017 ലെ 1007-ാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ അംഗീകാരം നൽകി. 2,82,16,000 രൂപയുടെ പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ ഹാബിറ്റാറ്റിനെ ഏൽപ്പിച്ചിട്ടുണ്ട്. ഹാബിറ്റാറ്റുമായി 26.03.2018 ന് കരാറിലേർപ്പെട്ടിട്ടുണ്ട്.

കംഫർട്ട് സ്റ്റേഷൻ നിർമ്മാണത്തിനായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | പ്രൊജക്ട് നം | അടങ്കൽ | ചെലവു തുക | ബിൽ നം, തിയതി |
|---|---|---|---|---|
| 2017-18 | 844/18 | 70,54,000 | 0 | -- |
| 2018-19 | 354/19 | 74,30,200 CFC | 56,43,200 | 16/19, 28.05.18 |
| | | | 17,87,000 | 03/20, 26.06.19 |

| | | | | |
|---|---|---|---|---|
| | | | | (Q Bill 2018-19) |
| 2019-20 | 306/20 | 54,00,000 CFC | 0 | -- |
| 2020-21 | 369/21 | 1,37,00,000 CFC | 53,67,298 | 09/21, 12.11.20 |
| | | | 33,12,542 | 12/21, 27.11.20 |
| | | | 38,48,688 | 15/21, 30.12.20 |
| ആകെ | | 2,65,30,200 | 1,99,58,728 | |

കംഫർട്ട് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട E6/E3-63888/17-18 നമ്പർ ഫയൽ നഷ്ടപ്പെട്ടതായി 30.01.2020 ന് നോട്ട് ഫയലിൽ രേഖപ്പെടുത്തി പുതിയ ഫയൽ ആരംഭിച്ചിട്ടുണ്ട്. തുടർന്ന് സെർച്ച് മെമ്മോ തയ്യാറാക്കുകയും 2nd പാർട്ട് ബിൽ മുതലുള്ള പെയ്മെന്റുകൾ പുതിയ ഫയലിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

08.11.2020 ലെ ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. എന്നാൽ സപ്ലിമെന്ററി കരാർ ചമച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. 26.03.2018 ലെ കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാനുള്ള കാലാവധി (18 മാസം) കഴിഞ്ഞതിന് ശേഷമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരിക്കുന്നത്. പ്രൊജക്ട് തുകയിൽ മാറ്റം വരുത്താതെ പൈൽ ഫൗണ്ടേഷന് പകരം ഓപ്പൺ ഫൂട്ടിങ്ങ് നടത്തുകയും, പ്രീടസ്സ്ഡ് ബീം, സ്ലാബ് എന്നീ എക്സ്ട്രാ ഐറ്റംസ് ചേർത്താണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരിക്കുന്നത്. പ്രവൃത്തി പൂർണ്ണമായും പൂർത്തീകരിക്കുന്ന വിധത്തിലല്ല റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

ഹാബിറ്റാറ്റിന്റെ 27.03.2021 ലെ 1218/2017/734 നമ്പർ കത്ത് പ്രകാരം 5th & ഫൈനൽ ബിൽ സമർപ്പിക്കുകയും നിർദിഷ്ട കെട്ടിടം പണി സ്ട്രക്ചർ വർക്കുകൾ പൂർത്തീകരിച്ച്, ബാലൻസ് വർക്കുകൾ കരാർ എടുക്കുന്ന ആൾ പൂർത്തീകരിക്കണമെന്ന വ്യവസ്ഥയോടെ നഗരസഭ കരാർ നൽകിയിട്ടുള്ളതാണെന്നും, ആയതിനാൽ ബാലൻസ് വർക്കുകൾ ഒഴിവാക്കി പൂർത്തീകരിച്ച വർക്കുകൾ മാത്രമാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. ഫൈനൽ ബിൽ പ്രകാരം ഹാബിറ്റാറ്റ് നഗരസഭക്ക് 8,42,392 രൂപ തിരികെ നൽകാനുണ്ട്.

ഹാബിറ്റാറ്റിന്റെ 02.11.2020 ലെ 1218/2017/571 നമ്പർ കത്ത് പ്രകാരം കംഫർട്ട് സ്റ്റേഷന്റെ സ്ട്രക്ചർ പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിച്ചു. തുടർന്ന് R7-332233 ഫയൽ പ്രകാരം സ്ട്രക്ചർ പൂർത്തീകരിച്ചിട്ടുള്ള കോംപ്ലക്സ് മൊത്തമായി ലേലം ചെയ്യുന്നതാണ് നഗരസഭക്ക് ലാഭം എന്നും ലേലം എടുക്കുന്ന വ്യക്തി അനുയോജ്യമായ രീതിയിൽ ബാക്കി പ്രവൃത്തി നടത്തുമ്പോൾ നഗരസഭക്ക് നിർമ്മാണ ചെലവ് ലാഭിക്കുകയും കാലതാമസം ഒഴിവാകുകയും ചെയ്യുമെന്ന് റവന്യൂ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 5/11/2020 ലെ 576 -ാം നമ്പർ തീരുമാന പ്രകാരം ലേലം നടത്താൻ തീരുമാനിക്കുകയും ചെയ്തു. കൗൺസിലിന്റെ 06.11.2020 ലെ 2763 -ാം നമ്പർ തീരുമാന പ്രകാരം ലേല വ്യവസ്ഥകൾ അംഗീകരിക്കുകയും, ലേലം ചെയ്യുന്നതിന് റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു. 07.1.2021 ൽ നടന്ന ലേലം കൗൺസിൽ അംഗീകരിച്ചിരിക്കുന്നത് 01.06.2021 ൽ മാത്രമാണ്. ലേലം ഉറപ്പിക്കുന്നതിനായി ലേലം കൊണ്ട വ്യക്തികൾക്ക് കത്തും, ഓർമ്മക്കുറിപ്പും നൽകിയെങ്കിലും ലേലം നടന്ന് ആറ് മാസം കഴിഞ്ഞതിനാലും, കോവിഡ് ലോക്ക്ഡൗൺ മൂലമുള്ള സാമ്പത്തിക പ്രതിസന്ധി കാരണവും കെട്ടിടം ഏറ്റെടുക്കാൻ ആറ് മാസം കാലാവധിയോ കോവിഡ് സാഹചര്യം കഴിയുന്നത് വരെയോ സമയം വേണമെന്ന് കക്ഷികൾ കത്ത് നൽകി. തുടർന്ന് ലേലം ഉറപ്പിക്കാത്തതിനാൽ ഇ.എം.ഡി തുക കണ്ടുകെട്ടാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചു (നം.153/20.09.21).

ലേലം കൊണ്ട വ്യക്തികൾ കെട്ടിടം ഏറ്റെടുക്കാത്ത സാഹചര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, മറ്റ് മൂന്ന് കൗൺസിലർമാർ, റവന്യ ഓഫീസർ, അസി. എഞ്ചിനീയർ എന്നിവർ 24.09.2021 ന് സ്ഥലപരിശോധന നടത്തി നൽകിയ റിപ്പോർട്ട് പ്രകാരം കെട്ടിടം ആരും ഏറ്റെടുക്കാത്ത സാഹചര്യത്തിൽ ഗ്രൗണ്ട് ഫ്ലോർ റസ്റ്റോറന്റോ മറ്റേതെങ്കിലും ആവശ്യത്തിനോ ഉപയോഗിക്കാനും മുകൾ നില കംഫർട്ട് സ്റ്റേഷൻ, ഡോർമിറ്ററി പോലെയുള്ള ലോഡ്ജിംഗ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാനും ലേല നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്യുകയും സാമൂഹ്യ വിരുദ്ധർ കെട്ടിടം ഉപയോഗിക്കുന്നുണ്ടെന്ന് പരാതികളെ തുടർന്ന് താൽക്കാലികമായി ഷീറ്റ് ഉപയോഗിച്ച് പ്രവേശനം അടക്കുന്നതിനും തീരുമാനിച്ചു. തുടർനടപടികളുടെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) കംഫർട്ട് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട E6/E3-63888/17-18 നമ്പർ ഫയൽ നഷ്ടപ്പെട്ടതായി 30.01.2020 ന് നോട്ട് ഫയലിൽ രേഖപ്പെടുത്തി പുതിയ ഫയൽ ആരംഭിച്ചിട്ടുണ്ട്. തുടർന്ന് സെർച്ച് മെമ്മോ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഫയൽ കാണാതായത് സംബന്ധിച്ച് അന്വേഷണം നടത്തുകയോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് വിശദീകരണം ആരായുകയോ ചെയ്തതായി കാണുന്നില്ല. ഹാബിറ്റാറ്റുമായി ഏർപ്പെട്ട കരാറിന്റെ പകർപ്പ് മാത്രമാണ് ഇപ്പോഴുള്ള ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. എഗ്രിമെന്റ് ഷെഡ്യൂൾ ഇല്ല. ഒറിജനിനൽ കരാർ നഷ്ടപ്പെട്ടോ എന്ന് വ്യക്തമല്ല. ഏതെല്ലാം രേഖകളാണ് കാണാതായത് എന്നത് സംബന്ധിച്ചും ഏത് സെക്ഷനിൽ വെച്ചാണ് കാണാതായത് എന്നത് സംബന്ധിച്ചും വിവരങ്ങൾ പുതിയ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

2) 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ചുകൊണ്ട് തയ്യാറാക്കിയ പ്ലാൻ അല്ല ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ വിസ്തീർണ്ണം, പ്ലോട്ട് ഏരിയ, FAR, Coverage എന്നിവയൊന്നും പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല. കെട്ടിടത്തിന്റെ എലിവേഷൻ, സൈറ്റ് പ്ലാൻ, സർവീസ് പ്ലാൻ എന്നിവയും രേഖപ്പെടുത്തിയിട്ടില്ല. 1999ലെ കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 7(4) പ്രകാരം നഗരസഭ നിർമ്മിക്കുന്ന കെട്ടിടം ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെന്ന് സെക്രട്ടറി പ്ലാനിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അംഗീകരിച്ച പ്ലാൻ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

3) ഫയലിൽ സൂക്ഷിച്ചിട്ടുള്ള കരാറിന്റെ പകർപ്പ് പ്രകാരം Defect Liability Period എന്നത് 3 വർഷം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (കരാർ വ്യവസ്ഥ നം:1.5). എന്നാൽ GO(P)No.107/2016/Fin Dated 27.07.2016 പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ വഴി നടത്തുന്ന പ്രവൃത്തികളുടെ Defect Liability Period 5 വർഷം ആണ് നിശ്ചയിച്ചിരിക്കുന്നത്. സർക്കാർ ഉത്തരവ് പാലിക്കാതെ കരാറിലേർപ്പെട്ടിട്ടുണ്ട്.

4) എല്ലാ നിലകളിലുമുള്ള Partition Walls ഒഴിവാക്കുകയും, വിട്രിഫൈഡ് ടൈൽസ്, സെറാമിക് ടൈൽസ്, ഗ്രാനൈറ്റ്, മാർബിൾ കോർണർ സ്റ്റോൺ എന്നിവ പതിക്കുന്ന ഏരിയയിൽ കുറവ് വരുത്തിയും, വാട്ടർ ക്ലോസറ്റുകളുടെ എണ്ണത്തിൽ കുറവ് വരുത്തിയും, പാരപെറ്റ് നിർമ്മാണ പ്രവൃത്തി ഒഴിവാക്കിയും, ജിപ്സം പാനൽ പാർട്ടീഷണുകൾ, വിൻഡോ ഗ്ലാസ് എന്നിവ ഒഴിവാക്കിയും, സെപ്റ്റിക് ടാങ്ക് & സോക് പിറ്റ് എന്നിവ ഒഴിവാക്കിയുമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്ന പ്രവൃത്തിയിൽ സെപ്റ്റിക് ടാങ്ക് നിർമ്മാണം പോലും ഒഴിവാക്കി റിവൈസ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് ശരിയായ നടപടിയല്ല. നിർവഹണ ഉദ്യോഗസ്ഥൻ തുടർ നടപടികൾ സ്വീകരിക്കാത്തതും വിഷയം മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും കൗൺസിലിന്റേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.

5) G.O(P)No.25/2018/Fin Dt 21.02.2018 ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ വഴി നിർവഹണം നടത്തുന്ന പ്രവൃത്തികളുടെ സാങ്കേതിക അനുമതി അക്രഡിറ്റഡ് ഏജൻസികൾക്ക് തന്നെ നൽകാവുന്നതാണെന്നും സാങ്കേതിക അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണെന്നും സാങ്കേതിക അനുമതിയിലുള്ള അപാകങ്ങൾക്ക് അക്രഡിറ്റഡ് ഏജൻസി ഉത്തരവാദിയായിരിക്കും എന്നും മേൽ ഉത്തരവിൽ

വ്യക്തമാക്കിയിട്ടുണ്ട്. കംഫർട്ട് സ്റ്റേഷൻ നിർമ്മാണം പൂർണ്ണമായും പൂർത്തിയാക്കാത്ത തരത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്ക് സാങ്കേതിക അനുമതി നൽകിയിരിക്കുന്നത് 2012 ലെ കേരള പൊതുമരാമത്ത് മാന്വൽ വകുപ്പ് 1801.1.2 പ്രകാരമുള്ള നിർദേശങ്ങൾക്ക് വിരുദ്ധമാണ്.

6) 26.03.2018 ലെ ഹാബിറ്റാറ്റുമായി ഏർപ്പെട്ട കരാറിലെ 1.6 വ്യവസ്ഥ പ്രകാരം 18 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തിയായിട്ടില്ല. കാലാവധി നീട്ടുന്നതിനായി ഹാബിറ്റാറ്റ് അപേക്ഷ നൽകിയതിന്റെയോ കാലാവധി നീട്ടി നൽകിയതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ഹാബിറ്റാറ്റിന് നിർദേശം നൽകിയതിന്റെയോ പ്രവൃത്തിയുടെ പുരോഗതി ഉത്തരവാദിയായ ഉദ്യോഗസ്ഥൻ വിലയിരുത്തിയതിന്റെയോ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല (കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2106). കരാർ കാലാവധി ദീർഘിപ്പിച്ച് നൽകാതെ ഹാബിറ്റാറ്റിന് പാർട്ട് ബില്ലുകൾ പ്രകാരം തുക നൽകിയിട്ടുമുണ്ട്.

7) ഹാബിറ്റാറ്റിന്റെ 27.03.2021 ലെ 1218/2017/734 നമ്പർ കത്ത് പ്രകാരം 5th & ഫൈനൽ ബിൽ സമർപ്പിക്കുകയും നിർദിഷ്ട കെട്ടിടം പണി സ്ട്രക്ചർ വർക്കുകൾ പൂർത്തീകരിച്ച്, ബാലൻസ് വർക്കുകൾ കരാർ എടുക്കുന്ന ആൾ പൂർത്തീകരിക്കണമെന്ന വ്യവസ്ഥയോടെ നഗരസഭ കരാർ നൽകിയിട്ടുള്ളതാണെന്നും, ആയതിനാൽ ബാലൻസ് വർക്കുകൾ ഒഴിവാക്കി പൂർത്തീകരിച്ച വർക്കുകൾ മാത്രമാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. കംഫർട്ട് സ്റ്റേഷന്റെ മുഴുവൻ പ്രവൃത്തികളും ചെയ്യുന്നതിനായാണ് 2,82,16,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി, സാങ്കേതിക അനുമതി എന്നിവ നൽകിയിരിക്കുന്നത്. ടി തുക ഡെപ്പാസിറ്റ് വർക്ക് ആയി കണക്കാക്കി ഹാബിറ്റാറ്റുമായി കരാറിൽ ഏർപ്പെടുകയും എസ്റ്റിമേറ്റ് തുകയുടെ 20% തുകയായ 56,43,200 രൂപ അഡ്വാൻസായി ഹാബിറ്റാറ്റ് കൈപ്പറ്റുകയും ചെയ്തിട്ടുമുണ്ട്. ഏർപ്പെട്ട കരാർ പ്രകാരം എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ പ്രവൃത്തികളും ഹാബിറ്റാറ്റ് ആണ് ചെയ്യേണ്ടത് എന്നിരിക്കെ സ്ട്രക്ച്ചർ മാത്രം പൂർത്തിയാക്കി ഫൈനൽ ബിൽ നൽകിയത് ക്രമപ്രകാരമല്ല.

8) സ്ട്രക്ചർ പൂർത്തിയായതായി ഹാബിറ്റാറ്റ് കത്ത് നൽകിയെങ്കിലും തുടർ നിർമ്മാണം നടത്തുന്നതിനായി ഫണ്ട് വകയിരുത്തുന്നതിനോ, ബാക്കി പ്രവൃത്തികൾ സമയബന്ധിതമായി നടത്തി കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

9) 27.03.2021 ന് ഹാബിറ്റാറ്റ് നൽകിയ ഫൈനൽ ബിൽ പ്രകാരം ഹാബിറ്റാറ്റ് നഗരസഭക്ക് 8,42,392 രൂപ തിരികെ നൽകാനുണ്ട്. ടി തുക ഒരു വർഷം കഴിഞ്ഞിട്ടും തിരികെ ലഭ്യമാക്കിയിട്ടില്ല.

10) ഹാബിറ്റാറ്റിന്റെ തന്നെ 02.11.2020 ലെ 1218/2017/571 നമ്പർ കത്ത് പ്രകാരം കംഫർട്ട് സ്റ്റേഷന്റെ സ്ട്രക്ചർ പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിക്കുകയും R7-332233 ഫയൽ പ്രകാരം ലേല നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 27.03.2021 ന് മാത്രമാണ് ഹാബിറ്റാറ്റ് 5th പാർട്ട് & ഫൈനൽ ബിൽ, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ നൽകിയിരിക്കുന്നത്. അതിനും നാല് മാസം മുമ്പേ (11/2020) തന്നെ ലേലനടപടികൾ ആരംഭിച്ചിട്ടുണ്ട്.

11) ലേല പരസ്യം, നോട്ടീസ് എന്നിവയിലെല്ലാം ഒലവക്കോട് ഷോപ്പിംഗ് കോംപ്ലക്സ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കംഫർട്ട് സ്റ്റേഷൻ നിർമ്മാണം എന്ന രീതിയിൽ ആരംഭിച്ച പ്രൊജക്റ്റ് ഷോപ്പിംഗ് കോംപ്ലക്സ് ആയി മാറ്റിയതിന്റെ വിവരങ്ങൾ ഇല്ല.

11) കംഫർട്ട് സ്റ്റേഷന്റെ മുഴുവൻ പ്രവൃത്തികളും നടപ്പാക്കാൻ ഹാബിറ്റാറ്റുമായി എഗ്രിമെന്റ് നിലനിൽക്കെ സ്ട്രക്ചർ മാത്രം പൂർത്തിയാക്കിയ നിലയിൽ ലേലം ചെയ്യുകയും ബാക്കി നിർമ്മാണ പ്രവൃത്തികൾ ലേലം കൊണ്ട വ്യക്തി/സ്ഥാപനം ചെയ്യണമെന്ന നിബന്ധനകളോടെയാണ് ലേലം നടത്തിയത്. ഹാബിറ്റാറ്റുമായുള്ള കരാർ വ്യവസ്ഥ പ്രകാരമുള്ള Defect Liability Period നുള്ളിൽ ടി കെട്ടിടത്തിൽ മറ്റ് വ്യക്തികൾക്ക് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് അനുമതി നൽകിയത് ക്രമപ്രകാരമല്ല.

12) ബാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നത് സംബന്ധിച്ചും അപൂർണ്ണമായ കെട്ടിടം ലേലം നടത്തുന്നത്

സംബന്ധിച്ചും കംഫർട്ട് സ്റ്റേഷൻ എന്ന നിലയിൽ നിർമ്മാണം നടത്തിയ പ്രസ്തുത കെട്ടിടം ഷോപ്പിംഗ് കോംപ്ലക്സ് ആയി ഉപയോഗിക്കാൻ കഴിയുമോ എന്നത് സംബന്ധിച്ചും പ്രവൃത്തിക്ക് മേൽനോട്ടം വഹിക്കുന്ന എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അഭിപ്രായം ആരാഞ്ഞതായി ഫയലിൽ കാണുന്നില്ല.

13) സ്ട്രക്ചർ പൂർത്തീകരിച്ചിട്ടുള്ള കോംപ്ലക്സ് മൊത്തമായി ലേലം ചെയ്യുന്നതാണ് നഗരസഭക്ക് ലാഭം എന്നും ലേലം എടുക്കുന്ന വ്യക്തി അനുയോജ്യമായ രീതിയിൽ ബാക്കി പ്രവൃത്തി നടത്തുമ്പോൾ നഗരസഭക്ക് നിർമ്മാണ ചെലവ് ലാഭിക്കുകയും കാലതാമസം ഒഴിവാകുകയും ചെയ്യുമെന്ന് റവന്യൂ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ലേല നടപടികൾ ആരംഭിച്ചിരിക്കുന്നത്. ഇത്തരത്തിൽ പരിശോധന നടത്തുന്നതിന് റവന്യൂ ഓഫീസറെ മുനിസിപ്പൽ കൗൺസിലോ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ ചുമതലപ്പെടുത്തിയിട്ടില്ല.

14) 07.01.2021 ന് ലേലം നടന്നെങ്കിലും 01.06.2021 ലെ കൗൺസിലിൽ മാത്രമാണ് ലേലം അംഗീകരിച്ചിരിക്കുന്നത്. ലേലം നടന്ന ശേഷം 22.1.2021, 19.2.2021, 06.03.2021, 07.05.2021 എന്നീ തിയതികളിൽ കൗൺസിൽ യോഗങ്ങൾ നടന്നെങ്കിലും കൗൺസിൽ അജണ്ടയിൽ ഈ വിഷയം ഉൾപ്പെടുത്തുകയോ ലേലം അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

15) ലേലം കൊണ്ട വ്യക്തികൾ കെട്ടിടം ഏറ്റെടുക്കാത്ത സാഹചര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, മറ്റ് മൂന്ന് കൗൺസിലർമാർ, റവന്യൂ ഓഫീസർ, അസി. എഞ്ചിനീയർ എന്നിവർ 24.09.2021 ന് സ്ഥലപരിശോധന നടത്തി നൽകിയ റിപ്പോർട്ട് പ്രകാരം കെട്ടിടം ആരും ഏറ്റെടുക്കാത്ത സാഹചര്യത്തിൽ ഗ്രൗണ്ട് ഫ്ലോർ റസ്റ്റോറന്റോ മറ്റേതെങ്കിലും ആവശ്യത്തിനോ ഉപയോഗിക്കാനും മുകൾ നില കംഫർട്ട് സ്റ്റേഷൻ, ഡോർമിറ്ററി പോലെയുള്ള ലോഡ്ജിംഗ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാനും ലേല നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്യുകയും സാമൂഹ്യ വിരുദ്ധർ കെട്ടിടം ഉപയോഗിക്കുന്നുണ്ടെന്ന് പരാതികളെ തുടർന്ന് താൽക്കാലികമായി ഷീറ്റ് ഉപയോഗിച്ച് പ്രവേശനം അടക്കുന്നതിനും തീരുമാനിച്ചു. എന്നാൽ നഗരസഭാ സെക്രട്ടറി 28.10.2021 ന് മുനിസിപ്പൽ എഞ്ചിനീയർക്ക് നൽകിയ കുറിപ്പ് (നം.R8-33226/20) പ്രകാരം കെട്ടിടഭാഗം മുറികളാക്കി, ഓരോ മുറിയുടേയും തറ വിസ്തീർണ്ണം കണക്കാക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. കമ്മിറ്റിയുടെ നിർദേശത്തിൽ നിന്ന് വ്യത്യസ്തമായാണ് സെക്രട്ടറി മുനിസിപ്പൽ എഞ്ചിനീയർക്ക് കത്ത് നൽകിയിരിക്കുന്നത്. കൂടാതെ ഈ കത്തിന് മുനിസിപ്പൽ എഞ്ചിനീയർ തുടർ നടപടികൾ സ്വീകരിക്കുകയോ, മറുപടി നൽകുകയോ ചെയ്തതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

16) ഓഡിറ്റ് ടീം 21.04.2022 ന് അസി.എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ കെട്ടിടത്തിലേക്കുള്ള പ്രവേശനം അടച്ചിട്ടില്ലെന്നും കോമ്പൗണ്ടിൽ മാലിന്യം നിക്ഷേപിച്ചിട്ടുള്ളതായും ബോധ്യപ്പെട്ടു.



മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 46/09.05.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

അപാകങ്ങൾക്ക് രേഖകൾ സഹിതമുള്ള വിശദീകരണം ലഭ്യമാക്കേണ്ടതും, കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-39-3 ജൈവ വിപണന കേന്ദ്രം നിർമ്മാണം - അപാകങ്ങൾ

ഫയൽ നം: E2-66805/16, E2-63866/17, R8-33226/20

പാലക്കാട് നഗരസഭയിൽ സ്റ്റേഡിയം ബൈപാസിന് സമീപം വനിതാ ജൈവ വിപണന കേന്ദ്രം സ്ഥാപിക്കുന്നതിനായി 2016-17 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് ആവിഷ്കരിക്കുകയും (കൗൺസിൽ തീരുമാനം 491/09.09.2016) സോയിൽ ടെസ്റ്റ്, സ്ട്രക്ചറൽ ഡിസൈൻ എന്നിവ നടത്തുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും സ്ട്രക്ചേഴ്സ് ഇന്ത്യ എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും 2017-18 ൽ താഴെപ്പറയും പ്രകാരം തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| വർഷം | പ്രോജക്ട് നം | അടങ്കൽ | ബിൽ നം, തിയതി | ചെലവ് | |
|---|---|---|---|---|---|
| 2017-18 | 802/18 | 39,00,000 Development Fund General | 179/ 30.07.2017 | സോയിൽ ടെസ്റ്റ് | 61,700 |
| | | | | സ്ട്രക്ചറൽ ഡിസൈൻ (582.53 M2 X 3 Floors) | 69,903 |
| | | | | സർവീസ് ടാക്സ് | 19,740 |

| | | |
|---|---|---|
| | ആകെ | 1,51,343 |

2017-18 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ജൈവ വിപണന കേന്ദ്രം എന്ന പ്രോജക്ടിനായി 5 കോടി രൂപയുടെ പ്രവൃത്തിക്ക് 30.05.2017 ലെ 1007 -ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകാരം നൽകുകയും നിർമ്മാണ ചുമതല ഹാബിറ്റാറ്റിനെ ഏൽപ്പിക്കുകയും, ഹാബിറ്റാറ്റുമായി 26.03.2018 ന് കരാറിലേർപ്പെടുകയും (നം 378/17-18) ചെയ്തു.

ഈ പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നം | അടങ്കൽ | ചെലവ് തുക | ബിൽ നം, തിയതി | |
|---|---|---|---|---|---|
| 2017-18 | 782/18 | 1,00,00,000 - Development Fund General | 0 | -- | |
| 2018-19 | 352/19 | 1,14,00,000- Development Fund General | 20,00,000 | 23/18-19, 13.03.2019 | 20 % Advance |
| | | | 49,00,000 | 27/18-19, 23.03.2019 | |
| | | | 29,99,000 | 29/18-19, 27.03.2019 | |
| 2019-20 | 336/20 | 45,66,830- Development Fund General, 1,14,95,670- CFC | 55,46,521 | 07/19-20, 19.07.2019 | 1st & Part Bill, (2018-19 Q Bill) |
| 2020-21 | 375/21 | 1,50,00,000- Development Fund General, 1,10,00,000- CFC | 26,09,276 | 27/20-21, 26.02.2021 | 2nd & Part Bill (2019-20 Q Bill) |
| | | | 63,23,959 | 05/20-21, 12.11.2020 | 3rd & Part Bill (2019-20 Q Bill) |
| | | | 25,30,717 | 08/20-21, 12.11.2020 | 4th & Part Bill (2019-20 Q Bill) |
| | | | 25,51,230 | 01/20-21, 14.08.2020 | 5th & Part Bill |

| | | | | |
|---|---|---|---|---|
| | | | | |
| | | 27,90,008 | 03/20-21, 05.11.2020 | 6th & Part Bill |
| | | 25,76,663 | 19/20-21, 08.01.2021 | 7th & Part Bill |
| | | 38,01,427 | 18/20-21, 08.01.2021 | 8th & Part Bill |
| | | 27,41,283 | 17/20-21, 08.01.2021 | 9th & Part Bill |
| ആകെ | | 4,13,70,084 | | |

ഹാബിറ്റാറ്റ് ടെക്നിക്കൽ കമ്മിറ്റി 4,99,90,000 രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട് (നം.32/MLTY-PKD/2018 Dated 11.03.2018). സാങ്കേതികാനുമതി പ്രകാരം ജൈവ വിപണന കേന്ദ്രത്തിനായി 2874 M2 തറവിസ്തീർണ്ണമുള്ള 3 നില കെട്ടിടമാണ് വിഭാവനം ചെയ്തിരിക്കുന്നത് (958 M2 Each). എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| Building – Civil Work | 3,85,52,841 |
| Provision For Lift | 6,00,000 |
| Provision For Septic Tank & Soak Pit | 3,00,000 |
| Provision For Architectural Finishing And Landscaping | 3,00,000 |
| Provision For Window Glass | 3,00,000 |
| Provision For Electrification | 11,50,000 |
| Provision For PT Beam & Slab | 28,72,000 |
| Centage | 26,44,550 |
| GST | 32,70,427 |
| Lump Sum | 182 |
| Total | 4,99,90,000 |

ഹാബിറ്റാറ്റ് ടെക്നിക്കൽ കമ്മിറ്റി 08.11.2020 ൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. പൈൽ ഫൗണ്ടേഷനു പകരം ഓപ്പൺ ഫൂട്ടിംഗും പോസ്റ്റ് ടെൻഷനിംഗ് ബീം, സ്ലാബ് എന്നിവ എക്സ്ട്രാ ഐറ്റം ആയി ഉൾപ്പെടുത്തിയുമാണ് ആകെ എസ്റ്റിമേറ്റ് തുകയായ 4,99,00,000 രൂപയിൽ മാറ്റം വരുത്താതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ പ്രവൃത്തികൾ ഭാഗികമായി മാത്രം ചെയ്യുന്ന രീതിയിലാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. സെക്കന്റ് ഫ്ലോറിലെ ടൈലിംഗ് ഒഴിവാക്കിയും കെട്ടിടത്തിലുള്ള ചുവരുകളുടെ അളവിൽ കുറവ് വരുത്തിയും ടോയ് ലെറ്റുകളുടെ എണ്ണത്തിൽ കുറവ് വരുത്തിയും ജിപ്സം പാർട്ടീഷനുകൾ, പാരപെറ്റ് എന്നിവ ഒഴിവാക്കിയുമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| Item | Original Estimate | Revised Extimate | Reason Specified In Comparitive Statement |
|---|---|---|---|
| Solid Masonry Using Precast Solid Blocks | 226.217 M3 | 124.2948 M3 | More Openings Provided Hence The Quantity In Savings |

| | | | |
|---|---|---|---|
| Solid Masonry Using Precast Solid Blocks | 124.216 M3 | 61.70 M3 | Partition Wall Reduced Hence The Quantity Reduced |
| 12 Mm Cement Plaster Mix 1:4 | 5070.087 M2 | 3507.558 M2 | Savings Due To Saings In Wall |
| 9 Mm Cement Plaster Mix | 2962.47 M2 | 2305.90 M2 | Same As Above |
| Providing And Laying Vitrified Floor Tiles In Different Sizes | 2505.34 M2 | 1536.14 M2 | For Limiting The Cost Of To AS, Tile In Second Floor Not Provided |
| Providing And Laying Vitrified Floor Tiles In Different Sizes | 81.836 M2 | 38.116 M2 | Same As Above |
| Providing And Laying Ceramic Glazed Floor Tiles 300x300 Mm | 91.80 M2 | 19.35 M2 | Second Floor Toilet Area Is Not Included In The Revised Estimate |
| Providing And Laying Ceramic Glazed Wall Tiles | 106.851 M2 | 84.69 M2 | Same As Above |
| Finishing Wall With Premium Acrylic Smooth Exterior Paint | 8032.557 M2 | 5747.70 M2 | More Openings Provided Hence The Quantity In Savings, Partition Wall Reduced Hence The Quantity Reduced |
| Providing And Fixing White Vitreous China Pedestal Type Water Closet (European Type) | 12 Nos | 4 Nos | Number Of Toilets Reduced Hence Savings |
| Providing And Fixing White Vitreous China Urinal Basin | 12 Nos | 4 Nos | Same As Above |
| Providing And Fixing White Vitreous China Pedestal Type Water Closet (Indian Type) | 6 Nos | 2 Nos | Same As Above |
| Providing And Fixing Wash Basin | 24 Nos | 8 Nos | Same As Above |
| Providing And Fixing PVC Pipes Fittings Etc 25 Mm Pipe | 156 M | 52 M | Same As Above |
| Providing And Fixing PVC Pipes Fittings Etc 40 Mm Pipe | 39 M | 13 M | Same As Above |
| Providing And Fixing PVC Pipes Fittings Etc 50 Mm Pipe | 57.6 M | 19.2 | Same As Above |
| Providing And Laying Gypsum Panel Partitions 100 Mm Thick | 229.6 M2 | 0 | Due To Paucity Of Fund Partition Wall Not Provided |
| Providing Parapet To Roof Slab With Brick Masonry | 217.41 M | 0 | Due To Paucity Of Fund Brick Parapet Not Executed |
| Provision For Electrification | 11,50,000 | 6,00,000 | |
| Provision For Septic Tank And Soak Pit | 3,00,000 | 1,75,000 | |
| Provision For Lift | 6,00,000 | 0 | |
| Provision For Architectural Finishing And Landscaping | 3,00,000 | 0 | |
| Provision For Window Glass | 3,00,000 | 0 | |

എസ്റ്റിമേറ്റ് തുകയുടെ 20 % അഡ്വാൻസ് ആയി നൽകുകയും തുടർന്ന് 9 പാർട്ട് ബില്ലുകളായി തുക നൽകുകയും ചെയ്തിട്ടുണ്ട്. ഹാബിറ്റാറ്റ് നൽകിയ 27.03.2021 ലെ 1217/2017/735 നമ്പർ കത്ത് പ്രകാരം ജൈവ വിപണന കേന്ദ്രത്തിന്റെ കെട്ടിടം പണി സ്ട്രക്ചർ വർക്കുകൾ മാത്രം പൂർത്തീകരിച്ച് ബാലൻസ് വർക്കുകൾ കരാർ എടുക്കുന്ന ആൾ പൂർത്തീകരിക്കണമെന്ന വ്യവസ്ഥയോടെ നഗരസഭ കരാർ നൽകിയിയിട്ടുള്ളതാണെന്നും, ആയതിനാൽ ബാലൻസ് വർക്കുകൾ ഒഴിവാക്കി പൂർത്തീകരിച്ച വർക്കുകൾ മാത്രം ഉൾപ്പെടുത്തി 10th & ഫൈനൽ ബിൽ നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഫൈനൽ ബിൽ പ്രകാരം ഹാബിറ്റാറ്റ് 10,04,836 രൂപ അധികമായി കൈപ്പറ്റിയിട്ടുണ്ട്.

ഹാബിറ്റാറ്റിന്റെ 02.11.2020 ലെ 1217/2017/570 നമ്പർ കത്ത് പ്രകാരം ജൈവ വിപണന കേന്ദ്രത്തിന്റെ പ്രവ്യത്തി 3 നിലകളിലായി സ്ട്രക്ചർ പൂർത്തീകരിച്ചിട്ടുള്ളതാണെന്ന് അറിയിക്കുകയും സ്ട്രക്ചർ പൂർത്തീകരിച്ചിട്ടുള്ള കോംപ്ലക്സ് മൊത്തമായി ലേലം ചെയ്യുന്നതാണ് നഗരസഭക്ക് ലാഭം എന്നും, ലേലം എടുക്കുന്ന വ്യക്തി അനുയോജ്യമായ രീതിയിൽ ബാക്കി പ്രവ്യത്തി നടത്തുമ്പോൾ നഗരസഭക്ക് നിർമ്മാണ ചെലവ് ലാഭിക്കുകയും കാലതാമസം ഒഴിവാകുകയും ചെയ്യുമെന്ന് റവന്യൂ ഓഫീസറുടെ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 5/11/2020 ലെ 577 -ാം നമ്പർ തീരുമാന പ്രകാരം ലേലം നടത്താൻ തീരുമാനിക്കുകയും ചെയ്തു. കൗൺസിലിന്റെ 06.11.2020 ലെ 2770 -ാം നമ്പർ തീരുമാന പ്രകാരം ലേല വ്യവസ്ഥകൾ അംഗീകരിക്കുകയും, ലേലം ചെയ്യുന്നതിന് റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു. 07.01.2021 ൽ നടന്ന ലേലത്തിൽ ജനറൽ വിഭാഗത്തിൽ ചതുരശ്ര അടിക്ക് 115 രൂപ തറവാടക നിരക്കിൽ ശ്രീ.ഷറഫുദ്ദീൻ എന്ന വ്യക്തിക്കും എസ്.സി/എസ്.ടി വിഭാഗത്തിൽ 95 രൂപ തറവാടക നിരക്കിൽ ശ്രീ.സുരേഷ് എന്ന വ്യക്തിക്കും ലേലം ഉറപ്പിക്കാൻ കൗൺസിലിന് സമർപ്പിച്ചു. എന്നാൽ കൗൺസിൽ 01.06.2021 ൽ നടന്ന കൗൺസിൽ യോഗത്തിൽ മാത്രമാണ് ആയത് ചർച്ച ചെയ്തിരിക്കുന്നത്. ജനറൽ വിഭാഗത്തിൽ ലേലം കൊണ്ട ശ്രീ. ഷറഫുദ്ദീൻ നഗരസഭയിലെ തന്നെ ലൈസൻസിയാണെന്നും, വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.കേരള ഹൈക്കോടതിയിൽ കേസ് നൽകിയിട്ടുള്ള ആളാണെന്നും, പുതിയ കെട്ടിടസമുച്ചയത്തിന്റെ വാടക കൃത്യമായി അടവാക്കാൻ കഴിയുമോ എന്ന് സംശയമാണെന്നും, അതിനാൽ ടിയാൻ ലേലം കൊണ്ട നിരക്കിൽ അംഗീകാരം നൽകേണ്ടതില്ലെന്നും തീരുമാനിച്ചു. ലേലത്തിൽ തൊട്ടടുത്ത നിരക്ക് രേഖപ്പെടുത്തിയ (ചതുരശ്ര അടിക്ക് 113 രൂപ) ശ്രീ.കാദർ.കെ എന്ന വ്യക്തിയുമായി നെഗോസിയേഷൻ നടത്താൻ ചെയർപേഴ്സണെ ചുമതലപ്പെടുത്തുകയും എസ്.സി വിഭാഗത്തിന്റെ ലേലം അംഗീകരിക്കുകയും ചെയ്തു.

ശ്രീ.കെ.കാദർ 30.06.2021 ന് ചെയർപേഴ്സൺ മുമ്പാകെ ഹാജരാകുകയും നിലവിലെ കോവിഡ് സാഹചര്യത്തിൽ കെട്ടിടം ഏറ്റെടുക്കാൻ കഴിയില്ല എന്ന് അറിയിച്ചു. എസ്.സി വിഭാഗത്തിൽ ലേലം കൊണ്ട ശ്രീ.സുരേഷിന് കത്തും (R7-32226/20, Dt.18.06.2021), ഓർമ്മക്കുറിപ്പും (R7-32226/20, Dt.11.08.2021) നൽകിയെങ്കിലും ഡെപ്പോസിറ്റ് അടവാക്കുകയോ, മറുപടി നൽകുകയോ ചെയ്തിട്ടില്ല. തുടർന്ന് ഇ.എം.ഡി തുകകൾ കണ്ടുകെട്ടാനും പുനർലേലം നടത്താനും തീരുമാനിച്ചു (ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 20.09.2021 ലെ 148-ാം നമ്പർ തീരുമാനം).

പുനർലേലം നടത്തുന്നതുമായി ബന്ധപ്പെട്ട് 12.07.2021 ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുകയും കെട്ടിടം നിലവിലുള്ള അവസ്ഥയിൽ തന്നെ മുറികളാക്കി വിഭജിച്ച് ലേലം ചെയ്യുന്നതാണ് നല്ലതെന്ന് പല അംഗങ്ങളും അഭിപ്രായപ്പെട്ടതിനാൽ വിഷയം കൗൺസിലിലേക്ക് ശുപാർശ ചെയ്യുകയും (തീരുമാനം നം.118), 27.08.2021 ലെ കൗൺസിലിന്റെ 18-ം നമ്പർ തീരുമാന പ്രകാരം കെട്ടിടം മുറികളാക്കി വിഭജിച്ച് ടെണ്ടർ/ലേലം നടത്തുന്നതിന് ഓരോ മുറികളുടേയും തറ വിസ്തീർണ്ണം കണക്കാക്കേണ്ടതിനാലും, നിരക്കുകളിൽ മാറ്റം വരുത്തേണ്ടതിനാലും, ബൈലോയിൽ മാറ്റം വരുത്തേണ്ടതിനാലും നിർദേശങ്ങൾ സമർപ്പിക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തി.

തുടർന്ന് 13.09.2021ന് എഞ്ചിനീയറിംഗ് വിഭാഗത്തിലേക്കുള്ള കുറിപ്പ് നല്കിയെങ്കിലും മറുപടി ലഭ്യമാകാത്തതിനാൽ 28.10.2021 ന് മുനിസിപ്പൽ എഞ്ചിനീയർക്ക് വീണ്ടും കുറിപ്പ് നൽകി. E2-63886/17 എന്ന ഫയലിൽ തുടർ നടപടികൾ സ്വീകരിക്കുകയും കടമുറികളാക്കി തിരിച്ച് വിസ്തീർണ്ണം കണക്കാക്കിയിട്ടുമുണ്ട്. എന്നാൽ നിയമാനുസൃതം ആവശ്യമായ ടോയ് ലെറ്റ് സൗകര്യങ്ങൾ കൂടി ഉൾക്കൊള്ളിക്കാൻ 27.11.2021 ന് മുനിസിപ്പൽ എഞ്ചിനീയർ നിർദേശം നൽകിയിട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ച് റവന്യൂ സെക്ഷനിലേക്ക് അറിയിച്ചിട്ടില്ല.

നഗരസഭയിലെ അസി.എഞ്ചിനീയറുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ സ്ട്രക്ചർ വരെ മാത്രം പൂർത്തിയായ രീതിയിലാണ് കെട്ടിടം ഉള്ളതെന്ന് വ്യക്തമായി.



ഈ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) വനിത ജൈവവിപണന കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി 2016-17 ൽ പ്രൊജക്ട് ആവിഷ്കരിക്കുകയും സോയിൽ ടെസ്റ്റ്, സ്ട്രക്ചറൽ ഡിസൈൻ എന്നിവക്കായി 1,51,343 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രോജക്ടിന്റെ തുക നൽകുന്നതിന് മുമ്പ് തന്നെ ജൈവ വിപണന കേന്ദ്രം എന്ന പുതിയ പ്രോജക്ടിന് അംഗീകാരം വാങ്ങി ഹാബിറ്റാറ്റിനെ ഏൽപ്പിച്ചിട്ടുണ്ട്. പുതിയ പ്രോജക്ട് ആവഷ്കരിച്ചതിലൂടെ സോയിൽ ടെസ്റ്റ്, സ്ട്രക്ചറൽ ഡിസൈൻ എന്നിവക്കായി ചെലവഴിച്ച തുക അനാവശ്യ ചെലവായി മാറി.

2) 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ചുകൊണ്ട് തയ്യാറാക്കിയ പ്ലാൻ അല്ല ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ വിസ്തീർണ്ണം, പ്ലോട്ട് ഏരിയ, FAR, Coverage എന്നിവയൊന്നും പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല. കെട്ടിടത്തിന്റെ എലിവേഷൻ, സൈറ്റ് പ്ലാൻ, സർവീസ് പ്ലാൻ എന്നിവയും രേഖപ്പെടുത്തിയിട്ടില്ല. പ്ലാൻ ഇല്ലാത്തതിനാൽ മേൽ ചട്ടങ്ങളിലെ 54 പ്രകാരം കമേഴ്സ്യൽ കെട്ടിടങ്ങൾക്ക് ബാധകമായ നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. 1999ലെ കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 7(4) പ്രകാരം നഗരസഭ നിർമ്മിക്കുന്ന കെട്ടിടം ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെന്ന് സെക്രട്ടറി പ്ലാനിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അംഗീകരിച്ച പ്ലാൻ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

3) E2-63889/17 നമ്പർ ഫയലിൽ സൂക്ഷിച്ചിട്ടുള്ള കരാർ (നം.369/17-18, തി 26.03.2018) പ്രകാരം Defect Liability Period എന്നത് 3 വർഷം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (കരാർ വ്യവസ്ഥ നം:1.5). എന്നാൽ GO(P)No.107/2016/Fin Dated 27.07.2016 പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ വഴി നടത്തുന്ന പ്രവൃത്തികളുടെ Defect Liability Period 5 വർഷം ആണ് നിശ്ചയിച്ചിരിക്കുന്നത്. സർക്കാർ ഉത്തരവ് പാലിക്കാതെ കരാറിലേർപ്പെട്ടിട്ടുണ്ട്.

4) കരാർ വ്യവസ്ഥ നം.1.6 പ്രകാരം 24 മാസമാണ് പ്രവൃത്തി പൂർത്തീകരണ കാലാവധി. നിശ്ചിത കാലാവധിക്കകം പ്രവൃത്തി പൂർത്തിയാക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കാലാവധി ദീർഘിപ്പിച്ച നൽകിയതിന്റെ വിവരങ്ങളോ, സപ്ലിമെന്ററി എഗ്രിമെന്റുകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) ആദ്യ എസ്റ്റിമേറ്റിൽ പൈൽ ഫൗണ്ടേഷനാണ് ഹാബിറ്റാറ്റ് ഉൾപ്പെടുത്തിയിരുന്നത്. പ്രവൃത്തി ആരംഭിച്ച് സോയിൽ ടെസ്റ്റ് റിപ്പോർട്ട് പ്രകാരം പൈൽ ഫൗണ്ടേഷൻ മാറ്റി ഓപ്പൺ ഫൂട്ടിംഗ് ആക്കി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. വനിതാ ജൈവ വിപണന കേന്ദ്രം എന്ന പ്രോജക്ടിന്റെ ഭാഗമായി സോയിൽ ടെസ്റ്റ് നടത്തി റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. ആയത് ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഉപയോഗപ്പെടുത്തുകയോ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം എസ്റ്റിമേറ്റ് പരിശോധിച്ച് ആവശ്യമായ നിർദേശം നൽകുകയോ ചെയ്തിട്ടില്ല.

6) പ്രവൃത്തി പൂർണ്ണമായി പൂർത്തിയാക്കാത്ത രീതിയിലുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്

വിശദീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഹാബിറ്റാറ്റിന് കത്ത് നൽകിയതായോ, നിർവഹണ ഉദ്യോഗസ്ഥൻ ഈ വിഷയം മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടേയോ, കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതായോ കാണുന്നില്ല.

7) G.O(P)No.25/2018/Fin Dt 21.02.2018 ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ വഴി നിർവഹണം നടത്തുന്ന പ്രവൃത്തികളുടെ സാങ്കേതിക അനുമതി അക്രഡിറ്റഡ് ഏജൻസികൾകൾക്ക് തന്നെ നൽകാവുന്നതാണ്. സാങ്കേതിക അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് മാനുലിലെ നിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണെന്നും സാങ്കേതിക അനുമതിയിലുള്ള അപാകങ്ങൾക്ക് അക്രഡിറ്റഡ് ഏജൻസി ഉത്തരവാദിയായിരിക്കും എന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ജൈവ വിപണന കേന്ദ്രത്തിന്റെ നിർമ്മാണം പൂർണ്ണമായും പൂർത്തിയാക്കാത്ത തരത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്ക് സാങ്കേതിക അനുമതി നൽകിയിരിക്കുന്നത് 2012 ലെ കേരള പൊതുമരാമത്ത് മാനുൽ വകുപ്പ് 1801.1.2 പ്രകാരമുള്ള നിർദേശങ്ങൾക്ക് വിരുദ്ധമാണ്.

8) 26.03.2018 ൽ കരാറിലേർപ്പെട്ടെങ്കിലും 2019 മാർച്ച് മാസത്തിലാണ് ഹാബിറ്റാറ്റിന് അഡ്വാൻസ് കൈമാറിയിരിക്കുന്നത്.

9) കരാർ വ്യവസ്ഥ 2.3 പ്രകാരം 20 % അഡ്വാൻസ് ആയും തുടർന്ന് ഓരോ സ്റ്റേജിന്റേയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് 5 തവണകളായി 15% തുകയുമാണ് നൽകേണ്ടത്. എന്നാൽ ഹാബിറ്റാറ്റിന് അഡ്വാൻസ് കൂടാതെ 9 പാർട്ട് ബില്ലുകളായി തുക നൽകിയിട്ടുണ്ട്. കരാർ വ്യവസ്ഥക്ക് വിരുദ്ധമായി തുക നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

10) ഹാബിറ്റാറ്റിന്റെ 27.03.2021 ലെ 1217/2017/735 നമ്പർ കത്ത് പ്രകാരം 10$^{th}$ & ഫൈനൽ ബിൽ നൽകിയിട്ടുള്ളതാണ്. ആയത് പ്രകാരം 10,04,836 രൂപ അധികമായി കൈപ്പറ്റിയിട്ടുണ്ട്. നാളിതുവരെ ടി തുക ക്രമീകരിച്ചിട്ടില്ല.

11) ഹാബിറ്റാറ്റ് നൽകിയ 10$^{th}$ & ഫൈനൽ ബിൽ, എം ബുക്ക് എന്നിവ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തിയും പൂർത്തിയാക്കാതെയാണ് ബിൽ നൽകിയിട്ടുള്ളത്.

12) റവന്യൂ സെക്ഷനിലെ ഫയൽ, ലേല പരസ്യം, നോട്ടീസ് എന്നിവയിലെല്ലാം സ്റ്റേഡിയം ബൈപാസ് ഷോപ്പിംഗ് കോംപ്ലക്സ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജൈവ വിപണന കേന്ദ്രം എന്ന രീതിയിൽ ആരംഭിച്ച പ്രൊജക്ട് ഷോപ്പിംഗ് കോംപ്ലക്സ് ആയി മാറ്റിയത് വിശദീകരിക്കേണ്ടതാണ്. 2017-18 ലെ 782/18 പ്രൊജക്ടിന്റെ ലക്ഷ്യങ്ങളായി കുടുംബശ്രീ യൂണിറ്റുകളും കർഷകരും ഉത്പാദിപ്പിക്കുന്ന ജൈവ പച്ചക്കറികളുടേയും ഭക്ഷ്യവസ്തുക്കളുടേയും സംഭരണവും വില്പനയും ആണ് ടി കെട്ടിടത്തിൽ വിഭാവനം ചെയ്തിരുന്നത്.

13) കെട്ടിടത്തിന്റെ സ്ട്രക്ചർ വരെയുള്ള ഭാഗത്തിന്റെ നിർമ്മാണം പൂർത്തിയാക്കി ബാക്കി പ്രവൃത്തി ലേലം കൊണ്ട വ്യക്തികൾ ചെയ്യണമെന്ന വ്യവസ്ഥയോടെ ലേലം ചെയ്യുന്നതാണ് നഗരസഭക്ക് ഗുണകരമെന്ന് റവന്യൂ ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഭാഗികമായി മാത്രം പൂർത്തിയായ കെട്ടിടം ലേലം ചെയ്യാനുള്ള നടപടി സ്വീകരിച്ചിരിക്കുന്നത്. ഇത്തരത്തിൽ പരിശോധന നടത്തുന്നതിന് റവന്യൂ ഓഫീസറെ മുനിസിപ്പൽ കൗൺസിലോ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ ചുമതലപ്പെടുത്തിയിട്ടില്ല. കെട്ടിടം പണി പൂർത്തിയാക്കി മുറികളാക്കി ലേലം നടത്തുന്നതിനേക്കാൾ ലാഭകരമാണ് ഭാഗികമായി പൂർത്തിയാക്കി ലേലം നടത്തുന്നത് എന്നത് സാധൂകരിക്കുന്ന വിവരങ്ങൾ ഇല്ല.

14) 27.03.2021 ന് മാത്രമാണ് ഹാബിറ്റാറ്റ് 10$^{th}$ പാർട്ട് & ഫൈനൽ ബിൽ, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ നൽകിയിരിക്കുന്നത്. 7$^{Th}$, 8$^{th}$, 9$^{th}$ പാർട്ട് ബില്ലുകൾ ഹാബിറ്റാറ്റ് നൽകി ആവശ്യമായ പരിശോധന നടത്തി തുക നൽകുന്നതിന് മുമ്പ് തന്നെ 2020 നവംബർ മാസത്തിൽ കെട്ടിടത്തിന്റെ ലേല നടപടികൾ ആരംഭിച്ചിട്ടുണ്ട്.

15) ഈ കെട്ടിടം ബാക്കി പ്രവൃത്തികൾ നടത്തി പൂർത്തിയാക്കാൻ കഴിയുമോ എന്നും, ഹാബിറ്റാറ്റുമായുള്ള കരാർ പ്രകാരമുള്ള Defect Liability Period – നള്ളിൽ കെട്ടിടത്തിൽ ലേലം കൊണ്ട വ്യക്തിക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ അനുമതി നൽകാമോ എന്നും നിർവഹണ ഉദ്യോഗസ്ഥന്റെയോ, എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയോ അഭിപ്രായം ആരാഞ്ഞതായി ഫയലിൽ (R7-33224/20) കാണുന്നില്ല.

16) കെട്ടിടം ഭാഗികമായി നിർമ്മാണം പൂർത്തിയാക്കുന്ന രീതിയിൽ കെട്ടിടം മൊത്തത്തിൽ ലേലം ചെയ്യുന്നതിനായി നഗരസഭ നിലവിലുള്ള ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയതായോ, നിലവിലുള്ള ബൈലോയിൽ മാറ്റം വരുത്തിയതായോ ഉള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

17) കെട്ടിടത്തിന്റെ ലേലം 07.01.2021 ന് നടന്നെങ്കിലും 01.06.2021 ലെ കൗൺസിലിൽ മാത്രമാണ് ലേലം അംഗീകരിച്ചിരിക്കുന്നത്. ലേലം നടന്ന ശേഷം 22.1.2021, 19.2.2021, 06.03.2021, 07.05.2021 എന്നീ തിയതികളിൽ കൗൺസിൽ യോഗങ്ങൾ നടന്നെങ്കിലും കൗൺസിൽ അജണ്ടയിൽ ഈ വിഷയം ഉൾപ്പെടുത്തുകയോ ലേലം അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

18) കെട്ടിടം മുറികളാക്കി തിരിച്ച് ലേലം ചെയ്യുന്നതാണ് നല്ലതെന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദേശം കൗൺസിൽ അംഗീകരിക്കുകയും മുറികളാക്കി തിരിച്ച് തറവിസ്തീർണ്ണം ലേലം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭാഗികമായി മാത്രം പൂർത്തിയായ കെട്ടിടം നിലവിലുള്ള അവസ്ഥയിൽ ലേലം ചെയ്യുന്നത് പ്രായോഗികമാണോയെന്ന് പരിശോധിക്കേണ്ടതാണ്. കെട്ടിടത്തിന് പൊതുവായി ചെയ്യേണ്ട ഇലക്ട്രിക്കൽ, പ്ലംബിംഗ് പ്രവൃത്തികൾ, ടോയ്.ലെറ്റുകൾ, സെപ്റ്റിക് ടാങ്ക് എന്നിവയുടെ നിർമ്മാണം, ലിഫ്റ്റ്/എസ്കലേറ്റർ എന്നിവ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളും കെട്ടിടത്തിന്റെ പൊതുവായ ഭാഗങ്ങളുടെ പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, ഫ്ലോറിങ്ങ് പ്രവൃത്തികളും മുറികൾ ലേലം കൊണ്ട വ്യക്തികൾക്ക് ചെയ്യാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്. മാത്രവുമല്ല കെട്ടിടത്തിന്റെ പുറം ഭാഗത്തിന്റെ പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് അടക്കമുള്ള ഫിനിഷിംഗ് ജോലികളും ലേലം കൊണ്ട വ്യക്തികൾക്ക് ചെയ്യാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്. കെട്ടിടം മുറികളാക്കി ലേലം ചെയ്യുന്നതിന് മുമ്പായി ഇത്തരം വിഷയങ്ങൾ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

അപാകങ്ങൾ ഓഡിറ്റ് അന്വേഷണം നം.48/09.05.2022 പ്രകാരം നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അപാകങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-39-4 ടൗൺഹാൾ അനക്സ് നിർമ്മാണം നാല് വർഷമായിട്ടും പൂർത്തിയായിട്ടില്ല

E3-63886/2017-18

മുനിസിപ്പൽ എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന ടൗൺഹാൾ അനക്സ് നിർമ്മാണം എന്ന പ്രോജക്ടിന് കൗൺസിലിന്റെ 30.05.2017 ലെ 1007- ാം നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകുകയും 4,00,00,000 രൂപ അടങ്കൽ നിശ്ചയിച്ച് നിർമ്മാണം ഹാബിറ്റാറ്റിനെ ഏൽപ്പിക്കുകയും ചെയ്തു. 26.03.2018 ൽ ഹാബിറ്റാറ്റുമായി കരാറിലേർപ്പെട്ടു (കരാർ നം.373/17-18).

നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നം | അടങ്കൽ | ചെലവ് തുക | ബിൽ നം, തിയതി |
|---|---|---|---|---|
| 2017-18 | 813/18 | 80,00,000-CFC | 0 | -- |
| 2018-19 | 353/19 | 1,00,00,000-CFC | 80,00,000 | 05/18-19, 28.05.2018 |
| 2019-20 | 305/20 | 75,00,000-CFC | 20,00,000 | 05/19-20, 21.06.2019 (2018-19 Q Bill) |
| | | | 39,62,806 | 09/19-20, 05.09.2019 |
| 2020-21 | 368/21 | 80,00,000-Development Fund General | 10,37,194 | 32/20-21, 25.03.2021 (2019-20 Q Bill) |
| | | | 22,22,561 | 02/20-21, 23.10.2020 |
| 2021-22 | 453/22 | 20,00,000-CFC | 14,23,373 | 62/21-22, 17.02.2022 |

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) ഓഡിറ്റിന് ലഭ്യമാക്കിയ E3-63556/2017-18ഫയൽ പ്രകാരം 07.03.2019 ലെ റീകാസ്റ്റ് എസ്റ്റിമേറ്റും, സാങ്കേതികാനുമതിയുമാണ് (നം. 75/HTG/Palakkad Municipality, 07.03.2019) ഫയലിലുള്ളത്. ആദ്യ എസ്റ്റിമേറ്റ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

2) എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യാനുണ്ടായ കാരണങ്ങൾ ഫയലിലോ, എസ്റ്റിമേറ്റ് റിപ്പോർട്ടിലോ

വ്യക്തമാക്കിയിട്ടില്ല. മാത്രവുമല്ല 26.03.2018 ൽ കരാറിലേർപ്പെടുകയും 28.05.2018 ന് 80,00,000 രൂപ അഡ്വാൻസ് നൽകുകയും ചെയ്തിട്ടും, 03/2019 വരെയും പ്രവൃത്തി ആരംഭിക്കാതെ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്തിട്ടുണ്ട്.

3) ഫയലിൽ സൂക്ഷിച്ചിരിക്കുന്ന കരാറിന്റെ മുഴുവൻ പേജുകളും ഇല്ല. കരാറിലെ ആദ്യ രണ്ട് പേജുകൾക്ക് ശേഷം ഖണ്ഡിക 1.4 വരെയുള്ള ഭാഗങ്ങൾ ഇല്ല. കരാറിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചതിലും മേൽ പ്രകാരമുള്ള പേജുകൾ ഇല്ലെന്ന് കാണുന്നു.

4) അംഗീകരിച്ച പ്ലാൻ ഫയലിൽ ഇല്ല. നോട്ട് ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം 20.10.2018 ന് പുതുക്കിയ പ്ലാൻ ഹാബിറ്റാറ്റ് സമർപ്പിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല 15.02.2019 ന് മുനിസിപ്പൽ എഞ്ചിനീയർ ഹാബിറ്റാറ്റിന് നൽകിയ കത്ത് പ്രകാരം സൈറ്റ് കണ്ടീഷൻ അനുസരിച്ച് പ്ലാനിൽ മാറ്റം വരുത്തിയതിനാൽ പുതുക്കിയ എസ്റ്റിമേറ്റും, സാങ്കേതികാനുമതിയും ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ മാറ്റം വരുത്തിയ പ്ലാൻ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) കരാർ പ്രകാരം Defect Liability Period എന്നത് 3 വർഷം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (കരാർ വ്യവസ്ഥ നം:1.5). എന്നാൽ GO(P)No.107/2016/Fin Dated 27.07.2016 പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ വഴി നടത്തുന്ന പ്രവൃത്തികളുടെ Defect Liability Period 5 വർഷം ആണ് നിശ്ചയിച്ചിരിക്കുന്നത്.

6) കരാർ (ഖണ്ഡിക 1.6) പ്രകാരം 18 മാസത്തിനകം നിർമ്മാണം പൂർത്തിയാക്കേണ്ടതായിരുന്നു. ആയത് പ്രകാരം 26.03.2018 ന് സൈറ്റ് കൈമാറുകയായതിനാൽ നിർമ്മാണം 25.09.2019 ന് പൂർത്തിയാക്കേണ്ടതുണ്ടെന്നും എന്നാൽ 4th ബിൽ നൽകിയിരിക്കുന്നത് 08.07.2021 നാണെന്നും ആയതിനാൽ 26.09.2019 മുതൽ 26.03.2020 വരെയും, 26.03.2020 മുതൽ 26.09.2020 വരെയും 26.09.2020 മുതൽ 26.03.2021 വരെയും 26.03.2021 മുതൽ 26.09.2021 വരെയും കാലാവധി നീട്ടി നൽകേണ്ടതുണ്ടെന്നും 18.12.2021 ന് ഓവർസിയർ ഫയലിൽ രേഖപ്പെടുത്തുകയും 24.12.2021 ന് മുനിസിപ്പൽ എഞ്ചിനീയർ അംഗീകരിച്ചിട്ടുമുണ്ട്. തുടർന്ന് ഹാബിറ്റാറ്റുമായി സപ്ലിമെന്ററി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം കരാർ ദീർഘിപ്പിച്ചിട്ടില്ല.

7) ലോക്ക് ഡൗൺ കാരണവും ഫണ്ട് യഥാസമയം ലഭിക്കാത്തത് കാരണവും മൂലം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ 30.06.2022 വരെയെങ്കിലും സമയം ദീർഘിപ്പിക്കണമെന്നുമുള്ള ഹാബിറ്റാറ്റ് ചെയർമാന്റെ കത്ത് (നം, തിയതി ഇല്ല) ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും തുടർനടപടി വിവരങ്ങൾ ഇല്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 50/09.05.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് ടീം 21.04.2022 ന് നഗരസഭയിലെ അസി. എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടത്തിന്റെ പാർക്കിംഗ്, ഗ്രൗണ്ട് ഫ്ലോർ എന്നിവയുടെ സ്ട്രക്ചർ വരെ മാത്രമാണ് പൂർത്തിയായിരിക്കുന്നതെന്നും ടി സ്ഥലത്ത് നിലവിൽ നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ലെന്നും വ്യക്തമായി.



അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കെട്ടിട നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-39-5 ചിന്മയ നഗർ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം - പൂർത്തിയായില്ല

ഫയൽ നം: E3-63884/2017-18

ചിന്മയ നഗർ കമ്മ്യൂണിറ്റി ഹാൾ എന്ന പ്രവൃത്തിക്ക് 30.05.2017 ലെ 1007 -ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അനുമതി നൽകി. മുനിസിപ്പൽ എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ഹാബിറ്റാറ്റിനെ നിർമ്മാണ ചുമതല ഏൽപ്പിക്കുകയും 65,00,000 രൂപ അടങ്കൽ നിശ്ചയിച്ച പ്രവൃത്തിക്ക് 42/MLTY-PKD/2018 പ്രകാരം സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ഈ പ്രവൃത്തിക്കായി നാളിതുവരെ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | പ്രോജക്ട് നം | അടങ്കൽ | ചെലവ് തുക | ബിൽ നം, തിയതി | |
|---|---|---|---|---|---|
| 2017-18 | 718/18 | 12,00,000 (Development Fund - General) | 0 | -- | |
| 2018-19 | 351/19 | 12,00,000- (Development Fund - General) 10,000 - CFC | 12,00,000 | 16/18-19, 23.06.2018 | അഡ്വാൻസ് തുക |
| 2019-20 | 150/20 | 1,86,284- (Development Fund - General) 6,00,000 - CFC | 0 | -- | |
| 2020-21 | 602/21 | 21,10,939- CFC | 0 | -- | |

| | | | | | |
|---|---|---|---|---|---|
| 2021-22 | 372/22 | 10,00,000-(Development Fund – General) | 4,21,678 | 03/21-22, 13.10.2021 | 1st & Part Bill |
| | | | 5,69,702 | 04/21-22, 19.01.2022 | 2nd & Part Bill |

ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെചേർക്കുന്നു.

1. ഹാബിറ്റാറ്റുമായുള്ള 26.03.2018 ലെ 376/17-18 നമ്പർ കരാർ വ്യവസ്ഥ 1.5 പ്രകാരം Defect Liability Period എന്നത് 3 വർഷം ആണ്. എന്നാൽ എന്നാൽ GO(P)No.107/2016/Fin Dated 27.07.2016 പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ വഴി നടത്തുന്ന പ്രവൃത്തികളുടെ Defect Liability Period 5 വർഷം ആണ് നിശ്ചയിച്ചിരിക്കുന്നത്. സർക്കാർ നിർദേശം പാലിക്കാതെ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.
2. മേൽ കരാറിലെ വ്യവസ്ഥ 1.6 പ്രകാരം 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. നാളിതുവരെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി നിർവഹണ ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.
3. പ്രവൃത്തി പൂർത്തീകരണ കാലാവധി 26.03.2019 മുതൽ 25.03.2021 വരെ നീട്ടി നൽകുന്നത് സംബന്ധിച്ച് 16.12.2021 ന് ഓവർസിയർ ഫയലിൽ രേഖപ്പെടുത്തുകയും 17.12.2021 ന് മുനിസിപ്പൽ എഞ്ചിനീയർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം നാല് സപ്ലിമെന്ററി എഗ്രിമെന്റുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. 25.03.2021 ന് ശേഷം കാലാവധി നീട്ടി നൽകിയിട്ടില്ല.
4. ഹാബിറ്റാറ്റ് ഫസ്റ്റ് പാർട്ട് ബിൽ 26.05.2019 ന് നൽകിയെങ്കിലും തുക അനുവദിച്ചിരിക്കുന്നത് രണ്ട് വർഷത്തിലധികം കഴിഞ്ഞ് 13.10.2021 ൽ മാത്രമാണ്. ഫസ്റ്റ് പാർട്ട് ബിൽ തുക നാല് ലക്ഷം രൂപ ഉണ്ടെന്നും, 2019-20 ൽ ആകെ 1,36,284 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളു എന്നതിനാൽ ഫയൽ അക്കൗണ്ട്സ് സെക്ഷനിൽ നിന്നും 14.10.2019 ന് തിരികെ നൽകുന്നതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അടുത്ത ഡി.പി.സി യിൽ പ്രോജക്ട് റിവൈസ് ചെയ്യാവുന്നതാണെന്ന് ഓവർസിയർ രേഖപ്പെടുത്തുകയും അസി. എക്സി. എഞ്ചിനീയർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർ നടപടി വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. സുലേഖ പ്രകാരമുള്ള വിവരങ്ങൾ പ്രകാരം 2019-20 വർഷത്തിൽ വികസനഫണ്ട് - പൊതു വിഭാഗത്തിൽ 1,86,284 രൂപയും, ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഭാഗത്തിൽ 6,00,000 രൂപയും സഹിതം ആകെ 7,86,284 രൂപ ഉണ്ടായിരുന്നു. കൂടാതെ 2020-21 വർഷത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 21,10,939 രൂപയും വകയിരുത്തിയിരുന്നു. ആവശ്യത്തിന് തുക ഉണ്ടായിട്ടും 2019-20, 2020-21 വർഷങ്ങളിൽ ബിൽ തുക നൽകിയിട്ടില്ല.
5. ഹാബിറ്റാറ്റ് 07.08.2020 ന് നൽകിയ HTG/07/2020/760 കത്ത് പ്രകാരം ഫണ്ട് ആവശ്യത്തിന് ലഭ്യമാകാത്തതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുന്നില്ലെന്നും കാലാവധി 31.12.2021 വരെയെങ്കിലും ദീർഘിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് A.E റിപ്പോർട്ടിനായി അയക്കാമെന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മുനിസിപ്പൽ എഞ്ചിനീയർ/അസി.എക്സി. എഞ്ചിനീയർ അംഗീകാരം നൽകിയതായി രേഖപ്പെടുത്തിയിട്ടില്ല. അതിന് താഴെയായി നോട്ട് ഫയലിൽ അസി.എഞ്ചിനീയർ 13.04.2021 ന് റിപ്പോർട്ട് ചെയ്തത് പ്രകാരം 2020-21 ൽ എക്സ്പെൻഡിച്ചർ ആവാത്തതിനാൽ 2021-22 ൽ സ്പിൽ ഓവർ ആയി 53,00,000 രൂപ ബാലൻസ് തുക വെക്കുന്നതിന് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തി നടത്താത്തതിന് കാരണം ആരായാനും പ്രവൃത്തി പുനരാരംഭിക്കുന്നതിനും ഹാബിറ്റാറ്റിന് സ്പെഷൽ ലെറ്റർ നൽകാനും പെയ്മെന്റ് നൽകാനും അസി.എക്സി. എഞ്ചിനീയർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഹാബിറ്റാറ്റിന് പ്രത്യേക കത്ത് നൽകിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.
6. 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിൽ ഈ പ്രൊജക്റ്റിന്റെ നിർവഹണം മുനിസിപ്പൽ എഞ്ചിനീയർക്കായിരുന്നു. 2020-21 ൽ അത് അസി.എക്സി. എഞ്ചിനീയർക്ക് നൽകി. 2021-22 ൽ വീണ്ടും മുനിസിപ്പൽ എഞ്ചിനീയർക്കാണ് നിർവഹണ ചുമതല നൽകിയിരിക്കുന്നത്.

7. 21.04.2022 ന് നഗരസഭയിലെ അസി.എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ കെട്ടിടത്തിന്റെ ഫസ്റ്റ് ഫ്ലോറിന്റെ സ്ട്രക്ചർ വരെയുള്ള പ്രവൃത്തി മാത്രമാണ് പൂർത്തിയായിരിക്കുന്നതെന്നും പ്രവേശന മാർഗ്ഗം കാടുകയറിയ അവസ്ഥയിലാണെന്നും കണ്ടെത്തി.



2018 ൽ പ്രവൃത്തി ആരംഭിച്ച് 4 വർഷത്തിലധികം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കി കമ്മ്യൂണിറ്റി ഹാൾ ഉപയോഗപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല. അപാകങ്ങൾക്ക് മറുപടി/വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 49/09.05.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

മേൽ അപാകങ്ങൾക്കുള്ള മറുപടി ലഭ്യമാക്കേണ്ടതും കെട്ടിടം പൂർത്തീകരിച്ച് ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-39-6 മോയൻസ് എൽ.പി സ്കൂൾ കെട്ടിടനിർമ്മാണം പൂർത്തിയായില്ല

ഫയൽ നം:- E2-63861/17

മുനിസിപ്പൽ എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി ഗവൺമെന്റ് മോയൻസ് എൽ പി സ്കൂളിൽ ക്ലാസ് റൂം നിർമ്മാണ പ്രവൃത്തിക്ക് 30.05.2017 ലെ 1007-ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകാരം നൽകുകയും 1,20,00,000 രൂപയുടെ പ്രവൃത്തി ഹാബിറ്റാറ്റിനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. നം. 41/MLTY-PKD/2018 Dt 27.03.2018 പ്രകാരം സാങ്കേതിക അനുമതി ലഭിക്കുകയും 26.03.2018 ന് നഗരസഭ ഹാബിറ്റാറ്റുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട് (നം. 379/17-18). ഗ്രൗണ്ട് ഫ്ലോറിൽ 195 M2, ഫസ്റ്റ് ഫ്ലോറിൽ 407 M2 ഉള്ള 10 ക്ലാസ് മുറികളുള്ള കെട്ടിടമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ഈ പ്രവൃത്തിക്കായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | പ്രോജക്ട് നം | അടങ്കൽ | ചെലവു തുക | ബിൽ നം, തിയതി | |
|---|---|---|---|---|---|
| 2017-18 | 58/18 | 10,00,000 – Development Fund General | 0 | -- | |
| 2018-19 | 345/19 | 45,00,000 – CFC | 10,00,000 | 14/18-19, 23.06.2018 | 20 % അഡ്വാൻസ് |
| | | | 14,00,000 | 25/18-19, 23.03.2019 | |
| 2019-20 | 144/20 | 50,00,000 – CFC | 18,39,367 | 04/19-20, 21.06.2019 | 1st & Part Bill |

| | | | | | |
|---|---|---|---|---|---|
| 2020-21 | 367/21 | 50,00,000 – CFC | 6,93,730 | 4/20-21, 12.11.2020 | 2nd & Part Bill |
| | | | 11,68,477 | 23/20-21, 26.02.2021 | 3rd & Part Bill |
| 2021-22 | 337/22 | 31,37,793 – Development Fund General | 5,33,802 | 08/21-22, 30.03.2022 | 4th & Part Bill |

ഹാബിറ്റാറ്റിന്റെ 22.03.2019 ലെ നമ്പർ ഇല്ലാത്ത കത്ത് പ്രകാരം ആകെ ചെലവിൽ മാറ്റം വരുത്താത്ത രീതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ്, കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് എന്നിവ കത്തിനൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.

ഹാബിറ്റാറ്റിന്റെ 07.08.2020 ലെ HTG/07/2020/761 കത്ത് പ്രകാരം ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസം മൂലം ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയാത്തത് നഗരസഭയെ അറിയിച്ചിട്ടുണ്ട്. ഹാബിറ്റാറ്റുമായുള്ള കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി 18 മാസം ആണ്. 26.05.2021 വരെ കാലാവധി ദീർഘിപ്പിച്ച് നൽകുകയും സപ്ലിമെന്ററി കരാറുകൾ ഫയലിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ ഓഡിറ്റ് അന്വേഷണം നമ്പർ 52/09.05.2022 പ്രകാരം അറിയിച്ചിട്ടുള്ളതാണെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1) ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ അപൂർണ്ണമാണ്. ഫസ്റ്റ്, സെക്കന്റ് പാർട്ട് ബില്ലുകൾ, അളവുപുസ്തകങ്ങൾ എന്നിവ ഫയലിൽ ഇല്ല.

2) ഫയലിൽ ഹാബിറ്റാറ്റ് ചെയർമാന്റെ 22.03.2019 ലെ നമ്പറിടാത്ത കത്ത് പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുള്ളതും ആകെ തുകയിൽ മാറ്റം വരാത്ത എസ്റ്റിമേറ്റ് ഉള്ളടക്കം ചെയ്തിട്ടുമുണ്ട്. എന്നാൽ സപ്ലിമെന്ററി കരാർ, സാങ്കേതിക അനുമതി എന്നിവ ഇല്ല. കൂടാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകിയിട്ടുള്ളതായി നോട്ട് ഫയലിൽ 23.02.2022 ന് രേഖപ്പെടുത്തിയിട്ടുള്ളതും ചെയർപേഴ്സൺ ആയതിന് മുൻകൂർ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല.

3) കരാർ പ്രകാരം Defect Liability Period എന്നത് 3 വർഷം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (കരാർ വ്യവസ്ഥ നം:1.5). എന്നാൽ GO(P)No.107/2016/Fin Dated 27.07.2016 പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ വഴി നടത്തുന്ന പ്രവൃത്തികളുടെ Defect Liability Period 5 വർഷം ആണ് നിശ്ചയിച്ചിരിക്കുന്നത്.

4) 20 % തുക അഡ്വാൻസ് ആയി നൽകിയത് 23.06.2018 നും, 23.03.2019 നും മാത്രമാണ്. കരാറിലേർപ്പെട്ട് ഒരു വർഷത്തിന് ശേഷമാണ് അഡ്വാൻസ് നൽകിയിരിക്കുന്നത്.

5) 26.05.2021 ന് ശേഷം കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല.

2018 ൽ നിർമ്മാണം ആരംഭിച്ച സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം 2022 വരെയും പൂർത്തിയായിട്ടില്ല. ഓഡിറ്റ് ടീം 21.04.2022 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടില്ലെന്ന് വ്യക്തമായി. ചിത്രം താഴെ കൊടുക്കുന്നു.



ആയിരക്കണക്കിന് വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളിലെ സ്ഥലപരിമിതി സംബന്ധിച്ച 22.02.2022ലെ പത്രവാർത്ത താഴെ ചേർക്കുന്നു.



പാലക്കാട് ● 2013 ഒക്ടോബർ 31നു ശേഷം ജോലിയിൽ പ്രവേശിച്ച ഇലക്ട്രിസിറ്റി വർക്കർമാർക്ക് പ്രമോഷൻ നിഷേധിച്ചതിനെതിരെ കേരള ഇലക്ട്രിസിറ്റി എക്സിക്യൂട്ടീവ് സ്റ്റാഫ് ഓർഗനൈസേഷന്റെ (കീസോ) നേതൃത്വത്തിൽ വൈദ്യുതി തൊഴിലാളികൾ ഇന്നു പ്രതിഷേധ ദിനം ആചരിക്കുമെന്ന് സംസ്ഥാന പ്രസിഡന്റ് പി.ജി.പ്രസാദ് അറിയിച്ചു.

പാലക്കാട് ഗവ.മോയൻ എൽപി സ്കൂളിൽ ആവശ്യത്തിനു ക്ലാസ് മുറികൾ ഇല്ലാത്തതിനാൽ വരാന്തയിൽ ബെഞ്ചും ഡെസ്കും ഇട്ട് പഠിക്കുന്ന വിദ്യാർഥികൾ. ചിത്രം: മനോരമ

## മോയൻ ഗവ.എൽപി സ്കൂളിൽ വരാന്തയിൽ വരെ ക്ലാസ്

**നിർമാണം പുരോഗമിക്കുന്ന കെട്ടിടത്തിൽ സൗകര്യം ഒരുക്കാൻ നഗരസഭയുടെ സഹായം അഭ്യർഥിച്ച് കാത്തിരിപ്പ്**

പാലക്കാട് ● ഗവ.മോയൻ എൽപി സ്കൂളിൽ ആവശ്യത്തിന് ക്ലാസ് മുറികൾ ഇല്ലാത്തതിനാൽ വിദ്യാർഥികളെ 'ഇരുത്താൻ' നെട്ടോട്ടമോടി പിടിഎയും സ്കൂൾ അധികൃതരും.

വരാന്തയും സ്റ്റേജും വരെ ക്ലാസ് മുറികളാക്കിയിട്ടും കുട്ടികളെ ഇരുത്താനാകുന്നില്ല. എല്ലാ ക്ലാസിലും 40നു മുകളിൽ കുട്ടികളുണ്ട്. തിങ്ങിനിറഞ്ഞ് ഇരിക്കണം.

നിർമാണം പുരോഗമിക്കുന്ന കെട്ടിടത്തിലെ 3 മുറികൾ കൂടി താൽക്കാലിക ക്ലാസ് റൂമുകളാക്കിയാണു പരിഹാരത്തിനു ശ്രമിക്കുന്നത്.

ഈ കെട്ടിടത്തിൽ ജനൽ, വാതിൽ, വൈദ്യുതി കണക്ഷൻ ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ ആയിട്ടില്ല. പാലക്കാട്ടെ ചൂടിൽ ഫാനില്ലാതെ ക്ലാസിൽ ഇരിക്കാനും സാധിക്കില്ല.

1275 വിദ്യാർഥികളാണ് സ്കൂളിൽ പഠിക്കുന്നത്. ഒന്നു മുതൽ നാലാം ക്ലാസ് വരെ 26 ഡിവിഷന് ഉള്ള കുട്ടികളുണ്ട്. പ്രീ പ്രൈമറിയിൽ തന്നെ 17 ക്ലാസ് മുറികൾ വേണം. നിലവിൽ 14 ക്ലാസ് മുറികളും ഒരു ഹാളുമാണ് ഉള്ളത്. സ്ഥലപരിമിതി കാരണം ഓഫിസ് റൂം വരെ ക്ലാസാക്കി മാറ്റിയിട്ടുണ്ട്.

നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ നിർമാണം എത്രയും പെട്ടെന്നു പൂർത്തിയാക്കിയാൽ മാത്രമേ ക്ലാസ് മുറികളുടെ കുറവ് കുറച്ചെങ്കിലും പരിഹരിക്കാനാകൂ. ഇതിനായി നഗരസഭയുടെ സഹായം തേടിയിരിക്കുകയാണ് സ്കൂൾ അധികൃതരും പിടിഎയും.

നിർമാണം നടന്നുകൊണ്ടിരിക്കുന്ന കെട്ടിടത്തിൽ അടിയന്തരമായി കൂടുതൽ മുറികൾ ക്ലാസിനു സജ്ജമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇവിടെ ഫാനടക്കമുള്ള സംവിധാനവും ഒരുക്കണം.

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, കെട്ടിടനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-40 കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് പ്രൊജക്ട് ആവിഷ്കരിച്ചു - അങ്കണവാടി നിർമ്മാണം നടത്തി

സുലേഖ പ്രകാരമുള്ള ചെലവുപത്രിക പ്രകാരം 2017-18 മുതൽ 2020-21 വരെയുള്ള വർഷങ്ങളിൽ മുനിസിപ്പൽ എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ഐശ്വര്യ നഗർ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്ന പ്രോജക്ടിനായി തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | പ്രോജക്ട് നം | അടങ്കൽ | ചെലവ് തുക | ബിൽ നം, തിയതി |
|---|---|---|---|---|
| 2017-18 | 510/18 | 1,00,000 – Development Fund General | 0 | ---- |
| | | 31,20,000 – CFC | | |
| 2018-19 | 347/19 | 41,87,000 – Development Fund General | 31,20,000- CFC | 09/2019, 30.05.2018 |
| | | | 1,00,000 – Development Fund General | 15/2019, 23.06.2018 |
| 2019-20 | 330/20 | 15,00,000 Development Fund General | 0 | ---- |
| 2020-21 | 371/21 | 10,00,000 Development Fund General | 0 | ---- |

2018-19 വർഷത്തിൽ മേൽ പ്രോജക്ടിനായി ചെലവഴിച്ചിട്ടുള്ള 32,20,000 രൂപയുടെ ബിൽ പരിശോധിച്ചതിൽ തുക ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന്റെ 2906201000154 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കൗൺസിലിന്റെ 25.09.2017 ലെ 1225 -ാം നമ്പർ തീരുമാന പ്രകാരം ഐശ്വര്യ നഗർ കമ്മ്യൂണിറ്റി ഹാളിന്റെ ഡിസൈനിംഗും നിർമ്മാണവും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, തൊടുപുഴ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട് ഫയലുകളും രേഖകളും ലഭ്യമാക്കുന്നതിനായി 32/17.03.2022 നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നുവെങ്കിലും ഫയലുകൾ പരിശോധനക്കായി ലഭ്യമാക്കിയില്ല. തുടർന്ന് ഓഡിറ്റ് ടീം 21.04.2022 ന് നഗരസഭയിലെ അസി.എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് പുതിയ അങ്കണവാടിയുടെ (ചിറക്കാട് II നം.116) നിർമ്മാണം നടത്തിയിരിക്കുന്നതായും അങ്കണവാടി പ്രവർത്തിക്കുന്നതായും കാണാൻ കഴിഞ്ഞു.



പ്രോജക്റ്റ് ഫയൽ, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ഉപേക്ഷിക്കാനുണ്ടായ കാരണം, പ്രോജക്റ്റ് റദ്ദാക്കിയ കൗൺസിൽ തീരുമാനം, അങ്കണവാടി നിർമ്മിക്കാനുള്ള കൗൺസിൽ തീരുമാനം, അങ്കണവാടി നിർമ്മിക്കാൻ ഹാബിറ്റാറ്റിനെ ചുമതലപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ, അങ്കണവാടി നിർമ്മാണവുമായി ബന്ധപ്പെട്ട പ്രോജക്റ്റ്, എസ്റ്റിമേറ്റ്, ഭരണ – സാങ്കേതിക അനുമതികൾ, നാളിതുവരെ അങ്കണവാടി നിർമ്മാണത്തിനായി ചെലവഴിച്ച തുക, ബില്ലുകൾ, എം-ബുക്കുകൾ എന്നിവ ലഭ്യമാക്കുന്നതിനായി വീണ്ടും 51/09.05.2022 നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടിയോ ഫയലുകളോ ലഭ്യമായിട്ടില്ലാത്തതാണ്.

25.09.2017 ലെ 1225 -ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ഐശ്വര്യ നഗർ അങ്കണവാടി പൂർത്തീകരണം എന്ന പ്രൊജക്റ്റിന്റെ നിർമ്മാണത്തിന് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, തൊടുപുഴ എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്. സുലേഖ പ്രകാരമുള്ള തുടർ പരിശോധന നടത്തിയതിൽ ഐശ്വര്യ നഗർ അങ്കണവാടി പൂർത്തീകരണം എന്ന പേരിൽ ആവിഷ്കരിച്ച പ്രൊജക്റ്റുകളുടെ വിവരം താഴെ കൊടുക്കുന്നു.

| വർഷം | പ്രൊജക്റ്റ് നം | അടങ്കൽ | ചെലവ് തുക | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 2017-18 | 583/18 | 1,00,000 – Development Fund General | 0 | അസി. എക്സി. എഞ്ചിനീയർ |
| 2018-19 | 166/19 | 3,00,000 – Development Fund General | 0 | |

മേൽ പ്രൊജക്റ്റുകളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) കമ്യൂണിറ്റി ഹാൾ നിർമ്മാണം എന്ന പ്രൊജക്റ്റുമായി ബന്ധപ്പെട്ട ഫയൽ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഭരണ-സാങ്കേതിക അനുമതികൾ, ഹാബിറ്റാറ്റുമായുള്ള കരാർ, അഡ്വാൻസ് തുക നൽകിയതിന്റെ ചെലവുരേഖകൾ എന്നിവ സഹിതം ഫയൽ ലഭ്യമാക്കേണ്ടതാണ്.

2) കമ്മൂണിറ്റി ഹാൾ നിർമ്മാണം റദ്ദാക്കാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതും ആയത് അംഗീകരിച്ച കൗൺസിൽ തീരുമാനങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

3) അഡ്വാൻസ് തുക കൈമാറിയിട്ടും പ്രവൃത്തി ആരംഭിക്കാത്തതിനാൽ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4) 2018 ൽ തുക കൈമാറിയിട്ടും നാളിതുവരെ തുക ക്രമീകരിക്കാത്തത് മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടേയോ കൗൺസിലിന്റേയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

5) അങ്കണവാടി പൂർത്തീകരണം എന്ന പദ്ധതിക്ക് കൗൺസിൽ അംഗീകാരം നൽകി 2017-18, 2018-19 വർഷങ്ങളിൽ പ്രൊജക്ട് ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും യാതൊരു തുകയും ചെലവഴിച്ചിട്ടില്ലെന്ന് സുലേഖ പ്രകാരമുള്ള രേഖകളിൽ നിന്നും വ്യക്തമാണ്. തുക ചെലവഴിക്കാതെ അങ്കണവാടി നിർമ്മാണം പൂർത്തിയായത് എപ്രകാരമാണെന്ന് വിശദീകരിക്കേണ്ടതാണ്.

6) അങ്കണവാടി നിർമ്മിക്കുന്നതിനായുള്ള ഭരണ സാങ്കേതിക അനുമതികൾ, കരാർ, എസ്റ്റിമേറ്റ്, എം ബുക്ക്, ബില്ലുകൾ, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, അങ്കണവാടിയുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-41 പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

2020-21 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് നമ്പർ 98/21 പ്രകാരം വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പ്രവൃത്തികൾക്കായി താഴെപ്പറയും പ്രകാരം തുക കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ബിൽ നം | തിയതി | തുക | ഫണ്ട് |
|---|---|---|---|
| 13/20-21 | 27.11.2020 | 64,09,112 | CFC |
| 24/20-21 | 26.02.2021 | 80,000 | CFC |

കേരള വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പ്രവൃത്തികളുടെ പൂർത്തീകരണ റിപ്പോർട്ട്, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.37/22.04.2022) നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിനായി വാട്ടർ അതോറിറ്റി എക്സി.എഞ്ചിനീയർക്ക് 29.04.2022 ന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

പൂർത്തീകരണ റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാത്തതിനാൽ 64,89,112 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-42 സുലേഖ പ്രകാരമുള്ള ചെലവുപത്രികയിൽ വകയിരുത്തിയതിലും അധികം ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു

2020-21 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് വകയിരുത്തിയ തുകയുടേയും ചെലവഴിച്ച തുകയുടേയും വിവരങ്ങൾ (സുലേഖ പ്രകാരമുള്ളത്) താഴെക്കൊടുക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വികസന ഫണ്ട് - ജനറൽ | | ധനകാര്യ കമ്മീഷൻ അവാർഡ് | |
|---|---|---|---|---|---|
| | | വകയിരുത്തിയത് | ചെലവ് | വകയിരുത്തിയത് | ചെലവ് |
| 368 | ടൗൺഹാൾ അനക്സ് നിർമ്മാണം | 80,00,000 | 22,22,561 | 0 | 10,37,194 |

| | | | | | |
|---|---|---|---|---|---|
| 370 | ഓഫീസ് അനക്സ് | 40,00,000 | 11,47,789 | 30,00,000 | 38,99,346 |
| 375 | ജൈവ വിപണന കേന്ദ്രം | 1,50,00,000 | 1,44,60,611 | 1,10,00,000 | 1,14,63,952 |
| 376 | കനറാ ബാങ്ക് കോംപ്ലക്സ് നിർമ്മാണം | 1,00,00,000 | 1,34,54,478 | 95,00,000 | 1,56,95,661 |

വകയിരുത്തിയതിലും അധികം തുക ചെലവഴിച്ചതായി സുലേഖ പ്രകാരമുള്ള ചെലവു പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത് സംബന്ധിച്ച് നൽകിയ 14/22.01.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇൻഫർമേഷൻ കേരള മിഷനുമായി ബന്ധപ്പെട്ട് മേൽ അപാകം വരാനുണ്ടായ സാഹചര്യം പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-43 ഡിപ്പാർട്ട്മെന്റൽ സപ്ലൈ-ബിറ്റുമിൻ വില കുറവ് ചെയ്തില്ല

ദർശന നഗർ, ഐശ്വര്യ നഗർ റോഡ്, ബൈലൈൻ പ്രവൃത്തിക്കായി ചെയർപേഴ്സൺന്റെ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ ടെണ്ടർക്ഷണിച്ചതിൽ കുറവു ക്വാട്ട് ചെയ്ത ശ്രീ.അബ്ദുൾറഹമാൻ.കെ.എ യുടെ ടെണ്ടർ അംഗീകരിച്ചുവെങ്കിലും, കൗൺസിൽ തീരുമാനം ലഭ്യമാകാത്തതിനാൽ തുക കിട്ടുകയില്ലാത്തതിനാൽ, എഗ്രിമെന്റ് ചമക്കുന്നതിന് കാലാവധി നീട്ടിതരുവാൻ കരാറുകാരൻ അപേക്ഷിച്ചു. 7.3.2019 ൽ സൈറ്റ് കൈമാറി. ഒറിജിനൽ എസ്റ്റിമേറ്റിലെ ഡ്രെയിനേജ് പണി ഒഴിവാക്കി സമർപ്പിച്ച പാർട്ട് ബില്ലിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാത്തതിനാൽ എക്സ്ട്രായിനം ചെയ്തിട്ടുണ്ടെങ്കിലും ക്ലെയിം ചെയ്തിട്ടില്ല. പണി പൂർത്തിയായിട്ടും കൗൺസിൽ തീരുമാനം ലഭ്യമായില്ല. പ്രവൃത്തിക്കാവശ്യമായ ബിറ്റുമിൻ ഡിപ്പാർട്ട്മെന്റലായി സപ്ലൈ ചെയ്തിട്ടുണ്ട്. എന്നാൽ ബില്ലിൽ നിന്നും ബിറ്റുമിൻ വില കുറവു ചെയ്തിട്ടില്ല. ആയതുമൂലം അധികം നൽകിയ 2,81,642 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു നൽകിയ 67/13.5.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമായില്ല.(കൂടുതൽ വിവരങ്ങൾക്ക് ഖണ്ഡിക 3-1 കാണുക)

## 1-44 സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിൽ കുറവ്

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ കരാർ ചമക്കുമ്പോൾ കരാർ തുകയുടെ 5% പെർഫോമെൻസ് ഗ്യാരന്റിയായി ഈടാക്കണമെന്ന G.O(P)429/15/ഫിൻ 28.9.2015ലെ നിർദ്ദേശം താഴെ പറയുന്ന പ്രവൃത്തികളിൽ പാലിച്ചിട്ടില്ല.

1.ഫയൽ- ഇ2-312061/19

പ്രോജക്ട്-422/20- 4,90,000(പ്ലാൻ)

കരാറുകാരൻ-ശ്രീ. ശശികുമാർ.എം.

പി.എ.സി.-4,89,902രൂപ

അറവുശാല പമ്പ്ഹൗസ് അനുബന്ധ പ്രവൃത്തികൾ (422/20) എന്ന പ്രോജക്ടിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിൽ എഗ്രീഡ് പി.എ.സി യുടെ 5% ആയ (4,89,902*5%) 24,495ക്ക പകരം 22,500 ആണ് ഈടാക്കിയിരിക്കുന്നത്.1,995 രൂപ കുറവ് ആണ്.

2.ഫയൽ- ഇ2-44714/18

പ്രോജക്ട്-827/19- 6,00,000(മെയിന്റനൻസ് റോഡ്.)

കരാറുകാരൻ- ശ്രീ.ഹനീഫ.കെ.

പി.എ.സി.- 5,99,836

അറവുശാല റോഡ് റീടാറിംഗ്, ഇന്റർലോക്കിംഗ് എന്ന പ്രവൃത്തിയിൽ (5,99,836രൂപയുടെ 5%) 29,992 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കേണ്ടതുണ്ട്. ടി വിവരം ഫയലിലില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 73/13.5.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 21.2.2022 ൽ നോട്ടീസ് നൽകുകയും, കുറവുവന്ന തുകക്ക് ആനുപാതികമായി 1,995 രൂപയുടെ ഡെപ്പോസിറ്റ് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. “അറവുശാല റോഡ് റീടാറിംഗ്, ഇന്റർലോക്കിംഗ് പ്രവൃത്തിയുടെ ഫയലിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയും രസീതുനമ്പറും ചേർക്കാൻ വിട്ടുപോയതാണ്. രജിസ്റ്ററിലും ചേർത്തിട്ടുണ്ട്” എന്ന് മറുപടി നൽകി.പെർഫോമെൻസ് ഗ്യാരന്റിയായി കരാർ തുകയുടെ 5% കരാർ ചമക്കുന്ന സമയത്ത് ഈടാക്കണമെന്നും, ആയത് Defect Liability Period വരെ Retain ചെയ്യണം എന്നുമാണ് G.O(P)429/15/ഫിൻ 28.9.2015 ലെ ഖണ്ഡിക 3(1) മുതൽ 3(v)വരെ അനുശാസിക്കുന്നത്. 50% തുകയെങ്കിലും ട്രഷറി സ്ഥിര നിക്ഷേപ ഇനത്തിലും, ബാക്കി ബാങ്ക് ഗ്യാരൻറിയോ പുതുക്കിയ പി.ഡബ്ല്യു.ഡി മാനുവലിൽ പരാമർശിക്കുന്ന രീതിയിലോ ആയിരിക്കണം. അപ്രകാരം കരാറുകാരിൽ നിന്നും ഈടാക്കുന്നു എന്ന് നിർവഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

## 1-45 ഒരേ പ്രവൃത്തിക്കായി ഒരു വർഷത്തിൽ രണ്ടു പ്രോജക്ടുകൾ

വെണ്ണക്കര സ്കൂൾ പുനരുദ്ധാരണ പ്രവൃത്തി

ഫയൽ- ഇ2-26177/18-19

പ്രോജക്ട്-361/19-20- 20,00,000(മെയിന്റനൻസ് നോൺ റോഡ്.)

181/20,701/20-3,00,000(സി.എഫ്.സി.)

കരാറുകാരൻ- ശ്രീ.ഷാജി.ബി.പി.

എഗ്രിമെന്റ്- 319/18-19/8.3.2019

ബിൽ- 83/20-21/15.05.2020 – 2,14,871 ( പ്രോജക്ട്-701 )

93/20-1/22.5.2020-15,93,919 ( പ്രോജക്ട്-81)

2018-19 സാമ്പത്തിക വർഷത്തിൽ 20 ലക്ഷം രൂപ വകയിരുത്തി വെണ്ണക്കര സ്കൂൾ പുനരുദ്ധാരണം എന്ന പ്രവൃത്തിക്ക് വർക്ക് ഓർഡർ നൽകിയിരിക്കുന്നത് 8.3.2019 നാണ്. ആയതിൽ ചെലവ് ഇല്ല. 2019-2020 ൽ 81/2020 എന്ന പ്രോജക്ടിൽ 15,93,919(മെയിന്റനൻസ് നോൺ റോഡ്, 701/20ൽ 3 ലക്ഷം (സി.എഫ്.സി.) എന്നിങ്ങനെ വകയിരുത്തിയിരിക്കുന്നു. ഒരേ പ്രവൃത്തിക്കായി ഒരു വർഷത്തിൽ രണ്ടു പ്രോജക്ടുകൾ വിഭാവനം ചെയ്തിരിക്കുന്നതിന്റെ ആവശ്യകത വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു നൽകിയ 69/13.5.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമായില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-46 കരാർ ചമച്ചതിൽ സ്റ്റാമ്പ്പേപ്പർ മൂല്യം കുറവ്

പാലക്കാട് നഗരസഭയിലെ ഫ്രണ്ട് ഓഫീസ് നെറ്റ് വർക്കിംഗ്, എഞ്ചിനിയറിംഗ് സെക്ഷൻ നെറ്റ്

വർക്കിംഗ് എന്നിവക്കായി നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ ടെണ്ടർ ക്ഷണിച്ച് ചിപ് സെറ്റ് കമ്പ്യൂട്ടർ സിസ്റ്റം & സർവീസസ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തു. 7 ദിവസത്തിനകം നഗരസഭയുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതും, ക്വാട്ട് ചെയ്ത തുകയുടെ 0.1% വിലയുള്ള മുദ്രപത്രവും, 2.5% സെക്യൂരിറ്റി ഡെപ്പോസിറ്റും, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ പേർക്ക് ഒടുക്കി പ്രവൃത്തി ഏറ്റെടുക്കുവാൻ വർക്ക് ഓർഡർ നൽകി. എന്നാൽ 200 രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ ആണ് കരാർ ചമച്ചത്. ആയതുമൂലം സംസ്ഥാന സർക്കാറിന് 447 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

| ഫയൽ-പ്രവൃത്തി/ പ്രോജക്ട് | എഗ്രീഡ് പി എ സി | ക്വാട്ട് ചെയ്ത തുകയുടെ 0.1% വില | കുറവ് |
|---|---|---|---|
| ഇ1-ഇ8—39483//19 ഫ്രണ്ട് ഓഫീസ് നെറ്റ് വർക്കിംഗ്-406/20 | 3,97,000 | 397 രൂപ | 197 |
| ഇ1/ഇ8-39490 /19എഞ്ചിനിയറിംഗ് സെക്ഷൻ നെറ്റ് വർക്കിംഗ്--727/20 | 4,50,000 | 450 രൂപ | 250 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ 68/13.5.2022, 83/23.5.2022 എന്നീ നമ്പർ ഓഡിറ്റ് അന്വേഷണങ്ങൾക്ക് 15.6.2022 ന് നൽകിയ മറുപടിയിൽ “സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലുണ്ടായ നഷ്ടം യഥാക്രമം 200രൂപ, 250 രൂപയുടെ സ്റ്റാമ്പ് പേപ്പർ ഫയലിൽ ചേർത്ത് നിലവിൽ നഷ്ടം പരിഹരിച്ചു” എന്നറിയിച്ചിട്ടുണ്ട്.

### 1-46-1 സപ്ലിമെന്ററി എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി കുറവ്

കേരള ഫിനാൻസ് ആക്ട്, 2019 പ്രകാരം സപ്ലിമെന്ററി എഗ്രിമെന്റുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടിയിൽ കേരള സ്റ്റാമ്പ് ആക്റ്റ്, 1959 ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതനുസരിച്ച് പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾക്കും നൽകുവാനുമുള്ള സേവനങ്ങൾക്കുമുള്ള സപ്ലിമെന്ററി എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി, സപ്ലിമെന്ററി എഗ്രിമെന്റിൽ സമ്മതിക്കുന്ന തുകയുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടതാണ്.എന്നാൽ നഗരസഭയിൽ 2020-21 കാലയളവിലെ എല്ലാ പ്രവൃത്തികളിലും 200രൂപ മൂല്യത്തിലുള്ള സ്റ്റാമ്പ് പേപ്പറിലാണ് സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചിട്ടുള്ളത്. സപ്ലിമെന്ററി എഗ്രിമെന്റിൽ സമ്മതിക്കുന്ന തുകയുടെ അടിസ്ഥാനത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കേണ്ടതും, ഈയിനത്തിൽ സർക്കാരിനുണ്ടായ നഷ്ടം പരിഹരിക്കേണ്ടതുമാണ്. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-47 ഫ്രണ്ട് ഓഫീസ് ടോക്കൺ സിസ്റ്റം പ്രവർത്തനക്ഷമമാക്കണം

ഫയൽ- ഇ2-8546/19

പ്രോജക്ട്-893/19—4,75,000 (വികസനഫണ്ട്)

കരാറുകാരൻ- ചിപ് സെറ്റ് കമ്പ്യൂട്ടർ സിസ്റ്റം & സർവീസസ്

എഗ്രിമെൻറ്-341എ/18-19/8.3.2019.

ബിൽ- 7/20-21/23.4.2020-3,74,140

ചിപ് സെറ്റ് കമ്പ്യൂട്ടർ സിസ്റ്റം & സർവീസസ് എന്ന സ്ഥാപനത്തിന് ഫ്രണ്ട് ഓഫീസ് ടോക്കൺ സിസ്റ്റത്തിനായി 08.03.2019 ൽ വർക്ക് സെലക്ഷൻ ഓർഡർ നൽകി. 4.11.2019 ൽ സ്ഥാപിച്ചതായി എ.ഇ. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 4.2.2020 ൽ സ്റ്റോക്ക് എടുത്തിട്ടുണ്ട്. എന്നാൽ പ്രാദേശിക പരിശോധനയിൽ ഫ്രണ്ട് ഓഫീസ് ടോക്കൺ സിസ്റ്റം പ്രവർത്തിക്കുന്നില്ല എന്ന് ബോധ്യമായി. 71/16.5.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. ഫ്രണ്ട് ഓഫീസ് ടോക്കൺ സിസ്റ്റം പ്രവർത്തനക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി റിപ്പോർട്ട്

ചെയ്യേണ്ടതാണ്.

## 1-48 ചിറക്കാട് ഡ്രെയിനേജ് റിപ്പയർ - ഫണ്ട് ഇല്ലാത്ത സാഹചര്യം വ്യക്തമല്ല

ഫയൽ- ഇ2-25401/18

നിർവഹണം -അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രോജക്ട്-157/18-19- 8,00,000(മെയിന്റനൻസ് റോഡ്.)

എസ്.ഒ769/20-4,50,000 (പദ്ധതി വിഹിതം)

എസ്.ഒ217/21-4,50,000രൂപ (പ്രളയദുരിതാശ്വാസം)

എഗ്രീഡ് പി.എ.സി--7,11,636.67

കരാറുകാരൻ- ശ്രീ.മോഹനൻ.പി

എഗ്രിമെൻറ്- 253/18-19/2.2.2019

ബിൽ- 4/20-21/21.02.2020 – 4,50,000രൂപ(പാർട്ട്ബിൽ)

ചിറക്കാട് ഡ്രെയിനേജ് റിപ്പയർചെയ്യുന്നതിനായി തയ്യാറാക്കിയ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, വർക്ക് സെലക്ഷൻ ഓർഡർ, എഗ്രിമെൻറ് വെക്കേണ്ട തിയതി, പണി പൂർത്തിയാക്കേണ്ട തിയതി, പ്രോജക്ട്കോസ്റ്റ് എന്നിവയിൽ താഴെ പറയുന്ന പൊരുത്തക്കേടുകൾ ഉണ്ട്.

1. വർക്ക് സെലക്ഷൻ ഓർഡർ തിയതി-13.11.2019, എഗ്രിമെൻറ് വെക്കേണ്ട തിയതി-26.11.2017, പണി പൂർത്തിയാക്കേണ്ട തിയതി-25.01.2019. വർക്ക് ഓർഡറിൽ വർക്ക് സെലക്ഷൻ ഓർഡർ തിയതി-- 13.11.2018

2. 217/21 പ്രോജക്ട് പ്രകാരം 4,50,000രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും, ബിൽ,ഫയൽ എന്നിവയിൽ പ്രോജക്ട് കോസ്റ്റ് 12,61,600. ഇത് എപ്രകാരമെന്ന് വ്യക്തമല്ല.

3. 13.5.2019 ൽ ചെക്ക് മെഷർ ചെയ്ത പ്രവൃത്തിക്ക് നാളിതുവരെ ബാക്കി തുക അനുവദിച്ചിട്ടില്ല.

4. വർക്ക് ഓർഡറിൽ വർക്ക് സെലക്ഷൻ ഓർഡർ തിയതി-13.11.2018 എന്ന് കണക്കിലെടുത്താൽ എഗ്രിമെൻറ് ചമക്കുന്നതിലെ കാലതാമസത്തിന് ഈടാക്കേണ്ട പിഴ 7,116 രൂപ ഈടാക്കിയിട്ടില്ല.

5. 2018-19ൽ 8ലക്ഷം, 2019-2020 ൽ 4,50,000 എന്നിങ്ങനെ വകയിരുത്തിയെങ്കിലും ചെലവില്ല. 2020-21 ൽ 4,50,000രൂപ വകയിരുത്തി എന്നാൽ ആകെ പ്രവൃത്തി മൂല്യം 6,12,760രൂപയിൽ 4,50,000 മാത്രം നൽകി. പ്രോജക്ട് അടങ്കൽ കുറവു ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

മേൽ പറഞ്ഞ പൊരുത്തക്കേടുകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ72/16.5.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമായ മറുപടി “ബിൽ,ഫയൽ എന്നിവയിൽ പ്രോജക്ട് കോസ്റ്റ് 12,61,600 എന്ന് എഴുതിയത് ക്ലറിക്കൽ മിസ്റ്റേക്കാണ്. 2021 ൽ പ്രോജക്ടിൽ ഫണ്ടിന്റെ കുറവ് മൂലം ബിൽ ജനറേറ്റ് ചെയ്യുവാൻ കഴിഞ്ഞില്ല. ടി തുക നൽകിയിട്ടില്ല. 1,62,760 രൂപ 2022-23 ൽ തുക നൽകുന്നതിനു മാത്രമുള്ള പ്രോജക്ടായി വെക്കുന്നതും ടി തുകയിൽ നിന്നും എഗ്രിമെൻറ് ചമക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കി ബാക്കി തുക മാത്രം കരാറുകാരൻ മരണപ്പെട്ടതിനാൽ അവകാശികൾക്ക് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്”. രേഖകൾ സഹിതം സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

പദ്ധതി നടപ്പാക്കുമ്പോൾ പ്രോജക്ടിൽ ഫണ്ടിന്റെ ലഭ്യത,ബിൽ,ഫയൽ എന്നിവയിലെ രേഖപ്പെടുത്തലുകളിലെ കൃത്യത എന്നിവ നിർവഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

## 1-49 പൊതുമരാമത്ത് വിഭാഗം രേഖകളുടെ പരിപാലനം കൃത്യമല്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിപാലിക്കുന്ന രേഖകളിലെയും നടപടിക്രമങ്ങളിലെയും അപാകങ്ങൾ-

1. എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് അംഗീകാരം ലഭിച്ചശേഷം മിക്ക പ്രോജക്ടുകളിലും, റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. സൈറ്റ് പരിശോധനയില്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് മൂലമാണ്

ഇപ്രകാരം സംഭവിക്കുന്നത് എന്ന് വ്യക്തമാണ്.

2.1997 ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ, ജി.ഒ.(എംഎസ്)79/2017ത.സ്വ.ഭ.വ. തിയതി 3.4.2017 പ്രകാരം കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായ ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിംഗ് തുടങ്ങിയവ ആദ്യ എസ്റ്റിമേറ്റിൽ തന്നെ ഉണ്ടാവണം.(റെക്കോർഡ് റൂം നിർമ്മാണം ഇലക്ട്രിഫിക്കേഷനായി തുക ഉൾപ്പെടുത്തി പി.ഡബ്ലിയു. ഡി ഇലക്ട്രിക്കൽ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ എസ്റ്റിമേറ്റ് നൽകിയിട്ടും റൂം നിർമ്മാണം പൂർത്തീകരിച്ചിട്ടും ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല).

3. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ.(പി)13/2012/പിഡബ്യുഡി/1.2.2012 പ്രകാരം പരിഷ്കരിച്ച പൂർത്തീകരണ കാലാവധി, കാലാവധി ദീർഘീകരണം എന്നിവ സംബന്ധിച്ച് വ്യക്തമായി പാർട്ട് II സെക്ഷൻ 2005, 2112, 2112-1 പ്രതിപാദിച്ചിട്ടും, പാലക്കാട് നഗരസഭയിൽ 2020-2021ലും പഴയ രീതിയിലുള്ള ക്ലോസുകളാണ് ചേർത്തിട്ടുള്ളത്. എഗ്രിമെന്റിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

4.സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഫയലുകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമായതിൽ ബിൽബുക്ക് പ്രകാരം തുക പിൻവലിച്ച 342 ബില്ലുകളിൽ 125 എണ്ണം ഓഡിറ്റിൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. (ഖണ്ഡിക 1-70കാണുക)

5.കാഷ്ബുക്കിൽ ചെലവ് ഭാഗം മാത്രം എഴുതുന്നു. കാഷ്ബുക്ക് ബിൽബുക്ക് ഉപയോഗിച്ച് എഴുതുന്നു. ബിൽ ബുക്കിൽ ബില്ലിന്റെ വിശദാംശം ചേർക്കുന്നില്ല. പ്രൊജക്റ്റ് നമ്പർ ആണ് ചേർക്കുന്നത്.

6.ആകെ വകയിരുത്തിയ 39,21,68,821/- രൂപയിൽ 15,21,09,096/- രൂപയാണ് ചെലവഴിച്ചത്.. വകയിരുത്തിയ തുകയുടെ 39% മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

7.കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ നിർവ്വഹണ കലണ്ടർ PWD മാന്വൽ എന്നിവ അനുസരിച്ചുള്ള സമയക്രമം പാലിക്കുന്നില്ല.

8.പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി നൽകുന്നില്ല.

9.പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷമുള്ള മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ഫയലിലില്ല.

10.നിർവ്വഹണോദ്യോഗസ്ഥൻ പ്രവൃത്തിയുടെ അളവെടുത്ത് ബില്ല് തയ്യാറാക്കുന്നതിനു മുൻപായി കരാറുകാരൻ അളവുകൾ ശരിയാണെന്ന് സമ്മതിച്ചതായുള്ള സാക്ഷ്യപത്രം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

11. ആസ്തി രജിസ്റ്റർ (റോഡ്) ഹാജരാക്കിയതിൽ റോഡിന്റെ തരം, അവസാനമായി അറ്റകുറ്റപണികൾ നടത്തിയതിന്റെ വിശദാംശം, നിർമ്മിതിയുടെ വർഷം, ചെലവ്, കോളം 17 മുതൽ 26 വരെ (43 ഒഴികെ) രേഖപ്പെടുത്തലുകൾ ഇല്ല. ഹാജരാക്കിയ മരാമത്തു ഫയലുകളിൽ Asset Updated On Date എന്ന രേഖപ്പെടുത്തൽ ഉണ്ട്.

12.കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ.(പി)13/2012/പി ഡബ്ലിയു ഡി/1.2.2012 ഉത്തരവു പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009.6 അനുസരിച്ച് പ്രവൃത്തികളിൽ കരാറുകാരൻ കരാർ ചമക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല.(ഖ.3-2)

ഓഡിറ്റ് നിർദ്ദേശം :

1. PWD മാന്വൽ അനുസരിച്ചുള്ള സമയക്രമം പാലിച്ചുകൊണ്ട് കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2. മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകി ആവശ്യമായ ഇടപെടൽ നടത്തേണ്ടതാണ്.

3. മരാമത്ത് പ്രവൃത്തികളുടെ നടപടിക്രമങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നുണ്ടെന്നും എഗ്രിമെന്റ്

വ്യവസ്ഥകൾ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്നും ഉറപ്പാക്കുന്നതിനായി മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

4. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്.

5. പ്രവൃത്തി പൂർത്തീകരണത്തിനുശേഷം മോണിറ്ററിംഗ് സമിതി പദ്ധതി നിർവ്വഹണം പരിശോധിച്ചതിന്റെ റിപ്പോർട്ട് പ്രവൃത്തിയുടെ ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

8. നിർവ്വഹണോദ്യോഗസ്ഥൻ പ്രവൃത്തിയുടെ അളവെടുത്ത് ബില്ല് തയ്യാറാക്കുന്നതിനു മുൻപായി കരാറുകാരൻ അളവുകൾ ശരിയാണെന്ന് സമ്മതിച്ചതായുള്ള സാക്ഷ്യപത്രം അളവുപുസ്തകത്തിൽ ലഭ്യമാക്കേണ്ടതാണ്.

9.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും, ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാന്വൽ, 1997 ലെ കേരള മുനിസിപ്പാലിറ്റി (മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-50 കരാർ ചമക്കുന്നതിലെ കാലതാമസം--- പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതു മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, 1.2.2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ.(പി)13/2012/പി ഡബ്ലിയു ഡി ഉത്തരവു പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009.6 അനുസരിച്ച് ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള സെലക്ഷൻ നോട്ടീസ് കരാറുകാരന് നൽകേണ്ടതാണ്. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1,000 രൂപയും കൂടിയത് 25,000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും, ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ 34 പ്രവൃത്തികളിൽ കരാറുകാരൻ കരാർ ചമക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല . മറ്റു നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. കരാർ വെച്ച് പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ കാലതാമസത്തിന് ഈടാക്കേണ്ടിയിരുന്ന ആകെ പിഴ 2,50,470/-രൂപ ഈടാക്കേണ്ടതാണ്. (വിശദവിവരങ്ങൾക്ക് ഖണ്ഡിക 3-2 കാണുക). വിശദീകരണം ആവശ്യപ്പെട്ട് നൽകിയ70/13.5.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമായ മറുപടിയിൽ 15 കരാറുകാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. ആയതിന്റെയും 76/17.5.2022 ഓഡിറ്റ് അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം തുക 32,902രൂപ അടവാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തി/പ്രോജക്ട് | കരാറുകാരൻ | വർക്ക് സെലക്ഷൻ ഓർഡർ | കരാർ/ തിയതി | എഗ്രീഡ് പി.എ.സി | പിഴ |
|---|---|---|---|---|---|---|
| 1 | ഹരിതനഗർ റീടാറിംഗ്--836/19 | വാസു.സി | 13.6.2019 | 59/19-20 /8.7.2019 | 4,00,000 | 4,000 |
| 2 | വെണ്ണക്കരഅംഗൻവാടി പുനരുദ്ധാരണം--198/20 | ഉണ്ണികൃഷ്ണൻ.സി | 14.10.2019 | 132/19-20 /12.11.2019 | 2,00,000 | 2,000 |
| 3 | എരുമക്കാര സ്ട്രീറ്റ് ഇന്റർലോക്കിംഗ്--338/19 | ചാമി.വി.കെ | 30.11.2018 | 74/19-20 /16.8.2019 | 4,50,000 | 4,500 |

| | | | | | | |
|---|---|---|---|---|---|---|
| 4 | വിദ്യുത് നഗർ ഇന്റർ ലോക്കിംഗ്--437/19-20 | ചാമി.വി.കെ | 14.10.2019 | 139/19-20 /15.11.2019 | 4,34,939 | 4,349 |
| 5 | തേക്കിൻക്കാട് ഗോപാൽ കോളനി റോഡ് ഇന്റർ ലോക്കിംഗ്-263/20 | ഇസ്മയിൽ ഹാറൂൺ | 25.11.2019 | 168/19-20 /16.12.2019 | 8,27,682 | 8,276 |
| 6 | കേനാത്ത്പറമ്പ് എസ്.സികോളനി ഡ്രെയിനേജ്റിപ്പയർ120/19 | രവി.ആർ | 8.3.2019 | ഇല്ല | 9,77,704 | 9,777 |

## 1-51 കേനാത്ത് പറമ്പ് എസ്.സി.കോളനി രേഖകൾ സൂക്ഷിപ്പിലെ അപാകങ്ങൾ

കേനാത്ത് പറമ്പ് എസ്.സി.കോളനിയിൽ ഇന്റർലോക്കിംഗ്, ഡ്രെയിനേജ് റിപ്പയർ എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ

ഫയൽ-ഇ2-254621/18-19
നിർവഹണം -അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
കരാറുകാരൻ-ശ്രീ.രവി.ആർ
എഗ്രീഡ് പി എ സി-9,77,704
എഗ്രിമെന്റ്- നമ്പരും തിയതിയും രേഖപ്പെടുത്തിയിട്ടില്ല

1.ഇന്റർലോക്കിംഗ് ചെയ്യുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി, നടപടിക്രമങ്ങൾ പൂർത്തിയാക്കി സൈറ്റ് കൈമാറിയപ്പോഴാണ് നിലവിലുള്ള റോഡ് കോൺക്രീറ്റായതിനാൽ എസ്റ്റിമേറ്റ് പുതുക്കേണ്ടി വന്നത്.ആയതിനാൽ പ്രവൃത്തി വൈകി.

2.സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കാത്തതിനാൽ 50,000 രൂപ റീടെൻഷൻ ബില്ലിൽ നിന്നും കുറവ് ചെയ്തു. സപ്ലിമെന്ററി എഗ്രിമെന്റ് ഹാജരാക്കിയപ്പോൾ റീടെൻഷൻ തിരികെ നൽകി.ആയത് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ബില്ലുകൾ ഫയലിലില്ല.

3.റീടെൻഷൻ തനതുഫണ്ടിൽ വരവു വെച്ച വിവരങ്ങൾ ഇല്ല.

4.കരാറുകാരൻ അളവു സമ്മതിച്ച് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

5.കരാർ ചമക്കുന്നതിലെ കാലതാമസം പിഴ 9,777രൂപ ഈടാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 76/17.5.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമായ മറുപടിയിൽ "കരാർ ചമക്കുന്നതിലെ കാലതാമസം പിഴ 9,777രൂപ ഈടാക്കി. സൈറ്റ് പരിശോധിക്കുന്ന അവസരത്തിലും, നിലവിലും റോഡ് കോൺക്രീറ്റ് തന്നെയായിരുന്നു. പ്രദേശവാസികളുടേയും, കൗൺസിലറുടേയും നിർബന്ധപ്രകാരമാണ് ഇന്റർലോക്കിംഗ് ചെയ്യുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയത്. റീടെൻഷൻ തനതുഫണ്ടിൽ വരവു വെച്ചതായി അക്കൗണ്ടന്റ് രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ കരാറുകാരൻ മരണപ്പെട്ടതിനാൽ അവകാശിക്ക് നോട്ടീസ് നല്കിയതിന്റെ അടിസ്ഥാനത്തിൽ 6.6.2022 ൽ 9,777രൂപ അടവാക്കിയിട്ടുണ്ട്" എന്നറിയിച്ചിട്ടുണ്ട്.

നിലവിലുള്ള സൈറ്റ് സാഹചര്യം നേരിൽ പരിശോധിച്ച് ഉറപ്പുവരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കുന്നതിനും, ബില്ലുകൾ ഫയലിൽ സൂക്ഷിക്കുന്നതിനും, റീടെൻഷൻ തനതുഫണ്ടിൽ വരവു വെച്ച വിവരങ്ങൾ, കരാറുകാരൻ അളവു സമ്മതിച്ച് രേഖപ്പെടുത്തൽ എന്നിവ ഫയലിൽ ഉണ്ടെന്ന് നിർവഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

## 1-52 റെക്കോർഡ് റൂം നിർമ്മാണം -ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല

1. റെക്കോർഡ് റൂം നിർമ്മാണം
നിർവഹണം -അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഫയൽ- ഇ3-31359/18-19

പ്രോജക്ട്-237/18-19-25,00,000(പ്ലാൻ)

76/20- 20,00,000

കരാറുകാരൻ- ശ്രീ.കെ.എസ്.എം.ഷെറീഫ്

എഗ്രിമെന്റ്- 152/18-19/2.11.2018

എഗ്രീഡ് പി.എ.സി -20,86,918.02

ബിൽ- 484/18-19/21.3.2019- 5,00,000രൂപ

55/19-20/30.7.2019-4,86,902രൂപ

226/20-21/27.2.2021-10,78,219രൂപ

2. റെക്കോർഡ് റൂം പൂർത്തീകരണം

ഫയൽ- ഇ3-31361/19

പ്രോജക്ട്-230/19-20-4,00,000(പ്ലാൻ)

കരാറുകാരൻ- ശ്രീ.കെ. എസ്.എം.ഷെറീഫ്

എഗ്രിമെന്റ്- 117/19-20/12.11.2019

ബിൽ-44/20-21/22.4.200-3,97,391രൂപ

റെക്കോർഡ് റൂം നിർമ്മാണം എന്ന പ്രോജക്ടിൽ വകയിരുത്തിയ തുകയിൽ ഇലക്ട്രിഫിക്കേഷനായി 2,00,000 ഉൾപ്പെടുത്തി, പി.ഡബ്ലിയു. ഡി ഇലക്ട്രിക്കൽ അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എഞ്ചിനിയർ 1,20,000 രൂപയുടെ എസ്റ്റിമേറ്റും നൽകി. എന്നാൽ റെക്കോർഡ് റൂം നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടും നാളിതുവരെ ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല. കാലതാമസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

15.10.2018 ൽ വർക്ക് സെലക്ഷൻ ഓർഡർ നൽകിയിട്ട് 2.11.2018 ലാണ് എഗ്രിമെന്റ് ചമച്ചത്. കാലതാമസത്തിനുള്ള പിഴ 20,869രൂപ ഈടാക്കിയിട്ടില്ല. 1997 ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ, ജി.ഒ.(എംഎസ്)79/2017ത.സ്വ.ഭ.വ. തിയതി 3.4.2017 പ്രകാരം കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായ ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിംഗ് തുടങ്ങിയവ ആദ്യ എസ്റ്റിമേറ്റിൽ തന്നെ ഉണ്ടാവണം. അപ്രകാരം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയെങ്കിലും ഇലക്ട്രിഫിക്കേഷൻ നടപ്പിലായില്ല. 81/23.5.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല.

പ്രാദേശിക പരിശോധനയിൽ നിലവിൽ റെക്കോർഡ് റൂം സ്ഥിതിചെയ്യുന്നത് നഗരസഭാകെട്ടിടത്തിന്റെ ഏറ്റവും മുകളിലത്തെ നിലയിലാണ്. റെക്കോർഡ് റൂം നിർമ്മാണ സമയത്ത് ഫയലുകൾ എത്തിക്കേണ്ട പ്രായോഗിക ബുദ്ധിമുട്ട് പരിഗണിച്ചിട്ടില്ല. വൈദ്യുതി ഇല്ല. കാലാവസ്ഥയിലെ മാറ്റങ്ങൾ മൂലം രേഖകൾ നശിക്കുവാൻ സാധ്യത വളരെ കൂടുതലാണ്. ക്ഷുദ്രജിവികൾ അകത്തുകയറുവാനുള്ള സാധ്യതയും ഏറെയുണ്ട്. റെക്കോർഡ് റൂമിൽ വൈദ്യുതി ലഭ്യമാക്കാനും, രേഖകൾ നശിക്കാതെ സൂക്ഷിക്കാനുള്ള സൗകര്യവും ഉണ്ടാക്കേണ്ടതാണ്.





1-53 അറവുശാല നവീകരണം നാളിതുവരെ ലക്ഷ്യം കണ്ടില്ല

നിർവഹണം- അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ

ഫയൽ-ഇ2-35420/18, ഇ2-55776/17

പ്രോജക്ട്-623/21

എസ്റ്റിമേറ്റ്-9,47,00,000

എഗ്രിമെന്റ്-226(എ)/17-18/29.11.2017

ചെലവുവിവരം

ബിൽ-1)169/20-21/5.11.2020-3,73,021രൂപ(ഡി.പി.ആർ ചാർജ്)

2)933/12-19/31.12.2019-60,000രൂപ(എൻ എസ് എസ് കോളേജ്)

നഗരസഭയിലെ വർഷങ്ങളോളം പഴക്കമുള്ള നിലവിലുള്ള അറവുശാലയുടെ വിപുലീകരണവും ആധുനികവല്ക്കരണവും ലക്ഷ്യമിട്ടിട്ടുള്ള പ്രൊജക്റ്റിന്റെ ഭാഗമായി തൻ വർഷം ഡി.പി.ആർ കൺസൾട്ടൻസി ചാർജ് നൽകുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്റ്റ് നടപടിക്രമങ്ങൾ ആരംഭിച്ചിട്ട്

വർഷങ്ങളായിട്ടും പദ്ധതി എവിടെയുമെത്താത്ത സ്ഥിതിയിലാണ്. പ്രൊജക്റ്റ് ഫയൽ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.

I. പാലക്കാട് നഗരസഭയിൽ മീറ്റ് പ്രൊസ്സസിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിന് താൽപര്യപത്രം ക്ഷണിച്ചതി

ന്റെ അടിസ്ഥാനത്തിൽ ശ്രീ.മോഹനൻ.പി.വി. എന്നയാൾക്ക് വർക്ക്സെലക്ഷൻ ഓർഡർ നൽകി. പ്രോജക്ട് അടങ്കലിന്റെ 0.4% ഫീസ് എന്ന നിരക്കിൽ ഡി.പി.ആർ തയ്യാറാക്കുന്നതിന് അനുവാദവും, 13.12.2017 ൽ വർക്ക് സെലക്ഷൻ ഓർഡറും നൽകി. ഡി.പി.ആർ ൽ അപാകതകൾ പരിഹരിക്കുവാൻ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാനും നിർദ്ദേശം നൽകി. ഇതിന്റെ തുടർ നടപടി വിവരങ്ങൾ ഹാജരാക്കിയ ഫയലിൽ ലഭ്യമല്ല.

II. 1984 ൽ നിർമ്മിച്ച് ഇന്നും പ്രവർത്തിച്ചു വരുന്ന അറവുശാല റവന്യൂരേഖകളിൽ "BL-61,survey1,old Survey 2155പുറമ്പോക്ക് 1.7736 സംസ്ഥാന സർക്കാർ" എന്ന പുറമ്പോക്ക് സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത് .നഗരസഭ നിലവിൽ ഉപയോഗിച്ച് വരുന്ന സ്ഥലത്തിന് തുടർച്ചയായി കിടക്കുന്ന സ്ഥലം സംസ്ഥാന സർക്കാറിന്റേതായതിനാൽ സ്ഥലം നഗരസഭക്ക് അനുവദിക്കുന്നതിന് ജില്ലാകളക്ടറോട് ആവശ്യപ്പെട്ടു.സംസ്ഥാന സർക്കാറിന്റെ സ്ഥലം നിലവിൽ അറവുശാലയായി ഉപയോഗിച്ച് വരുന്നതിനാലും, പൊതു ആവശ്യത്തിന് വേണ്ടിയായതിനാലും നഗരസഭക്ക് ജില്ലാകളക്ടറുടെ എൻ.ഒ.സി മാത്രം ലഭ്യമാക്കിയാൽ മതി എന്ന അടിസ്ഥാനത്തിൽ ഭൂമി പതിവിനുള്ള അപേക്ഷ ഭൂരേഖ തഹസിൽദാർക്ക് നൽകി. നഗരസഭ നിലവിൽ ഉപയോഗിച്ചുവരുന്ന 0.651 ഹെക്ടർ സ്ഥലം കമ്പോളവില ഈടാക്കി ഭൂമി പതിച്ചുനൽകുവാൻ അപേക്ഷിച്ചതിൽ "നിലവിൽ നഗരസഭയുടെ അറവുശാല പ്രവർത്തിച്ചുവരുന്ന 0.651 ഹെക്ടർ സ്ഥലത്തിന്റെ പടിഞ്ഞാറു ഭാഗത്തുള്ള ഭൂമിക്ക് (Palakkad Village I Block No:189,Resurvey 38to 53, Ward-5, Block 13,survey730/1) ന്യായവില 5,44,635രൂപ/ആർ,ന്യായവിലയുടെ 200% ആയ 10,89,270 രൂപയായും, ആയതിന്റെ ഇരട്ടി 21,78,540 രൂപ(ഒരു ആറിന്) മാർക്കറ്റ് വിലയായി കണക്കാക്കി 0.6510 ഹെക്ടർ ഭൂമിക്ക് 14,18,22,954 രൂപ , ആയതിന്റെ 5% 70,91,148 പാട്ടത്തുകയായി നിശ്ചയിച്ച്"(14,89,14,102രൂപ) ജില്ലാകളക്ടർ ഡി.സി.പികെഡി/2813/2018-എൽആർജി2/5.1.2022നമ്പർ കത്ത് നൽകി. ആയതിന് സ്വീകരിച്ച തുടർ നടപടികൾ ഫയലിൽ നിന്നും വ്യക്തമല്ല.

III. മേൽ പ്രൊജക്റ്റ് കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനായി നഗരകാര്യഡയറക്ടർക്ക് കത്ത് നൽകിയതു പ്രകാരം കിഫ്ബി മുഖാന്തിരം നടത്തുന്നതിനായി സർക്കാറിൽ നിന്നും 11.29 കോടി യുടെ ഭരണാനുമതി കിട്ടി. ഇംപാക്ട് കേരളയുടെ നിർദേശാനുസരണം 5.7.2018 ൽ ഡി.പി.ആർ ൽ ആവശ്യമായ മാറ്റങ്ങൾവരുത്തി നഗരകാര്യഡയറക്ടർക്ക് അയച്ചു. കിഫ്ബിയിൽ നിന്നും ലഭ്യമായ Technical Appraisal Report അനുസരിച്ച് Boreholes Based On Soil Test നൽകുവാനും കൺസൽട്ടന്റിനോട് ആവശ്യപ്പെട്ടു. തുടർന്ന് MoU തയ്യാറാക്കാനായി സെക്രട്ടറിയെയും, Structural Strength പരിശോധനക്കായി വിമൽജ്യോതി എഞ്ചിനീയറിംഗ്കോളേജിനെയും ചുമതലപ്പെടുത്തുകയും Clearance From Pollution Control Board നു കൺസൾട്ടന്റിന് നൽകുവാനും, Fire NOC, Sufficient Water Supplyfrom KWA @60000litre/day എന്നിവ ഉറപ്പുവരുത്തി,ഡി.പി.ആർ ലെ അപാകതകൾ പരിഹരിക്കുവാൻ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാനും തീരുമാനിച്ചു. നിലവിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിന് തുക നൽകിയില്ല. സ്ഥലലഭ്യത ഉറപ്പുവരുത്താതെയാണ് അറവുശാല നവീകരണം കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചത്.

IV. 15.6.2021 ൽ 37-ാം തീരുമാനപ്രകാരം സ്ഥലം എൻ.ഒ.സി മുഖേനയോ,ലീസ് മുഖേനയോ,പർച്ചേസ് നടത്തിയോ വാങ്ങുന്നതിന് കൗൺസിൽ തീരുമാനിച്ചു. സ്ഥലം സർക്കാർ പുറമ്പോക്ക് ആയതിനാൽ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖ ഹാജരാക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ പദ്ധതി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല

V. അറവുശാല നവീകരണത്തിനായി ശുചിത്വമിഷനിൽ നിന്നും 44.75 ലക്ഷം(30.3.2011), നഗരകാര്യ ഡയറക്ടറിൽ നിന്നും 50 ലക്ഷം (28അറവുശാല നവീകരണം.01.2014) എന്നിങ്ങനെ ലഭിച്ചത്

ഡെപ്പോസിറ്റായി പഞ്ചാബ് നാഷണൽ ബാങ്കിന്റെ ചന്ദ്രനഗർ ബ്രാഞ്ചിൽ നിക്ഷേപിച്ചു. പദ്ധതി നിർവഹണത്തിനായി അനുവദിച്ച സർക്കാർ തുക ചെലവഴിച്ചില്ലെങ്കിൽ തിരിച്ചടക്കണമെന്നും, അല്ലാത്തപക്ഷം പെർഫോമൻസ് ഗ്രാന്റിൽ നിന്നും കുറവു ചെയ്യുമെന്ന് അറിയിച്ചതിനെത്തുടർന്നും 2013-14 മുതൽ 2016-17 വരെ ശുചിത്വമിഷനിൽ നിന്നും അനുവദിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ടുമ്പോഴുമാണ് 94.75 ലക്ഷംരൂപ ലഭ്യമായ വിവരം പരിശോധിക്കുന്നത്. "കിഫ്ബിയിൽ പ്രോജക്ട് സമർപ്പിച്ചിട്ടുള്ളതിനാൽ ഈ സംഖ്യ കൂടി ഉപയോഗപ്പെടുത്തേണ്ടതിനാൽ തൽക്കാലം തിരിച്ചടക്കേണ്ടതില്ല എന്ന് ചെയർപേഴ്സൺ നഗരകാര്യഡയറക്ടർക്ക് കത്ത് നൽകുവാൻ" നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, 26.11.2019 ലെ 2406-ാം നമ്പർ തീരുമാനപ്രകാരം മേൽ തുക പലിശയടക്കം 1,60,51,126 രൂപ തിരിച്ചടച്ചു. ലഭിച്ച തുകകൾ യഥാസമയം ഉപയോഗപ്പെടുത്തുന്നതിൽ നിർവ്വഹണാധികാരികളുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ട്.

VI. മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 80/ 23.5.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമായ മറുപടിയിൽ "സർക്കാരിൽ നിന്നും ലഭിച്ച 94,75,000 രൂപ ഉപയോഗിച്ച് Pollution Control Board ന്റേയും, FSSIയുടേയും നിർദേശപ്രകാരമുള്ള ആധുനിക അറവുശാല നിർമ്മിക്കുന്നതിനാവശ്യമായ DPR തയ്യാറാക്കുന്നതിനു CED തിരുവനന്തപുരത്തിനെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിരുന്നു. സാങ്കേതികാനുമതി നൽകേണ്ട ചുമതല ശുചിത്വമിഷനായിരുന്നു. CED തയ്യാറാക്കിയ രൂപരേഖ ശുചിത്വമിഷൻ അംഗീകരിച്ചിരുന്നില്ല. തുടർന്ന് മണ്ണുത്തി വെറ്ററിനറി സർവകലാശാല അധികൃതരുടെ വിദഗ്ധ അഭിപ്രായം ലഭ്യമാക്കിയശേഷം തുടർനടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചു. ആയതു പ്രകാരം കത്ത് നൽകിയതിൽ മറുപടി ലഭ്യമാകാതെ വരികയും, മണ്ണുത്തി വെറ്ററിനറി സർവകലാശാലയിൽ സ്ഥാപിച്ചിട്ടുള്ള അത്രയും അത്യാധുനിക രീതിയിലുള്ള അറവുശാല ആവശ്യമില്ലാത്തതിനാലും, നിലവിലുള്ള അറവുശാല ആധുനികവൽകരിക്കുന്നതിനും എക്സ് പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കുന്നതിനും ഷോർട്ട് ലിസ്റ്റ് ചെയ്ത് DPR തയ്യാറാക്കുന്നതിനു തീരുമാനിച്ചു. കിഫ്ബിയിൽ ഉൾപ്പെടുത്തി ആധുനിക അറവുശാല നിർമ്മിക്കുന്നതിന് DPR തയ്യാറാക്കിയിട്ടുള്ളതും ആണ്.ഇംപാക്ട് കേരള പരിശോധിച്ച് നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്.clearance From Pollution Control Board പോലുള്ള സംഗതികൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ ഇംപാക്ട് കേരള തന്നെ ചെയ്യാമെന്ന് അറിയിച്ചിട്ടുണ്ട്.നിലവിൽ സ്ഥലം സർക്കാർ പുറമ്പോക്ക് ആയതിനാൽ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖ ഹാജരാക്കണമെന്ന് അറിയിച്ചത് പ്രകാരം ആയത് ഹാജരാക്കുവാൻ കഴിയാത്തതിനാലാണ് അറവുശാല ആധുനികവൽകരണം എന്ന പദ്ധതി തുടങ്ങുവാൻ സാധിക്കാത്ത സാഹചര്യം എന്ന് അറിയിച്ചിട്ടുണ്ട്.ആയത് പരിഹരിക്കുന്നതിനായി ബഹു. സർക്കാരിലേക്ക് കത്ത് നൽകുന്നതിനും, ചെയർപേഴ്സൺ ന്റെ നേതൃത്വത്തിൽ നേരിൽ കണ്ട് അനുമതി ലഭ്യമാക്കുന്നതിനും കഴിഞ്ഞ കൗൺസിൽ തീരുമാനം എടുത്തിട്ടുള്ളതാണ്. ആയത് ലഭ്യമാകുന്നതോടുകൂടി പദ്ധതി ആരംഭിക്കുവാൻ കഴിയുന്നതാണ് "എന്നും റിപ്പോർട്ട് നൽകിയിട്ടുണ്ട്.

VII. അറവുശാല ആധുനികവൽകരണം എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തത വരുത്തുവാൻ കഴിയാത്ത രീതിയിലാണ് ഫയൽ സൂക്ഷിച്ചിട്ടുള്ളത്.

ഈ വിഷയത്തിൽ താഴെ പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. 94,75,000 രൂപ ലഭ്യമായിട്ടും നവീകരണപ്രവർത്തനങ്ങൾ ആരംഭിക്കാതെ ഡെപ്പോസിറ്റായി പഞ്ചാബ് നാഷണൽ ബാങ്കിന്റെ ചന്ദ്രനഗർ ബ്രാഞ്ചിൽ നിക്ഷേപിച്ചു. തുക യഥാസമയം ചെലവഴിക്കുന്നതിന് നിർവ്വഹണാധികാരികൾ ശ്രദ്ധ പതിപ്പിച്ചിട്ടില്ല.
2. 2013-14 മുതൽ 2016-17 വരെ ശുചിത്വമിഷനിൽ നിന്നും അനുവദിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ടുമ്പോഴും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.
3. കിഫ്ബിയിൽ നിന്നുള്ള Technical Appraisal Report അനുസരിച്ച് Boreholes Based On Soil Test റിപ്പോർട്ട് , MoU , Structural Strength പരിശോധന വിവരം,clearance From Pollution Control Board ,Fire NOC, Sufficient Water Supply From KWA എന്നിവ ലഭ്യമായതിന്റെ വിശദാംശങ്ങൾ ഇല്ല.

4. ജില്ലാകളക്ടറിൽ നിന്നും എൻ.ഒ.സി ലഭ്യമായോ എന്നതിന്റെ വിവരം

5. കിഫ്ബിയിൽ പ്രോജക്റ്റ് സമർപ്പിച്ചിട്ടുള്ളതിനാൽ ഈ സംഖ്യ കൂടി ഉപയോഗപ്പെടുത്തേണ്ടതിനാൽ തൽക്കാലം തിരിച്ചടക്കേണ്ടതില്ല, നഗരകാര്യഡയറക്ടർക്ക് കത്ത് നൽകുക എന്ന് ചെയർപേഴ്സൺ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും കൗൺസിൽ തീരുമാനപ്രകാരം തുക 1,60,51,126 രൂപ തിരിച്ചടച്ചക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

6. നിലവിൽ നഗരസഭയുടെ അറവുശാല പ്രവർത്തിച്ചുവരുന്ന 0.651 ഹെക്ടർ സ്ഥലത്തിന്റെ പടിഞ്ഞാറു ഭാഗത്തുള്ള ഭൂമിക്ക് പാട്ടത്തുകയായി ജില്ലാകളക്ടർ നിശ്ചയിച്ച തന്നതു പ്രകാരം സ്വീകരിച്ച തുടർനടപടികളുടെ വിവരം സഭ്യമാക്കിയിട്ടില്ല.

7.അറവുശാല നവീകരണം പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കേണ്ടതാണ്.

ഓഡിറ്റ്നിർദേശം

നിലവിൽ സ്ഥലം സർക്കാർ പുറമ്പോക്ക് ആയതിനാൽ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖ ഹാജരാക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ പദ്ധതി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. പദ്ധതിയുടെ തുടർനടപടികൾ, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാകാത്ത രീതിയിൽ ഫയൽ പരിപാലിക്കുന്ന രീതി ശരിയല്ല. അറവുശാല ആധുനികവൽകരണം എന്ന പദ്ധതി തുടങ്ങുവാൻ ബഹു. സർക്കാരിലേക്ക് കത്ത് നൽകുന്നതിനും, കൌൺസിൽ തീരുമാനപ്രകാരം ചെയർപേഴ്സൺ ന്റെ നേതൃത്വത്തിൽ സർക്കാരിനെ നേരിൽ കണ്ട് അനുമതി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതിനും പദ്ധതി ആരംഭിക്കുവാൻ ആവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതിനും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-54 മണപ്പുള്ളിക്കാവ്കുളം അരികുഭിത്തി നിർമ്മാണം

നിർവഹണം – അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ
ഫയൽ-ഇ2-30998/19

പ്രോജക്റ്റ്-431/20

മണപ്പുള്ളിക്കാവ് കുളം അരികുഭിത്തി നിർമ്മാണം എന്ന പ്രവൃത്തിക്ക് ഓഫർ ക്ഷണിച്ചതിൽ ശ്രീ.ഉണ്ണികൃഷ്ണൻ എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിൽ ഓഫർ സമർപ്പിക്കുകയും, 2477/19.3.2020 ലെ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിരുന്നു. കോവിഡ് 19 മൂലമുള്ള സാമ്പത്തിക ബുദ്ധിമുട്ടുമൂലം സമയബന്ധിതമായി പ്രവൃത്തി ചെയ്യുവാൻ കഴിയുകയില്ല എന്നും ആയതിനാൽ വർക്ക്സെലക്ഷൻ ഓർഡർ റദ്ദുചെയ്ത് പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി തരണമെന്ന കരാറുകാരന്റെ അപേക്ഷ അംഗീകരിച്ച് ടിയാനെ ഒഴിവാക്കാൻ 43/22.7.2020 ൽ തീരുമാനിച്ചു. ഈ പ്രവൃത്തിക്കായി പുനർ ടെണ്ടർ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, നിരതദ്രവ്യം കണ്ടുകെട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം,നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുനൽകിയ 87/26.5.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിനു ലഭ്യമായ മറുപടിയിൽ "ഓഫർ സമർപ്പിച്ചതിനാൽ നിരതദ്രവ്യം ഇല്ല.നിരതദ്രവ്യം കണ്ടുകെട്ടുവാനോ, പിഴ ചുമത്തുന്നതിനോ കൗൺസിൽ തീരുമാനിച്ചിട്ടില്ലാത്തതാണ്. മൂന്നു പ്രാവശ്യം ടെണ്ടറും, ഒരു പ്രാവശ്യം ഓഫറും ക്ഷണിച്ചു കഴിഞ്ഞിട്ടുള്ളതിനാലും,ഓഫർ സമർപ്പിച്ച കരാറുകാരൻ ഒഴിഞ്ഞ സാഹചര്യത്തിലും 24.8.2020ന് വീണ്ടും ഓഫർ ക്ഷണിച്ചതിൽ ഷൗക്കത്തലി എന്ന കരാറുകാരൻ എഗ്രിമെന്റ് വെച്ച് വർക്ക് ഓർഡർ നൽകി. എന്നാൽ 9.9.2021 ലെ 1ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത പദ്ധതി ഒഴിവാക്കിയിട്ടുള്ളതുമാണ് എന്നറിയിച്ചിട്ടുണ്ട്." പ്രവൃത്തി ഒഴിവാക്കുന്നതിനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല. ആവശ്യകത ഉറപ്പു വരുത്തി പദ്ധതികൾക്കായി തുക വകയിരുത്തേണ്ടതും എഗ്രിമെന്റ് വെച്ച് വർക്ക് ഓർഡർ നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും വകയിരുത്തിയ തുക വിനിയോഗിക്കുന്നതിനും ഉള്ള നടപടികൾ നിർവ്വഹണോദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.

## 1-55 മേപ്പറമ്പ് യു.പി.സ്കൂൾ മെയിൻറനൻസ്

നിർവഹണം – അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ

ഫയൽ--ഇ3-31347/19

മേപ്പറമ്പ് യു.പി.സ്കൂൾ മെയിന്റനൻസ് 1.10.2019 ലെ റീടെണ്ടറിൽ ശ്രീ.മോഹൻദാസ് ടെണ്ടർ എടുത്തു. 2367/14.10.2019 തീരുമാനപ്രകാരം അംഗീകരിച്ചു. വർക്ക് സെലക്ഷൻ ഓർഡർ നൽകി. സമയപരിധി കഴിഞ്ഞതിനെ തുടർന്ന് 9.7.2020,7.8.2020 എന്നീ തിയതികളിൽ നോട്ടീസ് നൽകി. മൂന്നാം നിലയിലെ റിപ്പയർ ആയതിനാൽ പ്രവൃത്തി ചെയ്യുവാൻ ബുദ്ധിമുട്ടാണെന്നും, പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുന്നതിനായി അപേക്ഷിച്ചതിനാൽ ടെണ്ടർ ക്യാൻസൽ ചെയ്ത് നിരതദ്രവ്യം വരവാക്കുന്നതിനും തീരുമാനിച്ചു. നിലവിലെ സ്ഥിതി ആവശ്യപ്പെട്ടു നൽകിയ 86/26.5.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിനു മറുപടിയിൽ "ഇ.എം.ഡി കണ്ടുകെട്ടി തനതുഫണ്ടിൽ 1.6.2022 ൽ വരവു വെച്ചിട്ടുണ്ട് എന്നും നിലവിൽ റീടെണ്ടറിൽ നടപടികൾ സ്വീകരിച്ചതിൽ ശ്രീ. കൃഷ്ണൻകുട്ടി എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുള്ളതുമാണ്" എന്നറിയിച്ചിട്ടുണ്ട്.

## 1-56 പ്രവൃത്തി പൂർത്തീകരിച്ചതിന്റെ നിലവിലെ സ്ഥിതി

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

1.വട്ടുകപാളയം റോഡ് ഡ്രെയിൻ പുനർ നിർമ്മാണം

ഫയൽ-ഇ2-39461/19

പ്രോജക്ട്-141/20-11,50,000(മെയിന്റനൻസ് റോഡ്)

259/21-ഫയലിലില്ല

കരാറുകാരൻ-ശ്രീ.നിയാസുദ്ദീൻ. എസ്.

എഗ്രിമെന്റ്- 23/20-21/25.5.2020

ബിൽ-147/20-21/14.8.2020 – 7,22,779രൂപ (പാർട്ട് ബിൽ)

വട്ടുകപാളയം റോഡ് ഡ്രെയിൻ പുനർ നിർമ്മാണം പ്രവൃത്തിയിൽ നിലവിലുള്ള റോഡിന്റെ സ്ഥിതി ശോചനീയവും, നിലവിലുള്ള ഡ്രെയിൻ പൊട്ടി പൊളിഞ്ഞതിനാലും പുനർ നിർമ്മാണം, റോഡ് റീടാറിംഗ് എന്നിവയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി. എന്നാൽ റീടാറിംഗ് നടത്തിയിട്ടില്ല.ഡ്രെയിൻ പുനർനിർമ്മാണം മാത്രമാണ് ചെയ്തിട്ടുള്ളത്. 8/2020 ൽ പാർട്ട്ബിൽ നൽകിയ പദ്ധതിയിൽ തുടർനടപടികൾ സ്വീകരിക്കാത്തതിനു കാരണം വ്യക്തമല്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ 60/11.5.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമായില്ല.നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

2.മൈത്രി നഗർ റോഡ് തുക നൽകിയ വിവരങ്ങൾ ലഭ്യമല്ല

ഫയൽ-ഇ2-25434/18

പ്രോജക്ട്-201/21-20,00,000(സി.എഫ്.സി)

കരാറുകാരൻ--ശ്രീ. സിദ്ദിഖ് കനിമുത്തു .

എഗ്രിമെന്റ്-- 267/18-19/15.2.2019, സപ്ലിമെന്ററി -13.02.2020

ചെലവ്-ബിൽ വിവരം ഇല്ല.

മൈത്രി നഗർ റോഡ് 92 മീ. ഡ്രെയിൻ നിർമ്മാണം,100 എണ്ണം ആർ.സി.സി.കവറിംഗ് സ്ലാബ്, 388 മീ. സൈഡ് പ്രൊട്ടക്ഷൻ,184*3 ഇന്റർലോക്ക് എന്നിവക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി.എന്നാൽ കുളത്തിനടുത്തുള്ള ബൈലെയിൻ കോൺക്രീറ്റ് ചെയ്യുന്നതിനു റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി. 28.11.2018 ൽ വർക്ക് സെലക്ഷൻ ഓർഡർ നൽകിയെങ്കിലും, 20.4.2019 ലാണ് സൈറ്റ് കൈമാറിയിരിക്കുന്നത്. കരാറുകാരൻ അളവുകൾ ശരിയാണെന്ന് സമ്മതിച്ചതായുള്ള സാക്ഷ്യപത്രം

അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. അളവു പുസ്തകം പേജ് 26 ൽ Passed For Payment ചെയർപേഴ്സൺ ഒപ്പു വെച്ചിട്ടുണ്ടെങ്കിലും, നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റൻ്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ ഒപ്പു വെച്ചിട്ടില്ല. തുക നൽകിയതിൻ്റെ വിവരങ്ങൾ(mode Of Payment Seal & Signature) ഇല്ല. ആയതിനാൽ ഈ പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാരന് തുക നൽകിയതിൻ്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഐ.കെ.എം. ചെലവ് പത്രിക പ്രകാരം പ്രവൃത്തിക്കായി 14,09,572രൂപ ചെലവുണ്ട്. ഈ പദ്ധതിയിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട നൽകിയ 58/11.5.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമായില്ല. നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദേശം

പദ്ധതികൾ നടപ്പിലാക്കുമ്പോൾ തുക നൽകിയതിൻ്റെ വിവരങ്ങൾ (Mode Of Payment Seal& Signature)രേഖപ്പെടുത്തുന്നതിലെ കൃത്യത നിർവഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

3.അണക്കപറമ്പ് ഡ്രെയിനേജ് റിപ്പയർ, കവറിംഗ് സ്ലാബ് രേഖകൾ കൃത്യമല്ല

ഫയൽ- ഇ2-30968/19

പ്രോജക്ട്-292/19-20-4,00,000(എസ്.സി.പി.), 225/21

കരാറുകാരൻ- ശ്രീ.ഉണ്ണികൃഷ്ണൻ.

എഗ്രിമെൻ്റ്- 94(a)/19-20/29.10.2019

ബിൽ-12/20-21/23.4.2020 – 21,83,456 രൂപ

അണക്കപറമ്പ് ഡ്രെയിനേജ് റിപ്പയർ, കവറിംഗ് സ്ലാബ് എന്ന പ്രവൃത്തിയിൽ എർത്ത് വർക്ക് മണ്ണ്, ചെളി, ക്വാറി മക്ക് ഫില്ലിങ്, പി.സി.എം 15 സെ.മി.കനം എന്നിവക്കായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. അളവു പുസ്തകത്തിൽ Passed For Payment നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റൻ്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ ഒപ്പു വെച്ചിട്ടില്ല. ഓഡിറ്റ് സ്ലിപ്പ് സൂപ്രണ്ട് ഒപ്പു വെച്ചിട്ടില്ല. കരാറുകാരൻ അളവുകൾ സമ്മതിച്ച് രേഖപ്പെടുത്തിയിട്ടില്ല. സൈറ്റ് കൈമാറിയതിൻ്റെ രേഖയില്ല. ഈ പദ്ധതിയിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട നൽകിയ 59/11.5.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിനു ലഭ്യമായ മറുപടിയിൽ "കരാറുകാരൻ ഹാജരായി അളവുകൾ സമ്മതിച്ച് അളവുപുസ്തകത്തിൽ ഒപ്പു വച്ച് തന്നിട്ടുണ്ട്. സൈറ്റ് കൈമാറിയതിൻ്റെ രേഖ എ.ഇ യിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.അസിസ്റ്റൻ്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ ഹാജരായി ഒപ്പു വെച്ച് നൽകിയിട്ടുണ്ട്"എന്ന് അറിയിച്ചു.

ഓഡിറ്റ് നിർദേശം

അളവു പുസ്തകത്തിൽ Passed For Payment നിർവഹണ ഉദ്യോഗസ്ഥനും, ഓഡിറ്റ് സ്ലിപ്പിൽ സൂപ്രണ്ടും ഒപ്പു വെച്ച് ചെലവിൻ്റെ ആധികാരികത ഉറപ്പുവരുത്താനും, കരാറുകാരൻ അളവുകൾ സമ്മതിച്ച് രേഖപ്പെടുത്തുന്നതിനും, സൈറ്റ് കൈമാറിയതിൻ്റെ രേഖ സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

4.കലിമനഗർ റോഡ് പുനരുദ്ധാരണം

ഫയൽ - ഇ2-25466/18

പ്രോജക്ട് - 135/19 – 20,00,000

116/20 ഫയലിലില്ല

ടെണ്ടർ -4.7.2018

വർക്ക് സെലക്ഷൻ ഓർഡർ - 24.11.2018

എഗ്രിമെൻ്റ് - 255/2018-19/2.2.2019

അളവുപുസ്തകം - 271/18-19

കരാറുകാരൻ -ശ്രീ. സിദ്ദിഖ് കനിമുത്തു

പൂർത്തീകരണം - 18.05.2019

കലിമനഗർ റോഡ് പുനരുദ്ധാരണം പ്രവൃത്തിയുടെ ഫയലിൽ കാണുന്ന ബില്ലുകൾ 1)556/19 /27.3.2019-5,92,795, 2)557/19/27.3.2019-2,65,781 പിൻവലിച്ചതിന്റെ രേഖപ്പെടുത്തലുകൾ ഫയലിലോ,ഓഫീസ് നോട്ടിലോ,അളവുപുസ്തകത്തിലോ ഇല്ല. എന്നാൽ ഓഫീസ് നോട്ടിൽ Ist Partbill-- 8,53,576, IInd And Final Bill—10,58,995 എന്നീ രേഖപ്പെടുത്തലുകൾ ഉണ്ട്. ചെയർപേഴ്സൺ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ എന്നിവർ ഒപ്പു വെച്ചിട്ടുണ്ട്. Paid By Bill ഇല്ല.ബിൽ ഇല്ല. എപ്രകാരം തുക നൽകിയെന്ന വ്യക്തമാക്കുന്ന രേഖപ്പെടുത്തലില്ല. കരാർ ചമക്കുന്നതിലെ കാലതാമസത്തിന പിഴ ഈടാക്കിയിട്ടില്ല.വർക്ക്ഓർഡറിൽ തിയതി ഇല്ല.ആവശ്യമായ ബിറ്റുമിന്റെ അളവ് അളവുപുസ്തകം പേജ് 40 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അധികം നൽകിയ ബിറ്റുമിൻ RS – 61.58, S65 – 686.19Kg എന്നിവയുടെ വിശദാംശം ഇല്ല. 2018-19 ലെ പ്രവൃത്തി 2019-2020 ൽ പൂർത്തീകരിച്ചെങ്കിലും, തുക നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. അളവുപുസ്തകത്തിൽ കരാറുകാരൻ അളവു സമ്മതിച്ച് രേഖപ്പെടുത്തി ഒപ്പു വെച്ചിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ23/31.01.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമായ മറുപടിയിൽ “കരാർ ചമക്കുന്നതിലെ കാലതാമസത്തിന പിഴ 22.3.2022 ൽ ഈടാക്കിയിട്ടുണ്ട്. വർക്ക്ഓർഡർ തിയതി ചേർക്കാൻ ഇനി ശ്രദ്ധിക്കുന്നതാണ്. കരാറുകാരൻ ഹാജരായി അളവുകൾ സമ്മതിച്ച് അളവുപുസ്തകത്തിൽ (പേജ് 34)ഒപ്പു വച്ച് തന്നിട്ടുണ്ട്. തുക നൽകിയതിന്റെ സീൽ ഫയലിൽ വെക്കുവാൻ വിട്ടുപോയതാണ്. ധാരാളം ഫയലുകൾ ഒന്നിച്ച് ഒപ്പു വെക്കുന്ന സന്ദർഭത്തിൽ ഈ ഫയൽ ഒപ്പു വെക്കാൻ വിട്ട് പോയതായിരിക്കും. ഇനി ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണ്. ആദ്യത്തെ എസ്റ്റിമേറ്റ് പ്രകാരമാണ് ടാർ നൽകിയത്. എന്നാൽ പ്രവൃത്തി ചെയ്യുന്ന വേളയിൽ ഒരു റോഡ് ഇന്റർലോക്ക് ചെയ്യണമെന്ന് നാട്ടുകാരും, കൗൺസിലറും ആവശ്യപ്പെട്ടതനസരിച്ച് ഇന്റർലോക്ക് ചെയ്തതിനാലാണ് ടാർ അധികം നൽകിയത്. ആയതിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുണ്ട്” എന്നറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദേശം

ബില്ലുകൾ പിൻവലിച്ചതിന്റെ വിവരങ്ങൾ ഫയൽ,ഓഫീസ് നോട്ട്,അളവുപുസ്തകം എന്നിവയിൽ രേഖപ്പെടുത്തേണ്ടതും, Passed For Payment നിർവഹണ ഉദ്യോഗസ്ഥനും,ചെയർപേഴ്സണും ഒപ്പു വെച്ചുവെന്ന് ഉറപ്പുവരുത്തുന്നതോടൊപ്പം അതേ ബില്ലുകൾ തന്നെയാണ് ഫയലിൽ ഉള്ളത് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. വർക്ക്ഓർഡർ തിയതി ചേർക്കാനും കരാറുകാരൻ അളവുകൾ സമ്മതിച്ച് രേഖപ്പെടുത്തുന്നതിനും, തുക നൽകിയതിന്റെ സീൽ ഫയലിൽ വെക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.ധാരാളം ഫയലുകൾ ഒന്നിച്ച് ഒപ്പു വെക്കുന്ന സന്ദർഭത്തിൽ ഈ ഫയൽ ഒപ്പു വെക്കാൻ വിട്ട് പോയതായിരിക്കും എന്ന മറുപടി സ്വീകാര്യമല്ല.ടാർ അധികം നൽകിയതിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുണ്ട് എന്ന മറുപടി പരിശോധിച്ച് ബോധ്യപ്പെടുന്നതിന് ആവശ്യമായ രേഖകൾ മറുപടിയോടൊപ്പം നൽകിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

5.കരാള സ്ട്രീറ്റ് ഡ്രൈൻ നിർമ്മാണം

ഫയൽ - ഇ2-30992/19

പ്രോജക്ട് - 300/20 – 7,00,000

318/21 – 20,00,000

എഗ്രിമെന്റ് - 30/20-21/25.5.2020

അളവുപുസ്തകം - 135/19-20

ബിൽ - 161/20-21/16.9.2020 – ₹.6,90,971

കരാള സ്ട്രീറ്റ് ഡ്രൈൻ നിർമ്മാണം പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ ലഭ്യമായ രണ്ടു ടെണ്ടറുകളിൽ കുറവു ക്വാട്ട് ചെയ്ത ശ്രീ. നിഷിൽനിയാസ് ന്റെ ടെണ്ടർ അംഗീകരിച്ചു, വർക്ക് സെലക്ഷൻ ഓർഡർ

നൽകി. 22.10.2019 ലെ വർക്ക് സെലക്ഷൻ ഓർഡർ കൈപറ്റിയിരിക്കുന്നത് ക്വട്ടതൽ ക്വാട്ട് ചെയ്ത ശ്രീ. നിയാസുദീൻ ആണ്.കരാർ ചമക്കുന്നതിലെ കാലതാമസത്തിനു പിഴ ഒഴിവാക്കുന്നതിനായി നിയുക്ത കരാറുകാരനായ ശ്രീ.നിഷിൽനിയാസ് അപേക്ഷ നൽകി എന്നാൽ, ആയത് അവസാനബില്ലിൽ നിന്നും പിടിക്കുവാനുള്ള അപേക്ഷ ശ്രീ. നിയാസുദീൻ ആണ് നൽകിയിരിക്കുന്നത്. 25.05.2020 ൽ കരാർ അംഗീകരിച്ചതായി വർക്ക്ഓർഡർ നൽകിയത് ശ്രീ. നിയാസുദീൻ ആണ്. സൈറ്റ് കൈമാറിയിരിക്കുന്നതും,സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചതും,ബിൽ തുക നൽകിയതും ശ്രീ. നിഷിൽനിയാസിനാണ്. അളവുപുസ്തകത്തിൽ കരാറുകാരൻ അളവ് സമ്മതിച്ച് രേഖപ്പെടുത്തി ഒപ്പ് വെച്ചിട്ടില്ല.ഡ്രൈൻ പുനരുദ്ധാരണം അത്യാവശ്യമായതിനാൽ മുൻഗണന നൽകി, ടാറിംഗ് 160 സെ.മി. ൽ കൂട്ടതലാണ് എന്നും ഓഫീസ് നോട്ടിൽ ഉണ്ട്. എന്നാൽ ടാറിംഗ് പ്രവൃത്തി നടത്താതിരുന്നതിന് കാരണം വ്യക്തമല്ല. 2019-20 ൽ 7 ലക്ഷം വകയിരുത്തി, യാതൊരു പ്രവൃത്തിയും ആരംഭിക്കാതിരുന്ന ഈ പ്രോജക്ട് അടങ്കൽ 20 ലക്ഷമായി വർദ്ധിപ്പിച്ചതിന്റെ ആവശ്യകത വ്യക്തമല്ല.ഈ പ്രവൃത്തി ഒരു പ്രത്യേക കരാറുകാരനു നൽകുന്നതിനായിട്ടാണോ പ്രോജക്ട് തയ്യാറാക്കിയത് എന്ന് സംശയാസ്പദമായ രീതിയിലാണ് രേഖകൾ ഉള്ളത്.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 22/27.1.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിനു ലഭ്യമായി മറുപടിയിൽ "കരാറുടമ്പടി വെച്ചിട്ടുള്ളതും, പ്രവൃത്തി ചെയ്തിട്ടുള്ളതും ടെണ്ടർ കൊണ്ട ശ്രീ. നിഷിൽനിയാസ് തന്നെയാണ്. ശ്രീ. നിയാസുദീന്റെ പേരിൽ വർക്ക്ഓർഡർ നൽകിയത് മനപൂർവമല്ലാത്ത അശ്രദ്ധമൂലം സംഭവിച്ചതാണ് എന്നും ബോധിപ്പിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ അടങ്കൽ 20 ലക്ഷം വന്നിട്ടുണ്ടെങ്കിലും ടെണ്ടറിൽ പോസ്റ്റ് ചെയ്ത തുകയായ 6,17,069 രൂപക്കും കുറവുള്ള തുകക്കുമാത്രമേ ചെയ്തിട്ടുള്ളൂ. വാർഡ് കൗൺസിലറുടേയും,പ്രദേശത്തെ ആളുകളുടെ ആവശ്യം പരിഗണിച്ചാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഡ്രൈൻ ചെയ്തിട്ടുള്ളത്. തുടർവർഷത്തിൽ അമൃത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാൽ ആയത് സ്ഥാപിച്ച ശേഷം ടാറിംഗ് ചെയ്യുന്നതാണ് അഭികാമ്യം എന്നതുകൂടി കൊണ്ടാണ് ടാറിംഗ് പ്രവൃത്തി നടത്താതിരുന്നത്" എന്നും അറിയിച്ചിട്ടുണ്ട്

ഓഡിറ്റ് നിർദേശം

പദ്ധതികൾ നടപ്പിലാക്കുമ്പോൾ വർക്ക് സെലക്ഷൻ ഓർഡർ, വർക്ക്ഓർഡർ നൽകുന്നതും,കരാറുടമ്പടി വെക്കുന്നതും, പ്രവൃത്തി ചെയ്യുന്നതും ടെണ്ടർ കൊണ്ട കരാറുകാരൻ തന്നെയാണ് എന്ന് നിർവഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. മനപൂർവമല്ലാത്ത അശ്രദ്ധമൂലം ഇപ്രകാരം സംഭവിച്ചതാണ് എന്ന മറുപടി സ്വീകാര്യമല്ല. എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് അംഗീകാരം ലഭിച്ചശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സാഹചര്യം സൈറ്റ് പരിശോധനയില്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് മൂലമാണ് സംഭവിക്കുന്നത്. ആയത് ഒഴിവാക്കേണ്ടതാണ്.

1-57 സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല--റിടെൻഷൻ@2.5 %

നഗരസഭയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിൽ 2020-21 കാലഘട്ടത്തിലെ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ലാത്ത/സ്റ്റാമ്പ് പേപ്പർ ഹാജരാക്കിയിട്ടില്ലാത്ത ചില പ്രവൃത്തികളിൽ നിന്നും റിടെൻഷൻ@2.5 % ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്യുന്ന രീതി ഓഡിറ്റ് പരിശോധനയിൽ കണ്ടു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1.ഈശ്വർ ഗാർഡൻ ചുറ്റുമതിൽ-628/20--1,049രൂപ

2.ബാലഗണപതി ക്ഷേത്രം ഡ്രെയിൻ-293/21--51,598രൂപ

3.കുറുംബഭഗവതി റോഡ്-200/19-20--26,604രൂപ

4.അണക്കപറമ്പ് ഡ്രെയിനേജ് റിപ്പയർ, കവറിംഗ് സ്ലാബ് -292/19-20--5,993

ഫൈനൽ ബില്ലിൽ നിന്നും റിടെൻഷൻ @2.5 % കുറവ് ചെയ്തത് ഏതടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു നൽകിയ 88/11.5.2022നമ്പർ ഓഡിറ്റ് അന്വേഷണത്തിനു

10.6.2022 ന് നൽകിയ മറുപടിയിൽ "ഫൈനൽ ബിൽ സമർപ്പിക്കുമ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റിന് സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിരുന്നില്ല. മുദ്രപത്രം ലഭിക്കുന്നതിന് ക്ഷാമം ഉള്ള സാഹചര്യം ഉണ്ടായിരുന്നതാണ്. മുദ്രപത്രം ലഭിക്കാത്തതു മൂലമാണ് സപ്ലിമെന്ററി എഗ്രിമെന്റ് വെക്കാതിരുന്നത്. ആയത് സമർപ്പിക്കുന്നതിനുവേണ്ടിയാണ് റിടെൻഷൻ തുക പിടിച്ചുവച്ചത് "എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സപ്ലിമെന്ററി എഗ്രിമെന്റിനു തുല്യമായ മുദ്രപത്രം സമർപ്പിക്കുന്ന സാഹചര്യത്തിൽ ഫൈനൽ ബില്ലിൽ നിന്നും കുറവു ചെയ്ത റിടെൻഷൻ തുക തിരികെ നൽകുന്നതിന് സ്വീകരിക്കുന്ന നടപടികൾ, റീടെൻഷൻ തുക തനതുഫണ്ടിൽ വരവു വെച്ചതിന്റെ വിശദാംശം എന്നിവ മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദേശം

റീടെൻഷൻ തുക തനതുഫണ്ടിൽ വരവു വെച്ചതിന്റെ വിവരങ്ങൾ, സപ്ലിമെന്ററി എഗ്രിമെന്റിനു തുല്യമായ മുദ്രപത്രം സമർപ്പിക്കുന്ന സാഹചര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്നിവ വ്യക്തമാക്കേണ്ടതാണ്.

## 1-58 അമൃത് പദ്ധതി - അവലോകനം

നഗരസഭയുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് അമൃത് (AMRUT-Atal Mission For Rejuvenation & Urban Transformation). അമൃത് പദ്ധതിയുടെ ആകെ ചെലവിന്റെ 50 ശതമാനം കേന്ദ്രസർക്കാരും 30 ശതമാനം സംസ്ഥാനസർക്കാരും ബാക്കി 20 ശതമാനം തദ്ദേശസ്ഥാപനവും വഹിക്കുന്ന രീതിയിലാണ് അമൃത് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കുടിവെള്ള സംവിധാനം, സ്വീവറേജ്/സെപ്റ്റേജ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, ഗ്രീൻ സ്പേസ് ആന്റ് പാർക്ക് എന്നീ മേഖലകളിലുള്ള പദ്ധതികളാണ് അമൃത് വഴി നടപ്പാക്കുന്നത്. പാലക്കാട് നഗരസഭയിൽ ആകെ 150 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| Sector | No Of Projects | Project Cost (In Crore Rs) |
|---|---|---|
| Water Supply | 11 | 109.33 |
| Sewege & Septage | 3 | 32.34 |
| Storm Water Drainage | 83 | 38.95 |
| Urban Transport | 32 | 32.93 |
| Green Space & Parks | 21 | 8.20 |
| TOTAL | 150 | 221.75 |

അമൃത് പദ്ധതിയുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഖണ്ഡിക 1-59 മുതൽ 1-62 വരെയായി ചേർത്തിട്ടുണ്ട്.

## 1-59 അമൃത് പദ്ധതി - ഭൂമി ലഭ്യമാകാത്തതിനാൽ പ്രൊജക്ടുകൾ റദ്ദാക്കി

പാലക്കാട് നഗരസഭയിൽ അമൃത് പദ്ധതി മുഖേന നടപ്പാക്കുന്ന 3 ഡ്രെയിനേജ് പ്രവൃത്തികൾ 10.03.2021 ലെ G.O.(Rt)No.685/2021/LSGD സർക്കാർ ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1) പറക്കുന്നം - നരികുത്തി ഡ്രെയിനേജ് (ഫയൽ നം: E1-13298/18)

GO(Rt)No.3530/2017/LSGD Dt 02.11.2017 പ്രകാരം ഭരണാനുമതിയും LSGD/TS/2017-18/613 Dt 21.03.2018 പ്രകാരം സാങ്കേതികാനുമതിയും ലഭിച്ച മേൽ പ്രോജക്റ്റിന് ഇ-ടെണ്ടർ നടത്തുകയും

47,69,307.48 രൂപ ക്വാട്ട് ചെയ്ത ശ്രീ.രജിത്.എസ് എന്ന കരാറുകാരന് 13.06.2018 ന് വർക്ക് സെലക്ഷൻ ഓർഡറും 06.07.2018 ന് വർക്ക് ഓർഡറും നൽകി.

12.10.2018 ന് നോട്ട് ഫയലിൽ റെയിൽവേ ലൈനിനോട് ചേർന്ന് കിടക്കുന്ന സ്ഥലമായതിനാൽ റെയിൽവേയുടെ എൻ.ഒ.സി ആവശ്യമാണെന്നും ആയതിന് ഡി.ഡി എടുക്കേണ്ടതുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുകയും 18.02.2020 ന് റെയിൽവേയുടെ എൻ.ഒ.സി ലഭിച്ചിട്ടുണ്ട്. റെയിൽവേ അതിർത്തിയിലൂടെ മാത്രമേ നിർമ്മാണം നടത്താൻ കഴിയൂ എന്നറിയിച്ചിട്ടുണ്ടെന്നും റെയിൽവേ അതിർത്തി പരിഗണിക്കുമ്പോൾ പല വീടുകളും പൊളിക്കേണ്ടിവരുമെന്നും എന്നതിനാൽ ടി പ്രവൃത്തി റദ്ദ് ചെയ്യാൻ തീരുമാനം നമ്പർ 2 പ്രകാരം അമൃത് കോർ കമ്മിറ്റി നഗരസഭ കൗൺസിലിന് ശുപാർശ ചെയ്യുകയും 06.11.2020 ലെ 2805 നമ്പർ കൗൺസിൽ തീരുമാന പ്രകാരം പ്രവൃത്തി റദ്ദ് ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2) മൈത്രി നഗർ - ഹരിത നഗർ - കെ.എസ്.ആർ.ടി.സി ലിങ്ക് റോഡ് ഡ്രെയിനേജ്

GO(Rt)No.3530/2017/LSGD Dt 02.11.2017 പ്രകാരം ഭരണാനുമതിയും LSGD/TS/2017-18/495 Dt 21.03.2018 പ്രകാരം സാങ്കേതികാനുമതിയും ലഭിച്ച മേൽ പ്രോജക്റ്റിന് ഇ-ടെണ്ടർ നടത്തുകയും 21,23,231.48 രൂപ ക്വാട്ട് ചെയ്ത ജി.എം അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് 02.05.2018 ന് വർക്ക് സെലക്ഷൻ ഓർഡറും 18.05.2018 ന് വർക്ക് ഓർഡറും നൽകി. തുടർന്ന് 30.07.2018 ന് സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുമുണ്ട്.

എന്നാൽ സ്വകാര്യ വ്യക്തികളുടെ സ്ഥലമായതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അമൃത് കോർ കമ്മിറ്റിയുടെ 06.03.2020 ലെ 07-ാം നമ്പർ തീരുമാനപ്രകാരം തോട് സ്വകാര്യ വ്യക്തിയുടെ ഭൂമിയിലൂടെ പോകുന്നതിനാലും, സ്ഥലം ഏറ്റെടുത്ത് കരാറുകാരന് നൽകാൻ കഴിഞ്ഞിട്ടില്ലാത്തതിനാലും, പ്രവൃത്തി ചെയ്യുന്നതിലെ സാങ്കേതിക ബുദ്ധിമുട്ട് പരിഗണിച്ചും എഗ്രിമെന്റ് റദ്ദ് ചെയ്യാൻ തീരുമാനിച്ചു. 06.08.2020 ലെ അമൃത് കോർ കമ്മിറ്റ് യോഗത്തിൽ കരാറുകാരൻ പ്രവൃത്തിയിൽ നിന്ന് പിന്മാറിയിട്ടുണ്ടെന്നും, പ്രവൃത്തി ചെയ്യാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണെന്ന് എഞ്ചിനീയറിംഗ് വിഭാഗം അറിയിക്കുകയും തീരുമാനം നമ്പർ 2 പ്രകാരം പ്രവൃത്തി റദ്ദ് ചെയ്യുന്നതിന് നഗരസഭ കൗൺസിലിന് ശുപാർശ ചെയ്യുകയും 06.11.2020 ലെ 2806 നമ്പർ കൗൺസിൽ തീരുമാന പ്രകാരം പ്രവൃത്തി റദ്ദ് ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

3) ചിറക്കാട് - ഐശ്വര്യ നഗർ ഡ്രെയിനേജ് (ഫയൽ നം: E1-14324/18)

GO(Rt)No.3530/2017/LSGD Dt 02.11.2017 പ്രകാരം ഭരണാനുമതിയും LSGD/TS/2018-19/61615 Dt 20.05.2018 പ്രകാരം സാങ്കേതികാനുമതിയും ലഭിച്ച മേൽ പ്രോജക്റ്റിന് ഇ-ടെണ്ടർ നടത്തുകയും 42,68,331.27 രൂപ ക്വാട്ട് ചെയ്ത സ്വാൻ കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനത്തിന് 13.10.2018 ന് വർക്ക് ഓർഡർ നൽകുകയും ചെയ്തു.

സ്വകാര്യ വ്യക്തികളുടെ കൈവശത്തിലിരിക്കുന്ന സ്ഥലം ഏറ്റെടുത്ത് നൽകണമെന്ന് 25.11.2019 ന് സ്വാൻ കൺസ്ട്രക്ഷൻസ് കത്ത് നൽകുകയും, 28.11.2019 ന് അസി.എഞ്ചിനീയർ സ്ഥലപരിശോധന നടത്തി നൽകിയ റിപ്പോർട്ട് പ്രകാരം ടി ഡ്രെയിൻ സ്വകാര്യ വ്യക്തികളുടെ നെൽപാടത്തേക്കാണ് വന്നു ചേരുന്നതെന്നും, ഏകദേശം 100 മീറ്റർ സ്വകാര്യ വ്യക്തികളുടെ സ്ഥലം വിട്ടുകിട്ടിയാൽ മാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയൂ എന്നും അറിയിച്ചിട്ടുണ്ട്. തുടർന്ന് സ്വകാര്യ വ്യക്തികൾ സ്ഥലം വിട്ടുനൽകാൻ സമ്മതം അറിയിച്ചതായി 04.12.2019 ന് 25-ാം വാർഡ് കൗൺസിലർ അറിയിച്ചിട്ടുണ്ട്. തുടർന്ന് 06.03.2020 ന് ലാന്റ് റിലിൻക്വിഷ്മെന്റ് ഫോറം എ പ്രകാരം 3 വ്യക്തികളുടെ സ്ഥലം വിട്ടു നൽകുന്നതിന് സമ്മതപത്രം നൽകിയിട്ടുണ്ട്. 06.08.2020 ലെ അമൃത് കോർ കമ്മിറ്റ് യോഗത്തിൽ സ്വകാര്യ വ്യക്തികളുടെ സ്ഥലത്തുകൂടെ പോകുന്നതിനാൽ പ്രവൃത്തി ചെയ്യുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് എഞ്ചിനീയറിംഗ് വിഭാഗം അറിയിക്കുകയും, തീരുമാനം നമ്പർ 2 പ്രകാരം പ്രവൃത്തി റദ്ദ് ചെയ്യുന്നതിന് നഗരസഭ കൗൺസിലിന് ശുപാർശ ചെയ്യുകയും, 06.11.2020 ലെ 2807 നമ്പർ കൗൺസിൽ തീരുമാന പ്രകാരം പ്രവൃത്തി റദ്ദ് ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

27th SHPSC (State High Powered Steering Committe) യുടെ നിർദേശപ്രകാരവും G.O(Rt)No.685/2021/LSGD Dt 10.03.2021 പ്രകാരവും മേൽ 3 പ്രവൃത്തികളും റദ്ദാക്കുന്നതിന് അനുമതി നൽകുകയും കൺസൽട്ടന്റിന് ഫീസ് നൽകിയത് തിരിച്ച് പിടിക്കാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കാനും ഡി.പി.ആർ കോസ്റ്റ്, ടെണ്ടറിംഗ്, പരസ്യം എന്നീ ചെലവുകൾ നഗരസഭ തന്നെ വഹിക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. തുടർന്ന് നഗരസഭാ സെക്രട്ടറി, മുനിസിപ്പൽ എഞ്ചിനീയർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസി. എഞ്ചിനീയർ, ഓവർസിയർ എന്നിവർക്ക് നോട്ടീസ് നൽകുകയും, ടിയാളുകൾ നൽകിയ മറുപടി തുടർനടപടികൾക്കായി ചീഫ് എഞ്ചിനീയർ, തദ്ദേശവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

ഡി.പി.ആർ തയ്യാറാക്കിയ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ അഡ്വാൻസ്മെന്റ് എന്ന സ്ഥാപനത്തിന് 3 പദ്ധതികളുടേയും കൂടിയുള്ള ഭരണാനുമതി തുകയായ 1,27,00,000 രൂപയുടെ 1.12% തുകയായ 1,42,240 രൂപ കൈപ്പറ്റിയത് തിരിച്ചടക്കാൻ 26.07.2021ന് കത്ത് നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടില്ലെന്നും, പ്രോജക്റ്റുകൾ റദ്ദാക്കുന്നതിന് മുമ്പ് അറിയിച്ചിട്ടില്ലെന്നും ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ അഡ്വാൻസ്മെന്റ് 16.08.2021 ന് മറുപടി നൽകിയിട്ടുണ്ട്. മറുപടിയിൽ നഗരസഭ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. 27th, 28th SHPSC യുടെ നിർദേശപ്രകാരം ജനപ്രതിനിധികൾക്ക് നോട്ടീസ് നൽകാൻ ചെയർ പേഴ്സൺ അനുമതി നൽകിയിട്ടുണ്ട്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും, ഡി.പി.ആർ ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ 63/13.05.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രോജക്റ്റ് തയ്യാറാക്കി ഭരണ, സാങ്കേതികാനുമതികൾ വാങ്ങുകയും, തുടർന്ന് ടെണ്ടർ നടപടികൾ സ്വീകരിച്ച് കരാറുകാർക്ക് വർക്ക് ഓർഡറും നൽകിയ ശേഷമാണ് ഡ്രെയിനേജുകൾക്ക് സ്ഥലം ലഭ്യമല്ലെന്ന് നഗരസഭക്ക് ബോധ്യമാകുന്നത്. അമൃത് ഗൈഡ് ലൈൻസ് 6.10 പ്രകാരം ഭൂമി ലഭ്യമാകാതെ പ്രോജക്റ്റുകൾ ഉൾപ്പെടുത്തേണ്ടതില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. കൂടാതെ പ്രോജക്റ്റുകൾ റദ്ദാക്കുന്നതിന് മുമ്പായി ഡി.പി.ആറിലെ അപാകങ്ങൾക്ക് ഡി.പി.ആർ തയ്യാറാക്കിയ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ അഡ്വാൻസ്മെന്റ് എന്ന സ്ഥാപനത്തെ അറിയിച്ചതായോ, അവരിൽ നിന്നും വിശദീകരണം ആരാഞ്ഞതായോ ഫയലിൽ ലഭ്യമല്ല. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ അഡ്വാൻസ്മെന്റ് നൽകിയ മറുപടി പരിശോധിച്ചതിന്റെയോ, ഡി.പി.ആറിൽ അപാകങ്ങളുണ്ടോയെന്ന് പരിശോധന നടത്തിയതിന്റെയോ, തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-60 അമൃത് പദ്ധതി - ഡി.പി.ആർ തയ്യാറാക്കിയതിലെ അപാകങ്ങൾ

ഫയൽ നം : E1-1685/2017

അമൃത് പദ്ധതിയുടെ ഭാഗമായി കൺസൽട്ടൻസികളെ തെരഞ്ഞെടുക്കുന്നതിനായി താൽപര്യപത്രം ക്ഷണിക്കുകയും ടെക്നിക്കൽ & ഫിനാൻഷ്യൽ ഇവാല്യുവേഷൻ നടത്തുകയും ചെയ്ത് അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ കിറ്റ്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തെ 07.02.2017 ലെ 781 -ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1) പ്രൊഫഷണൽ ചാർജ് - ക്വാട്ട് ചെയ്തതിലും അധിക തുക നൽകി

ആകെ പ്രോജക്റ്റ് തുകയുടെ 1% നിരക്ക് പ്രൊഫഷണൽ ചാർജ് ആയുള്ള കിറ്റ്കോ- ന്റെ പ്രൊപ്പോസൽ ആണ് 07.02.2017 ലെ 781 -ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളത്. ഒറിജിനൽ പ്രൊപ്പോസൽ ഫയലിൽ ലഭ്യമല്ല. കിറ്റ്കോ ഉൾപ്പെടെ കൺസൽട്ടൻസികളെ തെരഞ്ഞെടുത്തത് അംഗീകരിക്കുന്നതിനായി 22.02.2017 ലെ E1-1685/2017 നമ്പർ കത്ത് അമൃത് മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഈ കത്തിലും 1 % ആണ് നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത്.

എന്നാൽ 01.03.2017 ൽ നഗരസഭ കിറ്റ്കോ-ന് നൽകിയ ലെറ്റർ ഓഫ് അവാർഡ് പ്രകാരം ഡി.പി.ആർ

തയ്യാറാക്കുന്നതിനായി 1.12 % നിരക്ക് കൗൺസിൽ അംഗീകരിച്ചിട്ടുണ്ടെന്നും 6 ആഴ്ചക്കകം കരാറിലേർപ്പെടണമെന്നും അറിയിക്കുകയും, തുടർന്ന് 28.04.2017 ൽ നഗരസഭാ സെക്രട്ടറിയും കിറ്റ്കോ മാനേജിംഗ് ഡയറക്ടറും തമ്മിൽ കരാറിലേർപ്പെട്ടിട്ടുണ്ട് (നം.1/17-18). കരാർ നിബന്ധനയിലും (ഖ. Iv(n)) പ്രൊഫണൽ ചാർജ് ആയി പ്രൊജക്ട് കോസ്റ്റിന്റെ 1.12% എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അമൃത് സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 02.08.2017 ലെ AMRUT/14/3/PKD/15 നമ്പർ നടപടിക്രമം പ്രകാരം അർബൻ ട്രാൻസ്പോർട്ട് സെക്ടറിലെ അംഗീകാരം ലഭിച്ച ആകെ പ്രൊജക്ട് തുകയായ 23.16 കോടി രൂപയുടെ 1.12 ശതമാനത്തിന്റെ 60 ശതമാനം തുകയായ 15,56,352 രൂപയും സർവീസ് ടാക്സ് തുകയും നഗരസഭക്ക് അനുവദിച്ചിട്ടുണ്ട്.

കിറ്റ്കോ -ക്ക് തുക നൽകിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ബിൽ നം | തുക | ചെക്ക് നം/തിയതി | |
|---|---|---|---|
| 10-09/2017 | 15,56,352 | 907290/15.09.2017 | |
| 19-03/2018 | 2,51,492 | 907300/23.03.2018 | GST |

23.16 കോടി രൂപയുടെ 1 ശതമാനത്തിന്റെ 60 ശതമാനം തുകയായ 13,89,600 രൂപ നൽകേണ്ടതിന് പകരം 15,56,352 രൂപയാണ് നൽകിയിരിക്കുന്നത്. അധികം നൽകിയത് 1,66,752 രൂപ.

2) ഡി.പി.ആർ തയ്യാറാക്കിയതിലെ അപാകം- 1.85 കോടിയുടെ അധികചെലവ്

അമൃത് പദ്ധതിയുടെ ഭാഗമായി അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ Bus Terminal Yard At Stadium Stand എന്ന പ്രോജക്ടിന് 3.18 കോടി രൂപയുടെ ഭരണാനുമതി G.O(Rt)No.3166/2017/LSGD Dt 27.09.2017 ലഭിച്ചിട്ടുള്ളതാണ്. ഈ പ്രോജക്ടിന്റെ ഡി.പി.ആർ തയ്യാറാക്കിയിരിക്കുന്നത് കിറ്റ്കോ ലിമിറ്റഡ് ആണ്.

എന്നാൽ കിറ്റ്കോ തയ്യാറാക്കിയിരിക്കുന്ന ഡി.പി.ആറിൽ നിരവധി അപാകങ്ങൾ ഉണ്ടെന്നും, മണ്ണ് പരിശോധന അപര്യാപ്തമായതിനാൽ ഫൗണ്ടേഷന്റെ തരം നിർണ്ണയിക്കൽ പ്രത്യേകമായി NSS എഞ്ചിനീയറിംഗ് കോളേജ് മുഖേന നടത്തേണ്ടിവന്നെന്നും, സ്ട്രക്ചറൽ ഡിസൈനിലെ അപാകം കാരണം റീഡിസൈൻ ചെയ്യേണ്ടിവന്നെന്നും അതിനാൽ 3.18 കോടി രൂപക്ക് ടെർമിനലിന്റെ മാത്രം എസ്റ്റിമേറ്റ് തയ്യാറാക്കാനേ കഴിഞ്ഞിട്ടുള്ളൂ എന്നും യാർഡ് നിർമ്മാണത്തിന് അധികതുക ആവശ്യമാണെന്നും അസി.എഞ്ചിനീയർ 04.06.2019 ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് (ഫയൽ നം. E1-1685/17).

പ്രോജക്ടിന് G.O(Rt)No.26/2020/LSGD Dt 03.01.2020 പ്രകാരം ബസ് സ്റ്റാന്റ് ടെർമിനൽ & യാർഡ് നിർമ്മാണത്തിനായി 5.03 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. കിറ്റ്കോയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച കാരണമാണ് തുക അധികരിച്ചത് എന്നതിനാൽ രണ്ട് എസ്റ്റിമേറ്റുകൾ തമ്മിലെ വ്യത്യാസമായ 1.85 കോടി രൂപ കിറ്റ്കോയിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് മേൽ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

കിറ്റ്കോ തയ്യാറാക്കിയ ഫൈനൽ ഡി.പി.ആറിന്റെ വിശദമായ ടെക്നിക്കൽ സ്ക്രൂട്ടിനിയിൽ സോയിൽ ടെസ്റ്റ് ശരിയായ രീതിയിൽ നടത്താതെ Isolated Footings ആണ് കിറ്റ്കോ പ്രപ്പോസ് ചെയ്തതെന്നും, നഗരസഭ പാലക്കാട് എഞ്ചിനീയറിംഗ് കോളേജിന്റെ സഹായത്തോടെ പരിശോധന നടത്തി Pile Foundation ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും, തുടർന്ന് പാലക്കാട് ഐ.ഐ.റ്റിയുടെ സഹായത്തോടെ ഡിസൈനിൽ മാറ്റം വരുത്തിയതിനാൽ യാർഡ് നിർമ്മാണം പ്രോജക്ടിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും, പിന്നീട് യാർഡ് നിർമ്മാണത്തിന് 1.85 കോടി രൂപയുടെ അനുമതി ലഭ്യമാകുകയും, G.O(Rt)No.26/2020/LSGD Dt 03.01.2020 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1.85 കോടി രൂപ അടവാക്കണമെന്നും ആവശ്യപ്പെട്ട് നഗരസഭ 26.08.2020 ൽ E1-1685/2017 നമ്പറായി കിറ്റ്കോ-ക്ക് നോട്ടീസ് അയച്ചിട്ടുണ്ട്.

3) ഫൂട്ട് ഓവർ ബ്രിഡ്ജുകൾ- ഡി.പി.ആറിലെ അപാകങ്ങൾ കാരണം ഡിസൈൻ തയ്യാറാക്കാൻ വീണ്ടും ടെണ്ടർ ക്ഷണിച്ചു

അമൃത് പദ്ധതിയിലുൾപ്പെടുത്തി 4 ഫൂട്ട് ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണത്തിനായി ഡി.പി.ആർ

തയ്യാറാക്കിയ കിറ്റ്കോ നൽകിയ ഡിസൈനുകൾ വെറ്റിംഗിനായി പാലക്കാട് ഐ.ഐ.റ്റിക്ക് നൽകിയിരുന്നുവെന്നും എന്നാൽ ഇത് പ്രാഥമിക ഡ്രോയിംഗ്സ് മാത്രമാണെന്നും, വിശദമായ ഡ്രോയിംഗ്സും ഡിസൈൻ മോഡലുകളും നൽകണമെന്ന് ആവശ്യപ്പെട്ടിട്ടും കിറ്റ്കോ നൽകിയില്ലെന്നും, പദ്ധതിയുടെ തുടർ നടത്തിപ്പിനായി വേറെ ഡിസൈൻ കൺസൽട്ടന്റിനെ ചുമതലപ്പെടുത്തുന്നതിനായി പത്രപരസ്യം നൽകാൻ തീരുമാനിച്ചിട്ടുള്ളതായും E1-12214/18 ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം55/20.05.2019 പ്രകാരം പത്രപരസ്യം നൽകിയ ഇനത്തിൽ 9,072/- രൂപ ചെലവഴിക്കാൻ അനുമതി നൽകുകയും ചെക്ക് നം.708120/28.06.219, 708119/28.06.2019 എന്നിവ പ്രകാരം തുക ചെലവഴിച്ചിട്ടുമുണ്ട്. എഞ്ചിനീയറിംഗ് സൊല്യൂഷൻസ്, കല്ലേക്കുളങ്ങര എന്ന സ്ഥാപനത്തിന്റെ മാത്രമാണ് ടെണ്ടർ ലഭിച്ചത്. പ്രൊഫണൽ ചാർജായി പ്രോജക്ട് തുകയുടെ 1.1% + GST ക്വാട്ട് ചെയ്തിട്ടുണ്ടെങ്കിലും 0.75 % +GST നിരക്കിൽ കുറവ് ചെയ്യുന്നതിനായി 10.07.2019 ന് കത്ത് നൽകിയിട്ടുണ്ട്. നാല് ഫൂട്ട് ഓവർ ബ്രിഡ്ജുകളുടെ ഡിസൈൻ തയ്യാറാക്കിയതിന് താഴെപ്പറയും പ്രകാരം എഞ്ചിനീയറിംഗ് സൊല്യൂഷൻസ്, കല്ലേക്കുളങ്ങര എന്ന സ്ഥാപനത്തിന് 0.75 % നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്.

| Project Name | Amount | Cheque No/Date |
|---|---|---|
| Mission HSS | 40500 | 606259/26.12.2019 |
| Moyans HSS To LPS | 40500 | 632484/18.03.2020 |
| PMGHSS To Victoria College - 1 | 40456 | |
| PMGHSS To Victoria College - 2 | 32400 | |
| TOTAL | 1,53,856 | |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെക്കൊടുക്കുന്നു.

1) ഓഡിറ്റിന് നൽകിയ ഫയൽ അപൂർണ്ണമാണ്. കൺസൽട്ടൻസികളെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് കിറ്റ്കോ നൽകിയ പ്രെപ്പോസൽ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല

2) കിറ്റ്കോ നൽകിയ ഇൻസെപ്ഷൻ റിപ്പോർട്ട്, ഡ്രാഫ്റ്റ് ഡി.പി.ആർ എന്നിവ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല

3) കരാർ വ്യവസ്ഥ Iv(i) പ്രകാരം കിറ്റ്കോ ഫൈനൽ ഇൻസെപ്ഷൻ റിപ്പോർട്ട് നൽകി നഗരസഭ ആയത് സ്വീകരിച്ചാൽ ആദ്യ ഘഡു ആയ 30% തുകയും, ഫൈനൽ ഡ്രാഫ്റ്റ് ഡി.പി.ആർ നൽകി നഗരസഭ ആയത് സ്വീകരിച്ചാൽ അടുത്ത 30 % തുകയും, ഫൈനൽ ഡി.പി.ആർ നൽകി SLTC യും SHPC യും അംഗീകരിച്ചാൽ അടുത്ത 30 % തുകയും നൽകേണ്ടതാണ്. 60 % തുക മാത്രമാണ് കിറ്റ്കോ-ക്ക് നൽകിയിരിക്കുന്നത്. കിറ്റ്കോ നൽകിയ ഇൻസ്പെക്ഷൻ റിപ്പോർട്ട്, ഡ്രാഫ്റ്റ് ഡി.പി.ആർ എന്നിവ

നഗരസഭ പരിശോധിക്കുകയോ അപാകങ്ങൾ ശ്രദ്ധയിൽപ്പെടുകയോ ചെയ്തിട്ടുണ്ടോയെന്നും, ടി വിവരം കിറ്റ്കോയെ അറിയിച്ചതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്.

4) കിറ്റ്കോ നൽകിയ ബില്ലുകൾ, ആയത് പരിശോധിച്ചതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

5) കൗൺസിൽ തീരുമാനത്തിന് വിരുദ്ധമായി 1% ന് പകരം 1.12 % നിരക്കിലുള്ള ഫീസ് അംഗീകരിച്ച് ലെറ്റർ ഓഫ് അവാർഡ് നൽകിയതിനും, കരാറിലേർപ്പെട്ടതിനും, അധികതുക നൽകിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6) കരാറിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഡി.പി.ആറുകൾ തയ്യാറാക്കിയ വിഷയം കിറ്റ്കോയെ അറിയിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതും ടി വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

7) കിറ്റ്കോ നൽകിയ ഡി.പി.ആറിലെ അപാകങ്ങൾ കാരണം എസ്റ്റിമേറ്റിലുണ്ടായ വർദ്ധനവ് വന്നതിനാൽ 1.85 കോടി രൂപ അടവാക്കണമെന്ന് ആവശ്യപ്പെട്ട് നഗരസഭ 26.08.2020 ൽ E1-1685/2017 നമ്പറായി കിറ്റ്കോ-ക്ക് നോട്ടീസ് അയച്ചിട്ടുണ്ടെങ്കിലും കിറ്റ്കോ നോട്ടീസിന് മറുപടി നൽകിയതിന്റെയോ, നഗരസഭ തുടർനടപടികൾ സ്വീകരിച്ചതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

8) ഫൂട്ട് ഓവർ ബ്രിഡ്ജുകളുടെ ഡിസൈൻ കിറ്റ്കോ നൽകിയത് അപര്യാപ്തമാണെന്ന് കിറ്റ്കോയെ അറിയിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

7) കിറ്റ്കോ യുടെ ഡിസൈനിലെ അപാകങ്ങൾ കാരണം ഫൂട്ട് ഓവർ ബ്രിഡ്ജുകളുടെ ഡിസൈൻ തയ്യാറാക്കുന്നതിനായി 1,53,856/- ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. ടി ഫൂട്ട് ഓവർബ്രിഡ്ജുകളുടെ ഡ്രാഫ്റ്റ് ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോയെന്നും കിറ്റ്കോ ക്ക് നൽകിയ 60 % തുകയിൽ ഈ പദ്ധതികൾ കൂടി ഉൾപ്പെടുന്നുണ്ടോയെന്നും അറിയിക്കേണ്ടതാണ്.

8) കിറ്റ്കോ തയ്യാറാക്കിയ ഡി.പി.ആറിലെ അപാകങ്ങൾ സംബന്ധിച്ചും തുക തിരിച്ചടക്കാത്തത് സംബന്ധിച്ചും അമൃത് മിഷൻ ഡയറക്ടറെ അറിയിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 64/13.05.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. മറുപടി, രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-61 അമൃത് പദ്ധതി - സീവറേജ് /സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം ആരംഭിച്ചിട്ടില്ല

അമൃത് പദ്ധതി മുഖേന പാലക്കാട് നഗരസഭയിൽ 3 Severage/Septage Treatment Plant -കളുടെ പ്രവൃത്തി നടത്താൻ തീരുമാനിക്കുകയും അതിനായി 32.34 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

| | പേര് | ഭരണാനുമതി | സാങ്കേതിക അനുമതി |
|---|---|---|---|
| 1 | 270 KLD സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് - ജില്ലാ ആശുപത്രി | GO(Rt)No.5/2018/LSGD Dated 01.01.2018 | VI Th Technical Expert Committee Held On 30.07.2018 |
| 2 | 100 KLD സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് | GO(Rt)No.4165/2017/LSGD Dt 23.12.2017 | VI Th Technical Expert Committee Held On |

| | | | |
|---|---|---|---|
| | | | 30.07.2018 |
| 3 | 800 KLD സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് - സുന്ദരം കോളനി | GO(Rt)No.5/2018/LSGD Dated 01.01.2018 | 78/2018 /19/TEC/LSGD Dated 28.02.2019 |

എന്നാൽ 3 പ്ലാന്റുകളുടേയും നിർമ്മാണം നാളിതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു (ഓഡിറ്റ് അന്വേഷണം നം. 63/13.05.2022).

1) 270 KLD സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് - ജില്ലാ ആശുപത്രി

പാലക്കാട് ജില്ലാ ആശുപത്രിയിൽ സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2.80 കോടിയുടെ പ്രവൃത്തിക്ക് മേൽ പ്രകാരം അനുമതി ലഭ്യമാകുകയും ടെണ്ടർ നടപടികളിലൂടെ ഗ്രീൻ എക്കോ വാട്ടർ സിസ്റ്റംസ് എന്ന സ്ഥാപനത്തെ 28.05.2020 ലെ 2524-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഗ്രീൻ എക്കോ വാട്ടർ സിസ്റ്റംസ് രേഖപ്പെടുത്തിയ തുക താഴെ ചേർക്കുന്നു.

| | |
|---|---|
| പ്ലാന്റ് നിർമ്മാണം | 2,68,19,355 |
| ഓപ്പറേഷൻ & മെയിന്റനൻസ് : | |
| ആദ്യ വർഷം | 0 |
| രണ്ടാം വർഷം | 6,60,000 |
| മൂന്നാം വർഷം | 6,60,000 |
| നാലാം വർഷം | 6,95,000 |
| അഞ്ചാം വർഷം | 7,10,000 |
| ആകെ | 2,95,44,355 |

04.11.2020 ന് ഗ്രീൻ എക്കോ വാട്ടർ സിസ്റ്റംസിന് വർക്ക് ഓർഡർ നൽകുകയും 04.11.2020 ലെ നം.113/20-21 പ്രകാരം കരാറിലേർപ്പെടുകയും ചെയ്തു. ജില്ലാ ആശുപത്രി കൊമ്പൗണ്ടിൽ അമൃത് പദ്ധതിയിൽ 270 KLD സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ചിട്ടുണ്ടെന്നും പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകണമെന്നുമുള്ള നഗരസഭാ സെക്രട്ടറിയുടെ അപേക്ഷ പരിഗണിച്ച് അനുമതി നൽകുന്നതിന് ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 15.01.2021 ലെ 21-ാം നമ്പർ പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

30.01.2021 ലെ അമൃത് അവലോകന യോഗത്തിൽ അമൃത് പദ്ധതിയുടെ തദ്ദേശ സ്ഥാപന വിഹിതമായ 57 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിക്കുന്നതിന് കത്ത് നൽകാനും, ആശുപത്രിയിലെ ടോയ് ലെറ്റുകളിൽ നിന്നും പ്ലാന്റുകളിലേക്കുള്ള കണക്ഷൻ പ്രവൃത്തി ചെയ്യുന്നതിനുള്ള ചെലവ് ജില്ലാ പഞ്ചായത്ത് വഹിക്കണമെന്നും, ഡ്രെയിൻ, കൾവർട്ട് എന്നിവ പുനർ നിർമ്മാണം ജില്ലാ പഞ്ചായത്ത് ചെയ്യണമെന്നും തീരുമാനമെടുത്തിട്ടുണ്ട്. തുടർന്ന് ബഹു.ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് 11.02.2021 ന് നൽകിയ കത്ത് പ്രകാരം 15 ലക്ഷം രൂപ ഡെപ്പോസിറ്റും, പ്ലാന്റിലേക്കുള്ള കണക്ഷൻ, നിലവിലുള്ള കെട്ടിട നിർമ്മാണം പൊളിച്ച് നടത്തിയതിന് ശേഷമുള്ള നിർമ്മാണ പ്രവൃത്തികൾ എന്നിവ ജില്ലാ പഞ്ചായത്ത് ചെയ്യേണ്ടതിനാൽ യോഗം ചേർന്ന് തീരുമാനമെടുക്കേണ്ടതിനാൽ പ്രവൃത്തി തുടരേണ്ടതില്ലെന്ന് അറിയിച്ചിട്ടുണ്ട്.

ഇതിനിടയിൽ നഗരസഭയിലെ അസി. എഞ്ചിനീയർ 27.01.2021 ന് നൽകിയ റിപ്പോർട്ട് താഴെ ചേർക്കുന്നു.

- ഡി.പി.ആർ പ്രകാരമുള്ള മാൻഹോളുകൾ നിലവിലുള്ള കൾവർട്ടുകൾക്കും ഡ്രെയിനേജിനും മുകളിലാണ്. കൾവർട്ട്, ഡ്രെയിൻ എന്നിവ ജില്ലാ പഞ്ചായത്ത് ഒരു വർഷത്തിനകം നിർമ്മിച്ചവയാണ്.
- ടങ്കുകളുടെ ആഴം വർദ്ധിപ്പിക്കൽ, കൾവർട്ടുകളുടേയും ഡ്രെയിനേജിന്റേയും പുനർനിർമ്മാണം, ഫിൽറ്റർ പ്രസ് നിർമ്മാണം തുടങ്ങിയ ഡി.പി.ആറിൽ ഇല്ലാത്ത ഇനങ്ങൾ ചെയ്യേണ്ടതുണ്ട്.
- Soil Dumping ന് ജില്ലാ ആശുപത്രിയിൽ സൗകര്യമില്ലെന്ന് കോൺട്രാക്ടർ അറിയിച്ചു.
- ജില്ലാ ആശുപത്രിയലെ നിലവിലുള്ള ടോയ്.ലെറ്റുകളിൽ നിന്നും കണക്ഷനുകൾ, ചേമ്പറുകളുടെ നിർമ്മാണം എന്നിവ നടത്തേണ്ടതുണ്ട്. ഇല്ലാത്തപക്ഷം പ്രോജക്ട് പൂർത്തിയാകുകയില്ല. ആദ്യ വർഷത്തെ ഓപ്പറേഷൻ & മെയിന്റനൻസ് മാത്രമാണ് സൗജന്യം എന്നതിനാൽ പ്ലാന്റ് നിർമ്മാണത്തിന് മുമ്പ് കണക്ഷനുകൾ പൂർത്തിയാക്കേണ്ടതുണ്ട്.

തുടർന്ന് ഡി.പി.ആർ തയ്യാറാക്കിയ റാം ബയോളജിക്കൽ എന്ന സ്ഥാപനത്തെ അറിയിച്ചു. കൺസൽട്ടന്റായ റാം ബയോളജിക്കൽസ്, കരാറുകാരായ ഗ്രീൻ എക്കോ വാട്ടർ സിസ്റ്റംസ് എന്നിവരുമായി ചർച്ച ചെയ്ത് ഡി.പി.ആർ വ്യതിയാനങ്ങൾക്ക് എസ്റ്റിമേറ്റ് നൽകാൻ കരാറുകാരനെ ചുമതലപ്പെടുത്തി. 85.9 ലക്ഷം രൂപ ആവശ്യമാണെന്ന് കത്ത് ലഭിക്കുകയും ആയതിന്റെ ടെക്നിക്കൽ ഇവാല്യുവേഷൻ നൽകാൻ കൺസൽട്ടന്റിനോട് ആവശ്യപ്പെടുകയും, ടോപ്പോഗ്രാഫിയിൽ മാറ്റം വന്നതായും പുതിയ കൾവർട്ടുകൾ നിർമ്മിച്ചതിനാൽ റീഡിസൈൻ ചെയ്യേണ്ടിവരുമെന്നും റാം ബയോളജിക്കൽസ് 18.08.2021 ൽ അറിയിച്ചിട്ടുണ്ട്. എന്നാൽ ടോപ്പോഗ്രാഫിയിൽ വ്യതിയാനം സംഭവിച്ചിട്ടില്ലെന്നും ഡി.പി.ആറിലെ ഗ്രൗണ്ട് ലെവലും ഇപ്പോൾ കരാറുകാരൻ എടുത്ത ലെവലുകളും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്നും, ആയത് നെറ്റ് വർക്ക് ഡിസൈനിലെ അപാകമാണെന്നും അപാകങ്ങൾ സംബന്ധിച്ച് പ്രതിനിധി നേരിട്ട് ഹാജരായി സ്ഥലപരിശോധന നടത്തി അറിയിക്കേണ്ടതാണെന്നും 23.11.2021 ൽ നഗരസഭ മറുപടി നൽകിയിട്ടുണ്ട്.

ഡി.പി.ആറിൽ നിന്നുമുള്ള വ്യതിയാനങ്ങൾ, ഐറ്റം തിരിച്ചുള്ള കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് എന്നിവ നൽകാൻ അമൃത് സ്റ്റേറ്റ് മിഷൻ ഡയറക്ടർ 02.02.2022 ൽ ആവശ്യപ്പെട്ടിട്ടുണ്ട് (നം.AMRUT/14/2015). വിശദാംശങ്ങൾ നൽകാനായി 05.02.2022 ന് നഗരസഭ ഗ്രീൻ എക്കോ വാട്ടർ സിസ്റ്റംസിന് കത്ത് നൽകി.

ഡി.പി.ആറിലെ അപാകങ്ങൾ കാരണം പ്രവൃത്തി വൈകിയതിനാൽ കോസ്റ്റ് എസ്കലേഷൻ സംഭവിച്ചിട്ടുള്ളതിനാൽ കരാറിൽ നിന്നും പിന്മാറുന്നതായി കരാറുകാരായ ഗ്രീൻ എക്കോ വാട്ടർ സിസ്റ്റംസ് 19.02.2022 ന് കത്ത് നൽകിയിട്ടുണ്ട് (നം.GEWS/270-KLD-Palakkad-013/2020-2021). നഗരസഭ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശ്രമങ്ങൾ നടത്തുന്നുണ്ടെന്നും ഏകപക്ഷീയമായി പ്രവൃത്തിയിൽ നിന്നും പിന്മാറിയാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി അടവാക്കിയ തുക കണ്ടുകെട്ടുമെന്നും 18.03.2022 ന് നഗരസഭ മറുപടി നൽകിയിട്ടുണ്ട്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.നഗരസഭയുടെ കീഴിലല്ലാത്തതും/കൈമാറിക്കിട്ടിയിട്ടില്ലാത്തതുമായ ജില്ലാ ആശുപത്രിയിൽ പ്ലാന്റ് സ്ഥാപിക്കാൻ തീരുമാനമെടുത്തത് വിശദീകരിക്കേണ്ടതാണ്.

2.പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള ജില്ലാ ആശുപത്രിയിൽ സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് അപേക്ഷ നൽകിയിട്ടില്ലാത്തതാണ്. ഈ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ആവശ്യകത വിലയിരുത്തിയത് വിശദീകരിക്കേണ്ടതാണ്.

3.ജില്ലാ പഞ്ചായത്തുമായി കരാറിലേർപ്പെടുകയോ, പ്ലാന്റ് നിർമ്മിക്കുന്നതിന് സ്ഥലം വിട്ടു നൽകുകയോ ചെയ്യാതെ നഗരസഭ പ്ലാന്റ് നിർമ്മാണത്തിനായി പ്രോജക്ട് ആവിഷ്കരിച്ചത് വിശദീകരിക്കേണ്ടതാണ്.

അമൃത് ഗൈഡ് ലൈൻ 6.10 പ്രകാരം ഭൂമി ലഭ്യമാകാതെ പ്രൊജക്ട് ആവിഷ്കരിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4.അനുമതിക്കായി കത്ത് നൽകി 15.01.2021 ൽ മാത്രമാണ് ജില്ലാ പഞ്ചായത്ത് ഭരണസമിതി അനുമതി ലഭ്യമായിരിക്കുന്നത്. അതിനും മുമ്പേ ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും 04.11.2020 ന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

5.ഡി.പി.ആർ തയ്യാറാക്കി കഴിഞ്ഞ് ടെണ്ടർ നടപടികൾ നടക്കുന്നതിനിടയിൽ പ്ലാന്റ് നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് കൾവർട്ട്, ഡ്രെയിൻ എന്നിവ ജില്ലാ പഞ്ചായത്ത് നിർമ്മിച്ചിട്ടുണ്ട്.

6.ജില്ലാ ആശുപത്രിയിലെ ടോയ് ലെറ്റുകളിൽ നിന്നുള്ള കണക്ഷനുകൾ ഇല്ലാതെ പ്ലാന്റ് പ്രവർത്തനക്ഷമമാകില്ല എന്നിരിക്കെ അപൂർണ്ണമായ രീതിയിൽ പ്രോജക്ട് ആവിഷ്കരിച്ചത് വിശദീകരിക്കേണ്ടതാണ്.

7.ഡി.പി.ആർ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

8.ഡി.പി.ആറിൽ അപാകങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന് നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗമോ, മറ്റേതെങ്കിലും സാങ്കേതിക വിദഗ്ദരോ പരിശോധിച്ചിട്ടില്ല.

9.ഡി.പി.ആർ തയ്യാറാക്കിയതിലെ അപാകങ്ങൾക്ക് ഡി.പി.ആർ തയ്യാറാക്കിയ സ്ഥാപനത്തിനെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

10.പ്രവൃത്തി തുടരേണ്ടതില്ലെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് 11.02.2021 ൽ അറിയിച്ചിട്ടുണ്ടെങ്കിലും തുടർന്നും നഗരസഭ പുതുക്കിയ എസ്റ്റിമേറ്റ് നൽകുന്നതിന് 20.02.2021 ന് കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്.

11.അമൃത് ഗൈഡ് ലൈൻ 6.10 പ്രകാരം “AMRUT No Projects Should Be Included Which Do Not Have Land Available And No Project Work Order Should Be Issued If All Clearances From All The Departments Have Not Been Received By That Time.” എന്ന് നിർദേശം നൽകിയിട്ടുണ്ട്. ടി നിർദേശം പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

12.ഓപ്പറേഷൻ & മെയിന്റനൻസ് ചെലവുകൾക്കായി ആവശ്യമാകുന്ന തുക ജില്ലാ പഞ്ചായത്തിൽ നിന്നോ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

2) 100 KLD സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

100 KLD സെപ്റ്റേജ് ട്രീറ്റിമെന്റ് പ്ലാന്റിനായി ടെണ്ടർ ക്ഷണിക്കുകയും ഗ്രീൻ എക്കോ വാട്ടർ സിസ്റ്റംസ് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട് (കൗൺസിൽ തീരുമാനം നം.2687/22.07.2020). തുടർന്ന് 04.08.2020 ന് സ്ഥാപനത്തിന് വർക്ക് സെലക്ഷൻ ഓർഡർ നൽകിയിട്ടുണ്ട്.

മെഡിക്കൽ കോളേജിന് സമീപത്തായി യാക്കര വില്ലേജിൽ ഉൾപ്പെട്ട ബ്ലോക്ക് 181 ൽ റീസർവ്വേ നമ്പർ 10 ൽപ്പെട്ട 70സെന്റ് ഭൂമി പ്ലാന്റ് സ്ഥാപിക്കുന്നതിന് ഭൂമി അനുവദിച്ചുകൊണ്ട് GO(Ms)No.66/2022/RD Dt 04.03.2022 പ്രകാരം ഉത്തരവായിരുന്നു. ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം നിർമ്മാണം ആരംഭിക്കണമെന്നാണ് മേൽ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. തുടർന്ന് 13.04.2022 ന് യാക്കര വില്ലേജ് ഓഫീസർ മഹസ്സർ തയ്യാറാക്കി ഭൂമി നഗരസഭക്ക് കൈമാറിയിട്ടുണ്ട്.

പ്രവൃത്തി ആരംഭിക്കുന്നതിനായി ഗ്രീൻ എക്കോ വാട്ടർ സിസ്റ്റംസിന് 05.03.2022 ന് കത്ത് നൽകി. കോവിഡ്-19 കാരണമുള്ള ധനകാര്യ പ്രതിസന്ധി കാരണവും മെറ്റീരിയൽ ലേബർ കോസ്റ്റ് 40 ശതമാനത്തിലധികം അധികരിച്ചത് കാരണവും കരാറിലേർപ്പെടാൻ കഴിയില്ലെന്നും പ്രവൃത്തിയിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

തുടർന്ന് ടെണ്ടറിൽ തൊട്ടടുത്ത തുക ക്വാട്ട് ചെയ്ത Moopan Aztech എന്ന സ്ഥാപനത്തിന് ഏറ്റവും കുറവ് ക്വാട്ട് ചെയ്ത 2,24,18,054 രൂപക്ക് പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ കഴിയുമോ എന്ന് ആരാഞ്ഞുകൊണ്ട് 11.04.2022 ന് കത്ത് നൽകിയിട്ടുണ്ട്.

ഇതു സംബന്ധിച്ച അപാകങ്ങൾ താഴെപ്പറയുന്നു

1.ഈ പ്രൊജക്ടിന്റെ ഡി.പി.ആർ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.
2.പ്ലാന്റിനായി ഭൂമി ലഭ്യമാകുന്നതിന് മുമ്പ് തന്നെ ടെണ്ടർ നടപടികൾ ആരംഭിക്കുകയും വർക്ക് സെലക്ഷൻ ഓർഡർ നൽകുകയും ചെയ്തത് വിശദീകരിക്കേണ്ടതാണ്.
3.ഡി.പി.ആർ തയ്യാറാക്കിയ സ്ഥലത്തിൽ തന്നെയാണോ പ്ലാന്റ് നിർമ്മിക്കാൻ അനുമതി ലഭ്യമായിട്ടുള്ളതെന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

3) 800 KLD സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് - സുന്ദരം കോളനി

ഫയൽ നം.E1-39439/19
സുന്ദരം കോളനിയിൽ സ്ഥാപിക്കുന്ന സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിനായി 9.20 കോടിയുടെ പ്രോജക്ടിനായി 12.03.2019ന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനെ തുടർന്ന് 28.08.2019 റീടെണ്ടറിൽ രണ്ട് സ്ഥാപനങ്ങൾ പങ്കെടുത്തെങ്കിലും സാങ്കേതിക സമിതി പരിശോധനയിൽ രണ്ട് ബിഡുകളും യോഗ്യത നേടാത്തതിനാൽ റീടെണ്ടർ നടത്താൻ തീരുമാനിച്ചു. 27.01.2020 ലെ റീടെണ്ടറിൽ പങ്കെടുത്ത വാസ്കോ എൻവയോൺമെന്റൽ പ്രൈവറ്റ് ലിമിറ്റഡ്, ലിവിറ്റ് ഹോംസ്, ഹൊറൈസൺ പ്ലാസ്റ്റോടെക് എന്നീ സ്ഥാപനങ്ങൾ കൂടിയുള്ള ജോയിന്റ് വെഞ്ച്വർ ആയി നൽകിയ 8,88,88,888 രൂപയുടെ ബിഡ് സ്വീകരിക്കുകയും നെഗോഷിയേഷൻ നടത്തി എസ്റ്റിമേറ്റിനേക്കാൾ 18.5 % നിരക്കിൽ 8,80,00,000 രൂപയുടെ ബിഡ് അംഗീകരിച്ചു (22.07.2020 ലെ 2673 ാം നമ്പർ കൗൺസിൽ തീരുമാനം). അധികമായി ആവശ്യമാകുന്ന 1.37 കോടി രൂപയുടെ 50% പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്തണമെന്ന് 17.12.2020 ലെ 26th SHPSC നിർദേശിച്ചിട്ടുണ്ട്. ആയത് 24.02.2021 ലെ 4-ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്.

സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുമുള്ള അനുമതിക്കായി നടപടികൾ സ്വീകരിക്കുകയും 22.07.2021 ലെ PCB/PLKD/ICE/F/R21PAL185239/2021 പ്രകാരം അനുമതി ലഭ്യമായിട്ടുണ്ട്.

വാസ്കോ എൻവയോൺമെന്റൽ പ്രൈവറ്റ് ലിമിറ്റഡിന് 17.05.2021 ന് വർക്ക് സെലക്ഷൻ ഓർഡർ നൽകിയിട്ടുണ്ട്. കോവിഡ് ലോക്ക് ഡൗൺ കാരണം കരാറിലേർപ്പെടാൻ സമയം ആവശ്യപ്പെടുകയും 13.08.2021 ന് മുമ്പായി കരാറിലേർപ്പെടുന്നതിന് പുതിയ വർക്ക് സെലക്ഷൻ ഓർഡർ 30.07.2021 ന് നൽകിയിട്ടുണ്ട്. തുടർന്ന് കരാറിലേർപ്പെടുന്നതിന് മുമ്പായി സൈറ്റ് കൈമാറുന്ന കാര്യത്തിൽ ഉറപ്പുനൽകണമെന്ന് സ്ഥാപനം 31.07.2021 ന് ഇ-മെയിൽ ചെയ്യുകയും കരാറിലേർപ്പെട്ട് 10 ദിവസത്തിനകം സൈറ്റ് കൈമാറുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. 10 ദിവസത്തിനകം കരാറിലേർപ്പെട്ടില്ലെങ്കിൽ 1 % പിഴ കൂടി അടവാക്കേണ്ടതുണ്ടെന്ന് 16.08.2021 ന് സ്ഥാപനത്തിന് കത്ത് നൽകുകയും സ്ഥാപനം നൽകിയ മറുപടിയിൽ 24.01.2020 ന് ബിഡ് നൽകിയതാണെന്നും 90 ദിവസമാണ് ബിഡിന്റെ കാലാവധിയെന്നും വർക്ക് സെലക്ഷൻ ഓർഡർ ലഭിച്ചത് 29.07.2021 ന് മാത്രമാണെന്നും അതിനാൽ പിഴ അടക്കാനാകില്ലെന്നും അറിയിച്ചിട്ടുണ്ട്. പിഴ ഒഴിവാക്കാനാവില്ലെന്ന് 26.08.2021 ന് നഗരസഭ മറുപടി നൽകിയിട്ടുണ്ട്. 08.09.2021 ലെ സ.ഉ(സാധാ) നം.1710/2021/തസ്വഭവ പ്രകാരം പിഴ ഒഴിവാക്കി 15.10.2021 വരെ സമയം അനുവദിച്ചതിനാൽ കരാറിൽ ഏർപ്പെടണമെന്ന് 15.09.2021 ന് കത്ത് നൽകിയിട്ടുണ്ട്.

തുടർന്ന് സ്ഥാപനം 23.09.2021 ന് മറുപടി നൽകുകയും 15.10.2021 ന് മുമ്പ് കരാറിലേർപ്പെടുമെന്ന് അറിയിച്ചിട്ടുണ്ട്. ക്വാട്ട് ചെയ്ത തുകയായ 8.80 കോടി രൂപയിൽ ഓപ്പറേഷൻ & മെയിന്റനൻസ് തുക ഉൾപ്പെടുന്നില്ലെന്നും ആയത് പ്രത്യേകമായി ക്വാട്ട് ചെയ്ത് സമർപ്പിച്ചിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്.

പ്രോജക്ടിന്റെ ഫീസിബിലിറ്റി, ലേ ഔട്ടിലെ വ്യത്യാസം എന്നിവ പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ സെക്രട്ടറി നിർദേശിച്ചതനുസരിച്ച് അസി.എഞ്ചിനീയർ 09.11.2021 ൽ റിപ്പോർട്ട് ചെയ്തത് പ്രകാരം പ്ലാന്റിന്റെ ലൊക്കേഷൻ ഡി.പി.ആർ പ്രകാരമുള്ള ലൊക്കേഷനിൽ നിന്നും മാറി, നഗരസഭയുടെ പൊതു

ശ്മശാനത്തിന് അടുത്താണെന്നും, ഡി.പി.ആർ പ്രകാരമുള്ള ലൊക്കേഷനിൽ നിന്നുള്ള മാറ്റം കരാറുകാരനെ അറിയിച്ചിട്ടില്ലെന്നും, 5 വർഷത്തേക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് കോസ്റ്റ് നഗരസഭ വഹിക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർന്ന് വിഷയം കൗൺസിലിന്റെ പരിഗണനക്ക് സമർപ്പിക്കുകയും മേൽ പ്രവൃത്തിയുടെ ഓപ്പറേഷൻ & മെയിന്റനൻസ് തുക ഭീമമാണെന്നും നഗരസഭയുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് തുക കണ്ടെത്തുന്നത് അസാധ്യമാണെന്നും ഡി.പി.ആറിൽ കാണിച്ചിരിക്കുന്ന സ്ഥലത്താണോ പദ്ധതി നടപ്പിലാക്കുന്നതെന്ന് എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ 07.03.2022 ലെ 37-ാം നമ്പർ പ്രകാരം കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്.

പ്ലാന്റിനായി അങ്കണവാടിയുടെ സമീപമുള്ള നഗരസഭയുടെ സ്ഥലത്താണ് ലൊക്കേഷൻ കാണിച്ചുകൊടുത്തിരുന്നതെന്നും ഭരണാനുമതി ലഭിച്ച ശേഷമാണ് ടോപ്പോഗ്രാഫിക്കൽ സർവ്വേ നടത്തിയതെന്നും പുതിയ ലൊക്കേഷൻ ശ്മശാനത്തിനകത്താണെന്നും അസി.എഞ്ചിനീയർ 25.04.2022 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഓപ്പറേഷൻ & മെയിന്റനൻസ് ആയി ടി സ്ഥാപനം രേഖപ്പെടുത്തിയ തുക താഴെ കൊടുക്കുന്നു.

| | |
|---|---|
| 1st Year | 0 |
| 2nd Year | 58,24,000 |
| 3rd Year | 66,97,600 |
| 4th Year | 77,02,240 |
| 5th Year | 88,57,576 |
| TOTAL | 2,90,81,416 |

ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴക്കൊടുക്കുന്നു.

1.അമൃത് ഗൈഡ് ലൈൻസ് 5.1 പ്രകാരം 5 വർഷത്തേക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് ചാർജ് ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടതാണെന്നും, ഓപ്പറേഷൻ & മെയിന്റനൻസിനായി കോസ്റ്റ് റിക്കവറി മെക്കാനിസം ഉണ്ടാവേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്. ഓപ്പറേഷൻ & മെയിന്റനൻസ് കോസ്റ്റിനായി വിനിയോഗിക്കേണ്ടി വരുന്ന തുക കണ്ടെത്താതെയാണ് പ്രൊജക്ട് ആവിഷ്കരിച്ചിരിക്കുന്നത്.

2.റാം ബയോളജിക്കൽ നൽകിയ ഡി.പി.ആർ പ്രകാരം 5 വർഷത്തേക്ക് ഓപ്പറേഷൻ & മെയിന്റനൻസ് കോസ്റ്റ് 17.696 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ടി തുക അമൃത് പദ്ധതിയിൽ നിന്ന് ഉപയോഗിക്കാനാവില്ലെന്നും, നഗരസഭ തന്നെ കണ്ടെത്തേണ്ടതുണ്ടെന്നും ഗൈഡ് ലൈനിൽ നിർദേശിച്ചിട്ടും തുക കണ്ടെത്താനുള്ള നടപടികളെക്കുറിച്ച് ആലോചിക്കാതെ പ്ലാന്റ് നിർമ്മാണവുമായി മുന്നോട്ട് പോയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3.27.01.2020 ലെ ടെണ്ടറിൽ ഓപ്പറേഷൻ & മെയിന്റനൻസ് കോസ്റ്റ് തുക ക്വാട്ട് ചെയ്തിട്ടുണ്ടെങ്കിലും അത്രയും വലിയ തുക നഗരസഭക്ക് നൽകാൻ കഴിയുമോ എന്ന് പരിശോധിച്ചതായോ കൗൺസിലിനെ അറിയിച്ചിട്ടുള്ളതായോ കാണുന്നില്ല. 07.03.2022 ലെ കൗൺസിൽ യോഗത്തിൽ മാത്രമാണ് ടി തുക നഗരസഭക്ക് താങ്ങാനാവുന്നതല്ലെന്ന് തീരുമാനമെടുത്തിട്ടുള്ളത്.

4.12/2020 ൽ SHPSC കമ്മിറ്റിയും 02/2021 ൽ കൗൺസിലും ടെണ്ടർ അംഗീകരിച്ചെങ്കിലും 17.05.2021 ൽ മാത്രമാണ് വർക്ക് സെലക്ഷൻ ഓർഡർ നൽകിയിരിക്കുന്നത്. കാലതാമസം വിശദീകരിക്കേണ്ടതാണ്.

5.ടെണ്ടർ നടപടികൾ പൂർത്തിയായ ശേഷമാണ് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതിക്കായി അപേക്ഷിച്ചിരിക്കുന്നത്.

6.ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കിയ ശേഷം ലൊക്കേഷനിൽ മാറ്റം വരുത്തിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

7.ഓപ്പറേഷൻ & മെയിന്റനൻസ് കോസ്റ്റ് നൽകുന്നത് അസാധ്യമാണെന്ന് കൗൺസിൽ തന്നെ തീരുമാനിച്ചിട്ടുള്ളതിനാൽ ഈ പ്രൊജക്ട് നടപ്പിലാക്കാൻ കഴിയുമോ എന്നത് സംശയകരമാണ്.

അപാകങ്ങൾക്കുള്ള മറുപടി, മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കേണ്ടതാണ്.

## 1-62 അമൃത് പദ്ധതി- ഫൂട് ഓവർ ബ്രിഡ്ജ് നിർമ്മാണം ആരംഭിച്ചില്ല

ഫയൽ നം:- E1-50331/18

പി.എം.ജി ഹയർ സെക്കണ്ടറി സ്കൂൾ മുതൽ വിക്ടോറിയ ജംഗ്ഷൻ വരെ ഫൂട് ഓവർ ബ്രിഡ്ജ് നിർമ്മാണം എന്ന പ്രവൃത്തിക്ക് GO(Rt)No.3166/2017/LSGD Dt 27.09.2017 പ്രകാരം ഭരണാനുമതി ലഭിക്കുകയും TS No.109951/2017-18 പ്രകാരം സാങ്കേതിക അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. 50,00,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തിക്ക് 49,75,207 രൂപയുടെ ടെണ്ടർ സമർപ്പിച്ച KSIE-യെ അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ 10.08.2018 ലെ 1718-ാം കൗൺസിൽ തീരുമാന പ്രകാരം അംഗീകരിക്കുകയും KSIE യുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട് (നം.145/18-19 തി 30.10.2018). 05.12.2018 ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

പി.എം.ജി സ്കൂളിലെ ബുക്ക് ഡിപ്പോ സ്റ്റോർ കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്താണ് ഫൂട് ഓവർ ബ്രിഡ്ജിന്റെ ലാന്റിംഗ് പ്രപ്പോസ് ചെയ്തിരിക്കുന്നതെന്നും, ടി കെട്ടിടം വളരെ കാലപ്പഴക്കമുള്ളതും ശോചനീയ അവസ്ഥയിലാണുള്ളതെന്നും, ആയത് പൊളിച്ച് നീക്കം ചെയ്യണമെന്നും വാല്യേഷൻ തുക 52,198 രൂപയാണെന്നും അസി. എഞ്ചിനീയർ 06.08.2019 ന് റിപ്പോർട്ട് ചെയ്യുകയും, 29.08.2019 ലെ 2247 -ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം കെട്ടിടം പൊളിച്ച് നീക്കം ചെയ്യാൻ തീരുമാനിച്ചു. തുടർന്ന് 15.10.2019 ന് ലേലം നടത്തി കെട്ടിടം പൊളിച്ചുമാറ്റിയിട്ടുണ്ട്.

HT OH ലൈൻ മാറ്റി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി നൽകിയ എസ്റ്റിമേറ്റ് പ്രകാരം 10.02.2020 ന് 1,86,623 രൂപ കെ.എസ്.ഇ.ബി ക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഓവർ ബ്രിഡ്ജിന്റെ ലാന്റിംഗ് പ്രവൃത്തിക്കായുള്ള ഫൗണ്ടേഷൻ ചെയ്യുന്നതിന് വാൾവ് മാറ്റി സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് 02.11.2020 ന് കത്ത് നൽകിയിട്ടുണ്ട്.

KSIE യുടെ 24.04.2021 ലെ KSIE/Pkd/L-012/21-22 കത്ത് പ്രകാരം ടി പ്രവൃത്തിയിൽ നിന്നും പിന്മാറുകയാണെന്ന് അറിയിച്ചിട്ടുണ്ട്. KSIE യുമായുള്ള കരാർ റദ്ദ് ചെയ്യുന്നതിനും ഇതുമൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം KSIE -യിൽ നിന്നും ഈടാക്കുന്നതിനും റീടെണ്ടർ ചെയ്യുന്നതിനും കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട് (തീരുമാനം നം. 21/28.09.2021).

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) ഈ പ്രോജക്ടിന് വേണ്ടി തയ്യാറാക്കിയ ഡി.പി.ആർ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

2) ടെണ്ടർ നടത്തി 05.12.2018 ന് വർക്ക് ഓർഡർ നൽകിയശേഷം 06.08.2019 ന് മാത്രമാണ് സ്കൂൾ കെട്ടിടം പൊളിച്ച് മാറ്റേണ്ടതാണെന്ന് റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ചിരിക്കുന്നത്. കാലതാമസം വിശദീകരിക്കപ്പെട്ടിട്ടില്ല.

3) സൈറ്റ് ഹാൻഡ് ഓവർ ചെയ്തതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

4) KSIE എന്ന സ്ഥാപനത്തിനെ അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ തെരഞ്ഞെടുത്തത് വിശദീകരിക്കേണ്ടതാണ്. G.O(P)No.29/2018/Fin Dt 28.02.2018 ഉത്തരവ് പ്രകാരം KSIE ക്ക് സിവിൽ വർക്കുകൾക്ക് Project Managemant Consultant (PMC) ആയി മാത്രമുള്ള അനുമതിയാണ് നൽകിയിരിക്കുന്നത്.

5) KSIE ഡെപ്പോസിറ്റ് അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

6) സാമ്പത്തിക നഷ്ടം KSIE യിൽ നിന്നും ഈടാക്കുന്നതിനും റീടെണ്ടർ ചെയ്യുന്നതിനും 29.09.2021 ൽ കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ടെങ്കിലും, തുടർ നടപടികളുടെ വിവരം ഫയലിൽ ലഭ്യമല്ല. റീ ടെണ്ടർ ചെയ്യാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

അപാകങ്ങൾക്ക് വിശദീകരണവും രേഖകൾ ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ 65/13.05.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങൾക്കുള്ള വിശദീകരണം ലഭ്യമാക്കേണ്ടതും പ്രൊജക്റ്റിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതുമാണ്.

1-63 പൊതു ടാപ്പുകളുടെ വെള്ളക്കരം - കുടിശ്ശിക ഒടുക്കിയിട്ടില്ല.

നഗരസഭയിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 02/2021 വരെ 3,28,33,608 രൂപയുടെ കുടിശ്ശിക ഒടുക്കാതെ നിലനിൽക്കുന്നതായി 31.03.2021 ൽ കേരള വാട്ടർ അതോറിറ്റിയുടെ ബിൽ നമ്പർ 49931/5.03.2021 ഡിമാന്റ് നോട്ടീസ് പ്രകാരം അറിയിച്ചിട്ടുണ്ട്. ഡിമാന്റ് നോട്ടീസ് പ്രകാരം നഗരസഭയിൽ 1331 പൊതു ടാപ്പുകളുണ്ട്. ഒരു ടാപ്പിന് പ്രതി വർഷം 7,884 രൂപ വെള്ളക്കരമിനത്തിൽ ഒടുക്കേണ്ടതുണ്ട്. ടി കുടിശ്ശിക നിലനിൽക്കുന്നതിനാൽ പ്രതിമാസം വെള്ളക്കരത്തിനോടൊപ്പം പിഴപലിശയിനത്തിൽ (പ്രതിമാസം 2% എന്ന നിരക്കിൽ) ഏകദേശം 6,44,000 രൂപ അധികം ഒടുക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. 13.10.2020 ലെ 2722-ാം നമ്പർ കൗൺസിൽ തീരുമാനം, 24.02.2021 ലെ 30-ാം നമ്പർ കൗൺസിൽ തീരുമാനം എന്നിവയിൽ നഗരസഭയും, കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തി സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയതിനു ശേഷം മാത്രം കേരള വാട്ടർ അതോറിറ്റിക്ക് തുക ഒടുക്കിയാൽ മതിയെന്ന് തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2021 മാർച്ച് മാസത്തിന് ശേഷവും സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താത്തതിനാൽ ഓരോ മാസവും വൻ തുക കുടിശ്ശികയിനത്തിൽ അധികരിച്ച വരുന്ന സാഹചര്യമാണുള്ളത്.

ഓഡിറ്റ് നിർദേശം

1) നഗരസഭയും, കേരള വാട്ടർ അതോറിറ്റിയും അടിയന്തിരമായി സംയുക്ത പരിശോധന നടത്തി സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക കണക്കാക്കി ഒടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-64 ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

1) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ
പ്രൊജക്റ്റ് നമ്പർ 466/21

വകയിരുത്തൽ -20,00,000 വികസന ഫണ്ട് ജനറൽ
ചെലവ് - 12,21,382രൂപ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വികസന ഫണ്ടിൽ (ജനറൽ) നിന്നും 20 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ IKM സ്റ്റേറ്റ്മെന്റ് പ്രകാരം 12,21,382 രൂപ ചെലവഴിച്ചിട്ടുണ്ട്. ബിൽ ബുക്ക് പ്രകാരം ടിപദ്ധതിക്കായി ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | ചെലവ് തുക |
|---|---|---|
| 1 | 34/20-21 /27-7-2020 | 15,000 |
| 2 | 35/20-21 /27-7-2020 | 8,750 |
| 3 | 36/20-21 /27-7-2020 | 26,000 |
| 4 | 33/20-21 | 1,37,750 |

| | | |
|---|---|---|
| | /27-7-2020 | |
| 5 | 37/20-21 /27-7-2020 | 13,000 |
| 6 | 47/20-21 /27-8-2020 | 38,993 |
| 7 | 59/20-21 /15-10-2020 | 8,750 |
| 8 | 93/20-21 /15-01-2021 | 42,007 |
| 9 | 94/20-21 /15-01-2021 | 65,000 |
| 10 | 40/20-21 /27-7-2020 | 1,82,500 |
| 11 | 104/20-21 /20.01.21 | 9,100 |
| 12 | 119/20-21 /17.02.21 | 2,800 |
| 13 | 122/20-21 /22-2-2021 | 1,35,000 |
| 14 | 123/20-21 /22-2-2021 | 38,214 |
| 15 | 124/20-21 /22-2-2021 | 1,35,000 |
| 16 | 128/20-21 /17.03.2021 | 1,99,860 |
| 17 | 129/20-21 /17.03.2021 | 1,61,500 |
| 18 | 132/20-21 /23.03.2021 | 12,158 |
| | | 12,31,382 |

IKM ചെലവ് പത്രികയിൽ രേഖപ്പെടുത്തിയ ചെലവ് തുകയിലും കൂടുതലായി 10,000 രൂപ ചെലവഴിച്ചതായി കാണുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റിനു ലഭ്യമാക്കിയ ഫയലിൽ ബിൽ ബുക്ക് പ്രകാരമുള്ള താഴെ കൊടുത്തിട്ടുള്ളവയുടെ 8,76,132 രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | ചെലവ് തുക |
|---|---|---|
| 1 | 40/20-21 /27-7-2020 | 1,82,500 |
| 2 | 104/20-21 /20.01.21 | 9,100 |
| 3 | 119/20-21 /17.02.21 | 2,800 |

| | | |
|---|---|---|
| 4 | 122/20-21 /22-2-2021 | 1,35,000 |
| 5 | 123/20-21 /22-2-2021 | 38,214 |
| 6 | 124/20-21 /22-2-2021 | 1,35,000 |
| 7 | 128/20-21 /17.03.2021 | 1,99,860 |
| 8 | 129/20-21 /17.03.2021 | 1,61,500 |
| 9 | 132/20-21 /23.03.2021 | 12,158 |
| | | 8,76,132 |

2)കോവിഡ് കെയർ സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വെള്ളം, ശുചിത്വ, മാലിന്യ സംസ്കരണം, പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ

പ്രൊജക്ട് നമ്പർ 508/21

വകയിരുത്തൽ -50,00,000 വികസന ഫണ്ട് ജനറൽ

ചെലവ് - 49,90,947രൂപ

ബിൽ ബുക്ക് പ്രകാരം താഴെ കൊടുത്തിട്ടുള്ള 49,90,407 രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ പ്രൊജക്ട് നമ്പർ | ബിൽ നമ്പർ/തീയതി | ചെലവ് തുക |
|---|---|---|
| 1 | 41/20-21 /7.8.2020 | 8,75,000 |
| 2 | 42/20-21 /7.8.2020 | 1,83,850 |
| 3 | 48/20-21 /27.8.2020 | 3,43,670 |
| 4 | 54/20-21 /16.09.2020 | 99,055 |
| 5 | 57/20-21 /18.09.2020 | 7,18,250 |
| 6 | 58/20-21 /12.10.2020 | 2,76,030 |
| 7 | 62/20-21 /20.10.2020 | 4,25,120 |
| 8 | 63/20-21 /27.10.2020 | 10,71,459 |
| 9 | 66/20-21 /11.11.2020 | 3,75,040 |

| | | |
|---|---|---|
| 10 | 83/20-21 /07.12.2020 | 2,62,468 |
| 11 | 96/20-21 /15.01.2021 | 32,568 |
| 12 | 103/20-21 /15.01.2021 | 43,975 |
| 13 | 111/20-21 /17.02.2021 | 32,400 |
| 14 | 118/20-21 /19.02.2021 | 44,242 |
| 15 | 121/20-21 /22.02.2021 | 2,07,280 |
| | | 49,90,407 |

3) കമ്മ്യൂണിറ്റി കിച്ചൻ

പ്രൊജക്ട് നമ്പർ 470 /21

വകയിരുത്തൽ - 1000000 വികസന ഫണ്ട് ജനറൽ

ചെലവ് - 7,15,800രൂപ

ബിൽ ബുക്ക് പ്രകാരം താഴെ കൊടുത്തിട്ടുള്ള 7,15,800 രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | ചെലവ് തുക |
|---|---|---|
| 1 | 53/20-21 /11.09.2020 | 4,56,730 |
| 2 | 56/20-21 /18.09.2020 | 1,48,089 |
| 3 | 108/20-21 /22.01.2021 | 1,10,981 |
| | | 7,15,800 |

ഹെൽത്ത് ഓഫീസറുടെ നിർവ്വഹണരേഖകൾ 1/3-01-22 നമ്പർ ഓഡിറ്റ് അന്വേഷണം പ്രകാരം ആവശ്യപ്പെട്ടു. ഭാഗികമായി മാത്രം ലഭ്യമാക്കിയതിനെ തുടർന്ന് 27/4-2-22, 89/1-6-22എന്നീ നമ്പർ ഓഡിറ്റ് അന്വേഷണങ്ങൾ നൽകിയെങ്കിലും, ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ, പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിന് കാരണം ബോധ്യപ്പെടുത്തുകയോ ചെയ്തില്ല.ആയതിനാൽ രേഖകൾ ഹാജരാക്കാത്ത (8,76,132+49,90,407+7,15,800) 65,82,339 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-65 മരാമത്ത് പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ പരിശോധനയിൽ ട്രഷറി ബിൽ ബുക്ക് അനുസരിച്ച് താഴെ പറയുന്ന ബില്ലുകൾ ഉൾപ്പെടുന്ന പ്രൊജക്റ്റ് രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ.നം | പ്രോജക്ട് നമ്പർ | ബിൽ/തിയതി | തുക |
|---|---|---|---|
| 1 | 226/21 | 2/23.4.2020 | 4,69,892 |
| 2 | 234/21 | 3/23.4.2020 | 3,64,205 |
| 3 | 233/21 | 5/23.4.2020 | 2,34,685 |
| 4 | 231/21 | 6/23.4.2020 | 1,07,711 |

| | | | |
|---|---|---|---|
| 5 | 208/21 | 8/23.4.2020 | 2,99,324 |
| 6 | 198/21 | 14/23.4.2020 | 9,04,734 |
| 7 | 223/21 | 15/23.4.2020 | 4,69,687 |
| 8 | 414/21 | 16/23.4.2020 | 4,17,375 |
| 9 | 439/21 | 17/23.4.2020 | 12,00,000 |
| 10 | 393/21 | 19/23.4.2020 | 3,77,480 |
| 11 | 437/21 | 22/22.4.2020 | 3,99,357 |
| 12 | 338/21 | 25/22.4.2020 | 3,24,886 |
| 13 | 386/21 | 20/23.4.2020 | 4,02,274 |
| 14 | 412/21 | 30/22.4.2020 | 4,62,418 |
| 15 | 433/21 | 31/22.4.2020 | 4,97,602 |
| 16 | 309/21 | 34/22.4.2020 | 2,33,000 |
| 17 | 383/21 | 36/22.4.2020 | 1,56,534 |
| 18 | 388/21 | 37/22.4.2020 | 4,76,979 |
| 19 | 431/21 | 39/22.4.2020 | 4,85,521 |
| 20 | 291/21 | 176/18.11.2020 | 10,58,995 |
| 21 | 434/21 | 43/22.4.2020 | 1,51,366 |
| 22 | 389/21 | 52/22.4.2020 | 2,74,373 |
| 23 | 408/21 | 53/22.4.2020 | 4,90,746 |
| 24 | 417/21 | 54/22.4.2020 | 2,40,882 |
| 25 | 232/21 | 56/13.5.2020 | 2,23,510 |
| 26 | 455/21 | 58/13.5.2020 | 2,53,525 |
| 27 | 228/21 | 60/13.5.2020 | 2,50,409 |
| 29 | 253/21 | 61/13.5.2020 | 2,15,644 |
| 30 | 239/21 | 62/13.5.2020 | 1,54,360 |
| 31 | 447/21 | 63/13.5.2020 | 3,00,000 |
| 32 | 210/21 | Various Bills | 1,73,516 |
| 33 | 428/21 | 75/15.5.2020 | 2,95,719 |
| 34 | 426/21 | 77/15.5.2020 | 4,51,966 |
| 35 | 104/21 | 79/15.5.2020 | 2,79,559 |
| 36 | 415/21 | 81/15.5.2020 | 4,26,348 |
| 37 | 209/21 | 85/15.5.2020 | 5,00,000 |
| 38 | 420/21 | 89/15.5.2020 | 4,48,587 |
| 39 | 570/21 | 91/15.5.2020 | 4,44,886 |
| 40 | 646/21 | 96/22.5.2020 | 5,23,294 |
| 41 | 129/21 | 97/22.5.2020 | 7,50,750 |
| 42 | 215/21 | 99/22.5.2020 | 6,45,798 |
| 43 | 718/21 | 100/22.5.2020 | 13,25,137 |
| 44 | 403/21 | 102/22.5.2020 | 6,16,401 |
| 45 | 475/21 | 109/22.5.2020 | 9,36,397 |
| 46 | 39/21 | 111/22.5.2020 | 9,24,348 |
| 47 | 480/21 | 115/28.5.2020 | 6,31,227 |
| 48 | 278/21 | 119/28.5.2020 | 10,18,000 |
| 49 | 274/21 | 120/28.5.2020 | 15,00,000 |
| 50 | 222/21 | 121/28.5.2020 | 5,94,895 |
| 51 | 308/21 | 122/28.5.2020 | 3,27,225 |
| 52 | 309/21 | 124/28.5.2020 | 5,67,000 |
| 53 | 240/21 | 125/28.5.2020 | 6,50,333 |
| 54 | 261/21 | 127/28.5.2020 | 1,33,137 |
| 55 | 20/21 | 128/28.5.2020 | 82,428 |

| | | | |
|---|---|---|---|
| 56 | 302/21 | 145/11.8.2020 | 14,62,505 |
| 57 | 566/21 | 146/14.8.2020 | 7,67,682 |
| 58 | 253/21 | 148/14.8.2020 | 2,10,831 |
| 59 | 581/12 | 152/14.8.2020 | 4,93,345 |
| 60 | 306/21 | 154/26.8.2020 | 5,02,672 |
| 61 | 524/21 | 156/26.8.2020 | 4,12,395 |
| 62 | 278/21 | 158/14.9.2020 | 1,82,000 |
| 63 | 309/21 | 159/14.9.2020 | 96,813 |
| 64 | 337/21 | 165/30.10.2020 | 13,74,004 |
| 65 | 304/21 | 166/30.10.2020 | 3,55,966 |
| 66 | 623/21 | 170/5.11.2020 | 3,73,021 |
| 67 | 252/21 | 173/1.11.2020 | 8,03,966 |
| 68 | 607/21 | 179/7.12.2020 | 4,74,672 |
| 69 | 19/21 | 180/7.12.2020 | 52,368 |
| 70 | 258/21 | 183/28.12.2020 | 4,72,471 |
| 71 | 635/21 | 188/7.12.2020 | 4,07,490 |
| 72 | 230/21 | 189/7.12.2020 | 7,40,126 |
| 73 | 579/21 | 190/28.12.2020 | 4,50,375 |
| 74 | 576/21 | 191/30.12.2020 | 2,98,423 |
| 75 | 605/21 | 195/16.1.2021 | 49,588 |
| 76 | 301/21 | 197/16.01.2021 | 8,75,080 |
| 77 | 289/21 | 201/21.1.2021 | 6,49,031 |
| 78 | 287/21 | 207/22.2.2021 | 8,00,000 |
| 79 | 287/21 | 208/22.2.2021 | 8,00,000 |
| 80 | 597/21 | 214/27.2.2021 | 5,000 |
| 81 | 236/21 | 216/27.2.2021 | 4,30,979 |
| 82 | 539/21 | 222/27.2.2021 | 2,06,097 |
| 83 | 523/21 | 223/27.2.2021 | 89,070 |
| 84 | 254/21 | 227/27.2.2021 | 18,67,900 |
| 85 | 589/21 | 228/27.2.2021 | 2,88,750 |
| 86 | 324/21 | 229/10.3.2021 | 8,00,000 |
| 87 | 221/21 | 230/10.3.2021 | 2,92,500 |
| 88 | 8/21 | 231/10.3.2021 | 14,86,615 |
| 89 | 200/21 | 234/10.3.2021 | 1,41,795 |
| 90 | 220/21 | 241/10.3.2021 | 11,31,067 |
| 91 | 28/21 | 242/10.3.2021 | 84,930 |
| 92 | 313/21 | 244/10.3.2021 | 5,38,416 |
| 93 | 619/21 | 245/10.3.2021 | 4,61,159 |
| 94 | 594/21 | 248/15.3.2021 | 1,05,413 |
| 95 | 71/21 | 250/15.3.2021 | 6,84,516 |
| 96 | 64/21 | 251/15.3.2021 | 8,39,486 |
| 97 | 251/21 | 261/17.3.2021 | 97,500 |
| 98 | 265/21 | 274/25.3.2021 | 2,00,000 |
| 99 | 499/21 | 280/23.3.2021 | 7,84,552 |
| 100 | 191/21 | 282/25.3.2021 | 8,93,130 |
| 101 | 603/21 | 285/23.3.2021 | 3,16,549 |
| 102 | 205/21 | 286/23.3.2021 | 3,67,000 |
| 103 | 337/21 | 299/29.3.2021 | 5,22,596 |
| 104 | 593/21 | 300/29.3.2021 | 47,817 |
| 105 | 260/21 | 301/29.3.2021 | 1,20,000 |

| | | | |
|---|---|---|---|
| 106 | 164/21 | 302/29.3.2021 | 1,00,000 |
| 107 | 164/21 | 303/29.3.2021 | 1,00,000 |
| 108 | 179/21 | 305/29.3.2021 | 7,66,339 |
| 109 | 351/21 | 308/29.3.2021 | 15,00,000 |
| 110 | 262/21 | 310/29.3.2021 | 97,248 |
| 111 | 316/21 | 311/29.3.2021 | 3,63,726 |
| 112 | 1/21 | 312/29.3.2021 | 1,89,401 |
| 113 | 320/21 | 314/29.3.2021 | 11,22,964 |
| 114 | 195/21 | 317/29.3.2021 | 2,00,000 |
| 115 | 264/21 | 319/29.3.2021 | 4,06,658 |
| 116 | 646/21 | 320/29.3.2021 | 2,00,000 |
| 117 | 296/21 | 321/29.3.2021 | 6,15,000 |
| 118 | 524/21 | 323/30.3.2021 | 6,74,868 |
| 119 | 186/21 | 324/30.3.2021 | 9,96,110 |
| 120 | 16/21 | 326/30.3.2021 | 5,33,639 |
| 121 | 115/21 | 328/30.3.2021 | 74,799 |
| 122 | 584/21 | 330/31.3.2021 | 2,50,000 |
| 123 | 36/21 | 332/31.3.2021 | 4,67,523 |
| 124 | 33/21 | 333/31.3.2021 | 1,37,729 |
| | | ആകെ | 6,08,48,090 |

ഓഡിറ്റ് എൻക്വയറി നമ്പർ 82/24.5.2022 പ്രകാരം രേഖകൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയവ പരിശോധനയ്ക്ക് ഹാജരാക്കുകയോ, പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിന് കാരണം ബോധ്യപ്പെടുത്തുകയോ ചെയ്തില്ല. കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ 12 (1) പ്രകാരം ഓഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന എല്ലാ രേഖകളും, രജിസ്റ്ററുകളും കണക്കുകളും നിർവഹണോദ്യോഗസ്ഥൻ നൽകേണ്ടതാണ്. ചട്ടം 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച്ച വരുത്തിയാൽ അത്തരം രേഖയോ, കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 6,08,48,090 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-66 സെക്യൂരിറ്റി ഡെപ്പോസിറ്റ് രേഖകൾ കളർ ഫോട്ടോസ്റ്റാറ്റ് കോപ്പി

ഫയൽ- ഇ1/34744/21

നഗരസഭയിലെ അമൃത് പദ്ധതിനടത്തിപ്പുമായി ബന്ധപ്പെട്ട് ഫയലുകൾ പരിശോധിക്കുമ്പോൾ ചില കരാറുകാർ എഗ്രിമെന്റിനോടൊപ്പം അടവാക്കേണ്ട സെക്യൂരിറ്റി ഡെപ്പോസിറ്റിനായി ഹാജരാക്കിയ ട്രഷറിസേവിംഗ്സ് ഡെപ്പോസിറ്റ് മറ്റു പ്രവൃത്തികൾക്കായി ഹാജരാക്കിയിരുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ കളർഫോട്ടോസ്റ്റാറ്റ് കോപ്പിയാണെന്ന് കണ്ടെത്തിയതായും തുടർനടപടികൾ സ്വീകരിച്ചതായും ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നഗരസഭയിൽ അമൃത് പദ്ധതിയിൽ ഉൾപ്പെട്ട Rejuvenation Of Drain At Housing Board Colony, Mattumantha, Sekharipuram Junction And Construction Of Tertiary Drains എന്ന പദ്ധതിയുടെ കരാറിൽ ഏർപ്പെടുന്നതിനായി എഗ്രിമെൻറ് ചമക്കുന്ന സമയത്ത് കരാർതുകയുടെ 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി ട്രഷറിസേവിംഗ്സ് ഡെപ്പോസിറ്റ് കരാറുകാരൻ ശ്രീ.അബ്ദുൾകബീർ.എം.ടി. നൽകിയത് രജിസ്റ്ററിൽ ചേർക്കുമ്പോൾ Yard At Stadium Bus Terminal എന്ന പ്രവൃത്തിക്ക് നൽകിയ സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ അതേ നമ്പർ ആണെന്ന് സെക്ഷൻ ക്ലാർക്കിന് ബോധ്യമായി. തുടർന്നുള്ള പരിശോധനയിൽ ടി പ്രവൃത്തിക്ക് നൽകിയതിന്റെ കളർഫോട്ടോസ്റ്റാറ്റ് കോപ്പിയാണ് വീണ്ടും ഹാജരാക്കിയിരിക്കുന്നതെന്ന് ഉറപ്പായി. ഇതേ തുടർന്ന് കൂടുതൽ പരിശോധന നടത്തിയതിൽ, ശ്രീ. ഹനീഫ, സ്റ്റാർനഗർ, കാസറഗോഡ്, ശ്രീ.സുരേഷ്കുമാർ.എസ്, എസ്.എസ്.സദനം, ആനാവൂർ,

തിരുവനന്തപുരം എന്ന രണ്ടു കരാറുകാർ കൂടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കളർ ഫോട്ടോസ്റ്റാറ്റ്കോപ്പിയാണ് നൽകിയിരിക്കുന്നത് എന്ന് വ്യക്തമായി. സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ കളർ ഫോട്ടോസ്റ്റാറ്റ് കോപ്പി വച്ചിട്ടുള്ള മുഴുവൻ പ്രവൃത്തികൾ നിർത്തിവെക്കുവാനും, വാല്യുവേഷൻ അളവു പുസ്തകത്തിൽ രേഖപ്പെടുത്തുവാനും, ടി തുക തടഞ്ഞുവെക്കുവാനും കുറവുള്ള തുകക്ക് ആനുപാതികമായ തുക Forfeit ചെയ്യുവാനും, ഫൈനൽ ബിൽ നൽകിയ ഒരു പ്രവൃത്തിക്ക് കുറവുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയുടെ ആനുപാതികമായ തുക ബില്ലുകളിൽ നിന്ന് പിടിക്കുവാനും സെക്രട്ടറി നിർദ്ദേശം നൽകി. ഇ1 കൂടാതെ ഇ2, ഇ3 എന്നീ സെക്ഷനുകളിലേയും അമൃത് അല്ലാതെ നിർവഹണം നടത്തിവരുന്ന പ്ലാൻ ഫണ്ട്, മെയിൻറനൻസ് ഗ്രാൻറ്, MLASDF, CMLRP പ്രവൃത്തികൾക്ക് ടി കരാറുകാർ സമർപ്പിച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് രേഖകൾ എല്ലാം ഒറിജിനൽ തന്നെയാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ എഞ്ചിനിയറിംഗ് വിഭാഗം സൂപ്രണ്ടിനെ 12.11.2020 ൽ ചുമതലപ്പെടുത്തി. എല്ലാ കരാറുകാരും സമർപ്പിച്ച എല്ലാ സെക്യൂരിറ്റി ഡെപ്പോസിറ്റുകളും പരിശോധിച്ചതിൽ താഴെ പറയും പ്രകാരം കളർ ഫോട്ടോസ്റ്റാറ്റ് കോപ്പികൾ കണ്ടെത്തി.

I.ശ്രീ.സുരേഷ്കുമാർ.എസ്

| ക്രമ നം | ഫയൽ നം, പ്രവൃത്തി | എഫ്.ഡി നം. | തിയതി | തുക | ബാങ്ക്/ ട്രഷറി |
|---|---|---|---|---|---|
| 1 | E1-8364/18 മൈത്രി നഗർ പാർക്ക് | 1)JK519456<br>2) TermFD Advice | 16.10.2019<br>17.8.2019 | 16,000<br>12,500 | TSB<br>SBI<br>Tvpm |
| 2 | E1-1449/18 ചിറക്കാട് ഗോപാൽ കോളനി | JK519692 | 30.10.2019 | 10,000 | TSB |
| 3 | E1-8365/18 നുറണി പാർക്ക് | 1)JL0134506<br>2)JL0134508<br>3)termFD Advice | 30.6.2020<br>30.6.2020<br>01.06.2020 | 19,700<br>19,400<br>5,000 | TSB<br>SBI<br>SBI<br>Tvpm |
| 4 | E1-13014/2020 ശ്രീനഗർ കോളനി | 1)JL0134507<br>2)JL0134509<br>3)JL0134510<br>4)JL0134511<br>5)termFD Advice | 30.6.2020<br>30.6.2020<br>30.6.2020<br>30.6.2020<br>15.7.2019 | 20,000<br>19,700<br>9,000<br>4,000<br>25,000 | TSB<br>TSB<br>TSB<br>TSB<br>SBI<br>Tvpm |
| 5 | E2-31205/19 കൈകുത്ത് പറമ്പ് ഡ്രെയിൻ | TermFD Advice | 17.8.2019 | 12,500 | SBI<br>Tvpm |
| 6 | E2-30933/19 ശ്രീദുർഗ്ഗാ നഗർ റോഡ് ടാറിംഗ് & കോൺക്രീറ്റിംഗ് | 1)termFD Advice<br>2)termFD Advice | 10.12.2019<br>17.8.2019 | 50,000<br>2,500 | TSB<br>SBI |
| 7 | E3-31285/19 | 1)JK519456 | 16.10.2019 | 16,000 | TSB |

| | | | | | |
|---|---|---|---|---|---|
| | മണിയൻകാട് റോഡ് ഇന്റർ ലോക്കിംഗ്, റീടാറിംഗ്, ഡ്രെയിൻ | 2) TermFD Advice<br>3) TermFD Advice | 17.8.2019<br>17.8.2019 | 12,500<br>2,500 | SBI<br>SBI<br>Tvpm |
| 8 | E3-25852/18 കലാമ്പുഴ എസ്.സി കോളനി ഡ്രെയിൻ | 1)JK519073 | 26.9.2019 | 40,000 | TSB |
| 9 | E3-31243/19 പുത്തൻ പുര-അനുഗ്രഹ ഓഡിറ്റോറിയം ഡ്രെയിൻ റിപ്പയർ | 1)JK519456<br>2)termFD Advice<br>3) TermFD Advice | 16.10.2019<br>17.8.2019<br>17.8.2019 | 16,000<br>12,500<br>2,500 | TSB<br>SBI<br>SBI<br>Tvpm |
| 10 | E3-31265/19 വടക്കന്തറ മനക്കൽത്തൊടി ഡ്രെയിനേജ് | 1)AA308251<br>2) TermFD Advice | 10.01.2017<br>17.8.2019 | 20,000<br>2,500 | TSB<br>SBI<br>Tvpm |
| Total----3,49,800 | | | | | |
| II.ശ്രീ.അബ്ദുൾകബീർ.എം.ടി. | | | | | |
| 1 | E1-3041/2020 ജി.ബി റോഡ് റെസ്റ്റോറേഷൻ | 1)JL0032334<br>2)termFD Advice | 9.7.2020<br>9.7.2020 | 1,00,000<br>1,00,000 | TSB<br>SIB<br>Kasar Agod |
| 2 | E1-3038/2020 കോർട്ട് റോഡ്, സുൽത്താൻ പേട്ട അഞ്ചുവിളക്ക് | 1)JL0032334<br>2)JL0032333<br>3)termFD Advice<br>4)termFD Advice | 9.7.2020<br>9.7.2020<br>9.7.2020<br>9.7.2020 | 1,00,000<br>90,000<br>1,00,000<br>75,000 | TSB<br>TSB<br>SIB<br>SIB<br>Kasar Agod |
| 3 | E1-13225/2020 എൽ.ഐ.സി ജംഗ്ഷൻ, യാക്കര | 1)JL0032334<br>2)JL0032333<br>3) TermFD Advice<br>4) TermFD Advice | 9.7.2020<br>9.7.2020<br>4.9.2020<br>9.7.2020 | 1,00,000<br>90,000<br>1,00,000<br>90,000 | TSB<br>TSB<br>SIB<br>SIB<br>Kasar Agod |
| 4 | E1-49148/19 ബസ് ടെർമനൽ, യാർഡ് | 1)JL0191463<br>2)JL0191464<br>3)JL0191465<br>4)JL0191475 | 22.9.2020<br>22.9.2020<br>22.9.2020<br>22.9.2020 | 1,00,000<br>1,00,000<br>1,00,000<br>60,000 | TSB<br>TSB<br>TSB<br>TSB |

| | | | | | |
|---|---|---|---|---|---|
| 5 | E1-50334/18 റെജുനവേഷൻ- മാട്ടുമന്ത എച്ച്.ബി കോളനി | 1)JL0191463<br>2)JL0191464<br>3)JL0191465<br>4)JL0032333<br>5)termFD Advice<br>6)termFD Advice<br>7)termFD Advice | 22.9.2020<br>22.9.2020<br>22.9.2020<br>9.7.2020<br>9.7.2020<br>9.7.2020<br>9.7.2020 | 1,00,000<br>1,00,000<br>1,00,000<br>90,000<br>1,00,000<br>1,00,000<br>1,00,000 | TSB<br>TSB<br>TSB<br>TSB<br>SIB<br>SIB<br>SIB<br>Kasar Agod |
| 7 | E1-23441/16 കോട്ടമൈതാനം ചുറ്റുമതിൽ | 1)J770910<br>1)J770905<br>1)J770908<br>4)AA383775 | 24.11.2015<br>24.11.2015<br>24.11.2015<br>5.10.2015 | 68,750<br>60,960<br>53,320<br>2,60,000 | SIB<br>SIB<br>SIB<br>Kasar Agod<br>TSB |
| 8 | E3-18449/17 സുന്ദരം കോളനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം (MLA) | 1)L076251<br>2)L076249<br>3)L076252<br>4)L076250 | 12.10.2018<br>12.10.2018<br>12.10.2018<br>12.10.2018 | 1,00,000<br>1,00,000<br>1,00,000<br>10,000 | SIB<br>Kasar Agod |
| Total----27,48,030 | | | | | |
| III.ശ്രീ. ഹനീഫ | | | | | |
| 1 | E1-3887/2020 ശിവാജി റോഡ് – ശ്രീരാമപാളയം | 1) TermFD Advice | 19.6.2020 | 75,000 | SIB Cher Kkala |
| 2 | E1-13223/2020 വടക്കന്തറ ശിവാജി റോഡ് | TermFD Advice | 19.6.2020 | 75,000 | SIB Cher Kkala |
| 3 | E1-25549/18 ശകുന്തള ഡ്രെയിൻ ബി.ഒ.സി റോഡ് | TermFD Advice | 19.6.2020 | 1,50,000 | SIB Cher Kkala |
| 4 | E1-25547/18 ശകുന്തള ഡ്രെയിൻ പട്ടിക്കര ബൈപാസ് | TermFD Advice | 19.6.2020 | 1,50,000 | SIB Cher Kkala |

| | | | | | |
|---|---|---|---|---|---|
| 5 | E1-10075/2020 Urgent Road Restoration Pala Junction Etc | TermFD Advice | 16.8.2019 | 12,500 | SIB Kasar Agod |
| Total----4,62,500 | | | | | |

ഇതിനെത്തുടർന്ന് നഗരസഭ ബഹു.ഹൈക്കോടതി സ്റ്റാൻഡിംഗ് കൗൺസൽ ശ്രീ.ബിനോയ് വാസുദേവൻ ന്റെ നിയമോപദേശം തേടുകയും ഇതു പ്രകാരം കരാറുകാർക്കെതിരെ പോലീസിൽ പരാതി നൽകുവാനും, കരാർ ടെർമിനേറ്റ് ചെയ്യുവാനും, കരാറുകാരെ ബ്ലാക്ക് ലിസ്റ്റ ചെയ്യുവാനും, ഷോക്കോസ് നോട്ടീസ് നൽകുവാനും നടപടികൾ സ്വീകരിച്ചു. ടി വിവരം നഗരകാര്യ ഡയറക്ടറേയും അറിയിച്ചു. പൊതുമരാമത്തു പ്രവൃത്തികൾക്ക് കരാറുകാർ സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ കളർ ഫോട്ടോസ്റ്റാറ്റ് കോപ്പി നൽകിയ വിവരം ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം, സൂപ്രണ്ടിംഗ് എഞ്ചിനീയർ , കോഴിക്കോട് എന്നിവർക്കും റിപ്പോർട്ട് ചെയ്തു.

അതാതു പ്രവൃത്തിക്കാവശ്യമായ മുഴുവൻ തുകയുടേയും സെക്യൂരിറ്റി ഡെപ്പോസിറ്റ് രശീതികൾ 18.11.2020 ൽ ടി മൂന്നു കരാറുകാരും ഹാജരാക്കുകയും, സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ കളർ ഫോട്ടോസ്റ്റാറ്റ് കോപ്പികൾ സമർപ്പിക്കുക വഴി നഗരസഭക്കുണ്ടായ സാമ്പത്തിക നഷ്ടം നികത്തിയെന്നും, അടുത്ത ആറു മാസത്തേക്കുള്ള ടെണ്ടർ നടപടികളിൽ പങ്കെടുക്കില്ലെന്നും, സ്റ്റോപ്പ് മെമ്മോ പിൻവലിച്ച് ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ 31.3.2021നകം പൂർത്തീകരിക്കുവാൻ അനുവദിക്കണമെന്നും, നഗരസഭക്ക് ഏതെങ്കിലും തരത്തിൽ ബാധ്യത വരുന്നപക്ഷം പ്രസ്തുത തുകകൾ ടിയാളുകളുടെ പേരിലുള്ള ബില്ലുകളിൽ നിന്നും കണ്ടുകെട്ടാവുന്നതാണെന്നും, നഗരസഭ ടിയാളുകൾക്ക് നൽകിയ ഷോക്കോസ് നോട്ടീസിനു മറുപടിയായി രജിസ്റ്റേർഡ് തപാൽ മുഖേന 2.12.2020 ൽ നഗരസഭയെ അറിയിച്ചു.

അമൃത് പദ്ധതിയിലും മറ്റും ഉൾപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ ശ്രീ.അബ്ദുൾകരീം.എം.ടി., ശ്രീ. ഹനീഫ, ശ്രീ.സുരേഷ്കുമാർ.എസ്, എന്നീ മൂന്നുപേർക്കും ടിയാൻമാർ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ നോട്ടിസ് നൽകുവാൻ 22.01.2021 ലെ കൗൺസിൽ തീരുമാനിച്ചു. ടി വിവരം സർക്കാരിനെ അറിയിച്ചു. വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോ ഡി.വൈ.എസ്.പി 8.2.2021 ൽ നഗരസഭ ഓഫീസിൽ നേരിട്ടു വരികയും, ഈ വിഷയം ഇ1 സെക്ഷനെ നേരിൽകേട്ട് നിലവിലെ സ്ഥിതി റിപ്പോർട്ട് ആവശ്യപ്പെട്ടു. അമൃത് മിഷൻ ഡയറക്ടറുടെ സ്പഷ്ടീകരണത്തിനായും കത്ത് നൽകി.

1. അമൃത് പദ്ധതിയിൽ നടന്നുവരുന്ന പ്രവൃത്തികൾ

| നം. | പ്രവൃത്തി | കരാറുകാരൻ |
|---|---|---|
| 1 | E13887/2020 ശിവാജി റോഡ് – ശ്രീരാമ പാളയം | Sri.Haneefa |
| 2 | E1-13223/2020 വടക്കന്തറ ശിവൻ കോവിൽ റോഡ് | |
| 3 | E1-25549/18 ശകുന്തള ഡ്രെയിൻ ബി.ഒ.സി റോഡ് | |
| 4 | ശകുന്തള ഡ്രെയിൻ പട്ടിക്കര ബൈപാസ് | |
| 5 | E1-8364/18 മൈത്രി നഗർ പാർക്ക് | Sri.sureshkumar |
| 6 | E1-8365/18 നൂറണി പാർക്ക് | |
| 7 | E1-13225/2020 എൽ.ഐ.സി | Sri.Abdul |

| | | |
|---|---|---|
| | ജം. യാക്കര | |
| 8 | E1-50334/18<br>റെജ്ജനവേഷൻ – എച്ച്.ബി കോളനി മാട്ടുമന്ത | Kabeer.M.T |
| 9 | E 1-23441/16 കോട്ട മൈതാനം ചുറ്റുമതിൽ | |

2.കരാർചമച്ചിട്ടും ആരംഭിക്കാത്ത പ്രവൃത്തികൾ

| | | |
|---|---|---|
| 1 | E1-49148/19 ബസ് ടെർമിനൽ യാർഡ് | Sri.Abdul Kabeer.M.T |
| 2 | E1-3038/2020 കോർട്ട് റോഡ് സുൽത്താൻ പേട്ട അഞ്ചുവിളക്ക് | |

3.കൗൺസിൽ അംഗീകാരം ലഭിച്ചതും, കരാർ ചമക്കാത്തതുമായ പ്രവൃത്തികൾ

| | | |
|---|---|---|
| 1 | E1-13014/2020 ശ്രീനഗർ കോളനി | Sri.sureshkumar |
| 2 | E1-3041/2020 ജി.ബി റോഡ് പുനരുദ്ധാരണം | Sri.Abdul Kabeer.M. |

ഈവിഷയത്തിൽ ലഭ്യമായ തുടർ നിർദ്ദേശങ്ങൾ

1. കരാറുകാരുടെ ഭാഗത്തുനിന്നും വളരെ ഗുരുതരമായതും, ക്രിമിനൽ സ്വഭാവമുള്ളതുമായ നടപടികളാണ് ഉണ്ടായിട്ടുള്ളത്. ടിയാളുകൾക്കെതിരെ ക്രിമിനൽ നടപടിപ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് സ്റ്റാൻഡിംഗ് കൗൺസൽ അറിയിച്ചു.

2. കാരണം കാണിക്കൽ നോട്ടീസിനു മറുപടിയായി ടിയാളുകൾ അവർക്ക് സംഭവിച്ച തെറ്റിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ട് മറുപടി സമർപ്പിച്ചതിനാലും, അടുത്ത ആറു മാസത്തേക്കുള്ള ടെണ്ടർ നടപടികളിൽ പങ്കെടുക്കില്ലെന്ന് സ്വയം അറിയിച്ചിട്ടുള്ളതുകൊണ്ടും, ആയത് ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിന് തുല്യമായി കരുതാമെന്നും, ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന്റെ കാലാവധി കൃത്യമായി നിർവചിച്ചിട്ടില്ലാത്തതിനാലും ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നത് ഒഴിവാക്കാവുന്നതാണ് എന്നും കളർ ഫോട്ടോസ്റ്റാറ്റുകൾ സമർപ്പിച്ച് നഗരസഭയിൽ നിന്നും കരാറുകൾ കരസ്ഥമാക്കിയ കരാറുകാരുടെ കാര്യത്തിൽ അന്തിമ തീരുമാനം കൈകൊള്ളേണ്ടത് ടെണ്ടർ ചെയ്ത സ്ഥാപനമെന്ന നിലയിൽ നഗരസഭയാണെന്ന് അമൃത് മിഷൻ ഡയറക്ടർ സ്പഷ്ടീകരണം നൽകി.

3. കരാറുകാർ ഏറ്റെടുത്തിട്ടുള്ള കരാറിൽ നിന്നും ടെർമിനേറ്റ് ചെയ്യപ്പെടുകയാണെങ്കിൽ, ആയത് നഗരസഭക്ക് കനത്ത സാമ്പത്തിക നഷ്ടം വരുത്തുവാനിടയുണ്ടെന്നും, മാത്രവുമല്ല നിലവിലുള്ള കരാറുകാരുടെ കരാറുകൾ ടെർമിനേറ്റ് ചെയ്യപ്പെടുകയാണെങ്കിൽ, പുതിയ കരാറുകൾ ക്ഷണിക്കപ്പെടുകയും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസത്തിന് ഇടയാകുമെന്നും, നഗരസഭയുടെ പൊതുതാൽപര്യത്തെ മുൻനിർത്തിയായിരിക്കണം സ്റ്റിയറിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതെന്നും ചീഫ് എഞ്ചിനിയർ അഭിപ്രായം അറിയിച്ചു. എല്ലാ പൊതുമരാമത്തു പ്രവൃത്തികളുടേയും നിരതദ്രവ്യം, സ്ഥിരനിക്ഷേപസർട്ടിഫിക്കറ്റ്, പെർഫോമൻസ് ഗ്യാരന്റി എന്നിവ സ്വീകരിക്കുമ്പോൾ ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥർ ടി രേഖകൾ വ്യാജമല്ല എന്നത് ഉറപ്പാക്കേണ്ടതും, ആവശ്യമെങ്കിൽ ട്രഷറി/ബാങ്ക് എന്നിവരുമായി നേരിട്ട് ഉറപ്പുവരുത്തണമെന്നും അല്ലാത്തപക്ഷം ആയതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥന് മാത്രമായിരിക്കുമെന്നും ചീഫ് എഞ്ചിനിയർ അറിയിച്ചു.

4. അമൃത് പദ്ധതിയുടെ കാലാവധി 31.3.2021 ആകയാൽ ഈ പദ്ധതിയിലുൾപ്പെടുന്ന വർക്കുകൾ

അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് സർക്കാർ നിർദേശം വന്നിട്ടുള്ളതിനാലും, നിലവിൽ ടിയാളുകൾ ഏറ്റെടുത്ത് നടത്തിവരുന്ന വർക്കുകളിൽ പ്രധാനപ്പെട്ടവ വെള്ളപ്പൊക്ക മേഖലപ്രവൃത്തികൾ ആയതിനാലും ടി കരാറുകാർ ആരംഭിച്ച പ്രവൃത്തികൾ നഗരസഭ എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ പൂർത്തികരിക്കുന്നതിനും, എന്നാൽ ടിയാളുകൾ കൃത്രിമം കാണിച്ച് നഗരസഭയെ വഞ്ചിക്കുന്നതിന് ശ്രമം നടത്തിയതിനാലും, ക്രിമിനൽ പ്രവൃത്തിയിൽ ഏർപ്പെട്ടതിനാലും ടിയാളുകൾക്കെതിരെ 25.2.2021 മുതൽ ഒരു വർഷത്തേക്ക് നഗരസഭയുടെ എല്ലാ പ്രവൃത്തികളിൽ നിന്നും ബ്ലാക്ക് ലിസ്റ്റിൽ പെടുത്തി വിലക്ക് ഏർപ്പെടുത്തി ടിയാളുകൾക്കെതിരെ ക്രിമിനൽ നടപടികൾ തുടരുന്നതിനും കൗൺസിൽ തീരുമാനിച്ചു.

5. ഒരു വർഷത്തേക്ക് നഗരസഭയുടെ എല്ലാ പ്രവൃത്തികളിൽ നിന്നും ബ്ലാക്ക് ലിസ്റ്റിൽ പെടുത്തി വിലക്ക് ഏർപ്പെടുത്തിയ കാലയളവ് അവസാനിച്ചതിനാൽ തിരിച്ചെടുക്കുവാനായി ടിയാളുകൾ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ (5.4.2022 ലെ 54-ാം നമ്പർതീരുമാനം) തിരിച്ചെടുക്കുവാനായി തീരുമാനിച്ചു. 2022-23 സാമ്പത്തികവർഷത്തിൽ ടെണ്ടർ നടപടികളിൽ ഏർപ്പെടുന്നതു സംബന്ധിച്ച് നിയമോപദേശം നൽകുന്നതിന് സ്റ്റാൻഡിംഗ് കൗൺസലിന് കത്തുനല്കുവാനും നിർദ്ദേശിച്ചു.

ഈ വിഷയത്തിൽ നഗരസഭയുടെ ഭാഗത്തുണ്ടായ വീഴ്ചകൾ

1. കരാറുകാരുടെ ഭാഗത്തുനിന്നും വളരെ ഗുരുതരമായതും, ക്രിമിനൽ സ്വഭാവമുള്ളതുമായ നടപടികളാണ് ഉണ്ടായിട്ടുള്ളത്. ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന്റെ കാലാവധി കൃത്യമായി നിർണ്ണയിച്ച് നിർദ്ദേശം നൽകിയിട്ടില്ല.

2. 2022-23 സാമ്പത്തികവർഷത്തിൽ ടെണ്ടർ നടപടികളിൽ ഏർപ്പെടുന്നതു സംബന്ധിച്ച് നിയമോപദേശം ലഭിക്കുന്നതിനു മുൻപ് ഒരു വർഷത്തേക്ക് നഗരസഭയുടെ എല്ലാ പ്രവൃത്തികളിൽ നിന്നും ബ്ലാക്ക് ലിസ്റ്റിൽ പെടുത്തി വിലക്ക് ഏർപ്പെടുത്തിയ കാലയളവ് അവസാനിച്ചതിനാൽ തിരിച്ചെടുക്കുവാനായി തീരുമാനിച്ച നടപടി ടിയാളുകൾ കൃത്രിമം കാണിച്ച് നഗരസഭയെ വഞ്ചിക്കുന്നതിന് ശ്രമം നടത്തിയതിനാലും, ക്രിമിനൽ പ്രവൃത്തിയിൽ ഏർപ്പെട്ടതിനാലും ടിയാളുകൾക്കെതിരെയുള്ള കേസ് നടപടികൾ തീർപ്പാകാത്തതിനാലും പുന പരിശോധിക്കേണ്ടതാണ്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

3. സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളുടെ കളർ ഫോട്ടോസ്റ്റാറ്റുകൾ സമർപ്പിച്ച് നഗരസഭയിൽ നിന്നും കരാറുകൾ കരസ്ഥമാക്കിയ കരാറുകാരുടെ കാര്യത്തിൽ അന്തിമ തീരുമാനം കൈകൊള്ളേണ്ടത് ടെണ്ടർ ചെയ്ത സ്ഥാപനമെന്ന നിലയിൽ നഗരസഭയാണെന്ന അമൃത് മിഷൻ ഡയറക്ടറുടെ സ്പഷ്ടീകരണത്തിന്മേൽ സ്വീകരിച്ച നടപടികൾ സ്വീകരിച്ച തായി ഫയലിൽനിന്നും വ്യക്തമല്ല.

4. എല്ലാ പൊതുമരാമത്ത് പ്രവൃത്തികളുടേയും നിരതദ്രവ്യം, സ്ഥിരനിക്ഷേപസർട്ടിഫിക്കറ്റ്, പെർഫോമൻസ് ഗാരൻറി എന്നിവ സ്വീകരിക്കുമ്പോൾ ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥർ ടി രേഖകൾ വ്യാജമല്ല എന്നത് ഉറപ്പാക്കേണ്ടതും, ആവശ്യമെങ്കിൽ ട്രഷറി/ബാങ്ക് എന്നിവരുമായി നേരിട്ട് ഉറപ്പുവരുത്തണമെന്നും അല്ലാത്തപക്ഷം ആയതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥന് മാത്രമായിരിക്കുമെന്നും ചീഫ് എഞ്ചിനിയറുടെ അറിയിപ്പിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമല്ല.

5. അമൃത് നടന്നുവരുന്ന പ്രവൃത്തികൾ, കരാർചമച്ചിട്ടും ആരംഭിക്കാത്തവ, കൗൺസിൽ അംഗീകാരം ലഭിച്ചതും, കരാർ ചമക്കാത്തതുമായ പ്രവൃത്തികൾ എന്നിവയിൽ സ്വീകരിച്ച നടപടികൾ എന്നിവ വ്യക്തമല്ല.

മേൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുന്നതിനും കരാറുകാർക്കെതിരെയുള്ള തുടർനടപടികളുടെ വിവരവും ആവശ്യപ്പെട്ടുകൊണ്ടു നൽകിയ 84/24.5.2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയങ്ങളിൽ സ്വീകരിച്ച നടപടികളുടെ വിവരവും കരാറുകാർക്കതിരെയുള്ള കേസിന്റെ നിലവിലെ സ്ഥിതിയും ലഭ്യമാക്കേണ്ടതാണ്.

## 1-67 നഗരസഭയിലെ വ്യാപാര, വ്യവസായ ലൈസൻസ് -നിർദേശങ്ങൾ

നഗരസഭയിലെ വ്യാപാര, വ്യവസായ ലൈസൻസ് നൽകുന്നതിനായി ഐ.കെ.എം ന്റെ ഓൺലൈൻ സേവനമാണ് ഉപയോഗിച്ചുവരുന്നത്. ലൈസൻസ് അപേക്ഷകൾ സ്വീകരിക്കുന്നതു മുതൽ ലൈസൻസ് നൽകുന്നതുവരെയുള്ളതും, ലൈസൻസ് രജിസ്റ്ററുകൾ തയ്യാറാക്കുന്നതും സോഫ്റ്റ് വെയർ മുഖേനയാണ്.

1. നഗരസഭയിലെ 52 വാർഡുകളിലെ വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ നിലവിൽ സോഫ്റ്റ് വെയറിൽ D&O Register, Collection Report എന്നിവയെല്ലാം ഓരോ ഡിവിഷൻ,വാർഡ് അടിസ്ഥാനമാക്കി ലഭ്യമാകുന്നു. മുൻവർഷം അഡ്വാൻസ് ആയി ലഭിച്ച തുക, തൻവർഷം ലഭിച്ച തുക എന്നിവ പ്രത്യേകമായി രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വാർഷികക്കണക്കിൽ ലൈസൻസ് ഫീസ് ആയി ലഭിച്ച തുകയുടെ കൃത്യത പരിശോധിക്കുവാൻ കഴിയില്ല.

2. എല്ലാ വാർഡുകളിലെയും കൺസോളിഡേറ്റഡ് രജിസ്റ്റർ സോഫ്റ്റ് വെയറിൽ ലഭ്യമല്ലാത്തതിനാൽ ലൈസൻസിനത്തിൽ ലഭിച്ച അഡ്വാൻസ്, തൻവർഷം കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്താനാകുന്നില്ല.

3.വ്യാപാരം/വ്യവസായം നടത്തുന്ന കെട്ടിടം വാണിജ്യ-വ്യവസായ ഉപയോഗക്രമത്തിനുള്ളതായിട്ടാണോ വസ്തുനികുതി കണക്കാക്കിയിരിക്കുന്നത് എന്നും, നികുതി കുടിശ്ശിക ഉണ്ടോയെന്നും പരിശോധിക്കുന്നതിനായി ലൈസൻസിനു വേണ്ടി ലഭിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട റവന്യൂ സെക്ഷനിൽ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുണ്ട്. ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, ലൈസൻസ് അപേക്ഷ സമർപ്പിക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവ കണ്ടെത്തുവാൻ നിലവിൽ സോഫ്റ്റ് വെയറിൽ സംവിധാനവുമില്ല. സഞ്ചയ സോഫ്റ്റ് വെയറുമായി വസ്തുനികുതിയും, ലൈസൻസും ഇന്റഗ്രേറ്റ് ചെയ്യുകയാണെങ്കിൽ പരിശോധന വളരെ എളുപ്പമാക്കാനും കാലതാമസം ഒഴിവാക്കാനും കഴിയും.

4.നഗരസഭാ പരിധിയിലെ ആകെ ലൈസൻസ് അപേക്ഷിച്ചവരുടെ എണ്ണം, മുൻ വർഷം ലൈസൻസ് അനുവദിച്ചതും എന്നാൽ തൻവർഷം ലൈസൻസ് പുതുക്കാത്തതുമായ സ്ഥാപനങ്ങളുടെ വിവരങ്ങൾ തുടങ്ങിയ റിപ്പോർട്ടുകൾ ലഭ്യമല്ല.

5.വാണിജ്യ-വ്യവസായ ഉപയോഗക്രമം അനുസരിച്ച് സ്ഥാപനങ്ങളെ തരം തിരിച്ച് സോഫ്റ്റ് വെയറിൽ പരിശോധന സാധിക്കുകയാണെങ്കിൽ, ഏതെങ്കിലും സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നുണ്ടോ എന്ന് കണ്ടെത്താൻ കഴിയും. അത്തരത്തിൽ സോഫ്റ്റ്.വെയർ മെച്ചപ്പെടുത്തേണ്ടതുണ്ട്.

## 1-68 കോവിഡ് -19 -അവലോകനം

നഗരസഭയിൽ കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ടി പ്രവർത്തനങ്ങൾക്കായി സാധന സാമഗ്രികൾ വാങ്ങൽ, കമ്മ്യൂണിറ്റി കിച്ചൻ എന്നിവ നടപ്പിലാക്കുവാൻ 2020-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി വികസന ഫണ്ടിൽ നിന്നും 5000000 രൂപ വകയിരുത്തി (പ്രൊജക്ട് നമ്പർ 508/21) കോവിഡ് കെയർ സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ, വെള്ളം, ശുചിത്വ, മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ എന്ന പ്രോജക്ട് ആവിഷ്കരിച്ച് 4990947 രൂപ ചെലവിൽ നടപ്പിലാക്കിയിട്ടുണ്ട്.

ടി പദ്ധതിയുടെ ആദ്യഘട്ടമായി ജനങ്ങളെ ബോധവൽകരിക്കുവാൻ നോട്ടീസ് പ്രിന്റ് ചെയ്തു വിതരണം ചെയ്യുകയും, മൈക്ക് അനൗൺസ്മെന്റ് നടത്തി സമയാസമയങ്ങളിൽ നിർദേശം നൽകുകയും, അണുനശീകരണത്തിനായി സോഡിയം ഹൈപ്പോക്ലേറേറ്റ് ലായനി കേരള സർക്കാർ സ്ഥാപനമായ KAICO വിൽ നിന്നും വാങ്ങി നഗരസഭയിലെ പരിസര പ്രദേശങ്ങളെ അണുമുക്തമാക്കുന്ന നടപടികൾ സ്വീകരിക്കുകയുമുണ്ടായി.

കോവിഡ് രോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നഗരസഭാ പരിധിയിൽ 17 കോവിഡ് കെയർ സെന്ററുകൾ സജ്ജീകരിക്കുകയും, നഗരസഭയുടെ കീഴിലുള്ള എല്ലാ വിഭാഗം ജീവനക്കാർക്കും കോവിഡ് ജോലി ചുമതലകൾ നൽകുകയും, മാസ്ക്, സാനിറ്റൈസർ എന്നിവ ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കുകയും ചെയ്തു.

466/21 പദ്ധതി പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് 20 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ 1221382 രൂപ ചെലവഴിച്ചു. കോവിഡ് സെന്ററുകളിലെ കുടുംബശ്രീയുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചൻ നടപ്പിലാക്കുവാൻ 470/21 നമ്പർ പ്രോജക്ട് പ്രകാരം 10 ലക്ഷം രൂപ വകയിരുത്തിയതിൽ 715800 രൂപ ചെലവിൽ രോഗികൾക്ക് ഭക്ഷണം നൽകി.

കോവിഡ് സെന്ററുകളിൽ മാലിന്യങ്ങൾ നീക്കം ചെയ്യുവാൻ വലിയ പ്ലാസ്റ്റിക്ക് കവറുകൾ പൊതുമാർക്കറ്റിൽ നിന്നും ലഭ്യമാക്കി. കോവിഡ് സെന്ററുകളിൽ പ്രതിരോധ പ്രവർത്തനങ്ങൾക്കായി സർവൈലൻസ്, ഫീൽഡ് വർക്കർ, CCC സ്റ്റാഫുകൾ മുതലായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ ആരോഗ്യ വിഭാഗം, ശുചീകരണ വിഭാഗം ജീവനക്കാർക്ക് ഉപയോഗിക്കുവാനുള്ള പിപിഇ കിറ്റ്, N-95 മാസ്കുകൾ, മറ്റു പുനരുപയോഗ യോഗ്യമായ ക്ലോത്ത് മാസ്കുകൾ, ഗ്ലൗസുകൾ എന്നിവ ലഭ്യമാക്കി.
16-07-2020 ലെ ജി.ഒ 1364/2020/ എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം ഗവൺമെന്റ് വിക്ടോറിയ കോളേജ് മെൻസ് ഹോസ്റ്റൽ, ലേഡീസ് ഹോസ്റ്റൽ, മെഴ്സി കോളേജ് ഹോസ്റ്റൽ, ചെമ്പൈ സംഗീത കോളേജ് ബോയ്സ് ഹോസ്റ്റൽ എന്നീവിടങ്ങളിൽ കോവിഡ് -19 ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ തുടങ്ങി. ടി സെന്ററുകളിൽ ആവശ്യമായ കിടക്ക, പുതപ്പ്, വിരി തലയണ, സൈഡ് റാക്ക്, ബക്കറ്റ് , മഗ്ഗ് എന്നീ അത്യാവശ്യ സാധനങ്ങൾ CFLTC മാനേജിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം ലഭ്യമാക്കി.
20-07-2020 ലെ ജില്ലാ കലക്ടറുടെ DCPKD/1858/2020/JT ഉത്തരവ് പ്രകാരം ടി സെന്ററുകളിലെ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ ഏറ്റെടുത്തു.
അത്യാവശ്യ പൊതുമരാമത്ത് പ്രവർത്തികൾക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയറെയും, സെന്ററുകളിലെ ശുചീകരണ പ്രവർത്തികൾക്കായി ഹെൽത്ത് സൂപ്പർവൈസർമാരെയും ചുമതലപ്പെടുത്തി. ഡോക്ടർമാർക്ക് രോഗികളോടൊപ്പം ആശയ വിനിമയം നടത്തുവാൻ ആവശ്യമായ സൗണ്ട് സിസ്റ്റം ദിവസ വാടകയ്ക്കെടുത്തു. ബയോമെഡിക്കൽ വേയ്സ്റ്റ് നീക്കം ചെയ്യാൻ ഇമേജ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചു. തനതു വരുമാനം കുറവായതിനാൽ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി തനതുഫണ്ടിൽനിന്നും തുക ചെലവഴിച്ചിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഡിപ്പാർട്ട്മെന്റൽ സപ്ലൈ--ബിറ്റുമിൻ വില കുറവ് ചെയ്തില്ല

